# PLATINUM JUBILEE SOUVENIR



ADORATION CONGREGATION

75

1908-83

# വെളിച്ചമേ നയിച്ചാലും !

സമൂഹത്തിനു വെളിച്ചം പകർന്ന്
സമൂഹത്തിന്റെ വഴികാട്ടിയായി
നിങ്ങളുടെ കുട്ടി വളരണം. അതിൽ
മാതാപിതാക്കൾക്കുള്ള ചുമതല ഭാരിച്ചതു
തന്നെയാണ്. തികഞ്ഞ വിദ്യാഭ്യാസം നൽകി
ആരോഗ്യവാനായി വളർത്തിയെടുക്കുക എന്ന
ഭാരിച്ച ചുമതല—തികച്ചും ആസൂത്രിതമായ
ഒരു സാമ്പത്തികപദ്ധതി മുൻകൂട്ടി
ആവിഷ്കരിച്ചെങ്കിൽ മാത്രമേ നിങ്ങളുടെ
ലക്ഷ്യം നിറവേറുകയുള്ളു.

സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ സേവിംഗ്സ്
ബാങ്ക് അക്കൌണ്ട് നിങ്ങൾക്ക് വളരെ
സഹായകമായിരിക്കും. നിങ്ങളുടെ സാമ്പത്തിക
ബാധ്യതകൾ അനായാസം പരിഹരിക്കുവാൻ
സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലൂടെ
ഞങ്ങൾക്കു സാധിക്കും.

## ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിററഡ്

രജി: ഓഫീസ്-തൃശൂർ

(ഒരു വിദേശനാണ്യവിനിമയ ബാങ്ക്)

# THIS SOUVENIR

Is Dedicated to

*Our Beloved Founder,*

**RT. REV. DR. THOMAS KURIALACHERRY**

COLLEGE LIBRARY

DHARMAHAM COLLEGE LIBRARY
Ac. No. 880000013
Call No. M73/D814/91983



Rt. Rev. Dr. THOMAS KURIALACHERRY



HIS HOLINESS POPE JOHN PAUL II



His Emin. Wladyslaw Cardinal Rubin

Prefect of the Sacred Congregation for the Oriental Churches



Most Rev. Dr. Agostino Cacciavillan
Apostolic Pro-nuncio



## Most. Rev Dr. Augustine Kandathil

His devotion to the Blessed Sacrament, zeal and paternal care led to the growth of the Congregation in the Archdiocese of Ernakulam



## Rt. Rev. Dr. James Kalacherry

"He shielded them and cared for them guarding them as the apple of his eye" Deut: 32: 10



His Eminence Joseph Cardinal Parecattil



Very. Rev. Mother Lambert S A B S
The Superior General

SECRETARIAT OF STATE

No. 120.068

FROM THE VATICAN,

19 November 1983

Dear Sister Mary Lambert,

The Holy Father was pleased to receive your letter of 24 September 1983 in which you informed him that the Congregation of the Sisters of the Adoration of the Blessed Sacrament is celebrating the Seventy-fifth Anniversary of its Foundation.

His Holiness is aware of the pattern of growth, both in number and in fidelity to the charism of the Founder Bishop Thomas Kurialacherry, which the Congregation has followed during these seventy-five years. He encourages all of you to respond whole heartedly to your specific vocation, putting your trust in Christ our Lord and Saviour present in the Blessed Eucharist, Sacrament of love, sign of unity, bond of Charity paschal banquet in which he is consumed, the mind is filled with grace, and a pledge of future glory is given to us (cf. **Sacrosanctum Concilium**, 47). For this end His Holiness invokes upon you the fortifying gifts of the Holy Spirit.

In spiritual closeness to the Adoration Sisters, to their families and to those who are served by them for the sake of Jesus, the Holy Father cordially imparts the requested Apostolic Blessing.

Yours sincerely in Christ,

+ E. Martinez

Substitute

Sister Mary Lambert, S. A. B. S.
Superior General
Sisters of the Adoration of the Blessed Sacrament
Cenacle
Alwaye 683102
S. India

SACRA CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma, November 21, 1983
Via della Conciliazione, 34

Prot. N. 251/81

Very Reverend and Dear Mother,

It is with much satisfaction that I come to know that the Congregation of the Sisters of the Adoration of the Blessed Sacrament is celebrating in December 1983 the Platinum Jubilee of its foundation by the Reverend Thomas Kurialacherry (1873-1925), who was to become the first Bishop of Changanacherry.

Three quarters of a century have passed since the first postulants received the veil at the hands of the venerated Founder and thus began their spiritual journey as a new religious family in the garden of Holy Church. In a spirit of faith, like the Holy Patriarch Abraham, obeying a divine call (Heb. 11, 8), they freely and generously chose to follow Christ in His saving mission and to serve Him, lovingly and adoringly, Who is always present in His Church, His Mystical Body, and especially under the Eucharistic species.

In the Founder's intention, the Sisters of the Adoration of the Blessed Sacrament were to express by their characteristic life-style and by their personal dedication the direct link of the various moments of life with the Paschal and Eucharistic Sacrifice of Jesus : "for there is only one God, and there is only one mediator between God and mankind, himself a man, Christ Jesus, who sacrificed himself as a ransom for all" (I Tim. 2, 4-5). It is in this concentration on the mystery of the Holy Eucharist, supreme gesture of the love of Christ for each man, wherein is found the ultimate truth of man, that the Sisters strive to make their own the very sentiments of Christ and let themselves be ever more deeply implicated in the Paschal dynamism : here has its source the service of charity spreading to all spheres of life, here are renewed and refined and transcend themselves those human energies which, left to themselves, would be perfectly unequal to the tasks of discipleship.

Your Congregation has been blessed by God and has wondrously developed. From a diocesan institute it has become an institute of Pontifical Right and is present, with a multitude of apostolic and charitable activities, in many dioceses, even outside of Kerala and of India itself. The Sacred Congregation for the Oriental Churches Joins you in giving thanks to God for the grace of this development and offers its most sincere good wishes for further progress.

Issuing from a Church founded by the Holy Apostle Thomas, and bright with a specially valuable spiritual patrimony, your Religious Institute has a particular role to play; and this Sacred Congregation prayerfully trusts that the Sisters of the Adoration of the Blessed Sacrament will specially cultivate the knowledge and love of their liturgical heritage, especially of their Eucharistic Liturgy, and of the Eastern Christian heritage, which is the heritage also of the universal Church.

Invoking upon you, Very Reverend Mother, and upon all the Sisters, an abundance of heavenly blessings and of spiritual strength for your precious ministry of charity, and with the expression of my religious esteem, I am

Sincerely yours in Christ,

Sd/-
Wladyslaw Cardinal Rubin

Prefect

The Very Reverend
Mother Mary Lambert, S. A. B. S.
Superior General,
Sisters of the Adoration of the Blessed Sacrament
Cenacle
ALWAYE - 683102, Kerala

APOSTOLIC NUNCIATURE
IN INDIA

50-C, NITI MARG, CHANAKYAPURI
NEW DELHI 110 021

2 NOVEMBER 1983.

No. 10.952

"In the most blessed Eucharist is contained the whole spiritual good of the Church, namely Christ himself, our Passover and the living bread that gives life to men through his flesh – that flesh that is given life and gives life through the Holy Spirit. Thus men are invited and led to offer themselves, their works, and all creation with Christ" (**Presbyterorum Ordinis,** 5).

The centrality of the Eucharist in Christian life was clearly recognised by Bishop Thomas Kurialacherry, who initiated the congregation of the Sisters of the Adoration of the Blessed Sacrament in December 1908. Three quarters of a century have now passed, during which the Adoration Congregation have lived this devotion and spread it in the Church through many apostolic activities in various fields and in several countries. The Jubilee that is being celebrated is indeed an occasion for grateful rejoicing at the good that has been thus obtained through the grace of God.

I too share in that thankfulness and happiness. I pray that the Adoration Sisters will continue to be deeply inspired by the charism that they have received from their founder. And I invoke abundant blessings from the Lord upon each and every one of them.

+ Agostino Cacciavillan

Apostolic Pro-Nuncio

Very Rev. Mother Lambert,
Mother General,
Cenacle, Alwaye.



सत्यमेव जयते

Wajahat Habibullah
Director
Prime Minister's Office
New Delhi - 110011.

November 9, 1983

Dear Mother Lambert,

The Prime Minister sends her good wishes for the Platinum Jubilee of the Adoration Congregation of Alwaye being celebrated on December 8.

Yours sincerely

Sd/-
(Wajahat Habibullah)

Rev. Mother Lambert, SABS
Superior General,
Adoration Congregation,
Alwaye - 2,
Kerala

RAJBHAVAN
TRIVANDRUM

## MESSAGE

July 28, 1983.

I am happy to know that the Adoration Congregation is celebrating its Platinum Jubilee this year. It is a matter of becoming pride that the Sisters of the Congregation have built up a splendid tradition of altruistic service in the true Christian spirit in variegated fields of activity like education, social work and medical aid. The scope of their precepts, succour and healing touches is not confined to Kerala where the Congregation originated in 1908, alone, but reaches out to continents as far apart as Europe, Africa and Australia. I send my good wishes for the success of the Platinum Jubilee Celebrations and the souvenir due to be brought out on the occasion.

Sd/-
**(P. Ramachandran)**

(Governor of Kerala)

**K. KARUNAKARAN**
Chief Minister, Kerala

**TRIVANDRUM**

August 2, 1983

## MESSAGE

I am happy to know that you are celebrating the Platinum Jubilee of your Congregation. It is a matter of pride that the Adoration Congregation started in 1908 by Bishop Thomas Kurialacherry is rendering valuable service. The dedicated service of the Sisters who are involved in such activities as Education, Social work, Medical field, etc. is praiseworthy.

I wish all success in your endeavours.

Sd/-

(K. KARUNAKARAN)

Rev. Mother Lambert S. A. B. S.,
Superior General,
Adoration Generalate,
Cenacle, ALWAYE - 2.

Grams : Cardinal

Phone : 32629

CARDINAL JOSEPH PARECATTIL
Archbishop of Ernakulam

ARCHBISHOP'S HOUSE
Post Bag No. 2580, Cochin - 682031
Kerala State, India

DA QUOD JUBES

No. R 2/Misc. 260/83

Date : August 13, 1983

Rev. Mother General Lambert & Co., S.A.B.S.,
The Cenacle,
Alwaye – 683 102

Dear Sisters,

It gives me great joy to hear that the Adoration Congregation (S.A.B.S.) is celebrating its Platinum Jubilee in December, 1983. I gladly join you to thank the Lord in the Blessed Sacrament who has been guiding and consolidating your community during all these years. It is a happy and special occasion to sing hymns of praise and gratitude to the Eucharistic Lord for His innumerable graces and blessings showered on you and on others through your prayers and activities.

When founded seventyfive years ago, your community was small, but now it has grown into a big Congregation with seven Provinces, and your apostolic zeal and work have spread far and wide. I hope and pray that the Jubilee Celebrations meet with every success and lead to a renewed commitment to the Eucharistic Lord and His Call to serve.

Extending to you my hearty felicitations and all good wishes,

Yours sincerely in Our Lord

+ Joseph Card. Parecattil

Archbishop of Ernakulam

MAR ANTONY PADIYARA
ARCHBISHOP OF CHANGANACHERRY

PHONE: PBX 40
379, 614, 1162

ARCHBISHOP'S HOUSE
CHANGANACHERRY - 686101
KERALA S. INDIA



16th December, 1983

The Superior General and the Sisters of the Adoration of the Blessed Sacrament.

I am very happy to hear that you are publishing a souvenir in connection with the Platinum Jubilee celebrations of your Congregation.

A Jubilee is a very special occasion to thank God for the innumerable benefits we have received in the past and to invoke His blessings for the years to come. It is also the duty of the church in Kerala and outside, to thank God in a special way for the innumerable benefits it has received for the past 75 years through the different ministries and witnessing of the Sisters of the Adoration Congregation.

The congregation of the Adoration of the Blessed Sacrament has been rendering valuable services in the manifold Apostolate of the church. Faithful to the intention of the founder, Bp. Thomas Kurialacherry the members of the congregation have been very enthusiastic to give glory to the Eucharistic Lord and to propagate that devotion among the people.

Seventy-five years ago, it was just a small beginning. Like a mustard seed it has grown to an enviable stature and now the Congregation spreads its branches far and wide. Let us give thanks to the Eucharistic Lord for all that He has done for the congregation in the past years.

While congratulating every member of the Adoration Congregation on this joyous occasion of the Platinum Jubilee I record with gratitude the sincere and dedicated service of the members of its early and developing stages who have now gone to the Lord for their enternal reward.

With warmest greetings and cordial blessings,

Yours sincerely in our Lord,

A Padiyara

Archbishop of Changanacherry.

MOST. REV. JOSEPH KELANTHARA
D.D.J.C.D.,L.L.D.,SSc.D.,M.A.,M.Ed.,
ARCHBISHOP OF VERAPOLY
Phone : Cochin 32892
A. No. 944/83/V

LATIN ARCHBISHOP'S HOUSE
P. B. No. 2581, COCHIN - 682031
KERALA, INDIA
December 22, 1983.



ആലുവ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ആരാധനസഭ അതിൻെറ ൭൫ാററിനം ജൂബിലിയാഘോഷത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നെറിയുന്നതിൽ എനിക്ക് അതിയായ ആനന്ദമുണ്ട്. ജൂബിലി ആഘോഷിക്കുന്ന ആരാധനസഭാംഗങ്ങളെ ഞാൻ ഹാർദ്ദമായി അനുമോദിക്കുകയും ഈ സദ്സംരംഭത്തിൽ അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

സ്നേഹപിതാവായ ദൈവം മനുഷ്യന് നല്കിയ ഏററവും വലിയ ദാനമാണ് തൻെറ ഏകസുതനായ ക്രിസ്തു. മനുഷ്യരോടുള്ള സ്നേഹത്തെപ്രതി അവരിലൊരുവനായി അവതരിച്ച അവിടുന്നു പാപമൊഴികെ മറെറല്ലാററിലും അവർക്കു സദൃശനായി ജീവിച്ചു. അവക്കു ജീവനേകാൻ തൻെറ ജീവൻ കുരിശാകുന്ന യാഗവേദിയിൽ ഹോമിച്ചു. മനുഷ്യരോടുള്ള സ്നേഹം നിമിത്തം അവരോടുകൂടി എന്നും വസിക്കുവാൻ അവിടുന്നു അഭിലഷിച്ചു. അതിനു അവിടുന്നു സ്വീകരിച്ച മാർഗ്ഗമാണ് പരിശുദ്ധ കുർബാന. അങ്ങനെ ജീവൻെറ അപ്പമായി പരിശുദ്ധ കുർബാനയിലൂടെ മനുഷ്യരെ തീററിപ്പോററുകയും സക്രാരിയിൽ വസിച്ചുകൊണ്ട് അവരെ ആശ്വസിപ്പിച്ചനുഗ്രഹിക്കുകയും ചെയ്യുന്നു, "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം" എന്ന് അരുൾ ചെയ്തുകൊണ്ട്. ക്രിസ്തീയവിശ്വാസത്തിൻെറ കേന്ദ്രബിന്ദുവാണ് സ്നേഹത്തിൻെറ കൂദാശയായ, ആരാധ്യമായ പരിശുദ്ധ കുർബാന. മനുഷ്യരെ ഇത്രയേറെ സ്നേഹിക്കുന്ന ആ സ്നേഹത്തിന് പ്രതിസ്നേഹം നല്കാനും ആരാധന സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുവാനും, ഈ സ്നേഹത്തെ നിരസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവർക്കു വേണ്ടി പരിഹാരം അനുഷ്ഠിക്കാനും ഈ ഭക്തി വളർത്തിയെടുത്തുകൊണ്ട് ക്രിസ്തീയ ജീവിതത്തെ പരിപോഷിപ്പിക്കാനും വേണ്ടി രൂപീകൃതമായതാണല്ലോ ആരാധനസഭ.

1908_ൽ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായിരുന്ന ശുഭകസ്മരണാർഹനായ അഭിവന്ദ്യ തോമസ് കുര്യാളശ്ശേരി പിതാവിനാൽ ബീജാവാപം ചെയ്യപ്പെട്ട 'ആരാധനസഭ' ഇന്നു ആറു പ്രോവിൻസുകളും ഒരു വൈസ് പ്രോവിൻസും ഉൾപ്പെടെ 230 മഠങ്ങളിലായി 2700ലേറെ അംഗങ്ങളുള്ള ഒരു വൃക്ഷമായി വളർന്നു പടർന്നു പന്തലിച്ച് ശാഖോപശാഖകളായി കേരളത്തിനകത്തും പുറത്തും ആയിരങ്ങൾക്കു തണലേകുന്ന വസ്തുത തൽപ്രവർത്തകർക്കു അഭിമാനകരവും സംതൃപ്തിജനകവുമാണ്.

സ്നേഹം ത്യാഗത്തിലൂടേയും സേവനത്തിലൂടേയുമാണ ബഹിർഗമിക്കുന്നതു്. ആരാധന സഭയുടെ മുദ്രാവാക്യവും ഇതുതന്നെയാണല്ലോ. വിജ്ഞാനം പങ്കുവയ്ക്കുന്ന വിദ്യാഭ്യാസ രംഗത്തു മാത്രമല്ല വൃദ്ധഭവനം, അനാഥശാലകം, ആശുപത്രി മുതലായവ സ്തുത്യർഹമായി നടത്തിക്കൊണ്ടു് ആതുര ശുശ്രൂഷാരംഗത്തും നിസ്തുല സേവനങ്ങരം കാഴ്ചവെച്ചുകൊണ്ടു് ക്രിസ്തുവിൻെറ സ്നേഹത്തിനു ഈ സഭ നല്കുന്ന സാക്ഷ്യം അഭിനന്ദനാർഹമാണു്.

ഈ പ്ലാററിനം ജൂബിലിയാഘോഷം സഭാംഗങ്ങളുടെ ജീവിതവും പ്രവർത്തനങ്ങളും തീക്ഷ്ണതരമാക്കുന്നതിനും ദിവ്യകാരുണ്യഭക്തി കൂടുതൽ പ്രചരിപ്പിക്കുന്നതിനും പ്രചോദനമായി ഭവിക്കട്ടെ എന്നു ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Sd/-
+ *Joseph Kelanthara*

വരാപ്പുഴ മെത്രാപ്പോലീത്ത

# DIOCESE OF TELLICHERRY

PHONE : 58

**BISHOP'S HOUSE**
**TELLICHERRY**

**Post Box No. 70**
**TELLICHERRY - 670101**
**Kerala — India**




ദിവ്യകാരുണ്യ ഭക്തനായിരുന്ന ഭാഗ്യസ്മരണാർഹനായ കുര്യാളശ്ശേരിൽ പിതാവ് ഈ ഭക്തി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും പരിശുദ്ധ അൽത്താരയിൽ ഈശോ അനുഭവിക്കുന്ന അവഗണനകൾക്കും നിന്ദാപമാനങ്ങൾക്കും പരിഹാരം ചെയ്യുന്നതിനും ഒരു സന്യാസിനീ സമൂഹം ഉണ്ടാകണമെന്ന് ആഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് 75 വർഷങ്ങൾക്കു മുമ്പ് ആരാധന സഭ സ്ഥാപിതമായത്. ആ വന്ദ്യ പിതാവിൽ നിന്ന് സ്ഥൈര്യലേപനം സ്വീകരിക്കുവാൻ ഭാഗ്യമുണ്ടായ എനിക്ക് സഭയുടെ വജ്രജൂബിലി വർഷത്തിൽ ഒരു സന്ദേശം അയയ്ക്കുവാൻ ഇടയായതിൽ അതിയായ സന്തോഷമുണ്ട്.

ജൂബിലി കൃതജ്ഞതയുടെയും ആത്മശോധനയുടെയും അവസരമാണ്. കഴിഞ്ഞ 75 വർഷങ്ങൾക്കിടയിൽ ഈ സഭ വഴിയായി അതിന്റെ അംഗങ്ങൾക്കും കേരള സഭയ്ക്കും നമ്മുടെ നാടിനും എത്ര വലിയ അനുഗ്രഹങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിന് ദൈവത്തിന് നന്ദി പറയേണ്ടത് നമ്മുടെ എല്ലാവരുടെയും പ്രത്യേകം ആരാധന സഭാംഗങ്ങളുടെയും കടമയാണ്. സഭാസ്ഥാപകന്റെ ഉദ്ദേശം എത്രമാത്രം സഫലമായിട്ടുണ്ടെന്ന് സഭാംഗങ്ങൾ ഓരോരുത്തരും ഈ സന്ദർഭത്തിൽ സ്വയം പരിശോധിക്കേണ്ടതാണ്.

തലശ്ശേരി രൂപതയിൽ ആരാധന സഭാംഗങ്ങൾ സ്തുത്യർഹമായ സേവനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ അവരെ അനുമോദിക്കുവാനും രൂപതയുടെ ആരംഭകാലത്തു പ്രതികൂല സാഹചര്യങ്ങളെ അവഗണിച്ചുകൊണ്ട് ഇവിടെ പ്രവർത്തനം ആരംഭിച്ച ആദ്യകാല പ്രവർത്തകരോടു നന്ദി പറയുവാനും ഈ സന്ദർഭം ഉപയോഗിച്ചുകൊള്ളട്ടെ.

ബാഹ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അവസരത്തിൽ തന്നെ സ്ഥാപകന്റെ പ്രതീക്ഷാനുസരണം വിശുദ്ധിയിലും ദിവ്യകാരുണ്യഭക്തിയിലും വളരുവാൻ സഭാംഗങ്ങൾ ശ്രമിക്കുമല്ലൊ.

സ്നേഹാശിസുകളോടെ,

തലശ്ശേരി
2-5- 1983

തലശ്ശേരി രൂപതയുടെ മെത്രാൻ

Phone 20055

BISHOP JOSEPH KUNDUKULAM
BISHOP OF TRICHUR

BISHOP'S HOUSE,
Trichur 680 005,
Kerala, India



28-7-1983

Dear Mother Lambert,

I am very glad you are celebrating the Platinum Jubilee of the Congregation.

I wish you and the community and your works of apostolate God's blessings and success.

With every good wish and blessings,

Yours sincerely in our Lord

Sd/-
Bishop of Trichur.

Mother Lambert SABS
Adoration Genaralate
Cenacle, Alwaye 683 102

Mar Joseph Pallikaparampil
BISHOP OF PALAI

PHONE : PALAI 311
BISHOP'S HOUSE PALAI
686 575
KERALA, INDIA

8th August 1983



To,

Rev. Mother Lambert SABS
Superior General
Adoration Generalate
Cenacle, Alwaye- 683102

Dear Mother Lambert,

I feel very happy to associate myself with you all in your joy and thanksgiving on the occasion of the Platinum Jubilee Celebrations of your esteemed Congregation.

It is very significant that the Congregation has in these 75 years grown to a membership of over 2500 Sisters in about 250 houses spread in various dioceses of Kerala, in the North Indian Missions and also abroad. Your spirit of Adoration of the Lord in the Blessed Sacrament is continued during the day in your service of Him represented by tbe needy all round. I feel confident and do pray that this growth in number is matched by ever growing efforts of the members to reach a perfect religious life.

Presenting my sincere Greetings and invoking God's abundant blessings in your future efforts leading to a glorious centenary.

Yours sincerely in Christ Our Lord,

+Pallikaparampil

Mar Joseph Pallikaparampil
Bishop of Palai.

**MAR JOSEPH POWATHIL**
BISHOP OF KANJIRAPALLY

Phone : 441

**BISHOP'S HOUSE**
**KANJIRAPALLY 686 507**
**KOTTAYAM DT. KERALA, S. INDIA**

IN TRUTH AND CHARITY



ഒരു സന്യാസ സമൂഹത്തിന്റെ ജൂബിലി സന്യാസജീവിതത്തെക്കുറിച്ചു ആഴത്തിൽ ചിന്തിക്കുവാനാണവസരം നല്കുക.

ഇരുപതു വർഷങ്ങൾക്കു മുൻപ് കൗൺസിൽ പിതാക്കന്മാർ സന്യാസജീവിതം നയിക്കുന്നവരെക്കുറിച്ചു പറഞ്ഞതു് അവർ "ഉപര്യുപരി തിരുസഭയോടൊത്തു ജീവിയ്ക്കണം, തിരുസഭയോടൊത്തു ചിന്തിക്കണം, തിരുസ്സഭയുടെ ദൗത്യം നിർവ്വഹിക്കാനായി സ്വയം അർപ്പിക്കയും വേണം" (P. C. 6) അവരുടെ അദ്ധ്യാത്മിക ജീവിതം തിരുസഭ മുഴുവന്റെയും ആദ്ധ്യാത്മികോന്നമനത്തിനായി പ്രതിഷ്ഠിക്കപ്പെടേണ്ടതാവശ്യമാണെന്നാണ് തിരുസ്സഭയെക്കുറിച്ചുള്ള പ്രബോധനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു്. (L. G. 44) സന്ന്യാസജീവിതം തിരുസ്സഭയ്ക്കുവേണ്ടി പ്രതിഷ്ഠിയ്ക്കപ്പെട്ടിട്ടുള്ളതാണ്.

ഓരോ സമൂഹത്തിന്റെ പ്രത്യേകതയും തിരുസ്സഭയ്ക്കു വേണ്ടിയാണെന്നും പിതാക്കന്മാർ ചൂണ്ടിക്കാട്ടുന്നുണ്ടു്. "തിരുസ്സഭയുടെ നന്മയ്ക്കുവേണ്ടിയാണ് ഓരോ സന്യാസസമൂഹത്തിനും അതിന്റെ സ്വഭാവവും പ്രവർത്തനമുള്ളതു് (P. C. 3b). സഭയുടെ ജീവിതത്തിന്റെ പ്രത്യേക തലങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ടു് തങ്ങളുടെ ജീവിതം നെയ്തെടുക്കുന്നതിലൂടെയാണ് ഇതു സാധിക്കുക.

ആരാധനാ സമൂഹം (S. A. B. S) സഭയുടെ ആരാധനയിൽ കേന്ദ്രീകൃതമായ ഒരു സമൂഹമായി നിലകൊള്ളണമെന്നതാണ് എന്റെ പക്ഷം. "സഭയുടെ പ്രവർത്തനം തന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേയ്ക്കാണു തിരിഞ്ഞിരിക്കുന്നതു്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെ നിന്നുതന്നെ" (Sc 10). ഈ കേന്ദ്രത്തെ വട്ടമിട്ടു നെയ്തെടുക്കുന്നതാവണം ജൂബിലി ആഘോഷിക്കുന്ന ആരാധനസമൂഹത്തിന്റെ ജീവിതം.

സീറോ മലബാർ സഭയുടെ വളർച്ചയും വികാസവും ആശ്രയിച്ചിരിക്കുന്നതു് അതിന്റെ ആരാധനാ ജീവിതത്തെയാണ്. ഈ രംഗത്തു് ആവോളം പ്രചോദനം നൽകുവാൻ നിങ്ങളുടെ സമൂഹത്തിനു സാധിക്കണം. അതായിരിക്കും സഭാ നിർമ്മാണത്തിൽ നിങ്ങൾക്കു നൽകാവുന്ന ഏററം വലിയ സംഭാവന.

+ [signature]

**മാർ ജോസഫ് പൗവ്വത്തിൽ**
**കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ**

Grams : BISHOP
**Rt. Rev. Dr. George Punnakottil**
**MA, STD, LSS.**
BISHOP OF KOTHAMANGALAM

BY HIS GRACE

Phone : 236
BISHOP'S HOUSE, KOTHAMANGALAM
686691
KERALA, INDIA

August 3, 1983



To

Rev. Mother Lambert S. A. B. S.,
Superior General,
Adoration Generalate;
Cenacle, Alwaye-2

Dear Rev. Mother General,

I am happy to learn that the Sisters [of the Adoration of the Blessed Sacrament, are celebrating the Platinum Jubilee of] their Congregation. On this occassion let me extend to each and every member of your Congregation my hearty congratulations and prayerful wishes.

It is remarkable that your congregation has grown steadily during the last seventy-five years and it is now serving the Church both at home and abroad. I wish and pray that the Jubilee celebrations may serve as an occasion to thank God and at the same time to look toward future with renewed spirit and commitment.

Invoking God's blessings on all of you,

Yours sincerely in Our Lord,

+ George Punnakottil

Bishop of Kothamangalm

Pnone : 65

BISHOP JACOB THOOMKUZHY

BISHOP'S HOUSE

MANANTHAVADY - 670645

WYNAD : KERALA : INDIA



Mother Lambert SABS,
Superior General,
Adoration Generalate,
Alwaye.

Dear Mother Lambert,

I am happy to know that you are celebrating the platinum jubilee of your congregation. My hearty congratulations and prayerful best wishes to all the members of the congregation, while acknowledging the services of the sisters of the Adoration Congregation in the diocese of Mananthavady, in a special way.

May the jubilee souvenir help you draw fresh inspiration from the lives of your saintly Founder, Bishop Thomas Kurialacherry and pioneer Sisters of the Congregation.

Mananthavady, (Bishop Jacob Thoomkuzhy)

1st September, 1983. Bishop of Mananthavady

# REMINISCENCE ... GRATITUDE

Adoration Generalate
Cenacle, Alwaye
683 102
Kerala, India,

"The church and the world have a great need of Eucharistic worship. Jesus waits for us in the Sacrament of love. Let us be generous with our time in going to meet Him in adoration and in contemplation that is full of faith and ready to make reparation for the great faults and crimes of the world. May our adoration never cease." (Dominicae Cenae. 3)

Years ago, our saintly Founder Bishop Thomas Kurialacherry has conceived of and been inspired of by the very same ideas expressed in the above exhortation of the Supreme Pontiff Pope John Paul II. His dream of a new Congregation for fulfilling the message "Live the mystery of the Eucharist by offering ourselves to the Father with Jesus and by loving others as Christ has loved us" became a reality on December 8, 1908. This seedling which he planted with the co-operation of Mother Shantal, grew up, spread forth its branches even to Africa, Australia, Germany and Italy and is now celebrating the Platinum Jubilee of its foundation. On this Jubilant occasion we are raising up our hearts in gratitude to our God the Father who is providing and sustaining us in His paternal care and concern.

All these 75 years, it is true, our Congregation has been going through strife and struggle, success and progress and failure and weakness. But, with full trust and confidence in Him, we can say that our Eucharistic Lord has been rowing the boat to the shore. We praise and adore Him for sending His Holy Spirit to us, for helping us to go back to the original sources to which we were giving more attetnion these years.

It is with deep filial love and gratitude that I note down here our indebtedness to Our Holy Father Pope John Paul II, the Sacred Congregation for Oriental Churches and our beloved Cardinal Joseph Parecattil and all the venerable prelates with whom we are closely related. We raise our hearts to the Eucharistic Lord in humble supplication for them. Also we are grateful to all the clergy, religious and the People of God who really extend their helping hands to us very generously.

Now I would like to say a few words to my dear sisters. As we celebrate the Platinum Jubilee of the Foundation of our Congregation we shall take our Lord's own words as an occasional reminder to us. He says, 'Whoever remains in me and I in Him will bear much fruit' (Jn. 15.5). Living always and everywhere in the presence of the Eucharistic Lord and holding fast to His attitudes and to the values and life-style of the kingdom, we are to proclaim the good news of salvation to all and draw the humanity close to God. Being faithful to the foundation charism of our Congregation, let us be vigilant to respond to the call of the church and of our founder - "Renew Everything in Christ" and rebuild the world in newness.

Sd/-

Sr. Lambert. S.A.B.S
Superior General

# Mother Shanthal



She shared with heroic faith, in the pioneering efforts of the Founder

# THEY NURTURED THE CONGREGATION



Fr. Joseph Kandathiparambil



Fr. Sebastian Cherucherril

Fr. Itoop Panikulam



*"Lives of great men all remind us we can make our lives Sublime and departing, leaving behind us foot prints on the sands of time".*

H. W. Long Fellow.

# Superiors General after unification of the Congregation



*Efficiently guided the Congregation in its efforts towards Renewal and adaptation after the Vat. II*

Mother Espirit

*Faithfully carried the work of her predecessor with a call for return to the sources*



Mother Alphonsus Maria

## GENERAL COUNCIL



*Sitting :* Sr. Delphina, Mother Lambert, Sr. John Maria
*Standing :* Sr. Jose Mary, Sr. Bosco, Sr. Baromia

*"I Will lead thee by the path of equity"*

# AT THE HELM OF AFFAIRS

IN THE SEVEN PROVINCES



Mother Joyce Mary
Changanacherry



Mother Paschal
Ernakulam



Mother Alphonsus Maria
Palai



Mother Georgina
Kothamangalam



Mother Rosebella
Tellicherry



Mother Sylvester
Kanjirapilly



Mother Maribella
Mananthavady

# The Jubilarians



Sr. Justin

*The Lord is my strength and salvation*

Ps. 118: 4



Sr. Bibiyana



Sr. Jerome



Sr. Theophine

*He loves them-the pains and aches, their faltering steps, greying brow and laughter; He loves them because they have put their hands to His plow and have not looked back.*



Sr. Tharsina



Sr. Patience

# *Editorial*

ദൈവകൃപയുടെ കരങ്ങൾ ചരിത്രത്തെ പുല്കുന്ന മഹോന്നത നിമിഷങ്ങളുണ്ട്. വത്സരങ്ങൾ കൊഴിഞ്ഞാലും തലമുറകൾ മറഞ്ഞാലും ഇത്തരം അനുഭവങ്ങളും അനുഭൂതികളും പച്ചകെടാതെ നില്ക്കുന്നു. മനുഷ്യന്റെ ഉള്ളുണർത്തുവാനും ഉള്ളിളക്കുവാനുമുള്ള അനുഭൂതിയുടെ സർഗ്ഗാത്മകശക്തി അപാരമാണല്ലോ. ഇവിടെയാണ് അനുസ്മരണയ്ക്കും ആഘോഷത്തിനും പ്രസക്തി കൈവരിക.

പുണ്യചരിതനായ അഭിവന്ദ്യ കുര്യാളശ്ശേരിപിതാവിനാൽ സ്ഥാപിതമായ ഞങ്ങളുടെ ദിവ്യകാരുണ്യ ആരാധന സഭയുടെ പ്ലാററിനം ജൂബിലി ആചരണത്തിന്റെ ആഹ്ലാദ തരംഗങ്ങളാണ് ഈ അനുസ്മരണികയുടെ ഓരോ ബിന്ദുവിലും തുടിച്ചുനില്ക്കുക. കഴിഞ്ഞുപോയ കാലഘട്ടത്തിന്റെ നേട്ടങ്ങൾ തിട്ടപ്പെടുത്തുകയല്ല, സഭാംബികയുടെ സൗകുമാര്യം സമ്യക്കായി സംവേദിക്കുകയാണ് ഈ എളിയ സംരംഭത്തിലൂടെ. സ്ഥാപകസിദ്ധിയും സാധനയുമെല്ലാം ഇവിടെ കഴിയുന്നതും ലളിതമാംവിധം ചുരുൾ നിവർത്തുവാൻ ശ്രമിച്ചിട്ടുണ്ട്. ആ പുണ്യപുരുഷന്റെ ചേതന ഈശ്വരചൈതന്യത്തിന്റെ അലൗകിക സ്പർശനത്താൽ ഉണർന്നെഴുന്നേററതും ലോകത്തെ ഉണർത്തിയതും മനുഷ്യമനസ്സിനെ എന്നെന്നും മഥിക്കുവാൻ പോരുന്നവയാണ്. ഉപ്പായി, ദീപമായി, പുളിമാവായി പ്രപഞ്ചത്തിൽ ജീവിക്കുവാൻ, സ്ഥാപക ചൈതന്യത്തോട് വിശ്വസ്തത പുലർത്തുവാൻ ഇതിന്റെ ഏടുകൾ ഞങ്ങൾക്കും ഞങ്ങളുടെ ഭാവി തലമുറയ്ക്കും സഹായകമായിരുന്നെങ്കിൽ എന്ന് ഞങ്ങൾ ആശിക്കുന്നു.

ഉള്ളിലേയ്ക്കു കടക്കുമ്പോൾ മഹാശയരുടെ സന്ദേശങ്ങളുണ്ട്. നിറമണിഞ്ഞ മതാനുഭൂതികളുണ്ട്. മുഖം നഷ്ടപ്പെട്ട ആധുനിക മനുഷ്യന് സ്വർഗ്ഗത്തിൽ നിന്നിറങ്ങിയവന്റെ മുഖത്തേയ്ക്ക് നോക്കുവാൻ കഴിയുമ്പോഴെ, തന്റെ മുഖം തെളിഞ്ഞു കാണാൻ കഴിയൂ, എന്ന യാഥാർത്ഥ്യം ചിന്തിപ്പിക്കുവാൻ പോരുന്നതാണ്. വിഭജിക്കപ്പെടുവാനും വിളമ്പപ്പെടുവാനുമായി മനുഷ്യൻ മനസ്സാകുന്ന നിമിഷങ്ങളിലത്രേ ദൈവഛായ അവനിൽ സമൂർത്തമായി അവതരിക്കപ്പെടുക. ഇവിടെ വിരുന്നിന് വിഭവമൊരുക്കിയ എല്ലാവർക്കും കൃതജ്ഞതയുടെ കൂപ്പുകൈകൾ. ഈ സ്മരണിക പ്രസിദ്ധീകരിക്കുന്ന യത്നത്തിൽ ഔദാര്യപൂർവ്വം സഹകരിച്ചിട്ടുള്ള എല്ലാവർക്കും നന്ദിചൊല്ലുവാൻ ഈ അവസരം ഞങ്ങൾ ഉപയോഗപ്പെടുത്തുന്നു.

**Souvenir Committee**

# Souvenir Committe

Mother Lambert (President)
Sister Gregoria (Chief Editor)
Sister John Maria (Associate Editor)
Sister Eucharist ( ,, )
Sister Felicita ,,
Sister Jossy ,,
Sister Genevive ,,
Sister Alacoque Mary ,,
Sister Mercy ,,
Sister Rachel Vellakada ,,
Sister Mary Vanchipurackal ,,
Sister Tissia ,,
Sister Maria Pattupara
Sister Little Mary ,,

Cover Design–Sister Mercy Parakattu.

# CONTENTS


| | | | Page |
|---|---|---|---|
| | സഭാഗാനം | ... | |
| 1. | ക്രിസ്തുവിൽ ജീവന്റെ അപ്പമാകുക | ... | 1 |
| 2. | Rt. Rev. Dr. Thomas Kurialacherry – a Charismatic Man | ... | 7 |
| 3. | ജൂബിലിമംഗളം | ... | 11 |
| 4. | "Show us the Father" | ... | 12 |
| 5. | നിങ്ങൾ അബ്രാഹത്തിന്റെ സന്തതികളോ? | ... | 14 |
| 6. | മഹാനായ മാർ തോമ്മ കുര്യാളശ്ശേരിയും ദിവ്യകാരുണ്യ ആരാധനസഭയുടെ പഞ്ചസപ്തതിയും | ... | 16 |
| 7. | സ്വർഗ്ഗം | ... | 19 |
| 8. | ലോത്തിന്റെ ഭാര്യയെ ഓർമ്മിക്കൂ | ... | 20 |
| 9. | "ആ ചെറുവിത്ത്" | ... | 24 |
| 10. | Mother Mary Jane Francisca de Shantal S. A. B. S. | ... | 25 |
| 11. | ആരാധനസന്യാസിനി | ... | 30 |
| 12. | അനുരഞ്ജനം | ... | 34 |
| 13. | ആത്മാവിന്റെ ആഴങ്ങളിൽ | ... | 39 |
| 14. | Growth of a mustard seed | ... | 42 |
| 15. | സ്മരണകൾ | ... | 46 |
| 16. | വി. കുർബ്ബാന ഒരു കൂട്ടായ്മ | ... | 49 |
| 17. | കത്തോലിക്ക സഭ കെനിയായിൽ | ... | 53 |
| 18. | Todays Adoration Congregation Tomorrow's Paschal Community | ... | 59 |
| 19. | അഭിലാഷം | ... | 63 |
| 20. | ദൈവീക ഉടമ്പടിയും അർപ്പിതജീവിതവും | ... | 65 |
| 21. | നിർവൃതി | ... | 69 |
| 22. | S. A. B. S. Formation at a Glance | ... | 71 |
| 23. | ജോർദ്ദാനിൽനിന്ന് സെഹിയോൻ വഴി കാൽവരിയിലേയ്ക്ക് | ... | 78 |
| 24. | ജന്മസാഫല്യം | ... | 83 |
| 25. | ആരാധനസഭ പ്രേഷിതവയലുകളിൽ | ... | 85 |
| 26. | പരിശുദ്ധ അമ്മ | ... | 88 |
| 27. | പ്ലാററിനം ജൂബിലി ആഘോഷങ്ങൾ – ഒരവലോകനം | ... | 91 |
| | ഹിന്ദി – വിഭാഗം | | |

# സഭാഗാനം

ആരാധനസഭ ആരാദ്ധ്യനീശൻെറ
ആരാധകരാം കോകിലങ്ങളാം
അവിരാമകീർത്തന സ്വരരാഗംപകരും
അഭിരാമവാടിയായ് വിലസിടട്ടെ.

സക്രാരിയിൽ പള്ളികൊള്ളുന്ന സ്വർഗ്ഗീയ
സ്നേഹസുധാരസം നുകന്നു മന്നിൽ
സേവനത്തിൻെറ വിഹായസ്സിൽ ത്യാഗത്തിൻ
പൂഞ്ചിറകിന്മേൽ പറന്നിടട്ടെ.

ആരാധന......

പ്രാർത്ഥനതന്നുടെ അഗ്നിരഥത്തിൽ
പ്രതമാകമായുധമേന്തി സദാ
ഒരു നവഭൂമിയുമാകാശവും തീർക്കാൻ
ഒരുമയിൽ പൊരുതി ജയിച്ചിടട്ടെ.

ആരാധന......



# ക്രിസ്തുവിൽ ജീവൻെറ അപ്പമാവുക

ഡോ. മാത്യു വെള്ളാനിക്കൽ

ദിവ്യകാരുണ്യ ആരാധനസഭയുടെ രൂപ്പാററിനം ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ ജീവദായകമായ അപ്പത്തെക്കുറിച്ചു ചിന്തിക്കുന്നതു് അവസരോചിതമാണ്. വി. കുർബ്ബാനയിൽ അധിഷ്ഠിതമായ ജീവിതമാണ് ഈ സഭയുടെ കാരിസം വഴി സഭാംഗങ്ങൾക്ക് കരഗതമാവുക. ജീവൻെറ ഉറവിടമായ വി. കുർബ്ബാനയിൽ നിന്നു്, ചൈതന്യം നുകർന്നു ജീവിക്കുക എന്നുപറഞ്ഞാൽ 'ജീവൻെറ അപ്പം' ജീവിതത്തിൻെറ കേന്ദ്രമാവുക എന്നത്രെ.

## വി. കുർബാനയുടെ അന്തസത്ത

കർത്താവിൻെറ അത്താഴത്തിനു് ഒരുമിച്ചു കൂടിയിരുന്ന ആദിമക്രിസ്ത്യാനികൾ പരി. കുർബ്ബാനയെ കൂട്ടായ്മയുടെ പ്രതീകമായി കണ്ടിരുന്നു. സ്വാർത്ഥതയെ ത്യജിച്ചുകൊണ്ടു് സ്നേഹത്തിലൊന്നാവുകയാണു് 'കൂട്ടായ്മ' എന്നതുകൊണ്ടർത്ഥമാക്കുന്നതു്. ആദിമ ക്രൈസ്തവസമൂഹം എല്ലാം പങ്കുവച്ചു് അനുഭവിച്ചിരുന്നു. ബലി അർപ്പണത്തിനായി വരുമ്പോൾ അവർ കാഴ്ചകൾ കൊണ്ടുവന്നിരുന്നു. അപ്പം മുറിക്കൽ ശുശ്രൂഷയ്ക്കൊന്നിച്ചുകൂടുന്ന സമൂഹം സ്നേഹത്തിൻേറയും സാഹോദര്യത്തിൻേറയും സമൂഹമായിരിക്കണമെന്നു് അവർക്കു് നിർബന്ധമുണ്ടായിരുന്നു. വി. പൗലോസിൻെറ ലേഖനങ്ങളിൽ വി. കുർബ്ബാനയുടെ സാമൂഹ്യവശത്തിനു് കൂടുതൽ ഊന്നൽ കൊടുക്കുന്നതായി കാണാം. അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുത്തിരുന്ന ഉള്ളവനും ഇല്ലാത്തവനും തമ്മിൽ ഭിന്നിപ്പുണ്ടായി. കോറന്തോസിലെ സഭയിൽ അന്തഃഛിദ്രങ്ങളുണ്ടായപ്പോൾ വി. അപ്പസ്തോലൻതന്നെ ചോദിക്കുന്നു: മിശിഹാ ഒരുപക്ഷ വിഭജിക്കപ്പെട്ടിരിക്കുന്നുവോ? സഭയിലെ ഭിന്നിപ്പു് ക്രിസ്തുവിൻെറ ശരീരത്തിലെ പിളർപ്പു തന്നെയാണെന്നു് വി. പൗലോസ് ചിന്തിക്കുന്നു. ഭിന്നിപ്പിൻെറ പശ്ചാത്തലത്തിൽ ഐക്യത്തിനും, സ്നേഹത്തിനും നിദാനമായ പരി. കുർബ്ബാനയുടെ അന്തസത്തയെക്കുറിച്ചു് ചിന്തിക്കാനും പഠിപ്പിക്കാനും ഇടയായി. സ്ഥാപനവാക്യം ഉദ്ധരിച്ചുകൊണ്ടു തന്നെയാണു് (1 Cor. 11 : 23–26). കുർബ്ബാന എന്താണെന്നും അതിനെ സമീപിക്കാനുള്ള യോഗ്യതയെന്തെന്നും വിശദീകരിക്കുന്നതു്. വി. പൗലോസ്ശ്ലീഹാ പരി. കുർബ്ബാനയുടെ സാമൂഹ്യമാനത്തിനു് കൂടുതൽ പ്രസക്തി നൽകുമ്പോൾ വി. യോഹന്നാൻ ശ്ലീഹ വി. കുർബ്ബാന ജീവൻെറ അപ്പമെന്നു് വിശേഷിപ്പിച്ചുകൊണ്ടു് ഒന്നുകൂടി ആഴത്തിൽ വ്യക്തിതലത്തിലേയ്ക്കിറങ്ങുന്നു.

## വിശക്കുന്ന മനുഷ്യൻ

മനുഷ്യൻ അപ്പത്തിനുവേണ്ടി ജീവിക്കുന്നവനാണ്. അവൻെറ ക്ലേശങ്ങളും ആകുലതകളും അപ്പത്തെ ചുററിപ്പററിയുള്ളതത്രെ. ഒരു ചാൺ വയറു നിറയ്ക്കുന്നതിനുവേണ്ടി ആധുനിക മനുഷ്യൻ എന്തെല്ലാം അക്രമങ്ങൾ ചെയ്തുകൂട്ടുന്നു. ഈ അപ്പത്തിനുവേണ്ടിയുള്ള ദാഹമാണ്, വിശപ്പാണു് മനുഷ്യനെ ജീവിപ്പിക്കുന്നതിനും പ്രവർത്തനനിരതനാക്കുന്നതിനുമുള്ള പ്രചോദകഹേതു. ഇങ്ങനെ ദാഹിക്കയും വിശക്കുകയും ചെയ്യുന്ന മനുഷ്യനെ നോക്കി ക്രിസ്തുവിനു മാത്രം പറയുവാൻ സാധിച്ചു ''ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാകുന്നു'' വെന്നു്. അപ്പത്തിനുവേണ്ടി പരക്കംപായുന്ന മനുഷ്യാ, നീ ശ്രവിക്കുക. നിനക്കു ജീവൻ നല്കുന്ന അപ്പം ഞാനാകുന്നു.

## അപ്പം—മനുഷ്യജീവന്റെ തികവും നിറവും

അപ്പം കൂടാതെ ജീവിക്കുവാൻ മനുഷ്യനു സാദ്ധ്യമല്ല. അപ്പം എന്നു പറയുമ്പോൾ വെറും പദാത്ഥപരമായ അപ്പമല്ല. കർത്തൃപ്രാർത്ഥനയിൽ 'അപ്പം' എന്ന ഒരുവാക്കുമാത്രമേ ഈശോ പ്രയോഗിച്ചിട്ടുള്ളൂ. എന്നാൽ അതിന്റെ അർത്ഥവ്യാപ്തി വളരെ വലുതാണ്. മനുഷ്യജീവിതത്തിന്റെ സമ്പൂർണ്ണതയ്ക്കു് എന്തെല്ലാം ആവശ്യമാണോ അതെല്ലാം സമാഹരിച്ച് ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കാൻ ഉപയോഗിക്കുന്ന ഒററവാക്കാണതു്. ചുരുക്കത്തിൽ മനുഷ്യജീവന്റെ അസ്തിത്വത്തിനും പൂർണ്ണതയ്ക്കും ആവശ്യമായതെന്തോ അതെല്ലാമാണ് 'അപ്പം' എന്ന രണ്ടക്ഷരത്തിൽ ഒതുങ്ങി നിൽക്കുന്ന വലിയ ആശയം. ''മനുഷ്യന്റെ അഭിനിവേശങ്ങൾക്കെല്ലാം ഉത്തരം നൽകുന്നവൻ ഞാനാണ്'' എന്നു പറഞ്ഞു് ഈശോ മനുഷ്യമദ്ധ്യത്തിലേക്കു കടന്നുവരികയാണ്.

## പ്രബോധനത്തിനു് പശ്ചാത്തലമൊരുക്കുന്ന ഈശോ

ലൗകികസമ്പത്തധികമുള്ള ആധുനികമനുഷ്യനും എന്തിനോവേണ്ടി അലയുകയാണ്. മണിമന്ദിരങ്ങളും കനകം വിളയിക്കുന്ന വിളഭൂമികളും ലക്ഷക്കണക്കിനു കൂട്ടിയിരിക്കുന്ന പണക്കൂനകളും സൗന്ദര്യത്തിനു മാററുകൂട്ടുന്ന സ്വർണ്ണാഭരണങ്ങളും ഒന്നും ഇന്നവനെ സമാധാനചിത്തനാക്കുന്നില്ല. നശ്വര സമ്പാദ്യങ്ങളുടെ മദ്ധ്യേ അവൻ ആകുലനും ഉൽക്കണ്ഠയുള്ളവനുമാണ്. യഥാത്ഥത്തിൽ സന്തോഷമുള്ള ഹൃദയത്തിലെ ജീവൻ പ്രസരിക്കയുള്ളൂ എന്നുപറയാം. പെസഹാത്തിരുനാൾ അടുത്തിരുന്ന സമയം ഗ്ലീലാക്കടലിന്റെ മറുകരയ്ക്കുപോയ ഈശോയെ ഒരു വലിയ ജനതതി അനുഗമിക്കുന്നുണ്ടായിരുന്നു. കാരണം രോഗികളിൽ അവൻ പ്രവർത്തിച്ച അടയാളങ്ങൾ അവരെ വിസ്മയഭരിതരാക്കിയിരുന്നു. ശിഷ്യന്മാരോടൊപ്പം മലയിലേയ്ക്കു കയറിയിരുന്ന ഈശോ ഒരു ജനാവലി തന്റെ അടുക്കലേയ്ക്കു വരുന്നതുകണ്ടു് പീലിപ്പോസിനോടു് പരീക്ഷിക്കാനെന്നവണ്ണം ഒരു ചോദ്യം ചോദിക്കുന്നു. ''ഇവക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്നപ്പം വാങ്ങും'' Jn. 6/5. തന്റെ അടുക്കലേയ്ക്കു വരിക എന്നതുകൊണ്ടു് തന്നിൽ വിശ്വസിക്കുക എന്നാണ് യോഹന്നാൻ വിവക്ഷിക്കുന്നതു്. ''ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തുവരുന്നവനു് ഒരിക്കലും വിശക്കുകയില്ല'' Jn. 6/35. മനുഷ്യന്റെ ശാരീരിക–മാനസിക–സാംസ്കാരിക–പരാധീനതകളിൽനിന്നും രോഗത്തിൽനിന്നും അവനെ വിമോചിപ്പിക്കുവാൻ കഴിയുന്നവന്റെ പക്കലേയ്ക്കാണ് അവർ വരുന്നതു്. അങ്ങനെ സമഗ്രമായ വിമോചനത്തിനു ദാഹിക്കുന്ന മനുഷ്യനെക്കണ്ടു് അപ്പം വദ്ധിപ്പിക്കുന്ന അടയാളത്തിനു് കളമൊരുക്കുന്നു. വി. യോഹന്നാൻ സുവിശേഷകൻ 6–ാം അദ്ധ്യായത്തിന്റെ ആദ്യഭാഗം അപ്പം വദ്ധിപ്പിക്കുന്ന അത്ഭുതമാണ് വിവരിക്കുക. എന്തുകൊണ്ടാണ് ഈ അത്ഭുതത്തിനുശേഷം ''ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന അപ്പ''മെന്നു് ഈശോ പറഞ്ഞതു്. കാരണം അതിനു പ്രത്യേകമായ ഒരു സ്ഥാനം ക്രിസ്തുവിന്റെ ജീവിതത്തിലുണ്ടു് എന്നതാണ്. നാലുസുവിശേഷകന്മാരും രേഖപ്പെടുത്തുന്ന ഒരേ ഒരത്ഭുതം ഇതുമാത്രമാണ്. വരാനിരിക്കുന്ന സ്വർഗ്ഗീയവിരുന്നിന്റെ സമൃദ്ധിയുടെ ഒരു നാന്ദിയാണ് ഈ അപ്പം വദ്ധിപ്പിക്കൽ. അതുകൊണ്ടുതന്നെ ഈ അടയാളത്തിന്റെ പ്രാധാന്യം നമുക്കു ഗ്രഹിക്കാമല്ലോ.

## അപ്പം വർദ്ധിപ്പിക്കൽ—ഒരടയാളം

അപ്പം വർദ്ധിപ്പിക്കൽ വെറും ഒരത്ഭുതവിവരണമല്ല. യുഗാന്ത്യോന്മുഖമായ പ്രാധാന്യം ഈ അടയാളത്തിലടങ്ങിയിരിക്കുന്നു. ദൈവം തന്റെ മനുഷ്യമഹാകുടുംബത്തിനൊരുക്കിയ സ്നേഹവിരുന്നാണ് വി. കുർബ്ബാന. ഈ അടയാളം വി. കുർബ്ബാനയെക്കുറിച്ചാണെന്നു വ്യക്തമാക്കുന്ന സൂചനകൾ പലതും 6–ാം അദ്ധ്യായത്തിലുണ്ടു്.

1. പെസഹാത്തിരുന്നാളിന്റെ പശ്ചാത്തലം Jn. 6/4
2. തന്റെ ശരീരരക്തങ്ങൾ യഥാത്ഥ ഭക്ഷണപാനീയങ്ങൾ Jn. 6/51–66
3. മിച്ചം വരുന്നതു ശേഖരിക്കുവിൻ Jn. 6/12
4. ഡിഡാക്കെ എന്ന പൗരാണികരേഖയിൽ കാണുന്നതുപോലെ ബാർലിയപ്പമാണ് ഇവിടെയും Jn. 6/13

സമാന്തര സുവിശേഷങ്ങളിൽ വർദ്ധിപ്പിച്ച അപ്പക്കഷണങ്ങൾ വിളമ്പിക്കൊടുക്കു

ന്നതു് ശിഷ്യന്മാരാണ്. സ്വാഭാവികമായിട്ട് അതിനാണ സാദ്ധ്യതയും. എന്നാൽ Jn. 6/11 ''അനന്തരം യേശു അപ്പം എടുത്തു് കൃതജ്ഞതാസ്തോത്രം ചെയ്തതിനുശേഷം അവർക്ക വിതരണം ചെയ്തു. അതുപോലെതന്നെ മീനും വേണ്ടത്ര നല്കി.'' എന്താണിതിന്റെ സൂചന? ജീവന്റെ അപ്പമായ ഈശോ തന്നെയാണ് ഈ പന്തീഭോജനം ഒരുക്കിയിരിക്കുന്നതെന്ന സത്യം വ്യക്തമായി കാണിക്കാൻ വി. ശ്ലീഹാ ആഗ്രഹിക്കുകയാണ്. തന്നിൽ വിശ്വസിക്കുന്നവർക്ക് ജീവിതത്തികവു നൽകുന്നവനാണ് യേശുക്രിസ്തു എന്നതിന്റെ അടയാളമായി വി. യോഹന്നാൻ ഇതിനെ കാണുന്നു. മനുഷ്യനു് യഥാർത്ഥമായ സന്തോഷവും സമാധാനവും സംതൃപ്തിയും നൽകി അവനു് അനശ്വര ജീവൻ നൽകുന്ന അവന്റെ അടിസ്ഥാനപരമായ ദാഹം ശമിപ്പിക്കുന്ന വിശപ്പടക്കുന്ന ജീവന്റെ അപ്പം താനാണെന്നു് അവിടുന്നു വ്യക്തമാക്കി കൊടുക്കുന്നു.

## പ്രതികരണം ശരിയോ?

വർദ്ധിപ്പിച്ച അപ്പക്കഷണങ്ങൾ ഭക്ഷിച്ച് സംതൃപ്തരായ ജനതതിയുടെ പ്രതികരണം ശരിയായിരുന്നില്ല. എന്തായിരുന്നു അവരുടെ പ്രതികരണം? അഞ്ചപ്പം കൊണ്ടു് അയ്യായിരങ്ങളെ തൃപ്തനാക്കാൻ കഴിവുള്ള ഒരാൾ നമ്മുടെ ഇടയിലുള്ളപ്പോൾ ഇനി ആലോചിച്ചു നില്ക്കുന്നതെന്തിനു്? അവൻ പ്രവർത്തിച്ച അടയാളം കണ്ടു് ജനം പറഞ്ഞു Jn. 6/14 ഇവൻ സത്യമായും ലോകത്തിലേയ്ക്കു വരുവാനിരിക്കുന്ന പ്രവാചകൻതന്നെ'' Jn. 6/15 ''രാജാവാക്കുവാൻവേണ്ടി അവർ വന്നു തന്നെ ബലമായി പിടിച്ചുകൊണ്ടുപോകുവാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ യേശു വീണ്ടും തനിയെ മലമുകളിലേയ്ക്കു പിന്മാറി.'' ഒരു ചാൺ വയറു നിറയ്ക്കുന്ന ജീവൽപ്രശ്ന ചിന്തയും തന്നെ രാജാവാക്കാനുള്ള അവരുടെ ഉദ്യമവും ശരിയായ പ്രതികരണമല്ല എന്നു മനസ്സിലാക്കിയ ഈശോ അവരുടെ ഇടയിൽ നിന്നു പിന്മാറി. ഞാൻ ജീവന്റെ അപ്പമാണ് എന്നു പറയുന്നതിന്റെ അർത്ഥം അവർക്കു മനസ്സിലാകാതെ പോയി. കേവലം ഉദരപൂരണത്തിൽ മാത്രം ശ്രദ്ധിച്ചിരുന്ന അവർക്ക് ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിവുള്ള ഒരു വ്യക്തിയായി മാത്രമേ ഈശോയെ ദർശിക്കാൻ കഴിഞ്ഞുള്ളു.

അപ്പം വർദ്ധിപ്പിക്കൽ അത്ഭുതത്തിനും ജീവന്റെ അപ്പത്തെക്കുറിച്ചുള്ള വിവരണത്തിനും ഇടയിൽ കടലിനു മീതെ നടക്കുന്ന യേശുവിനെ വി. യോഹന്നാൻ ചിത്രീകരിക്കുന്നതിന്റെ പ്രസക്തി എന്തു്? അപ്പം വർദ്ധിപ്പിച്ച പോററിയവനെ തങ്ങളുടെ ഭൗതിക ജീവിതപ്രശ്ന പരിഹാരകൻ എന്ന നിലയിലേ അവർക്കു കാണാൻ കഴിഞ്ഞുള്ളു. അതുകൊണ്ടാണ് ഈ ഗുരുവിന്റെ കാര്യത്തിൽ അവർക്കിത്ര വലിയ താല്പര്യം എന്നവിടുന്നു മനസ്സിലാക്കി. എങ്കിൽ തന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്ന ഒരടയാളത്തിനിടം നൽകണം എന്നവിടുന്നു ചിന്തിക്കുന്നു. ഈ അടയാളത്തിലൂടെ അവരുടെ മനോഭാവത്തെ തിരുത്തിക്കുറിക്കണം എന്നൊരു ദീർഘവീക്ഷണവും ക്രിസ്തുവിനുണ്ടായിരുന്നു. അപ്പോൾ കടലിൻമീതെ നടക്കുക എന്ന അത്ഭുത വിവരണത്തിൽ ഒരു തിരുത്തൽ പ്രക്രിയാഭാവം ഉണ്ടെന്ന പണ്ഡിതമതത്തോട് യോജിക്കാൻ സാധിക്കും.

## കടലിൻ മീതെ നടക്കുന്ന ഈശോ

ആർത്തിരമ്പി മറിയുന്ന കടലിനെ നോക്കി ശിഷ്യന്മാർ ഭയപ്പെട്ടിരിക്കുമ്പോൾത്തന്നെ ക്ഷോഭിച്ചിരിക്കുന്ന അലകളിൽ ചവിട്ടി ഇതാ ഒരു ഭൂതം നടന്നടുക്കുന്നു. ഇതുകണ്ടു് പരിഭ്രാന്തരായി നിലവിളിക്കുന്ന അവരോടു് ശാലീന സുന്ദരമായ സ്വരത്തിൽ Jn. 6/20 ''ധൈര്യമായിരിക്കുവിൻ ഞാനാണ് ഭയപ്പെടേണ്ട'' ഇതിന്റെ പശ്ചാത്തലം പഴയനിയമത്തിൽ കാണുവാൻ സാധിക്കും. പുറപ്പാടിന്റെ പുസ്തകം 3/14-ൽ ''ആയിരിക്കുന്നവൻ ഞാനാകുന്നു''. ഈ കടലിനുമീതെ നടക്കുന്നതു് ഞാനാണ്. ഭയപ്പെടേണ്ട. മനുഷ്യരൂപത്തിൽ നിങ്ങളുടെ മദ്ധ്യത്തിലേയ്ക്കു കടന്നുവന്ന ദൈവം തന്നെയാണു ഞാൻ. നിങ്ങൾക്കു ജീവൻ പ്രദാനം ചെയ്യാൻ കഴിയുന്നവനാണു ഞാൻ. തന്റെ യഥാർത്ഥ വ്യക്തിത്വത്തെക്കുറിച്ച് അവർക്കു മനസ്സിലാക്കി കൊടുക്കുവാനുള്ള പശ്ചാത്തലം ഈശോ ഒരുക്കുന്നു. അങ്ങനെ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിനു് അവിടുന്നു തുടക്കം കുറിക്കുന്നു. അപ്പം തിന്നു സംതൃപ്തരായവർ യേശുവിനെ അന്വേഷിക്കുന്നു. ''ഗുരോ, അങ്ങ് എപ്പോഴിവിടെ എത്തി?'' വളരെ താല്പര്യ പൂർവ്വമുള്ള അവരുടെ ചോദ്യംകേട്ടു് യേശു മറുപടി പറഞ്ഞു: ''സത്യം സത്യമായി ഞാൻ

നിങ്ങളോടു പറയുന്നു: അടയാളങ്ങൾ കണ്ടതു കൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതു കൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ'' Jn. 6/26, 27 ഭൗതികമായ അപ്പം തന്ന് വയറു നിറയ്ക്കാൻ തനിക്കു കഴിയും എന്നു വിചാരിച്ചുകൊണ്ടാണ് അവർ ക്രിസ്തുവിന്റെ പിന്നാലെ വന്നത്. എന്നാൽ ക്രിസ്തു ജീവന്റെ അപ്പമാണ് എന്ന് ജനത്തെ മനസ്സിലാക്കാനുള്ള അടയാളമായി വി. ശ്ലീഹാ ഇതിനെ കാണുന്നു. അവിടുത്തെ ദൈവത്വത്തെ വെളിപ്പെടുത്തി തന്റെ വ്യക്തിത്വത്തിന്റെ മഹനീയത മനസ്സിലാക്കുവാനാണ് കടലിൽ മീതെ നടക്കുക എന്ന ഈ അടയാളത്തിന് വഴി ഒരുക്കിയത്.

## അനശ്വരമായ അപ്പം

Jn. 6/27 ''നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ''- അപ്പോൾ അവർ ചോദിച്ചു: ''ദൈവഹിതമനുസരിച്ച് പ്രവർത്തിക്കുന്നവരാകാൻ ഞങ്ങളെന്തു ചെയ്യണം'' Jn. 6/27 ഗുരോ അങ്ങു പറയുന്നതിന്റെ അർത്ഥമെന്ത്? അവരുടെ അന്വേഷണം തുടരുകയാണ്. ദൈവഹിതമനുസരിച്ച് പ്രവർത്തിക്കുന്നവരാകുക. അതായത് പിതാവയച്ചവനിൽ വിശ്വസിക്കുക. എന്താണു വിശ്വാസം! നമ്മുടെ ജീവിതം മുഴുവൻ സ്പർശിക്കുന്ന, ഒരു പുതിയ കാഴ്ചപ്പാട് ജീവിതത്തിനു നൽകുന്നതാണ് വിശ്വാസം. അനശ്വരമായതിനെ വിശ്വാസത്തിന്റെ സമീപനത്തിലൂടെ കാണണം. അനശ്വരമായ അപ്പമാണ് എല്ലാത്തിന്റെയും പൂർണ്ണത. Jn. 16/30 ''ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിന് എന്തടയാളമാണ് നീ ചെയ്യുക?'' ഞങ്ങളുടെ പിതാക്കന്മാർക്ക് മരുഭൂമിയിൽ വച്ച് മന്നാ കിട്ടി. നീ എന്താണ് പ്രവർത്തിക്കുക. മോശയല്ല എന്റെ പിതാവാണ് സ്വർഗ്ഗത്തിൽനിന്ന് അപ്പം തന്നത്. ആ പിതാവാണ് എന്നിലൂടെ കടന്നുവന്നിരിക്കുന്നത്. Jn.6/33 ''എന്തെന്നാൽ ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന് ലോകത്തിന് ജീവൻ നൽകുന്നതത്രെ. വിശ്വാസത്തിന്റെ വെളിച്ചത്തിലൂടെ ജീവന്റെ അപ്പത്തെ വിവേചിച്ചറിഞ്ഞ് വിശപ്പോടും ദാഹത്തോടുംകൂടി തന്നെ സ്വീകരിച്ചാലേ ക്രിസ്തു ജീവന്റെ അപ്പമായി നമ്മിൽ ജീവിക്കയുള്ളൂ.

## നിത്യത തേടുന്ന നിമിഷങ്ങൾ

Jn. 6/34 ''കർത്താവേ! ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും നൽകണമേ.'' ഈ ആവശ്യബോധം അവരിലുണർത്തിയിട്ട് ജീവന്റെ അപ്പത്തിനായുള്ള ഒരു വിശപ്പ്, ആഗ്രഹം അവരിലുണ്ടാക്കി. ജീവന്റെ അപ്പം സ്വന്തമാക്കാൻ വിശ്വാസവും വിശപ്പും ആവശ്യമാണ്. അനശ്വരമായ അപ്പത്തിനുവേണ്ടിയുള്ള വിശപ്പ് നിങ്ങൾ ഉൾക്കൊള്ളുവിൻ. Jn. 4-ാം അദ്ധ്യായത്തിൽ സമറിയാക്കാരിയുമായുള്ള സംഭാഷണത്തിലും ഇതുപോലൊരു ദൃശ്യം കാണാം. ക്രിസ്തു ജീവജലവുമായി നിൽക്കുമ്പോൾ അവിടുന്നിൽ വിശ്വസിക്കുവാൻ അവൾക്കു സാധിക്കുന്നില്ല. ഒരു സാധാരണക്കാരനെപ്പോലെ യേശുവിനെ അവൾ കാണുന്നു. എന്നാൽ യേശുവാകട്ടെ... ''ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കുകയില്ല'' Jn. 4/10 എന്നുപറഞ്ഞ് സംഭാഷണമദ്ധ്യേ ജീവജലത്തിനായുള്ള അദമ്യമായ ദാഹം അവളിലുണർത്തി. ''എങ്കിൽ ആ ജലം എനിക്കു തരിക'' എന്നവൾ പറയുന്നു. അതുപോലെ ഈ ജനതതിയും നിത്യജീവൻ നൽകുന്ന അപ്പം ഞങ്ങൾക്കു തരണമേ എന്ന് ആവശ്യപ്പെടുന്നു. അങ്ങനെ നിത്യതയെ അന്വേഷിച്ചാവശ്യപ്പെടുന്ന ഒരു ജനതതിയായി അവരെ മാറ്റുന്നു

## നിത്യം ജീവിക്കുന്ന അപ്പം

അനശ്വരമായ അപ്പത്തിനുവേണ്ടിയുള്ള ദാഹം അവരിൽ ഉണ്ടാക്കിയശേഷം ക്രിസ്തു പറയുന്നു ''ഞാനാകുന്നു ജീവന്റെ അപ്പം''. എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കയുമില്ല. സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു എന്നു പറയുമ്പോൾ വി. കുർബ്ബാന എന്നാണ് ക്രിസ്തു ഉദ്ദേശിക്കുന്നത്. പരിശുദ്ധ കുർബ്ബാനയിൽ ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു എന്നു പറയുമ്പോൾ ക്രിസ്തു തന്നെയാണ് അതിലൂടെ സന്നിഹിതനാകുന്നത്. ശരീരരക്തങ്ങളെ ഇങ്ങനെ രണ്ടാക്കി തിരിച്ചു കാണിക്കുന്നത് സൂചിപ്പിക്കുന്നത് ബലിയിടപ്പെട്ട അപ്പത്തിന്റെ അടയാ

ളമായിട്ടാണ്. സ്വയം നല്കിയ ക്രിസ്തുവിൻെറ ജീവിതം മുഴുവനുമാണ് അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൽ മാററിവയ്ക്കപ്പെട്ട ക്രിസ്തുശരീരരക്തങ്ങൾ. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നതു് എപ്പോഴാണ്? Jn. 1/4 ''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'' ഈ അപ്പത്തിലാണ് ക്രിസ്തു അൾത്താരയിൽ സന്നിഹിതനും സംലഭ്യനുമാകുന്നതു്. എന്നെ നിങ്ങൾ ഭക്ഷിക്കുക എന്നു പറയുന്നതിനു തുല്യമാണ് എൻെറ ശരീരരക്തങ്ങൾ ഭക്ഷിക്കുക പാനം ചെയ്യുക എന്നു പറയുന്നതു് Jn. 6/55. എന്തെന്നാൽ എൻെറ ശരീരം യഥാൎത്ഥ ഭക്ഷണമാകുന്നു. എൻെറ രക്തം യഥാർത്ഥ പാനീയമാകുന്നു. യഥാർത്ഥ ജീവൻ ഉൾക്കൊള്ളുന്ന ശരീരവും രക്തവും താൻ തന്നെയാണ് എന്നാണിതിൻെറ സൂചന. ലോകത്തിലെ മററുറവിടങ്ങളിലെങ്ങും കിട്ടാത്ത പരിപൂർണ്ണ സംതൃപ്തി നൽകുന്നവൻ ക്രിസ്തുവത്രെ. ആധ്യാത്മിക വിശപ്പുതീർക്കാൻ ക്രിസ്തുവിനു മാത്രമെ സാധിക്കു. മരണത്തിനപ്പുറവും നിലനില്ക്കുന്ന ഉത്ഥാനവും മഹത്വവും ഈ അപ്പത്തിൻെറ ഫലമായി നമുക്കു ലഭ്യമാകുന്നു.

## ജീവൻെറ അന്തഃസത്ത എവിടെ?

നിത്യജീവൻ എന്തെന്ന് Jn വ്യക്തമാക്കുന്നുണ്ടു് Jn. 17/3. ഏകസത്യദൈവമായ നിന്നെയും നീ അയച്ച ഈശോയെയും അറിയുക എന്നതാണ് നിത്യജീവൻ. അറിയുക എന്ന പ്രവൃത്തി വിശേഷബുദ്ധിയുള്ള മനുഷ്യനേ സാധിക്കു. ദൈവത്തിൻെറ ജീവൻ അറിയുക എന്നതാണ് നിത്യജീവൻ. ബൈബിളിൻെറ വെളിച്ചത്തിൽ സ്നേഹം—ഐക്യം എന്ന ആഴമായ അർത്ഥമാണിതുൾക്കൊള്ളുക. അതായതു് അറിയുകയും സ്നേഹിക്കുകയും ഐക്യപ്പെടുകയും ചെയ്യുന്നതിലാണ് നിത്യജീവൻ അടങ്ങിയിരിക്കുക. ആരെ? ഏകസത്യദൈവമായ ദൈവത്തെയും അവിടുന്ന് അയച്ച മിശിഹായെയും അറിയുക എന്നതാണ് ധ്വനി. ദൈവത്തെ മാത്രം പോരാ അവിടുന്നു സ്വന്തമാക്കിയ മനുഷ്യനെയും അറിയുക. അപ്പോൾ എന്തിലാണ് നിത്യജീവൻ അടങ്ങിയിരിക്കുക? മിശിഹായിലൂടെ മിശിഹായേയും മിശിഹായിലൂടെ ദൈവത്തെയും മനുഷ്യരെയും അറിയുകയും സ്നേഹിക്കുകയും അവരുമായി ഐക്യപ്പെടുകയും ചെയ്യുക എന്ന സുവിശേഷമാണ് യോഹന്നാൻ സൂചിപ്പിച്ചതു്.

## ജീവനുളള അപ്പമാവുക

''എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിൽ വസിക്കുന്നു. ഞാൻ അവനിലും''. ഈ പരസ്പരസഹവാസമാണ് ജീവൻെറ കാതലായ സത്തയെന്ന് അവിടുന്ന് ഉൽഘോഷിക്കുന്നു. നിത്യജീവൻ സ്വന്തമാക്കുക എന്നു പറയുമ്പോൾ ഈ പരസ്പരസഹവാസമാണ് അതുകൊണ്ടർത്ഥമാക്കുക. അതുവഴിയാണ് നാം ജീവിക്കുന്നതു്.

## പരസ്പരസമർപ്പണത്തിലൂടെ

Jn, 5/9 പിതാവു് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു. നിങ്ങളെൻെറ സ്നേഹത്തിൽ വസിപ്പിൻ. പരി. കുർബ്ബാനയുടെ ഫലമായി ക്രിസ്തുവിൽ ഒന്നായിത്തീരുന്നു. പിതാവും പുത്രനും തമ്മിലുള്ള സഹവാസം പോലെ സമൂഹജീവിതത്തിലും ഒന്നാകണം. Jn. 6/51 ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എൻെറ ശരീരമാകുന്നു. ക്രിസ്തു ജീവൻെറ അപ്പമായിത്തീരുന്നതു് തന്നെത്തന്നെ സ്വയം സമർപ്പിച്ചുകൊണ്ടാണ്. തൻെറ ശരീരവും രക്തവും നൽകി നമുക്കു ജീവൻ നൽകി. ഇതാണ് ബലി വസ്തുവിൻെറ സ്വഭാവം. ജീവൻ സമർപ്പിച്ച് ജീവൻെറ അപ്പമായിത്തീരുന്നു. തൻെറ ശരീരരക്തങ്ങൾ പങ്കുവച്ച് സമർപ്പണം പൂത്തിയാക്കുന്നു. സഹവാസത്തിൻെറ തികവിൽ സ്നേഹത്തിൻെറ നിറവു് അനുഭവവേദ്യമാകുന്നു ഈ സഹവാസത്തിനായി ക്രിസ്തു സ്വയം സമർപ്പിച്ചു. നാമും പരസ്പരം ബലിയിടപ്പെടണം. എങ്കിലേ സമർപ്പണം പൂർണ്ണമാകൂ. വി. കുർബ്ബാനയിലൂടെ ശക്തിയാർജ്ജിച്ച് സ്വയം കൊടുത്തു് സഹവാസത്തിൻെറ തികവു് ഉൾക്കൊള്ളണം. ക്രിസ്തു നമുക്ക് ജീവൻെറ അപ്പമായിത്തീർന്നതുപോലെ നാമും പരസ്പരം മററുള്ളവർക്കു് ജീവൻെറ അപ്പമാകണം.

## പരസ്പരസഹവാസത്തിലൂടെ

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം വ്യക്തിപരവും യാഥാർത്ഥവുമായ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു. വി. കുർബ്ബാനയിലൂടെ ക്രിസ്തു മനുഷ്യർക്കു് സംലഭ്യനും സന്നിഹിതനുമത്രേ. നാം നമ്മുടെ സാന്നിധ്യസന്ദർശന സഹവാസത്തിലൂടെ ദിവ്യകാരുണ്യമാ

കുന്ന ജീവന്റെ അപ്പവുമായി ബന്ധം പുലർത്തണം; താദാത്മ്യപ്പെടണം. ഈ താദാത്മ്യപ്പെടൽ നമ്മെ ജീവനുള്ള അപ്പമായി രൂപാന്തരപ്പെടുത്തും എങ്ങനെ? മററുള്ളവർക്ക്—സഹജീവികൾക്ക് ജീവൻ പ്രദാനം ചെയ്യുന്നവരായി—നമ്മുടെ സാന്നിദ്ധ്യം, സംലഭ്യത, സഹവാസം, സന്തോഷം, സ്നേഹം, പങ്കുവയ്ക്കൽ എന്നിവ വഴി നാം മററുള്ളവർക്ക് ജീവൻ പകർന്നു കൊടുക്കുക, ക്രിസ്തുവിനു് നമ്മുടെ സാന്നിധ്യം നൽകുന്നതുപോലെ നമ്മുടെ സഹോദരങ്ങൾക്കും നമ്മുടെ സ്നേഹസാന്നിധ്യം സന്തോഷപൂർവ്വം നൽകുക. ക്രിസ്തുവിനെ നമ്മുടെ സാന്നിധ്യസഹവാസങ്ങളിലൂടെ മററുള്ളവർക്ക് അനുഭവവേദ്യമാക്കുക. ഓർമ്മയിലും വിചാരവികാരങ്ങളിലും ക്രിസ്തുവിനെ ഉൾക്കൊള്ളുന്നതോടൊപ്പം നമ്മുടെ സമൂഹത്തെക്കുറിച്ചും ശ്രദ്ധയും ചിന്തയും ഉണ്ടാകണം. സമൂഹവുമായി ക്രിസ്തുവിൽ ഉൾച്ചേർന്ന വൈയക്തിക ബന്ധം ഉണ്ടാകണം. ആ രീതിയിൽ ജീവിക്കുമ്പോൾ വി. കുർബ്ബാന നമുക്ക് ജീവന്റെ അപ്പമായിത്തീരും. നാം മററുള്ളവർക്ക് ജീവപ്രദായകമായ അപ്പമായി പരിണമിക്കുകയും ചെയ്യും.



# RT. REV. THOMAS KURIALACHERRY - A CHARISMATIC MAN

**Sr. Lizbeth Karuvelithara, S. A. B. S.**

December 8, 1983 is the 75th anniversary of the birth of the SABS Congregation in Kerala. Like a mustard seed, it has grown into a full fledged tree, spreading its branches all throughout Kerala and to the four corners of the world. As we look back into the past, we can't but bow our heads to the "small man" who is responsible for this big family. And it is befitting on our part to look into that man's life so as to enable us to be renewed in his charism. It is none other than Dr. Thomas Kurialacherry, the first native bishop of Changanacherry.

**Birth and childhood**

Nothing extraordinary has taken place with regard to the birth of Kunjuthommachen as he was fondly called by his beloved mother, except perhaps what was foretold by a Hindu priest cum foreteller – the child is born with royal greatness. This was what was said by the Hindu priest in whose house Kunjthomachen's father was chatting in the evening when the birth of the child was announced to him. Born on January 14, 1873 the child had his early education in his own native place. He had his English education at Changanacherry but unfortunately he had to discontinue it due to his father's death. Later as directed by the then bishop he continued his studies at St. Ephrem's Mannanam.

**"The child is the father of the man."**

This was very aptly seen in the childhood of Kunjuthomachen. One of the earliest pastimes of our hero was to act as a priest. He will call around his companions, make them sit around him and he would stand on a high place talking to them. Sometimes this, he would do all alone. Making earthen crosses, earthen altars and offering prayers was also one of the pastimes of this little child. While at Mannanam it was his special feature to help at all the masses on the altar of Our Lady. Also he found time to decorate the altar of Our Lady. Whenever he got a little time he was very particular to spend his time before the Blessed Sacrament, just to look at jesus and to be looked upon. The apostle of the Blessed Sacrament had his beginnings in the Chapel of St. Ephrems. The mustard seed had been sown there, later to be branched into various parts of the world.

Even as a little boy he was blessed by the spirit of discernment. Once at school at the request of a poor boy he gave him a text book. But one of his companions who was jealous of it frightened him by saying this was wrong and that he will be punished for that. At his insistence Thomas got back the book which he gave. Later he began to think, how mean it was on his part to get back the book. After praying he approached his companion and requested him to take back the book. Though he refused at first because of the humble approach of Thomas the boy acccepted it and Thomas thus became happy.

**Priest**

To be a priest was a life long desire and through continuous prayer and disernment he took his decision to consecrate himself to be a priest in 1888. He had the good fortune of having his priestly education in Rome in 1890 he left for Rome and was ordained there on May 27, 1899 by Cardinal Casentha who prophesied that he will become a bishop within 12 years.

During his stay in Rome he found time to visit the nearby perpetual adoration chapel

and spend long hours there communicating to the Lord. The desire to start a congregation of perpetual adorers caught his mind there and he prayed to the Lord to show him the way. what he would do when he returned to his native place, he had thought of and written down in his diary. The desire to start a congregation of Adoration Sisters had such a great grip in his mind that one night he had a dream where in his own native place he saw a few sisters in white robes and blue cape adoring the Blessed Sacrament. The location of this chapel was simply a strech of water and so he wondered whether this dream would materialise. God has His own plans and in later years the first convent and chapel of the Adoration Sisters was built up in the same location as he had dreamt

He was an exemplary priest and people had high esteem and praise for Fr. Kurialacherry. They had such a conviction of him that they respected him. This is the testimony given by a marthomite of Edathua. Sri. K. G. Joseph Kocherry also has the same testimony that people had no complaints about him but only high appreciation.

As a bishop he has written a very long exhortation to the priests reminding them of their duties and responsibilities how they have to be faithful to their vocation. This is proof enough to determine how he cared for the priestly vocation.

**Love for the enemies**

To actualise his dream of building a chapel for the proposed Adoration congregation, he had applied for sanction. The Govt. officials came to examine the site and they were pleased with it and so sanction was accorded. Even before they left the place it was brought to the attention of Fr. Kurialacherry that the one who had opposed (a catholic) was sinking. Fr. Thomas not waiting for anybody else immediately left the place, he himself taking the car so that he could reach there as early as possible. Thanks to the Almighty that he reached there right in time to administer the last sacraments.

Even towards people who opposed him on his own problem, he always extended a warm hand. It is said that once it happened that a gentleman who was his opponent, in his anger raised his foot against him screming 'are you a priest'. It so happened that a few days later an ulcer developed on that foot and seemed incurable. The gentleman felt bad, and because of the prick of conscience, together with the whole family he came to Fr. Kurirlacherry in turn comforted him with a smile saying that he had forgotten it long before.

In later years a primary school Headmaster from Ambalapuzha published some bad news in "Parasuraman", a Malayalam daily about Fr. Kurialacherry and the school run by the sisters. Though it was brought to the attention of Fr. Kurialacherry he did'nt pay much attention to it. However the headmaster himself realised his fault and came to Fr. Kurialacherry and made peace with him.

**Love for the Poor**

Right from his early childhood he had a soft corner for the poor and the needy and he always responded to their needs. It was because of this innate habit in him that he took upon himself the responsibility of raising a young boy from his dying mother, who was on her death bed dying of cholera and helped the boy to be ordained a priest. He had no inhibition to sit and eat with the poor. It is said that once a rich man giving meals to the poor of the locality. Fr. Kurialacherry visited there and the owner asked him whether he had come to participate in the meal. Straightaway Fr. Kurilacherry took his seat among the poor and ate with them in earthen vessels Once he realised that the coconuts gathered by the side of the church was decreasing daily and he wanted to find out the reason. As he was watching, he recognised the robber and to the man he gave a few more, warning him not to steal anymore.

**A man of Ecumenical vision**

Looking into the efforts at ecumenism of the modern times we see that Fr. Kurialacherry had this vision even in those days. As a priest he took it his duty to visit the houses of his parishioners and as he went he was particular not to omit any house in

between whether it belonged to a noncatholic or non-X'tian. In fact he had a great concern for the non-catholics. In this connection it may be recollected that it was because of his care and concern that families like Payyampally and Powathikunnel, re-united with the Catholic Church. In spite of the small number of Catholics at Mallappally, who had re-united with the Catholic church, he was ready to start convent, school and Church for them at their request. He was ready to comply with the request of his people without considering his own status. Sri. Philipose Mathai of Mallappally who had been received into the Catholic Church expressed his desire to meet Bishop Kurialacherry when he had come for the pastoral visit as the former was laid up. Very gladly the bishop condescended to his desire. To comply with the Govt. regulations, when he was a priest at Edadhua he had no inhibition in appointing a Marthomite lady in the girl's section of the school. He was looked upon as a man of good will, even by Hindus and it is said that when he wanted to start his long cherished Congregation for sisters and its first Chapel at Champakulam some Catholics opposed him on the ground that it will wound the feelings of the Hindu bretheren who had a temple. To collect evidence on the spot the then Diwan Peshkar visited the place and called around the Hindus who in one voice damanded that Fr. Kurialacherry's request may be complied with.

**The ridicule turns out to be a prophecy.**

Fr. Kurialacherry was transferred from Edathua to Champakulam and all the wards (parishoners) of the parish except Changankary accompnied him in snakeboats and other little boats, thus giving a royal farewell. For some petty quarrel the people of Changankary kept aloof. More than that they mocked at him howling "here goes the bishop". Later they realised 'mysterious are the ways of the Lord'. when they also joined together in giving a royal reception to the newly consecrated bishop Kurialacherry in 1911. He was noted for his humility. It is said that once he visited his companion Fr. Parakulangara at Bharananganam. There was only one cot and Fr. Parakulangara offered it to Fr. Kurialacherry which he refused. However Fr. Parakulangara insisted saying jokingly that otherwise when Fr. Kurialacherry became a Bishop he would find fault with him for making him sleep on the ground. Finally they shared the cot. It seemed that he had the power of foretelling things. After laying the foundation stone of S. B. College he told Fr. Koshy Mampalamthat he won't see it completed which became true. Also there are instances of him telling some of the sisters of his "own" Congregation, after receiving them into postulancy that they won't receive the habit from him. After visiting Sr. Teresa on her deathbed Bishop Kurialacherry told her to give his regards to Our Lady when she reached heaven and added that he will reach there before her. It so happend that Bishop Kurialacherry died on June 2, 1925 and Sr. Teresa on July 4.

**Exeorcist**

Bishop Kurialacherry Exercised his power of Exorcism sometimes even at the cost of his own personal life. It is said that once a possessed lady was brought to him and the Bishop commanded the devil to leave her. She in turn screamed 'I will reveal to the public your secret sins'. The bishop responded giving her permission to do so, however commanding the evil spirit to leave her. She had to say only that he was distracted during Mass.

**An Educationist**

Bishop Kurialacherry was a great educationist. It was his great desire to start schools wherever there was none. He gave greater importance to women's education because he believed that if a girl is educated, the family is educated and through that the locality and the entire world. No wonder he gave this as the main apostolate to the Adoration Sisters who are carrying on this right from the nursery up to the College level.

**Apostle of the Blessed Sacrament**

Above all Bishop Kurialacherry was great apostle of the Blessed Sacrament. The love he had imbibed from the Eucharistic Lord he wanted to share with others and when he could do something for this he did all he can. His circular to the entire diocese on the

love of the Eucharistic Lord is so moving that one who reads it meditatively is compelled to spend some time before the Blessed Sacrament. Holy Hour on Thursdays, 13 hours adoration, 40 hours adoration, solem High Mass with the Blessed Sacrament exposed followed by benediction, on first Fridays and Benediction on Sundays and days of obligation, Eucharistic procession were some of the ways in which he tried to promote Eucharistic devotion. Above all the Congregation of the Sisters of the Adoration of the Blessed Sacrament spread far and wide in the world was his long-cherished desire to make known to the world the love of the Eucharistic Lord.




*Greetings from*

**PREMIER ELECTRICALS**

ALWAYE

**വെള്ളിയേപ്പള്ളിൽ ജൂവലേഴ്സ്**

വെള്ളിയേപ്പള്ളിൽ ബിൽഡിംഗ്സ്

**T. B.** റോഡ്, പാലാ ഫോൺ 213

**സ്വർണ്ണാഭരണ വ്യാപാര രംഗത്തെ**

**വിശ്വസ്തസ്ഥാപനം !**

മനം കവരുന്ന 22 കാററു് സ്വർണ്ണാഭരണങ്ങൾ

ആധുനിക ഫാഷനുകളിൽ ഉത്തരവാദിത്വത്തോടുകൂടി

യഥേഷ്ടം വാങ്ങുന്നതിനു് ഞങ്ങളുടെ ഷോറൂം സന്ദർശിക്കുക

**വെള്ളിയേപ്പള്ളിൽ ജൂവലേഴ്സ്**

പാലാ

# ജൂബിലി മംഗളം

സി. സോസിമ

രണ്ടായിരമാണ്ടിന്നങ്ങുമപ്പുറം നടന്നോരാ—
ത്യാഗത്തെയിന്നും ഞാനെൻ മനസ്സിൽ പൂജിക്കുന്നു.
ശോണിതം ചിന്തിക്കൊട്ടുംപാതകം മായിക്കുവാൻ,
വിണ്ണിൻെറ നാഥൻ മന്നിൽ മാനവനായിത്തീർന്നു.
ധാന്യങ്ങൾ വിതയ്ക്കാതെ, കൊയ്യാതെ, കൂട്ടാതെന്നും
ആകാശപ്പറവയെപ്പോററുന്ന ദൈവസുതൻ,
മോഹന ലില്ലിപ്പുഷ്പസഞ്ചയസുഗന്ധത്താൽ
പാരാതെ പാരിലെന്നും നന്മകൾ വിതറുന്നോൻ,
പാരിടമതിൽച്ചുററിസഞ്ചരിച്ചവശർക്കു—
മാലംബഹീനർക്കുമങ്ങത്താണിയായിത്തീർന്ന,
സർവ്വത്തിൻ നാഥനാകും ദൈവത്തിൻ കുമാരന്
മന്നിടേ പിറക്കുവാൻ പാഴ്ക്കുടിലഭയമായ്.

ആത്മാവിൻ ദാരിദ്ര്യത്തെ കീർത്തിച്ച മഹാമന്ന—
നേശുതൻതിരുനാമം ഭൂമിയിൽപ്പരത്തുവാൻ,
ആരാധിച്ചനുഭാവം നേടുവാനനന്തമായ്
രാത്രിയും, പകലിൻെറ നീളുന്ന യാമങ്ങളും
സക്രാരിക്കുന്നതമാം സന്നിധി പൂകാനായി
കന്യകാമണികളെയണിയിച്ചൊരുക്കുവാൻ
ദിവ്യകാരുണ്യമേവും നാഥനന്നൊരുനാളിൽ
സന്തതം തിരഞ്ഞെടുത്തുയർത്തി 'തോമാച്ച'നെ
'ചങ്ങനാശ്ശേരി'ക്കേറെ നന്മകൾ വിതറിയ
'കുര്യാളശ്ശേരിൽ' വന്നു പിറന്ന പുണ്യാത്മാവ്
അപ്പത്തിൽ മേവുന്നൊരു ദൈവത്തെ വാഴ്ത്തുന്നവൻ
അത്ഭുതം! മഹാത്ഭുതം!! ദൈവമെ, നിൻ കാരുണ്യം.

ഏഴുപത്തും പിന്നെയൊരഞ്ചുവർഷവും മുമ്പി—
ലാരാധനാസഭയ്ക്കാരാരംഭം കുറിക്കുവാൻ,
പുൽക്കുടിൽ ജന്മസ്ഥലമാക്കിയ മഹാദേവൻ
തൻ കന്യാമണികൾക്കേകിനാൻ വഞ്ചിപ്പുര
ധന്യമായ് 'ചമ്പക്കുളം' നൽവരങ്ങളാൽ മെല്ലെ
കന്യകാലയമൊന്നങ്ങവിടെക്കിളിർത്തപ്പോൾ
'വല്ലയിൽ ഫിലോമിനാ' 'ഷന്താളാ'യ് മാറിയതിൽ
തോമാച്ചൻ കൗതുകം പൂണ്ടല്പലെ മറന്നല്ലോ.

ദൈവത്തിൽ രാജ്യം മന്നിലാകവെ പരത്തുവാൻ,
ലോകത്തിനതിർത്തികൾ ശാന്തത വരിക്കുവാൻ
നാഥൻ തൻ തിരുമുമ്പിലഞ്ജലീബദ്ധരായി
ക്കേഴുന്നോരനവധിക്കന്യകാമണികളേ,
സർവ്വവും സമർപ്പിച്ചു നിത്യവും വസിക്കുവിൻ
സ്നേഹത്തിൻ തിരിനാളമെന്നെന്നും ജ്വലിക്കുവാൻ
നന്മകൾ നേരുന്നു ഞാനീശുഭമുഹൂർത്തത്തിൽ
'ജൂബിലിമംഗള'ങ്ങളാശംസിക്കുന്നു മോദാൽ.

# "SHOW US THE FATHER"

Sr. Humbeline S. C

The first Easter morn ,Jesus appeared to Mary Magdelene. She first took Him for the gardener, and then recognised Him, from the familiar voice and intimate appellation. what comes after seems to me the most central point of Gospel message, – summing up the main purpose of Jesus' very life on earth:

–the outburst of His joyous message–

"My Father and your Father

My God and your God"(Jn. 20:17)

Many theologians talk of Jesus growing in His consciousness of His identity, all through His life.

After resurrection it must have been the fulness / completeness of such consciousness. If these words burst forth from his mouth at the outset, at the first meeting of His loved ones, this must have been the fulness of His identity; the completeness of His consciousness.

"My Father – your Father"

We have a common Father with Jesus–

What a tremendous revelation! What a marvellous truth! St. Paul says that all who are led by the spirit are sons of God crying to Him 'Abba, Father' and His spirit speaks to us deep in our hearts, telling us that we are really God'schildren. (Rom. 8:14 ff).

There is a great longing in man, as in a child to know the Father. Philip asked Jesus, "Show us the Father ..." (Jn. 14:8). Jesus must have been pained to hear that; not because Philip longed thus, to see the Father, but to know that man longs to see the the Father, and yet, Jesus the only way to the Father, experiences the stark reality of human limitation to communicate totally what the Father is.

"Philip don't you even yet know,...... even after all this time I have been with you? Anyone who has seen me has seen the Father?... So why are you asking to see him? (Jn. 14:9 ff).

Gospel does not say any further; yet let us take the liberty to imagin, what our Lord could have further told, in after effect of this strikingly pathetic request of Philip.

: "Philip, can't you see from all that I have said and did. My words and works show that the Father is in me. Or else believe it because of the mighty miracles you have seen me do."

: " I told, once, to Nicodemus, : you-believe only because of mighty mira cles, I shall give you even greater proof of God's goodeness, that I will be lifted up – as a sign of God's love".

: "Again I tell you, Philip; you will see the fulness of the Father, the extent of His love when I am lifted up. Yes, then, you will see the Father in total revelation. I don't know in what other more effective way I could show you what the Father is".

: "He is love, that knows no limit. Its nature is like that of the water flowing down, penetrating deeper into the heart of the earth, thus running down after the last and the lowest creature (sinner) to refresh and to give new life.

: "Don't you remeber how the Psalmist has described the Father. He with the limited experience, a glimpse of God's goodness; he could describe thus: "You search me,... you follow me placing your hand of blessing on my head, I can never

be lost to your spirit; if I go up to heaven, you are there; if I go down to the place of dead, you are there, you are thinking about me constantly........' (Ps. 139)

: Yes Philip, that is the Father. Oh! how, better can I manifest Him? How I long, and thirst to show you the full extent of His unbounded love!

After washing the feet of His disciples' most probably Jesus would have looked at Philip, as much as to say, "Have you seen, now, the Father in me". This is what the Father is. He never stands on formalities, He takes the initiative and lowers down to the last and least (in the eyes of men) in pleading love, just to do good.

: "Philip, my longing to be with you all even to the ends of time, is nothing but the very longing of the Father to be with men in a visible manner, as a love that has totally surrendered itself out of shere folly of love".

: "Here is my Body, here is my Blood. I shall give this as food and drink, yes food and drink are the constant and the very basic requirement of men. Thus, as food and drink, I (hence the Father) could reach out to all, practically all men, most intimately reaching into their very being".

While hanging on the corss along with the criminals, He has reached out to the lowest members of the society. He is one with them. conversing with the criminal, "You shall be with me today". After this expression of magnanimous love, did he look out for Philip in the midst of the crowd, to ask, "Philip, have you seen the Father now?".

"Father himself loves you dearly". (Jn. 16:27). He loved the world so much that He gave His only son to reveal the uttermost limit of His love. The thrilling fact is that He is not merely loving us out of condescending benevolence, but He is Our Father. Hence Jesus could teach us to Pray thus addressing the Father as "Our Father

******* Father, the immensity of your love is like the water innondating the whole creation, reaching out to the extremeties of the world and flowing down to the very depth of our being.

Thank you Father for Jesus, who showed us the depth of your love on the Cross, and the extent of your love in the Eucharistic presence.

Father, tell me how I could be like Him, in revealing you, to those around me who knowingly or unknowingly challenge me,

"SHOW US THE FATHER"*****

*Greetings*

**CARMEL ELECTRICALS**

**EDAPPALLY, COCHIN - 682024**

# നിങ്ങൾ അബ്രാഹത്തിൻെറ സന്തതികളോ?

(മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെ ഉപദേശം: ധ്യാനജീവിതപരിപാടി തുടങ്ങിയതിൻെറ പത്താംവാർഷികദിനമായ മാർച്ച 10-ാംതീയതി സെനക്കിളിൽവച്ച് നല്കിയതു്.)

നിങ്ങൾ അബ്രാഹത്തിൻെറ സന്തതികളാണെന്നു് അഭിമാനിച്ചിരുന്ന യഹൂദരോടു് ഈശോ പറഞ്ഞ മറുപടിയാണു് ഇന്നത്തെ സുവിശേഷത്തിൽ നാം വായിക്കുന്നതു്. ''ഈശോ അവരോടുപറഞ്ഞു, നിങ്ങൾ അബ്രാഹത്തിൻെറ മക്കളാണെങ്കിൽ അബ്രാഹത്തിൻെറ പ്രവൃത്തികൾ ചെയ്യുമായിരുന്നു'' (യോഹ. 8/39). അബ്രാഹത്തിൻെറ മക്കൾ എന്ന നിലയിൽ തങ്ങൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണെന്നും, അടിമകളല്ല, ദൈവമക്കളാണെന്നും യഹൂദർ അഭിമാനിച്ചിരുന്നു, എന്നാൽ അവരുടെ പ്രവൃത്തികൾ തദനുസൃതമായിരുന്നില്ലെന്നു് ഈശോ ചൂണ്ടിക്കാട്ടി. ദൈവത്താൽ നിയുക്തനായ ദൂതനെ അബ്രാഹം സ്വീകരിച്ചു സല്ക്കരിച്ചു. എന്നാൽ താൻ ദൈവത്താൽ നിയുക്തനാണെന്നു് പ്രസ്താവിച്ചിട്ടും, ദൈവത്തിൻെറ പ്രവൃത്തികൾ ചെയ്തിട്ടും തന്നെ അവർ സ്വീകരിച്ചില്ല. തൻെറ വാക്കുകളിലും പ്രവൃത്തികളിലും വിശ്വസിച്ചില്ല. അബ്രാഹത്തിൻെറ വിശ്വാസമോ, അനുസരണമോ ഇതരഗുണവിശേഷങ്ങളോ അവർക്കില്ല. ഇതേക്കുറിച്ചു് ഈശോ അവരെ കുററപ്പെടുത്തുകയാണു്.

യഹൂദജനത്തിനുണ്ടായിരുന്നതിനെക്കാൾ വിശിഷ്ടമായ ദൈവപുത്രസ്ഥാനമാണു് നമുക്കുള്ളതു്. 'ദൈവമക്കൾ എന്നു നാം വിളിക്കപ്പെടുകയും, അങ്ങനെ ആയിരിക്കുകയും ചെയ്യുന്നു.'' ഈ ബോധത്തിൽ അഭിമാനിച്ചാൽ മാത്രംപോരാ നമ്മുടെ പ്രവൃത്തികൾവഴി അതു് പ്രകടമാക്കണം. ദൈവമക്കൾക്കു് യോജിച്ചതായിരിക്കണം നമ്മുടെ വിശ്വാസവും പ്രവൃത്തികളും. അതെങ്ങനെ സാധിക്കാമെന്നു് ദൈവസുതൻ തന്നെയായ ഈശോ തൻെറ വചനങ്ങളും പ്രവൃത്തികളുംവഴി നമുക്കു് വ്യക്തമാക്കിത്തന്നിട്ടുണ്ടു്. അതിനാവശ്യമായ ദൈവികജീവനും ശക്തിയും അവിടന്നു് നമുക്കു് പ്രദാനം ചെയ്തിട്ടുമുണ്ടു്. മുന്തിരിച്ചെടിയിൽ ശാഖകളെന്നപോലെ നമ്മെ തന്നോടു് സംയോജിപ്പിച്ചു. അനുയോജ്യമായവിധം ഫലം പുറപ്പെടുവിക്കുവാൻ നമുക്കു് സാധിക്കേണ്ടിയിരിക്കുന്നു.

ദൈവത്തിൽ അബ്രാഹത്തിനുണ്ടായിരുന്ന വിശ്വാസമാണു് അദ്ദേഹത്തിനു് നീതീകരണത്തിനു് കാരണമായതു്. ആ ദൈവത്തിൻെറ പരിപാലനയിൽ നാം വിശ്വസിക്കുകയും അതു് പ്രവൃത്തികളിൽക്കൂടി പ്രകടമാക്കുകയും ചെയ്യണം. ആ സ്നേഹപിതാവിൻെറ പരിപാലനയ്ക്കു് വിധേയരായിക്കൊണ്ടു് നമ്മെ പൂർണ്ണമായി അവിടുത്തെ തൃക്കരങ്ങളിൽ സമർപ്പിക്കണം. വ്യഗ്രതയും ഉത്ക്കണ്ഠയുമില്ലാത്ത ഒരു ജീവിതമായിരിക്കണം നമ്മുടേതു്. 'വയലിലെ ലില്ലികളെ നോക്കുവിൻ, അവ എത്ര മനോഹരമായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. സോളമൻപോലും തൻെറ സർവ്വമഹത്വത്തിലും ഇവയിലൊന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. ആകാശത്തിലെ പക്ഷികളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ശേഖരിക്കുന്നുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവു് അവയെ തീററിപ്പോററുന്നു'' (മത്താ. 6/26-33) അതുകൊണ്ടു് നമുക്കു് ഒന്നിനെപ്പററിയും ആകുലചിത്ത

രാകാതിരിക്കാം. നമ്മുടെ മാതാപിതാക്കളെയോ സ്വന്തപ്പെട്ടവരെയോ വിചാരിച്ച് നാം വ്യഗ്രതയുള്ളവരാകരുത്. എല്ലാവരേയും ദൈവപിതാവിൻെറ പരിപാലനയ്ക്ക് ഏല്പിച്ചിട്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് നമ്മുടെ കർത്തവ്യം. എന്നാൽ സർവ്വതും ദൈവം തന്നെ നിർവ്വഹിച്ചുകൊള്ളുമെന്നല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്, പക്ഷികൾ കൂടുകൂട്ടുന്നു, ഇരതേടുന്നു കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊണ്ടുചെന്നുകൊടുക്കുന്നു. ചെടികൾ വളം വലിച്ചെടുക്കുന്നു, ഇലകളിൽ അതു പാകംചെയ്യുന്നു. പക്ഷേ നാളത്തെക്കുറിച്ച് വ്യഗ്രതപ്പെടുന്നില്ല, ഉൽക്കണ്ഠയുമില്ല.

പ്രാർത്ഥനയിലും ധ്യാനത്തിലും ദൈവവുമായി സദാ ഐക്യപ്പെട്ട് ജീവിക്കുവാനുള്ള ഒരാഹ്വാനമാണ് ദിവ്യകാരുണ്യആരാധനസഭക്കാരായ നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത്. ധ്യാനം, ആരാധന എന്നിവയിൽ സന്തോഷം കണ്ടെത്തുവാൻ നാം ശ്രമിക്കണം. ശാഖ മുന്തിരിച്ചെടിയിൽ നില്ക്കുന്നില്ലെങ്കിൽ ഫലം പുറപ്പെടുവിക്കുകയില്ലല്ലോ. നമ്മുടെ കർത്താവിൻെറ ജീവിതത്തെപ്പററി ധ്യാനിക്കുകയും അവിടുത്തെ അനുകരിച്ച് ജീവിക്കുകയും ചെയ്യുക.

സുപ്രസിദ്ധ റേഡിയോ പ്രഭാഷകനായിരുന്ന ഫുൾട്ടൻ. ജെ. ഷീൻ തൻെറ ജീവിതനിയമമായി മൂന്നു കാര്യങ്ങൾ പരിഗണിച്ചിരുന്നതായി കാണുന്നു. അതിൽ ഒന്നാമത്തേത് പ്രാർത്ഥനയാണ്. എല്ലാദിവസവും ദിവ്യബലിക്ക്മുമ്പ് അദ്ദേഹം ഒരു മണിക്കൂർ ധ്യാനത്തിലും ആരാധനയിലും ചെലവഴിച്ചിരുന്നു. യാത്രയിൽപോലും ഇതിനു് മുടക്കം വരുത്തിയിരുന്നില്ല. പരിശുദ്ധകന്യകയോടുള്ള ഭക്തിയാണും രണ്ടാമത്തേത്. അൽപ്പം നർമ്മരസത്തോടെ അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു. ഞാൻ മരിച്ചു ചെല്ലുമ്പോൾ ഒരു പക്ഷേ കർത്താവു് പറയുമായിരിക്കും, 'നീ ആരാണ്? നിന്നെ മനസ്സിലായില്ലല്ലോ'' എന്ന്. എന്നാൽ എൻെറ പേരു കേൾക്കുമ്പോൾ പറയും 'ങ്ഹാ! അറിയുമറിയും, എൻെറ അമ്മ പലപ്പോഴും നിൻെറ കാര്യം പറയുമായിരുന്നു. വരിക' എന്നു പറഞ്ഞു് എന്നെ സ്വീകരിക്കും'' ഷീൻ അത്ര വലിയ മരിയഭക്തനായിരുന്നു. മാതാവിൻെറ കരങ്ങളിൽ നമ്മുടെ രക്ഷ സുരക്ഷിതംതന്നെ. മൂന്നാമതായി അദ്ദേഹം ചെയ്തിരുന്നതു് ഈശോയുടെ തിരുമുറിവുകളുടെ അടയാളം തൻെറ ആത്മാവിലും സ്വീകരിക്കുക എന്നതാണ്. അതായതു് പരിഹാരത്തിൻെറയും പ്രായശ്ചിത്തത്തിൻെറയും ജീവിതം നയിക്കുക. അനുദിനജീവിതത്തിലെ കുരിശുകളും ബുദ്ധിമുട്ടുകളും സന്തോഷത്തോടെ സ്വീകരിക്കുക. അങ്ങനെ നമ്മുടെ കർത്താവിനോട് അനുരൂപരാകുവാൻ ശ്രമിക്കുക.

ലോകതിന്മകൾക്കുകൂടി പരിഹാരം ചെയ്യേണ്ടവരാണ് സമർപ്പിതർ എന്ന കാര്യം വിസ്മരിക്കരുത്. ഇന്ന് പാപബോധം തന്നെ ക്ഷയിച്ചുവരികയാണ്. തെറേറത്, ശരിയേത് എന്ന് ആരും ചിന്തിക്കുകപോലും ചെയ്യാറില്ല. തെററുകളുടെ ഗൗരവത്തെപ്പററി മനസ്സിലാക്കാത്തതിനാൽ പരിഹാരചൈതന്യം പലരിലും വളരെ കുറഞ്ഞിരിക്കുന്നു. ഈശ്വരനിഷേധമാണ് മറെറാരു തിന്മ. പലർക്കും ഈശ്വരനെക്കുറിച്ച് സ്വന്തമായ സങ്കല്പമാണുള്ളത്. അതു് തെററാണെന്നു് മനസ്സിലാകുമ്പോൾ ദൈവം ഇല്ല എന്ന ചിന്താഗതിയിലേക്കാണ് എത്തിച്ചേരുക. സ്വയം വരുത്തിവയ്ക്കുന്ന ഒരു വിനയാണിതു്. ഈ വിധം പാപബോധരാഹിത്യവും, ഈശ്വരനിഷേധവും അവയുടെ പരിണതഫലമായ നിരവധിതിന്മകളും ഇന്ന് ലോകത്തിൽ നിറഞ്ഞിരിക്കുന്നു. ദിവ്യനാഥൻെറ മുമ്പിൽ എല്ലാമനുഷ്യർക്കും വേണ്ടി മദ്ധ്യസ്ഥത വഹിക്കുവാനുള്ള നിങ്ങളുടെ വിളിക്കു് പൂർണ്ണമായ പ്രത്യുത്തരം നൽകുവാൻ ശ്രമിക്കുക.

ഈശോയ്ക്കുവേണ്ടി കാരാഗൃഹത്തിലായിരിക്കുന്നതിൽ സന്തോഷം കണ്ടെത്തിയ വി. പൗലോസിൻെറ ചൈതന്യം ഉൾക്കൊള്ളുവാൻ ഇവിടെ ഇരുമ്പഴികൾക്കുള്ളിൽ കഴിയുന്നവർക്കു് സാധിക്കണം. തിരുസ്സഭയുടെ നാമത്തിലും തിരുസ്സഭയ്ക്കുവേണ്ടിയും നിയുക്തരാണ് നാം. മിശിഹായെ അനുകരിച്ച് അവിടുത്തെ ജീവിതത്തിൻെറ തുടർച്ചയുമാണ് തിരുസ്സഭയുടേതു്. പലരായി, പല വർഷങ്ങളായിട്ടാണ് നാം ഇതു് തികയ്ക്കുന്നതു്. അവിടുത്തെ ഒരു മണിക്കൂർ പ്രാർത്ഥന തന്നെ നാമോരോരുത്തരും, സമൂഹം മുഴുവനും തലമുറ മുഴുവനും നിർവ്വഹിച്ചാലും മതിയായ അകകരണമാവുകയില്ല. സഭയുടെ ആവശ്യങ്ങൾക്കും പര്യാപ്തമാവുകയില്ല. കിട്ടുന്ന അവസരങ്ങളെത്രയും ശ്രദ്ധാപൂർവ്വം വിനിയോഗിക്കുവാൻ ശ്രമിക്കണം. ആരും വേണ്ടത്ര ഫലം പുറപ്പെടുവിക്കാത്ത വൃക്ഷങ്ങളാകരുത്.

# മഹാനായ മാർ തോമ്മാ കുര്യാളശേരിയും ദിവ്യകാരുണ്യ ആരാധനസഭയുടെ പഞ്ചസപ്തതിയും

**Prof. Ulahannan Mappilai M. A.**

സ്വജീവിതം കൊണ്ടു് വംശാഭ്യുന്നതി തേടുന്നവനാണു മഹാൻ. ഒട്ടു വൈദീകവും ഒട്ടേറെ സ്വകീയവുമായ പരിശ്രമംകൊണ്ടു് കേരള നസ്രാണി സഭയ്ക്കുന്നല്ല ഭാരതത്തിനാകമാനം നന്മ നിറച്ച ഒരു കേരള പുത്രനാണു് കുര്യാളശേരിത്തിരുമേനി. മാർതോമ്മാ ക്രിസ്ത്യാനികളുടെ സാമൂഹിക സൗഷ്ടവത്തിനു തകരാറണച്ച പറങ്കി മേധാവിത്വത്തെ തെല്ലൊന്നുലച്ചുകൊണ്ടു് 1888 മെയ്യ് 2-ാം നു- ഡോക്ടർ ചാറൽസ് ലവീഞ്ഞു് എന്ന ഫ്രഞ്ചു മെത്രാൻ കോട്ടയം മിസത്തിൻെറ വികാരി അപ്പസ്തോലിക്കാ ആയി. കുട്ടനാടൻ പ്രഭുതയ്ക്കു തിലക സ്ഥാനത്തിരുന്ന കുര്യാളശേരിയിലെ ഓമനക്കുട്ടൻ കുഞ്ഞു തോമ്മാച്ചനില് വൈദികതയുടെ അഭിനിവേശം കരുത്തുയർന്നു. കോട്ടയത്തേ തൽകാല വസതിയില്‌വച്ചു് ഡോ. ലവീഞ്ഞു് 1890 ജനുവരി 18-ാം തിയതി അന്നേക്കു നാലു ദിവസം മുൻപു് 17 വയസ്സു തികയുകമാത്രം ചെയ്ത കുഞ്ഞു തോമ്മാച്ചനു് മുൻപിലത്തേ ഒപ്പുശുമായെന്ന സംസ്കാര പ്രക്രിയയോടൊത്തു് ഒന്നാം വൈദികപട്ടവും നല്കി. മീശ കുരുക്കാത്ത ഈ യുവകോമളനെ വൈദിക വിദ്യാഭ്യാസത്തിനായി റോമിലേയ്ക്കയയ്ക്കുന്നതിൻെറ എന്നവണ്ണം ഭാവിയിലേ മെത്രാഭിഷേകത്തിൻെറയും നാന്ദിയായിരുന്ന ഈ കുരുന്നു പട്ടാഭിഷേകം എന്നോക്കുമ്പോഴം പരന്ത്രീസുകാരനായ ആ പാവനചരിതൻെറ ഗൃധ്രചക്ഷുസ്സുകളിലേ ദിവ്യദീപ്തിയില് ആരുടെ കണ്ണാണു മഞ്ചിപ്പോകാത്തതു്.

ഒൻപതു കൊല്ലത്തേ വൈദിക വിദ്യാഭ്യാസത്തിനിടയ്ക്കു് ''കുഞ്ഞുപുണ്യവാൻ''എന്നപരിഹസനവും, നിത്യാരാധനാ വിഹാരത്തിലേ കൊച്ചു കപ്യാരച്ചനായുള്ള സേവനത്തിനിടയില് ദിവ്യകാരുണ്യാരാധനാലാലസയും, 1899 മെയ്യ് 27-ാംനു- പട്ടദാതാവായ കർദ്ദിനാൾ കസേന്തയില്‌നിന്നു് 12 കൊല്ലം തികയും മുൻപു് മെത്രാനാകുമെന്ന ആശംസയും, സ്വഗുരുനാഥനായ കർദ്ദിനാൾ ജോസ് സാർത്തോയില് നിന്നു് കുരിശും മാലയും പൊൻകാസയുമോടൊത്തു് കൊച്ചുമെത്രാനെന്ന അനുഗ്രഹവചസ്സുകളും നേടി നാട്ടിലെത്തിയ കഥാപുരുഷൻ സെൻറ് ബർക്കുമൻസ് ബോർഡിംഗ് വൈസ് റെക്ടരായും, ചേന്നങ്കരി, കാവാലം, എടത്വാ പള്ളികളുടെ വികാരിയായും ജനസേവനം നടത്തി. റോമില് വച്ചേ തന്നില് മുളയെടുത്തതാണു് ദിവ്യകാരുണ്യനാഥനെ ആരാധിക്കുന്ന ഒരു സന്യാസിനീ സംഘത്തെ സംഘടിപ്പിക്ക എന്ന അഭിലാഷം. 1908 ഡിസംബർ 8-ാംനു- എടത്വാ വികാരിയായിരിക്കേ ഫാദർ തോമസ് ആറു യുവതികൾക്കു് ശിരോവസ്ത്രം നല്കി: വികാരി അപ്പസ്തോലിക്കാ മാക്കീല് മെത്രാൻെറ അനുമതി യഥാകഥഞ്ചിൽ കൈക്കലാക്കിക്കൊണ്ടുതന്നെ. സച്ചരിതനായ ഒരു വൈദീകൻെറ ധീരമായ കാല്‌വയ്‌പാണിവിടെ നാം കാണുന്നതു്. ശരിയായ മൂലധനമില്ലാതെ, വരുംവരായ്‌കകളുടെ വൈവിശ്യത്തില് കൃതപ്രജ്ഞനാകാതെയുള്ള ഈ സംരംഭം ധന്യവും ദൈവികവുമായിരുന്നു. ക്ലാര-കർമ്മലീത്താ സമൂഹഭിന്നമായ ഒരു സഭാസ്ഥാപനത്തിനു് മെത്രാൻപോലും ശങ്കാലുവായ സാഹചര്യത്തില് ഈ ഉദ്യമത്തിനുള്ള പ്രചോദനം എവിടെ നിന്നു്? മൂന്നു കൊല്ലത്തിനുശേഷം താൻ മെത്രാനായേക്കുമെന്നും അന്നു് സ്വപ്രയത്നം സാഫല്യത്തിലെത്തുമെന്നു അദ്ദേഹം ഉദ്ദർശനം ചെയ്തിരുന്നോ? പാടില്ലായ്‌കയില്ല. മാക്കീല് മെത്രാനെതിരായുള്ള സമരം കൊടുമ്പിരിക്കൊണ്ട കാലം, മെത്രാൻ സ്ഥാനത്തേക്കു് ഫാദർ തോമസിൻെറ പേർ ഒട്ടു പ്രഥമ്യത്തോടെ റോമായിലേക്കു നീ

ങ്ങിയിരുന്നിരിക്കാവുന്ന സമയം. വേണ്ടിവ ന്നാല്പ് സ്ഥാനത്തിനൊരുങ്ങിയിരിക്കു എന്ന നിഗൂഢ നിദ്ദേശങ്ങരം സ്വഗുരുനാഥൻ കൂടിയാ യിരുന്ന ''വലിയ മുക്കവൻെറ' പക്കല്നിന്നു് വന്നിരിക്കാവുന്ന ഘട്ടം. ഏതായാലും 1911 ഡിസംബർ 3 നു് കാൻഡിയില്വച്ചു് ഫാദർ തോമസ് പെല്ലായുടെ മെത്രാനും ചങ്ങനാശേ രിയുടെ വികാരി അപ്പസ്തോലിക്കയുമായി ഡെ ലഗെററ് സലേസ്സിയാല് അഭിഷിക്തനായി. മൂന്നുകൊല്ലം മുൻപു് കിളിർത്ത സഭാതരു ശാ ഖോപശാഖകളോടെ വളർന്നു പന്തലിക്കാൻ കാലതാമസം വന്നില്ല.

രൂപതയുടെ അധിനാഥനായ മഹാൻെറ ശ്രദ്ധ ഏകതാനമായി ഈ ഒരു നൂതന സംന്യാ സിനീ സമൂഹത്തില് മാത്രം കേന്ദ്രീകൃതമാവുക ദുസ്സാധമെന്നല്ല ദുരൂഹവുമാണു്. ക്ലാര–കമ്മലീ ത്താക്കാക്ക വൈകല്ഗബ്യമുണ്ടാകാതെ വെൺ തുണിക്കാരായ കന്യാമുനി സ്ത്രീകളില് ദത്താവ ധാതനായി എന്നതാണു് ഇക്കാര്യത്തില് മാർ തോമ്മായുടെ വലിമയുള്ള വില.

സെൻററ് ബർക്കുമൻസ് കോളേജുപര്യന്ത മുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങരം, മതാദ്ധ്യാ പനം വേദപ്രചാരസംരഭങ്ങരം, തിരുഹൃദയവ ണക്കം, ജപമാല ഭക്തി തുടങ്ങിയ ഭക്തിമാർഗ്ഗ ങ്ങരം വികസിപ്പിച്ചു് ക്രിസ്തുവില് എല്ലാം പുതുക്കുക എന്ന സ്വന്തം മുദ്രാവാക്യം പ്രാവത്തി കമാക്കുക, മദ്യപാന നിരോധനാദികരം ഉൽക്ക ടമായ അവസ്ഥന്ദനത്തെ അവഗണിച്ചും നടപ്പി ലാക്കുക, കലകളെ പ്രോത്സാഹിപ്പിക്കുന്നതോ ടെ അശ്ലീലതാ മാലിന്യം നിർമ്മാജ്ജനം ചെ യ്യുക–ഇങ്ങനെ ബഹുമുഖങ്ങളായ ധർമ്മസ്ഥാപ നാത്മമുള്ള ക്രാന്തദർശിത്വംമൂലം ഇദ്ദേഹം മഹ ത്വത്തിൻെറ മകുടം ചൂടി എന്നതു സർവ്വവിദി തമാണു്. പക്ഷേ ആ മകുടത്തിലെ ചൂഡാരത്നം താൻ സ്ഥാപിച്ച ദിവ്യകാരുണ്യാരാധനാ സഭാ വജ്രമതല്ലികതന്നേ, സംശയമില്ല.

1899 നവംബർ 19 നു് ചങ്ങനാശ്ശേരി കത്തീഡ്രലില് ഫാദർ തോമസ് കുര്യാളശേരി റോമൻ സംസ്കൃതിയുടെ സംഫുല്ലതയില് തി രുഹൃദയ സഖ്യത്തെപററി പ്രസംഗിക്കുന്നു. വൈധവ്യത്തെ കന്യാത്വമാക്കി മാററാനുള്ള വൈദികോപദേശം സ്വപ്നത്തിലുണ്ടായ ഫി ലോമിനാക്കു വെളിപാടുണ്ടാകുന്നു,മായിക സ്വ പ്നത്തിലെ പുരോഹിതനാണന്നത്തേ പ്രഭാഷ കനെന്നു്. അവരടുത്തു. കാലിക്കൂട്ടിലേ സഭ കടലോരങ്ങരം കടന്നു. ഷന്താളായ അനഭ്യസ്ത വിദ്യ 22–ാം വയസ്സില് അഭ്യസ്തവിദ്യയായി. വിദ്യാഭ്യാസ ധുരീണരുടെ മുൻപില് അവർ ''ധീരവനിത''യായി അറിയപ്പെട്ടു. കണ്ടാലും കാര്യത്തിനും കൊള്ളാവുന്ന തറവാട്ടുകാരിക ളായ കുമാരിമാരെ റാഞ്ചിറാകിപ്പറന്ന പരുന്താ യവർവളന്നു. മാർ തോമ്മായുടെ അനന്തരഗാ മിയിൽനിന്നുവന്ന ഉഗ്രമായ ശിക്ഷ സ്വർഗ്ഗീയ സമ്മാനമാക്കാനുള്ള സഹനപര്യന്തം അവർ ധീ രവനീതാത്വം സ്വാത്മകമാക്കി. നവതിയും കഴിഞ്ഞു് ദിവ്യകാരുണ്യത്തിൻെറ മഹതിയാ യ് അവർ മൺമറഞ്ഞതു് 1972 മെയ് 25 നു്.

മഹാനായിരുന്ന മെത്രാനും മഹതിയായി രുന്ന ഫിലോമിനാ ഷന്താളും, ക്ലാരമ്മയും, പാ സിയമ്മയും, ടെറീസാമ്മയും, ആഞ്ചലാമ്മയും ഉരംപ്പെട്ട പഞ്ചമാതാക്കളും സഹകരിച്ചപ്പോരം ആരാധനാസഭ എന്തെന്തു വികാസപരിണാമ ങ്ങളിലായെന്നോ! കേരളത്തില് ഒരു പക്ഷേ മറെറാരു സന്യാസിനീ സമൂഹത്തിനും ലഭിക്കാ ത്ത വളർച്ച ആരാധന മഠങ്ങരംക്കു കിട്ടി. സ്ഥാ പകൻെറ പുണ്യപുഷ്ക്കലതയ്ക്കു് ലോകപ്പെരു ന്തച്ചൻ കണക്കു ചാർത്തിയപ്പോരം ഈ ദിവ്യ സൗധത്തിനു് സംലബ്ധമായ ഔന്നത്യം അഭ്യ സൂയാവഹമെന്നേ പറയേണ്ടു.

പരിശുദ്ധിയുടെ വെള്ളാടയും നീലനിറ മാണ്ട അരപ്പട്ടയും കുന്തളകാന്തികലർന്ന ശിരോ വസനവുമായി നീങ്ങുന്ന കന്യാമതല്ലികമാർ ദർശനത്തിനു രാമണീയകം ചാത്തും, ധ്യാന ത്തിനു നൈർമ്മല്യവും! മഠത്തില് ''സ്ത്രീയാ രം'' വർദ്ധിക്കുന്നതു കാണുമ്പോരം തോന്നാം അബ്രാഹത്തിനു യഹോവാ നല്കിയ നല്വരം ഇവിടെ ഫലമണിയുന്നോ എന്നു്. അതുപോ ലെ മഠസംഖ്യയും ചങ്ങനാശ്ശേരിയില് വാഴ പ്പള്ളി തുരുത്തി, മാമ്മൂട്ട്, ഫാത്തിമാപുരങ്ങളി ല്. കേവലം യാക്കോബായ സെൻററായ വട കരപ്പള്ളിപ്പരിസരത്തു മഠം വന്നു. വരാത്ത താ മസം സർക്കാർ വക പ്രൈമറി ഗേരംസ് സ്കൂരം അസ്തംഗതമായി. പണ്ടുമുതലേ ഉള്ള ബോയ് സ് പ്രൈമറി ശൂന്യതയോടടുക്കുന്നു. രണ്ടു മൈ ലകലേ ദേവമാതാ ഹോസ്പിററലിൻെറ സർ വ്വാംഗീണതയോടേ കുത്താട്ടുകുളത്തു് വൻ മഠം. എന്നിട്ടും പോരാഞ്ഞു് മാർ തോമ്മാ കുര്യാളശ്ശേ

രിയുടെ വാത്സല്യ സർവ്വസ്വവുമായിരുന്ന മോൺ. എബ്രാഹം വടക്കേലിന്റെ വീട്ട് ഇററലിക്കാരായ സന്യാസിനീ സമൂഹത്തിനുവേണ്ടി സജ്ജീകൃതമായിടത്തും ആരാധനാ മഠം! അങ്ങനെ ഒരിടവകയില് മൂന്ന്. മഠത്തിന്റെ വിധാത്രിയായി വലംകാല് വച്ചു കയറിയ ആഞ്ചലാമ്മയുടെ അനുഗ്രഹമോ! മാർ തോമ്മായുടെ സ്വർഗ്ഗീയ തന്ത്രമോ?

പഞ്ചസപ്തതി കൊണ്ടാടുന്ന ആരാധന സഭക്ക് എങ്ങോട്ടു തിരിഞ്ഞാലും ആനന്ദത്തിനേ വകയുള്ളു. പ്രഗല്ഭകളായ കന്യകാരത്നങ്ങളെ കാലോചിതമായ വിദ്യാദാനഭക്ഷതയോടെ സമുദായത്തിനു നല്കാൻ സഭയ്ക്കു കഴിയുന്നു എന്നതു് പ്രത്യേകം പ്രസ്താവ്യമത്രേ. സഭാസ്ഥാപകനായ മാർ തോമ്മാ കര്യാളശ്ശേരിയുടെ നാമത്തില് ബി. കെ. കോളേജ് അമലഗിരിയില് ഉയർന്നതു് അതിരമ്പുഴയില് കബറടങ്ങിയ ഷന്താളിന്റെ സുകൃതപ്പണിയോ? സർവ്വഥാ ശാലീനമായ അന്തരീക്ഷം! അസംപ്ഷൻ കോളേജിന്റെ പുത്രീസ്ഥാനത്തോടെ ഉദിച്ചുയർന്ന മഹാവിദ്യാലയം. സ്കൂളുകളിലും കോളേജുകളിലും നടനവിദ്യ നടത്തി കേരളത്തേ കോരംമയിർ കൊള്ളിക്കുന്ന എത്രയെത്ര ഉപാദ്ധ്യായിനികൾ പ്രോവിൻസ് തോറും.

പഞ്ചസപ്തതിയാഘോഷിക്കുന്ന ദിവ്യകാരുണ്യ ആരാധന സഭക്ക് സാഭിനന്ദനമായ നമോവാകം!


*With the best compliments from*

**ELIGHT PLASTIC WORKS**

*Manufacturers & Dealers in*
*Travelling Requirements & Fancy Goods*

**നല്ലയിനം സൂട്ട്കെയ്സ്, ബാഗുകൾ, ചെരിപ്പുകൾ മുതലായവയ്ക്കു് സന്ദർശിക്കുക**

**PRINCE — K. K. ROAD — KOTTAYAM**
**Prop : E. P. George**

*With Best Compliments*

MANUAL D 'SOUZA & SON

METAL MERCHANTS
KOTTAYAM

**Phone : 2682**

# സ്വർഗ്ഗം

പ്രൊഫ. ജോസഫ് അഞ്ചനാട്ട്

എല്ലാം പിന്നിലെറിഞ്ഞു്
നിന്നിൽ മാത്രമലിഞ്ഞു്
ഒരു തിരി പോലുള്ളമെരിഞ്ഞു്
ഒരു മലർ പോലുള്ളുതുറന്നു്
ഗതകാലമനോഹരസ്വപ്നങ്ങളും
സ്മൃതിയുടെ പൂത്തുതളിർത്ത വനാന്തനികുഞ്ജങ്ങളും
സുഖദുഃഖസഹസ്രങ്ങളും
കരളിലുറഞ്ഞു പതിഞ്ഞ കഠാരങ്ങളും
നാളേയ്ക്കായ് ഞാൻ ബാങ്കിൽക്കരുതിയ
നാണയജാലങ്ങളും
എല്ലാം പിന്നിലെറിഞ്ഞു്
നിന്നിൽ മാത്രമലിഞ്ഞു്
ചെററിട നിൽക്കുമ്പോഴും ഞാനറിവൂ
മുററും നിന്നുടെ തിക്തക മാധുര്യം!

ഞാനൊരു സ്വപ്നം കണ്ടു
അതിനുടെയാദിയുമന്തവു-
മൊററയൊരാൾമാത്രം
അതു നീ മാത്രം.
ഞാനൊരു ഗീതം കേട്ടു
അതിനുടെ താളലയങ്ങളും ശ്രുതിഭേദങ്ങ-
ളിതെല്ലാമൊററയൊരാൾ മാത്രം
അതു നീ മാത്രം.
തലനാരിഴ കീറും യുക്തിവിചാരത്തിൻ
മിഴികൾക്കെങ്ങനെ കാണാനാവും
നിൻ രൂപമരൂപം മധുരം?
ആഹാര്യത്തിൻ മോടികളെല്ലാ-
മകലെത്തള്ളി
ഞാൻ ഞാനായ്ത്തെല്ലിട നിൻതിരുമുമ്പിൽ
നിൽക്കട്ടേ സ്വാമിൻ!
എൻ മർത്ത്യത തന്നുടെ നഗ്നത
തിരുമിഴി കാണട്ടേ, കാരുണ്യത്തിൻ
മുഗ്ദ്ധദുകൂലത്താലേ നീയതിനെ-
പ്പൊതിയട്ടങ്ങനെ
മർത്ത്യനമർത്ത്യത തൻ ചിരചാരുത
പുണരട്ടേ സ്വാമിൻ

എല്ലാം പിന്നിലെറിഞ്ഞു്
നിന്നിൽ മാത്രമലിഞ്ഞു്
ഒരു തിരി പോലുള്ളമെരിഞ്ഞു്
ഒരു മലർ പോലുള്ളുതുറന്നു്
ചെററിട നിൽക്കുമ്പോഴാനിമിഷത്തിൻ-
പേരല്ലോ സ്വർഗ്ഗം.



# ലോത്തിൻെറ ഭാര്യയെ ഓർമ്മിക്കൂ!

പ്രൊ· സ്കറിയ സക്കറിയ

ദൈവരാജ്യം എപ്പോഴാണു വരുന്നതു് എന്നു ഫരിസേയർ ചോദിച്ചപ്പോൾ, അവൻ പറഞ്ഞു: 'കാണാവുന്ന അടയാളങ്ങളോടു കൂടിയല്ല ദൈവരാജ്യം വരുന്നതു്. ''ഇതാ അതു് ഇവിടെയാണു്'' അല്ലെങ്കിൽ, ''അവിടെ'' എന്നു് ആരും പറയുകയില്ല. കാരണം, ഇതാ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടു.'

അവൻ ശിഷ്യന്മാരോടു പറഞ്ഞു: 'മനുഷ്യപുത്രൻെറ ദിനങ്ങളിൽ ഒന്നു കാണാൻ നിങ്ങൾ കൊതിക്കുന്ന കാലം വരുന്നു. എന്നാൽ നിങ്ങൾ അതു കാണുകയില്ല. അവർ നിങ്ങളോടു പറയും: ''അതാ അവിടെ'' അല്ലെങ്കിൽ ''ഇതാ ഇവിടെ!'' നിങ്ങൾ പോകരുതു്: അവരെ അനുഗമിക്കരുതു്. മിന്നൽക്കൊടി ഉജ്ജ്വലിച്ചു് ആകാശത്തെ ഒരററംമുതൽ മറെറ അററംവരെ പ്രകാശിപ്പിക്കും പോലെ ആയിരിക്കും തൻെറ ദിനത്തിൽ മനുഷ്യപുത്രൻ. എന്നാൽ അവൻ ആദ്യം പലതും സഹിക്കണം. ഈ തലമുറയാൽ ഉപേക്ഷിക്കപ്പെടണം. നോഹിൻെറ നാളുകളിൽ സംഭവിച്ചതുപോലെ തന്നെ മനുഷ്യപുത്രൻെറ നാളുകളിലും സംഭവിക്കും. നോഹ് പെട്ടകത്തിൽ പ്രവേശിക്കയും ജലപ്രളയം വന്നു് എല്ലാവരെയും നശിപ്പിക്കയും ചെയ്യുന്നാൾ വരെ, അവർ തിന്നുകയും കുടിക്കയും വിവാഹം കഴിക്കയും വിവാഹം കഴിപ്പിക്കയും ചെയ്തിരുന്നു. ഇങ്ങനെ തന്നെയായിരുന്നു ലോത്തിൻെറ നാളുകളിലും. അവർ തിന്നുകയും കുടിക്കയും വാങ്ങുകയും വില്ക്കയും നടുകയും നിർമ്മിക്കയും ചെയ്തിരുന്നു. എന്നാൽ സോദോമിൽ നിന്നു ലോത്തു് പുറപ്പെട്ട ദിവസം അഗ്നിയും ഗന്ധകവും ആകാശത്തു നിന്നു വർഷിക്കപ്പെട്ടു. എല്ലാവരും നശിച്ചു. മനുഷ്യപുത്രൻ പ്രത്യക്ഷപ്പെടുന്ന നാളിലും അങ്ങനെത്തന്നെയായിരിക്കും. ആ ദിവസം പുരമുകളിൽ നില്ക്കുന്നവൻ വീടിനകത്തുള്ള തൻെറ സാധനങ്ങൾ എടുത്തുകൊണ്ടു പോകാൻ താഴെ ഇറങ്ങി വരാതിരിക്കട്ടെ. അതുപോലെ വയലിൽ നില്ക്കുന്നവൻ പിന്തിരിയാതിരിക്കട്ടെ. ലോത്തിൻെറ ഭാര്യയെ ഓർമ്മിക്കുക; തൻെറ ജീവൻ നേടാൻ നോക്കുന്നവൻ അതു നഷ്ടപ്പെടുത്തും; തൻെറ ജീവൻ നഷ്ടപ്പെടുത്തുന്നവനോ, അതു നിലനിർത്തും.

—ലൂക്കോസ് 17:20-33

ദൈവരാജ്യത്തിൻെറ രണ്ടുമാനങ്ങൾ ഇവിടെ ഉദ്ധരിച്ച സുവിശേഷഭാഗത്തു വെളിപ്പെടുത്തുന്നുണ്ടു്: (1) ദൈവരാജ്യം ഇപ്പോൾ തന്നെ സമാഗതമായിരിക്കുന്നു. ദൈവപുത്രൻെറ മനുഷ്യാവതാരം ദൈവരാജ്യസ്ഥാപനത്തിലെ നിർണ്ണായക സംഭവമാണല്ലോ. രാജ്യം എന്നതിനു് ഭരണം, അധികാരം, ശക്തി എന്നെല്ലാം അർത്ഥം കല്പിക്കാം. (2) ദൈവരാജ്യത്തിൻെറ പരിപൂർത്തി യുഗാന്ത്യത്തിലാണു്. ഇതു് എപ്പോൾ സംഭവിക്കും എന്നു് ആർക്കും പ്രവചിക്കാൻ സാധ്യമല്ല. അതിനാൽ സദാ 'വിളക്കു തെളിച്ചു' ജാഗ്രതയായി വർത്തിക്കുക എന്നതാണു് സന്ദേശം.

ദൈവരാജ്യത്തിലേക്കു പ്രവേശിച്ചവർക്കും പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കുമുള്ള സുപ്രധാനമായ ഒരു മുന്നറിയിപ്പും ഈ സുവി

ശേഷഭാഗത്തുണ്ട്. ഉല്പത്തി പുസ്തകത്തിലെ ലോത്തിൻെറ കഥ അനുസ്മരിപ്പിച്ചുകൊണ്ട് യേശു മുന്നറിയിപ്പു നല്കുന്നു: 'ലോത്തിൻെറ ഭാര്യയെ ഓർമ്മിക്കു? ഈ പശ്ചാത്തല സംഭവം പഴയ നിയമത്തിൽ നിന്നു ഉദ്ധരിക്കാം.

'അരുണോദയത്തിൽ മാലാഖാമാർ ലോത്തിനോടു നിർബന്ധപൂർവ്വം പറഞ്ഞു: 'എഴുന്നേൽക്കു, ഈ നഗരത്തിനു വരാൻ പോകുന്ന ശിക്ഷയിൽപ്പെട്ടു നിങ്ങളും നശിക്കാതിരിക്കാൻ ഭാര്യയെയും ഇവിടെയുള്ള രണ്ടു പുത്രിമാരെയും കൂട്ടി പുറപ്പെടുക.' പക്ഷേ ലോത്തു് ശങ്കിച്ചു നിന്നു. കർത്താവു കരുണയുള്ളവനാകയാൽ ആ പുരുഷന്മാർ ലോത്തിനെയും ഭാര്യയെയും രണ്ടു പുത്രിമാരെയും കൈക്കു പിടിച്ചു നഗരത്തിനു പുറത്തു കൊണ്ടുചെന്നാക്കി. അവരെ പുറത്തുകൊണ്ടു വന്നപ്പോൾ ആ പുരുഷന്മാർ പറഞ്ഞു: പ്രാണരക്ഷയ്ക്കു് ഓടിപ്പൊയ്ക്കൊള്ളുക. പിന്നിലേക്കു തിരിഞ്ഞു നോക്കുകയോ താഴ്‌വരയിലെങ്ങും തങ്ങുകയോ ചെയ്യരുതു്. നാശം ഭവിക്കാതിരിക്കാൻ മലയിലേയ്ക്കു് ഓടിപ്പോകുക.' അപ്പോൾ ലോത്തു് പറഞ്ഞു: 'അരുതു്; യജമാനന്മാരേ. ഈ ദാസനിൽ നിങ്ങൾ പ്രസാദിച്ചിരിക്കുന്നുവല്ലോ. എൻെറ ജീവൻ രക്ഷിക്കുന്നിൽ നിങ്ങൾ വളരെയധികം കരുണ കാണിച്ചിരിക്കുന്നു. പക്ഷേ, മലകളിൽ ഓടിയെത്താൻ എനിക്കു കഴിവില്ല; അതിനു മുമ്പേ ആപത്തിൽപ്പെട്ടു് ഞാൻ മരിക്കും. അതാ, ആ കാണുന്ന പട്ടണം ഓടിയെത്താൻ മാത്രം അകലത്തിലാണു്. അതൊരു ചെറിയ പട്ടണമാകുന്നു. ഞാൻ അവിടേക്കു പൊയ്ക്കൊള്ളട്ടെയോ? അതൊരു ചെറിയ ഇടമല്ലേ? എൻെറ ജീവൻ രക്ഷപ്പെടും.' അവൻ ലോത്തിനോടു് പറഞ്ഞു: 'ഇതാ, ഈ അഭ്യർത്ഥനയും ഞാൻ അനുവദിച്ചിരിക്കുന്നു. നീ പറഞ്ഞ ആ പട്ടണം ഞാൻ നശിപ്പിക്കയില്ല. വേഗമാകട്ടെ! ആ സ്ഥലത്തു് എത്തി രക്ഷപ്പെട്ടുകൊള്ളുക. നീ അവിടെ എത്തുന്നതുവരെ എനിക്കു് ഒന്നും ചെയ്യാൻ കഴിയുകയില്ല.' അങ്ങനെ ആ നഗരത്തിനു സോവർ എന്നു പേരായി. ലോത്തു് സോവറിൽ എത്തിയപ്പോൾ സൂര്യൻ ഭൂമിക്കുമേൽ ഉയർന്നിരുന്നു.

അപ്പോൾ കർത്താവു് ആകാശത്തിൽ നിന്നു ഗന്ധകവും തീയും സൊദോമിൻെറയും ഗൊമോറായുടെയും മേൽ വർഷിച്ചു. ആ നഗരങ്ങളെയും താഴ്‌വര മുഴുവനെയും എല്ലാ നഗരവാസികളെയും ആ നിലത്തു വളർന്നിരുന്നവ ഒക്കെയെയും നശിപ്പിച്ചു. എന്നാൽ ലോത്തിൻെറ പിന്നാലെ ഉണ്ടായിരുന്ന അയാളുടെ ഭാര്യ പിന്നോക്കം തിരിഞ്ഞുനോക്കി; അവൾ ഒരു ഉപ്പുതൂണായിത്തീർന്നു. 19/15–26

ദൈവരാജ്യാനുഭവത്തിനു വേണ്ടി യത്നിക്കുന്നവരുടെയെല്ലാം മുമ്പിൽ അപകടചിഹ്നം പോലെ ഉയർത്തി നിർത്തിയിരിക്കയാണു് ലോത്തിൻെറ ഭാര്യയെ. ഉപ്പുതൂണായിത്തീർന്ന ആ സ്ത്രീയുടെ പേരു് ബൈബിളിൽ ഒരിടത്തും കാണുന്നില്ല. എങ്കിലും ആ കഥാപാത്രത്തിനു ക്രൈസ്തവരുടെ ആദ്ധ്യാത്മിക വിചിന്തനത്തിൽഗണ്യമായ സ്ഥാനമുണ്ടു്. ലോത്തിൻെറ ഭാര്യ ചെയ്ത തെററെന്താണു്? ദൈവികാഹ്വാനം സ്വീകരിച്ചു മുന്നോട്ടിറങ്ങിയ അവൾ മാലാഖാമാരുടെ മുന്നറിയിപ്പു് അവഗണിച്ചു പിന്നോക്കം തിരിഞ്ഞൊന്നു നോക്കി! ഇത്ര ചെറിയ തെററിനു് ഇത്ര വലിയ ശിക്ഷയോ? യേശുനാഥൻ തന്നെ, ലോത്തിൻെറ ഭാര്യയ്ക്കു സംഭവിച്ച അപകടം ചൂണ്ടിക്കാട്ടുന്നതുകൊണ്ടു് നിശ്ചയമായും ഈ ചോദ്യം നമ്മുടെ സവിശേഷപരിഗണന അർഹിക്കുന്നു.

ലോത്തിൻെറ ഭാര്യ ചെയ്ത തെററു് അത്ര നിസ്സാരമായി കണക്കാക്കാമോ? ഒരിക്കലും സാധ്യമല്ല. ദൈവത്തിൻെറ കാരുണ്യാതിരേകം നിമിത്തം, വിനാശനഗരത്തിൽ നിന്നു രക്ഷാകേന്ദ്രത്തിലേക്കു നയിക്കപ്പെട്ടവരാണു് ലോത്തും കുടുംബാംഗങ്ങളും. ഈ സ്നേഹാതിരേകം അനുഭവിച്ചറിഞ്ഞ ഒരു വ്യക്തിയാണു്, ആദിമാതാവായ ഹവ്വായെപ്പോലെ, ചാപല്യത്തിനു അടിമപ്പെട്ടു പിന്തിരിഞ്ഞു നോക്കിയതു്. വിലക്കപ്പെട്ട കനി ഭക്ഷിക്കരുതു്, പിൻതിരിഞ്ഞു നോക്കരുതു് എന്ന വ്യക്തമായ ദൈവകല്പനയെ നിസ്സാരമാക്കിത്തള്ളിക്കൊണ്ടു പിന്തിരിഞ്ഞു നോക്കുന്നവർക്കു് ദൈവകോപമുണ്ടാകുന്നതിൽ വിസ്മയകരമായി ഒന്നുമില്ല. ദൈവത്തിൻെറ രക്ഷാകരമായ വിളിയെ കേവലചാപല്യങ്ങൾക്കു വേണ്ടി വിസ്മരിക്കുക, അവഗണിക്കുക എന്നതു ഗുരുതരമായ തെററാണു്. ബൈബിളിലൂടെ കടന്നുപോകുമ്പോൾ നമുക്കു ബോധ്യപ്പെടും, ഹവ്വായും ലോത്തിൻെറ ഭാര്യയും

ഒററപ്പെട്ട കഥാപാത്രങ്ങളല്ല എന്ന്. അടിമ ഭവനത്തിൽ നിന്നു വാഗ്ദാനദേശത്തേക്കു കരുത്തുററ കരം കൊണ്ടു ദൈവം നയിച്ച ഇസ്രായേൽ ജനം ഒന്നടങ്കം ദൈവത്തിന് എതിരെ പിറുപിറുത്തു. ഈജിപ്റ്റിൽ തങ്ങൾ ഉപേക്ഷിച്ചുപോന്ന ഇറച്ചിക്കലങ്ങളെക്കുറിച്ചുള്ള ഓർമ അവരുടെ മുറുമുറുപ്പു വർധിപ്പിച്ചു. മോശെയുടെ മാധ്യസ്ഥ്യം ഇല്ലായിരുന്നെങ്കിൽ, ദൈവം അവരെ ഒററയടിക്കു നശിപ്പിക്കുമായിരുന്നു. വാഗ്ദാനദേശത്തേക്കുള്ള പ്രയാണത്തിൽ അനുഭവപ്പെട്ട ക്ലേശങ്ങൾ അവരിൽ മുറുമുറുപ്പു വർധിപ്പിച്ചു. ദൈവത്തിന്റെ രക്ഷാകരമായ അത്ഭുതപ്രവർത്തനങ്ങളും വാഗ്ദാനദേശവും വിസ്മരിച്ചുകൊണ്ടായിരുന്നു അവരുടെ പിറുപിറുപ്പ്. വാഗ്ദാനദേശത്ത് എത്തിയിട്ടും ഈ ദുശ്ശീലം ഇസ്രായേൽക്കാരെ വിട്ടുമാറിയില്ല. ദൈവം ഇസ്രായേലിനു നൽകിയ രാജാവായ ശൗൽ ദൈവകല്പന അനുസരിച്ചു അമാലേകിയരെ ആക്രമിച്ചു കീഴടക്കിയെങ്കിലും ജനപ്രീതിയും ഭൗതികനേട്ടവും പരിഗണിച്ചു കല്പനയുടെ ഉത്തരഭാഗം 'സൗകര്യപ്രദമായി' അഥവാ 'പ്രായോഗികമായി' നടപ്പിലാക്കാൻ മുതിർന്നു (1 ശമുവേൽ 15 കാണുക). നിശ്ശേഷം നശിപ്പിക്കാൻ ദൈവം കല്പിച്ച ആടുമാടുകളെ, ഇറച്ചിക്കൊഴുപ്പുള്ള മൃഗങ്ങളെയും, ചെമ്മരിയാടുകളെയും, അവർ ഇസ്രായേൽ താവളത്തിലേക്കു കൊണ്ടുവന്നു. അതിനു അവർ ഒരു ന്യായീകരണവും കണ്ടെത്തി: മുന്തിയ ആടുമാടുകളെ ദൈവമായ കർത്താവിനു ബലിയർപ്പിക്കാൻ കൊണ്ടുവന്നിരിക്കുന്നു! അപ്പോൾ ശമുവേൽ പ്രവാചകനിലൂടെ ദൈവത്തിന്റെ കർക്കശമായ അരുളപ്പാടുണ്ടായി:

'കർത്താവിന്നു, തന്റെ സ്വരം കേട്ട് അനുസരിക്കുന്നതിലുള്ളത്ര മഹാപ്രീതി ഹോമബലികളിലും യാഗങ്ങളിലും ഉണ്ടോ? അതേ, അനുസരണം ബലിയെക്കാൾ ശ്രേഷ്ഠം; ചെവിക്കൊള്ളുക എന്നതു് ആണാടിന്റെ മേദസ്സിനെക്കാൾ ശ്രേഷ്ഠം. നിഷേധം മന്ത്രവാദം പോലെ പാപം ആണ്; മർക്കടമുഷ്ടി വിഗ്രഹാരാധനപോലെ അപരാധം ആണ്. നീ കർത്താവിന്റെ വചനം തിരസ്കരിച്ചതുകൊണ്ടു്, കർത്താവു നിന്നെ രാജത്വത്തിൽ നിന്ന് തിരസ്കരിച്ചിരിക്കുന്നു?

പുതിയ നിയമത്തിൽ, അനന്യാസിന്റെയും സഫീറയുടെയും ദുരന്തകഥ ഇതേ സത്യം തന്നെയാണ് തെളിച്ചു കാട്ടുന്നതു്. പത്രോസ് ചോദിക്കുന്നു:

'അനന്യാസേ, പരിശുദ്ധാത്മാവിനെ വഞ്ചിക്കാനും പറമ്പു വിററ വിലയിൽ ഒരംശം മാററി വയ്ക്കാനും സാത്താൻ നിന്റെ ഹൃദയത്തെ കീഴടക്കിയതു് എന്തു്? അതു്, വില്ക്കും മുമ്പ് നിന്റേതായിരുന്നില്ലേ? വിററ വിലയും നിന്റെ കൈവശമായിരുന്നില്ലേ? പിന്നെ, ഈ പ്രവൃത്തിക്കുള്ള പ്രേരണ എങ്ങനെ നിന്റെ ഹൃദയത്തിലുണ്ടായി? നീ മനുഷ്യരോടല്ല, ദൈവത്തോടാണ് കള്ളം പറഞ്ഞിരിക്കുന്നതു്:'

ദൈവത്തിനുവേണ്ടി, സ്വയം ഏറെറടുത്ത ബാധ്യതയിൽനിന്നു ദൈവത്തെയും മനുഷ്യരെയും കബളിപ്പിച്ചു രക്ഷപ്പെടാനായിരുന്നു ആ ദമ്പതികളുടെ നോട്ടം! സമ്പൂർണ്ണസമർപ്പണം നടത്താൻ ആരെയും നിർബന്ധിച്ചിരുന്നില്ല. പിന്നെ സമ്പൂർണ്ണസമർപ്പിതരെന്നു ലോകത്തെ തെററിദ്ധരിപ്പിച്ചിട്ട് സ്വകാര്യ സമ്പത്തിലും സുഖഭോഗങ്ങളിലും അഭിരമിക്കണമെന്ന നിർബന്ധമാണ് ദൈവകോപം വിളിച്ചുവരുത്തിയതു്.

ഹവ്വായുടെ കഥ, ലോത്തിന്റെ ഭാര്യയുടെ കഥ, ഇസ്രായേൽ ജനത്തിന്റെ കഥ, ശൗൽ രാജാവിന്റെ കഥ, അനന്യാസിന്റെയും സഫീറയുടെയും കഥ ഇന്നും ആവർത്തിക്കപ്പെടുന്നു! ദൈവജനം മുഴുവൻ, വിശിഷ്യ, ദൈവരാജ്യത്തിനുവേണ്ടി സമ്പൂർണ്ണസമർപ്പണം നടത്തിയിരിക്കുന്ന അർപ്പിതർ നിരന്തരം പരിഗണിക്കേണ്ട ബൈബിൾ സത്യമാണിതു്. വ്യക്തിതലത്തിലും സമൂഹതലത്തിലും ഇത്തരം ആത്മപരിശോധന കൂടിയേ തീരൂ. കാലം മാറുന്നതോടെ, പുതിയ പുതിയ വെല്ലുവിളികൾ നേരിടേണ്ടി വരുമ്പോൾ എളുപ്പവഴികളും കുറുക്കുവഴികളും തേടാൻ പ്രലോഭനങ്ങളുണ്ടാവുക സ്വാഭാവികം. പക്ഷേ ആ വെല്ലുവിളികളെ ചെറുത്തുനിൽക്കുകയാണ് ദൈവജനത്തിന്റെ ധർമ്മം. യേശുവിന്റെ കല്പനകളെച്ചൊല്ലി കുരിശു പേറി സത്യത്തിനു സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടവരാണല്ലോ ക്രൈസ്തവർ. നമ്മുടെ സമൂഹത്തിൽ പെരുകിവരുന്ന ധാർമ്മികമലിനീകരണത്തെ ആത്മാവിന്റെ

ശക്തിയാൽ ചെറുത്തുനിൽക്കാൻ വിളിക്കപ്പെട്ടവരല്ലേ നാം. പീഡാനുഭവങ്ങളുണ്ടാകുമ്പോൾ ദൈവപ്രമാണങ്ങൾക്കുവേണ്ടി അല്പം വേദന സഹിക്കാനും ത്യാഗമനുഭവിക്കാനും വിസമ്മതിക്കുന്നവർക്കു എങ്ങനെ ദൈവരാജ്യത്തിന്റെ പ്രേഷിതരാകാൻ കഴിയും?

നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും അതുരശുശ്രൂഷാകേന്ദ്രങ്ങളും മററും നടത്തുന്ന ക്രൈസ്തവസമൂഹം, കാലത്തിന്റെ പ്രലോഭനങ്ങൾക്കു വശംവദനയായി പ്രായോഗികതാവാദമോ കാര്യക്ഷമതാവാദമോ സ്വീകരിച്ചു ദൈവപ്രമാണങ്ങളെ അവഗണിക്കാതിരിക്കാൻ നിതാന്തജാഗ്രത ആവശ്യമാണു്. അതേ, ധീരമായ ചെറുത്തു നില്പിനു തയ്യാറാവണം. ഏതു മാർഗ്ഗേണയും കാര്യങ്ങളെല്ലാം ഭംഗിയായും കാര്യക്ഷമമായും സുഗമമായും പെട്ടെന്നും നടക്കണമെന്നു വാദിക്കുന്നവർ ലോത്തിന്റെ ഭാര്യയെ മറക്കുന്നു; ശൗലിനെ മറക്കുന്നു. ദൈവപ്രമാണങ്ങളുടെ അനുസരണമാണു് പരമപ്രധാനം. ബൈബിളിലെ ഏററം ദൈർഘ്യമേറിയ അധ്യായത്തിന്റെ (119-ാം സങ്കീർത്തനം) വിഷയം ഇതാണല്ലോ. അതിനാൽ കർത്താവിന്റെ തിരുവചനം നമ്മുടെ കർണ്ണപുടത്തിൽ സദാമുഴങ്ങട്ടെ: 'ലോത്തിന്റെ ഭാര്യയെ ഓർമ്മിക്കൂ!'




# "ആ ചെറുവിത്ത് !!"

പമ്പയാററിൻ പരിലാളനമേററിട്ടും
ചമ്പക്കുളത്തെപ്പുരാതനമാം
കര്യാളശ്ശേരിത്തറവാട്ടിൽ ജാതനായ്
പുണ്യചരിതനാം തോമ്മാ മെത്രാൻ.

സ്നേഹ, മൗദാര്യ, വിനയഗുണങ്ങളാൽ
പാരമലംകൃതനായ ബാലൻ
സർവ്വേശസേവനത്തിന്നായ് സ്വജീവിതം
സർവ്വം സമപ്പ്ണം ചെയ്തു മുദാ.

മാനവസ്നേഹത്താൽ ശൂന്യനാക്കി സ്വയം
ദിവ്യകാരുണ്യത്തിൽ വാണരുളും
നാഥനോടുള്ള സ്നേഹത്താലാഹൃത്തടം
രാപകൽ നിത്യം തൃസിച്ചിരുന്നു.

സ്വർഗ്ഗത്തിൽ ദൂതന്മാർ വാഴ്ത്തും പോലൂഴിയിൽ
കന്യകാവൃന്ദമൊന്നുണ്ടാകണം
അന്തരംഗത്തിൽ നിറഞ്ഞൊരാചൈതന്യ–
മെങ്ങും പരത്തുവാൻ വെമ്പി താതൻ!

കാലത്തികവിലായാരാധനാസഭ
കാലിത്തൊഴുത്തിൽ മുളയെടുത്തു;
പൈതൃക ലാളനയാലെ വളന്നതു
ചുററിലും ശാഖോപശാഖ വീശി–
കേരളം, ഭാരതമൊക്കെ കടന്നങ്ങു–
പാശ്ചാത്യ ദിക്കിലുമെത്തി നിൽപൂ!!

ആലോലമാടിപ്പരിലസിക്കുന്നതി–
ലായിരമായിരം വെൺസൂനങ്ങൾ;
പരിശുദ്ധൻ, നാഥൻ പരിശുദ്ധനെന്നേവം
പാടിസ്തുതിച്ചീടും കന്യകമാർ.

കന്യകാമേരിതൻ കൈകളിൽത്താതന–
ന്നേൽപിച്ചു പോയൊരാ കല്പതരു
സ്ഥാപകചൈതന്യ സാക്ഷ്യമായിന്നിതാ
പ്പാററിനം ജൂബിലി ഘോഷിക്കുന്നു.

വിണ്ണിൽ മഹേശനെ വാഴ്ത്തിസ്തുതിച്ചുകൊ–
ണ്ടാമോദം വാഴുന്ന സ്നേഹതാതൻ
മണ്ണിൽ തീത്ഥാടനം ചെയ്യുമീ മക്കളെ
വാത്സല്യമാർന്നു വീക്ഷിക്കയാവാം!

വന്ദ്യപിതാവെ, നിന്നിംഗിതം പോലൊരു
ജീവസ്രോതസ്സായിത്തീന്നുകൊണ്ടു്
ക്രിസ്തുവിൻ ചൈതന്യമെങ്ങുമൊഴുക്കുന്ന
നീച്ചോലയാകാനനുഗ്രഹിക്കൂ!!

സി. ആഗ്നററ് S A B S

# Mother Mary Jane Francisca de Shantal S. A. B. S.

Sr. Martin Mary S. A. B. S.

In a blessed moment on the fine morning of Dec. 8, 1908 six young girls who decided to serve Christ with total self- giving were given the first veil. This veil marked the entrance into postulancy of a would- be Congregation envisaged by Rev. Fr. Thomas Kurialacherry The event took place in the famous. St .George's Church, Edathua.

This pioneer group was led by the heroic Vallayil Philomina, now renamed Mary Jane Francisca de Shantal. For convenience she was called 'Shantal' by all. Shantal waited for more than a decade in Preparation for this great event.

Hardly did the little pioneers imagin that seventy five years from then about 3000 of their sisters would celebrate the Platinum Jubilee of their entry into postulancy in 228 convents spread all over India and even beyond the seas. They never even dreamt that a souvenir would be published. The mustard seed has grown into a big tree. Naturally and surely enough a write-up about Mother Shantal ought to be included in the souvenir. This article gives just a few observations and impressions about Mother Shantal.

It was in 1942 that I first met Mother Shantal. I had just come to the convent as an aspirant to religious life. while staying in the boarding house at Athirampuzha, I met her first on my way to the chapel. The strange feeling I had in the new environment was totally dispelled by the simple, natural affectionate and motherly words she had for me. A great soul talking more about God and salvation of souls than anything else, we the boarders were delighted in her company. Besides, we loved to hear about her adventurous past and experiences like the following: Once she was travelling in a bullockcart with children from Mutholy to Athirampuzha. The cart stopped at Athirampuzha. All were sleeping except her.Some drunkards were approaching the cart. It was dangerous. She covered herself well with a blanket and tied a shawl around her head as men would do and shouted "Hey, Raman Pillai, hey Sankarapillai, get up, get up and take these fellows under custody". saying this she beat hard against the side of the cart. The drunkards got frightened and ran away thinking it was a police vehicle.

She was a great soul: a soul with a clear goal and clear vision of it all the time. In her company we felt strong.

From our conversations with the senior boarders we came to know that Mother Shantal was the first member of the congregation. She was a widow and she had a daughter. Later the daughter also became a sister of the same congregation. Sr. Mary Thomas by name. Our admiration and wonder only grew further. She really was a great soul, an extra-ordinary soul.

Years rolled away, as a newly professed sister I came to live in a certain convent Mother Shantal also was there. I was happy to be with her. I used to write letters for her during free time. She had great respect for silence.

Some how or other it came to my notice that some sisters did not treat her with respect. Gradually I understood that she was thought to be one who broke the rules. She suffered. But not a word of complaint came from her. If others hurt her she prayed for them and also for their families. She used to offer all her suffering for the glory of the Eucharistic Lord and for the salvation of souls. "Jesus my love, Holy Trinity, my everlasting happiness." she would frequently say. She used to spend hours and hours in adoration in the chapel, alone and sometimes with school children saying the rosary.

She was the first one to enter chapel early in the morning. When others would come all the windows would be already opened. She used to do that everyday with a prayer to Jesus to open the gates of heaven for her upon her death. She showed keen interest in the upkeep of the chapel, in the arrangement of flowers on the altar and in the maintenance of beautiful gardens to obtain plenty of flowers for the chapel. This shows her greatest respect for our Eucharistic Lord.

On closer contact with her, I learned that she had a maternal consideration for all the sisters. She never showed any unpleasantness to any one. She was never angry or impatient and treated all the sisters alike. She knew how to run the affairs of the convent very well. She was kind, considerate and generous to all, especially those who by their special circumstances needed particular attention.

But she was kept out of administration almost all of her life time, She was reckoned a misfit for that. Being gifted with natural talents and capabilities it would have been a life-long suffering for her that she was rejected by her own. But she accepted it with humility and never complained about it in her heart or in words. She had followed the mentality of our Lady who said "Behold the Handmaid of the Lord". Mother Shantal lived in the spirit of a handmaid to all her sisters.

Mother Shantal was chosen by God to be the pioneer member of a new religious congregation under the guidance of Bishop Kurialacherry. The two of them met first in 1899, Philomina, a widow, 19 years old with a daughter a few months old. Because of the pressure of the family members, she got married against her will, she had wished to becomes a religious sister. But her married life did not last many years. After the birth of a darling baby girl, the father expired. Philomina did not lose courage. She put her trust in the Lord and waited and prayed continuously for a way to dedicate herself to the service of God and service of His poor.

'Everything helps to secure the good of those who love God, those whom he has called in fulfilment of his design (Rom: 8:28). Bishop Kurialacherry, at the time Fr. Thomas, had just returned from Rome full of zeal and thinking of starting a congregation for Adoration of the Eucharistic Lord, assured her of God's call to a higher vocation and chose her as the right person to get started, in the establishment of the new religious congregation. He guided her in prayer, and meditation and prescribed a regular timetable to follow. After a period of four years of testing and training she was sent to the clarist convent, Changanacherry to attend regular school. Leaving her 4 years old child at home at the age of 22 she joined the first standard. No wonder the children called her 'big girl' and laughed. She faced it

courageously. The good sisters promoted her successively through the 1st, the 2nd and the 3rd standards and by the end of the first month, she was in the 4th standard. All the sisters were so impressed by her ways that they wished to have her join the Clarist Convent. But Fr. Thomas sent her to Mutholy for further studies. For a period of four. years she studied at Mutholy but was not able to pass the 7th standard During the days of the examination one of the children got sick suddenly and she had to leave her examination paper and attend to the sick child. She failed in the exmination. 'As it is it seems as if God has destined us, his apostles to be in the lowest place of all........ We are fools for Chirst's sake, ...... (Cor. 4:9-10.)

Mutholy was far away, journey was difficult. Expenses were high so, Shantal with the children were admitted in the school at Edathua. Fr. Thomas got a cow-shed as a temporary house for the children. Shantal and children lived in the stable for 12 days. Then the residence was moved to a more convenient boat-shed. They lived there for almost an year. By the end of the year on Dec. 8, 1908 Fr. Thomas gave the veil of postulancy to Shantal, the leader and 5 of her companions. By this time a temporary shed was completed at Champakulam and the small flock was moved to Champakulam. An additional shed was erected and it formed a school for girls with classes 1 to 6. Shantal went from house to house and collected children. She was appointed sewing mistress. There was much opposition from some locals. They insulted her even by writing in newspapers. Gradually the opposition subsided; the 7th class was added. A new buliding was constructed for the school and all the classes were shifted to the new building.

Three years later, in 1911 Fr. Thomas Kurialacherry was appointed Vicar Apostolic of the newly erected diocese of Changanacherry. Shantal and her companions rejoiced like anything. Their Bishop, their father and founder, gave them the religious habit on Dec. 11, 1911. A long cherished dream had come true. Shantal rejoiced more than any one else.

For the next four years, Shantal was sent to live at the Clarist Convent, Changanacherry. She continued to be active as she naturally was right from the beginning. She engaged herself in the establishment of schools and convents. Thuruthy,Mallappally, Mammoodu and Vazhappally schools were the fruits of her labour. But, troubles started for her. She was judged as freedom-loving and independent. Reports reached the bishop. When it was time for receiving the final vows the opinion was against her. She was withheld. The other four whom she had guided and helped right through were admitted to the final vows. This was a shock, a terrible rejection; a public humiliation. But she was silent; she kept everything in her heart. She never complained. Probably she recalled what had happened to her Eucharistic Lord. "He came to what was his own, and they who were his own gave him no welcome" (St. Jn. 1: 5: 11). This event has reference to a dream Shantal had even while she was at home and was being prepared for this great work by Fr. Thomas. In the dream, she saw many virgins worshipping the Eucharistic Lord; but she herself was rejected. At once, she resolved that she would follow Jesus carrying the cross by spending her life as a servant in the convent, in case she is actually rejected or expelled from the convent. The Lord had given her a forestaste of what was to befall; hence, she was not taken unawares. She did not protest, but in humble obedience accepted the humiliation.

Considering the religious spirit that prevailed in those days, it would have been very possible that the general opinion and judgement about Shantal was worse than postponing her final vows. That would have been the reason why Shantal was admitted to the final vows secretly in the chapel of the Bishop's house.

This event was the beginning of a lifetime suffering; a humiliation that lasted to the very end. It seems most likely that some of the sisters who could not understand the spirit which led Shantal, misinterpreted her actions and others joined, as they were not that much enlightened at that early stage to recognise and support her. This rejection increased as days went by.

Mother Shantal had the greatest urge to bring many souls to her Eucharistic Lord. Therefore she worked hard to establish schools and convents in many places· This was the driving force which enabled her to work with courage and determination that won her the tittle 'Valiant woman' from the public. But this caused great suffering from right and left including her own sisters. It was the general trend of the day–as it is always with human society–to look with suspicion on anything that is new; anything that deviates from the long estabished tradition. Religious life was no exception. A good religious was supposed to remain in the convent, keeping away from the world and observing the community exercises as strictly and regularly as possible. In such a situation the activities and ways of Mother Shantal presented a sharp contrast and deviation.

Again, her life was entirely different from that of the rest. She was married; she be came a mother; she was widowed and how could such a person become an exemplary religious sister? Isn't it a shame that she be counted as a relgious sister? This was the talk about her by some people who knew her past eventful life; it was easy for others to join.

Besides, she was far ahead of her group in age, experience and in the ability to meet and mingle with people. From the very beginning she had done everything for the group, with the permission and according to the expectation of the Bishop. She was the first stone the corner, stone. That position could not be extended to anyone else; nor could everything be discussed with eveyone in the community. It was quite natural that complaints would go to the Bishop. Complaints there were plenty. The Bishop could not estrange the group which would otherwise be misled into misunderstanding because everyone knew only too well that Shantal was dear to him. He probably chose the lesser evil because he knew that Shantal would take it in spite of the great pain it involved. Thus Shantal was caught in a mael-storm of accusations, ridicule and rejection which continued all through her life. The bishop knew only too well that Shantal was innocent before God.

Until the death of Bishop Kurialacherry, Shantal was active; from then on she retreatedt from active apostolate. She was forty-five years when the bishop expired. For the rets of her life - a period of forty - seven years-she lived in humble obedience, seclusion, and abjection but in deep union with God. The storm of opposition and misunderstanding raged wild with thunder and lightening in the form of public penances and punishments. Very slowly and gradually it 'abated and ended totally with her death. A great soul of love, a great soul of suffering. 'It may be God's will that we should suffer for doing right; better that than for doing wrong'. (St. Peter I: 3:17)

Her glory began with her death. The ending was just beautiful. During the time of Mass, she fainted in the chapel on the 13th of May, 1972. Doctor told that it was nothing serious, but due to age. She recovered. On the 16th of May Bishop Powathil visited the convent. Mother Shantal went to the community room and got his blessing. That was the last time she walked outside her room. Her condition was deteriorating. She suffered much. She was annointed on the 17th of May. Sisters from all the convents kept on coming to get her blessing. She blessed them all with a smile in spite of the great pain she was suffering from a big ulcer she had all her life time, for which she never bothered to get medical aid. That ulcer burst and ended her suffering. She was at the point of death. The last blessing was given. Kissing the crucifix for the last time she passed away at 1.30 P. M. on the 25th of May, 1972 leaving a deep peace and a smile for those who stood and watched. that beautiful soul flew up to her beloved Lord Jesus.

Ever since her death, she is being glorified in the Congregation. It grows brighter and brighter as years go by. Her Birth Centenary was celebrated in 1980. The tenth aniversary of her death was celebrated in 1982. She is being specially honoured this year, the Platinum Jubilee year of the Congregation. Unusual favours are reported as received through her intercession.

Mother Shantal had to play a unique role in the Congregation. It was a difficult

role. She had to demonstrate the suffering Christ in her person. Establishing schools, convents, hospitals, social action centres, organizing prayer groups etc are rather lesser roles or easier roles compared to the suffering, long suffering of rejection, misunder standing, ridicule and suspicion and that from her own sisters whom she had led and worked hard for.

Every one is agreed on the suffering she had; her suffering without complaint; without ill-feelling to anyone; and with love for those who caused her suffering. She suffered to glorify her Lord Jesus who chose the way of suffering only. In her suffering she had no match; in her devotion to Our Lord in the Eucharist she had no match. The more she suffered, the closer she came to God.

Her dual role as sufferer and true adorer of the Most Bl. Sacrament shines clearer and clearer as years pass. Her personal attachment to God, her love of suffering and her love of the poor gain more and more importance and recognition as the congregation is growing in members and in religious experience. She is a model for all. God has destined her to be a model in flesh and blood for all her daughters. Every sister can look up to her life and suffering and get strength, and light and the inspiration to suffer more. This is precisely what God asked Mother Shantal to be a model for her sisters of all times; a model lover of Jesus in the Eucharist, a model lover of suffering and a model friend of the poor. This is the only way Mother Shantal had walked it alone and reached her goal. Time will tell that she played a vital role in the founding of the Congregation.

Sure, she was extra-ordinary; sure she was great; sure she was a Mother to us, our great Grandma-our Valliamma-and we are quite proud of her.

This article is only a brief and humble acknowledgement and expression of the deep appreciation and veneration, we, her daughters have for her. We look up to her prayers and blessings on the Congregation on this special occasion, the Platinum Jubilee Celebration.

*Compliments from*

**P. K. KORAH & Co.**

**KANJIRAPPALLY**

Dealers in : - Godrej Refrigerators, Usha Sewing Machine,
Fan, Pressure Cookers and Other Home Appliances



# ആരാധന സന്യാസിനി

Sr. Espirith S. A. B. S.

ദിവ്യകാരുണ്യ ആരാധനസഭയുടെ പ്ലാററിനം ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ, പിന്നോട്ടൊന്നു തിരിഞ്ഞുനോക്കി നമ്മുടെ 75 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ദൈവത്തിൽ നിന്നും ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾക്കു നന്ദി പറയുകയും ചെയ്യുക നമ്മുടെ കടമയാണ്. അതോടൊപ്പം നമ്മുടെ പൈതൃകത്തിലേക്കു കടന്നു ചെന്ന് സ്ഥാപക ചൈതന്യത്തിൽ വളർന്നുവരുവാൻ ശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ മനസ്സിനേയും ശരീരത്തേയും നമ്മെ തന്നെയും സ്നേഹപൂർവ്വം ഒരു ഹോമബലിയാക്കിത്തീർത്തുകൊണ്ട് വി. കുർബാനയിൽ സജീവനായി സന്നിഹിതനായിരിക്കുന്ന ദിവ്യകാരുണ്യ നാഥനുമായി താദാത്മ്യം പ്രാപിച്ച് പിതാവായ ദൈവത്തിന് ആരാധന അർപ്പിക്കുന്നതിനും തിരസ്കരിക്കപ്പെടുന്ന സ്നേഹത്തിന് ഉപരിസ്നേഹം നൽകുന്നതിനും ദൈവജനത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി സ്വയം വിനിമയം ചെയ്യുന്നതിനും വേണ്ടിയാണ് നാം ആരാധനസഭയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ അനന്തമായ സ്നേഹത്തെ അംഗീകരിച്ചാസ്വദിക്കുന്ന മനുഷ്യൻ പരിപൂർണ്ണസമർപ്പണത്തിലൂടെ ആ സ്നേഹത്തിനു പ്രത്യുത്തരം നൽകുന്നു. സ്നേഹത്തിന്റെ കൊടുക്കൽ വാങ്ങലും സമർപ്പണവുമാണ് ആരാധന. എല്ലാ മനുഷ്യരും നല്കേണ്ട ഈ ആരാധന തങ്ങളുടെ പ്രത്യേക കടമയായി സ്വീകരിച്ചുകൊണ്ട് എല്ലാവർക്കുംവേണ്ടി ദിവ്യകാരുണ്യനാഥനെ ആരാധിക്കുക എന്നതാണ് ആരാധന സഭാംഗത്തിന്റെ ജീവിതോദ്ദേശം. ദിവ്യകാരുണ്യത്തിൽ ദൃശ്യമാകുന്ന എളിമയും ശാന്തതയും ആത്മദാനവും ശൂന്യവത്ക്കരണവും ആയിരിക്കണം ആരാധനസഭാംഗങ്ങളുടെ ജീവിതാദർശം.

ക്രിസ്തുനാഥന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ കേന്ദ്രമായ പീഡാസഹനവും ഉത്ഥാനവും സവിശേഷം പ്രഘോഷിക്കപ്പെടുന്ന വി. കുർബാന എന്ന ബലിയിൽ കേന്ദ്രീകൃതമായ ഒരു ജീവിതമായിരിക്കണം ഓരോ അരാധനാസന്യാസിനിയുടേതും. അവളുടെ ജീവിത പ്രവർത്തനങ്ങളാകട്ടെ ആ ബലിയുടെ ചൈതന്യധാര ഉൾക്കൊണ്ടതും. വി. കുർബാന സ്നേഹത്തിന്റെ ഉറവിടവും പ്രതീകവുമാണ്. അനുദിനം ഒരേ ബലിയിൽ പങ്കുചേരുകയും ഒരേ മേശയിൽനിന്നു ഭക്ഷിക്കുകയും ചെയ്യുന്ന നമ്മുടെ ആരാധനാജീവിതം ദൈവസ്നേഹത്തിലൂടെയും സഹോദരസ്നേഹത്തിലൂടെയും തിളങ്ങിശോഭിക്കണം. അങ്ങനെ വരുമ്പോൾ ഓരോ ആരാധനാസന്യാസിനിയുടെയും ഹൃദയം സ്നേഹത്തിന്റെ തികവും അവളുടെ പ്രവർത്തനങ്ങൾ ആ സ്നേഹത്തിന്റെ പ്രകടനവും ആയിരിക്കണം. ബലിയും കൂദാശയും ആരാധനയുമെല്ലാം സ്നേഹാധിഷ്ഠിതമായ ജീവിതത്തിലേക്ക് അവളെ നയിക്കണമെന്നു സാരം. അവളുടെ ആരാധന സ്നേഹത്തിൽ നിന്ന് ഉയിർക്കൊള്ളുന്നതും സ്നേഹത്തിന്റെ നിറവിലേക്ക് മുന്നേറുന്നതുമാകണം. സത്യത്തിലും, സ്നേഹത്തിലും, അരൂപിയിലുമുള്ള ആരാധന! ഈ ദൃശാരാധനവഴി അവൾ ദിവ്യകാരുണ്യനാഥനുമായി സാരൂപ്യം പ്രാപിക്കുന്നു. ഈ സാരൂപ്യം സ്നേഹപ്രവൃത്തികളിലേക്ക് അവളെ നയിക്കുന്നു. ഈ സ്നേഹത്തിൽനിന്ന് ഉത്ഭൂതമാകുന്നതാണ് അവളുടെ പ്രവത്തനങ്ങളെങ്കിൽ

''ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു'' എന്ന വി. പൗലോസിൻെറ വാക്കുകൾ അവളിൽ അന്വർത്ഥമാകും.

''നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എൻെറ ശിഷ്യരാകുന്നു എന്നു ലോകം അറിയും.'' നാം ദിവ്യകാരുണ്യത്തിൻെറ ആരാധകരായി മുദ്രിതരാണെന്നു ലോകം മനസ്സിലാക്കുന്നതു് നമ്മിൽ നിറഞ്ഞു കവിയുന്ന ഈ സ്നേഹത്തിലൂടെയാണു്. സർവ്വമനുഷ്യരേയും ആശ്ലേഷിക്കുവാൻ പോരുന്ന വിശ്വവ്യാപകമായ സ്നേഹത്തിലേക്കു നമ്മുടെ ദിവ്യകാരുണ്യജീവിതം നമ്മെ നയിക്കണം. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ'' എന്ന പുതിയ പ്രമാണം തൻെറ ജീവിതത്തിൽ പ്രാഃയോഗികമാക്കുക എന്നതാണു് ഒരു ആരാധന സഭാംഗത്തിൻെറ ദൗത്യം. നമ്മുടെ പ്രവൃത്തികളെല്ലാം വി. കുർബാനയുടെ ചൈതന്യം ഉള്ളതായിരുന്നാൽ നാം യഥാർത്ഥ ആരാധകരാകും. ആകയാൽ ആരാധനാത്മക മനോഭാവത്തോടെ നമ്മുടെ പ്രവൃത്തികളെ നാം കരുപ്പിടിപ്പിക്കണം. അപ്പോൾ ആരാധനസഭയ്ക്കു പ്രത്യേകാലുള്ള നേർച്ചയുടെ അനുഷ്ഠാനമാകും: (F.C) സ്നേഹത്തിൻെറ പ്രമാണം ജീവിതശൈലി ആക്കുക എന്നതാണു് നമ്മുടെ പ്രത്യേകമായ നേർച്ച. ആരാധനസഭാംഗങ്ങൾ ഈ നേർച്ചയുടെ അനുഷ്ഠാനം വഴി സ്വർഗ്ഗത്തിൽ ദൈവത്തിനു് നിരന്തരം സ്തുതിപാടുന്ന മാലാഖാമാരെപ്പോലെ അവിടുത്തെ മഹത്വത്തിൽ ഭാഗഭാക്കുകളാകുന്നു. അവരുടെ മനസ്സും ചിന്തകളും സ്വർഗ്ഗത്തിലാകും. സ്നേഹത്തിൻെറ ഉത്തരവാദിത്വമാണു് നമുക്കുള്ളതെന്നു സാരം. എനിക്കു് എൻെറ ജീവിതത്തിൽ കിട്ടാവുന്നതിൽ ഏററവും വലുതു് ആരാധന സഭയിലേക്കുള്ള വിളിയാണു് എന്ന അവബോധം നമ്മിൽ എപ്പോഴും ഉണ്ടായിരിക്കണം. ഈ ബോധ്യം ദിവ്യകാരുണ്യനാഥനിൽ നമ്മുടെ അസ്തിത്വവും വ്യക്തിത്വവും കണ്ടെത്തുവാൻ നമ്മെസഹായിക്കും.

ദിവ്യബലിയിലൂടെയാണു് ദിവ്യകാരുണ്യനാഥൻ നമ്മുടെ മദ്ധ്യേ വരുന്നതു്. ബലിയിൽ നാം എത്രമാത്രം സജീവമായി പങ്കെടുക്കുകയും അനുദിനജീവിതം ആ ബലിയുടെ ഒരു തുടർച്ചയായി തീരുകയും ചെയ്യുന്നുവോ അതനുസരിച്ചു നാം ആരാധകരാകും. ആദിമ ക്രൈസ്തവരുടെ ജീവിതത്തിൻെറ കേന്ദ്രമായിരുന്നു വി. കുർബാന. അവരുടെ ജീവിതത്തിൽ ക്രിയാത്മക പരിവർത്തനം വരുത്തുവാൻ അപ്പം മുറിക്കൽ ശുശ്രൂഷ എത്രത്തോളം ഉപയുക്തമായി എന്നു് നടപടി പുസ്തകത്തിൽ നാം വായിക്കുന്നു. ''അവർ ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു.'' (നട. 4/32) ആദിമ ക്രൈസ്തവരെ പരസ്പരം ബന്ധിച്ചിരുന്ന ആ സ്നേഹശൃംഖലയ്ക്കു ബലവും ശക്തിയും പ്രദാനം ചെയ്യുകയും, മററുള്ളവരെക്കുറിച്ചു സ്നേഹപൂർവ്വം ചിന്തിക്കാനും അവരുടെ ആവശ്യങ്ങളുടെ നേരെ തുറന്ന മനോഭാവം പുലർത്തുവാനും പ്രേരിപ്പിച്ചതു് ഈ അപ്പം മുറിക്കൽ ശുശ്രൂഷയാണു്. ആദിമസഭ എങ്ങനെ തങ്ങളുടെ മിശിഹാനുഭവത്തിലേക്കു കടന്നുവന്നുവോ അതുപോലെ നാമും അനുദിനം ബലിയർപ്പണത്തിലൂടെ മിശിഹാനുഭവത്തിലേയ്ക്കു കടന്നുവരണം. യോഗ്യതാപൂർവ്വമായ അനുദിന ബലിയർപ്പണവും ദിവ്യകാരുണ്യസ്വീകരണവും നമ്മിലുള്ള മാനുഷികമായ സർവ്വഘടകങ്ങൾക്കും സവിശേഷമായ രൂപാന്തരത്വം വരുത്തുവാൻ ഇടയാക്കും. അങ്ങനെയാകുമ്പോൾ ഓരോദിവസത്തെയും വി. കുർബാന സ്വീകരണം കഴിഞ്ഞ ദിവസത്തെക്കാൾ കൂടുതൽ നന്നായി ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കും. അങ്ങനെ നാം ഓരോ ദിവസവും പുതുചൈതന്യമാർജ്ജിച്ചവരായിത്തീരുന്നു. ഓരോ ബലിയിലുമുള്ള നമ്മുടെ ആത്മദാനമാണു് ഈ നവീകരണ ഘടകം. ഓരോ ബലിയർപ്പണത്തിനുശേഷവും നമ്മിലുണ്ടാകുന്ന നവീകരണം നമ്മോടു ഇടപെടുന്നവരിൽ വി. കുർബാനയോടു് ആഴമായ ഭക്തിയും, ആദരവും ഉളവാകുവാൻ ഇടവരുത്തണം.

വി. കുർബാനയുടെ ഈ ശക്തിവിശേഷം നമുക്കു് ആർജ്ജിക്കുവാൻ കഴിയുന്നുവെങ്കിൽ നാം യഥാർത്ഥ ആരാധകരായി. ''ഓരോ സഹോദരിയും ഓരോ സഹോദരനും ദൈവസന്നിധിയിൽ എത്ര വിലപ്പെട്ടവരാണെന്ന സത്യം ഏററം ആഴമായ രീതിയിൽ പരി. കുർബാന നമ്മെ പഠിപ്പിക്കുന്നു'' എന്ന പരി. പിതാവു് ജോൺ പോൾ രണ്ടാമൻെറ വാക്കുകൾ ഇത്തരുണത്തിൽ സ്മരണീയമാണു്. എൻെറ സമീപത്തുള്ള ഓരോ വ്യക്തിയിലും കുടികൊള്ളുന്ന ദൈവത്തെ, സജീവമായി കാണുവാൻ

സാധിക്കുമ്പോഴാണ് ആഴമായ ദൈവാനുഭവം ഉണ്ടാകുന്നത്.

വി. കുർബാനയിലൂടെ വെളിവാക്കപ്പെടുന്ന ചൈതന്യധാര— സ്നേഹവും പരിത്യാഗവും ശൂന്യവത്ക്കരണവും — സ്വായത്തമാക്കുവാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സഭയുടെ പ്രത്യേക ചൈതന്യമാണ് പരിത്യാഗം. നമ്മുടെ മനുഷ്യപ്രകൃതിയുടെ എല്ലാവിധ ബലഹീനതകളെയും നിർമ്മാർജ്ജനം ചെയ്ത് യഹോവായുടെ ദരിദ്രന്റെ പ്രത്യേകതകൾ ജീവിതത്തിൽ സ്വാംശീകരിക്കുകയാണ് പരിത്യാഗജീവിതത്തിന്റെ സ്വഭാവം. യഹോവായുടെ ദരിദ്രന്റെ പ്രത്യേകതകൾ എന്തെന്ന് 1.cor. 4/7_ൽ വ്യക്തമാക്കുന്നു, എല്ലാം ദാനമായി ലഭിച്ചു എന്ന മനോഭാവം. ഒന്നിനോടും അവകാശവാദം ഉന്നയിക്കാതെ എല്ലാററിനേയും ദാനമായികണ്ട് നന്ദിയുടേതായ മനോഭാവത്തിൽ ജീവിക്കുക. ദൈവത്തിന്റെ മുമ്പിൽ നിൽക്കുന്ന മനുഷ്യൻ, ദൈവം സ്രഷ്ടാവും താൻ സൃഷ്ടിയുമാണെന്നുള്ള യാഥാർത്ഥ്യം ശരിക്കും മനസ്സിലാക്കുന്നു— ദൈവം എല്ലാം ആണെന്നും താൻ ഒന്നും അല്ലെന്നുമുള്ള ബോധ്യം. ഈ സത്യം സ്വീകരിക്കുന്നതാണ് യഥാർത്ഥ എളിമ. താൻ ഒന്നും അല്ലെങ്കിലും തനിക്ക് എല്ലാം ആയിരിക്കുന്ന ദൈവത്തിങ്കലേക്ക് തിരിയുന്നതിനും ആ ദൈവത്തെ പൂർണ്ണമായി ആശ്രയിക്കുന്നതിനും സാധിക്കും എന്ന വിനീതഭാവമാണ് അവനിൽ കുടികൊള്ളുക. താൻ ഒന്നും അല്ല എന്നു പറയുന്നവൻ തന്റെ എല്ലാ കുറവുകളും അംഗീകരിക്കുന്നവനാണ്. തന്റെ സർവ്വസമ്പന്നതയും ദൈവത്തിൽ കണ്ടെത്തുന്നവനാണ്. തന്റെ ഇല്ലായ്മയെ മനസ്സിലാക്കി സർവ്വതും ആയിരിക്കുന്ന ദൈവത്തിങ്കലേക്കു തിരിഞ്ഞു് അവിടെ എല്ലാം പൂർണ്ണമായി സമർപ്പിക്കുന്നതു് അവന്റെ പാപബോധ്യത്തിൽ (Sense of Sin)നിന്നാണ്. നമ്മെപ്പററിയുള്ള സത്യം അറിഞ്ഞു് അംഗീകരിക്കുന്നതാണ് നമ്മുടെ വിശുദ്ധി. മററുള്ളവരോടു തുലനം ചെയ്ത് മനുഷ്യൻ തന്നെക്കുറിച്ചു മനസ്സിലാക്കുന്ന സത്യം അപൂർണ്ണമാണ്. അപൂർണ്ണസത്യത്തിലൂടെ മുന്നേറുന്നവർക്ക് ശരിയായ പാപബോധം ഉണ്ടാകുന്നില്ല. സർവ്വദാ ദൈവസന്നിധിയിൽ വ്യാപരിക്കുവാൻ ദിവ്യകാരുണ്യജീവിതം, നമ്മെ അപ്രാപ്തരാക്കണം. പ്പോൾ മാത്രമെ പാപബോധം നമ്മിൽ രൂഢമൂലമാകുകയുള്ളു.

ദൈവത്തിൽനിന്നും പ്രത്യേകമായി നാം ഉൾക്കൊള്ളുന്ന ജീവൻ — ദിവ്യകാരുണ്യജീവൻ — അവിടുത്തെ സ്നേഹം — മററുള്ളവരുമായി പങ്കുവയ്ക്കുന്ന വേദികളായിട്ടുവേണം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ കാണുവാൻ. അതെ, ദിവ്യകാരുണ്യ ആരാധകരായ നമ്മുടെ ജീവിതം മററുള്ളവർക്കുവേണ്ടി മാററിവയ്ക്കപ്പെട്ടതാണ്. അതോടൊപ്പം ജീവന്റെ ഉറവിടത്തിലേയ്ക്കു മററുള്ളവരെ ആനയിച്ച സമറിയാക്കാരിയെപ്പോലെ നമ്മുടെ ചുററുപാടുമുള്ളവരെ ദിവ്യകാരുണ്യ ഉറവയിലേക്കു ആനയിക്കുന്നതിനുള്ള ദൗത്യവും നാം ഏറെറടുത്തിരിക്കുന്നു. നമ്മുടെ ദൗത്യ നിർവ്വഹണം സക്രാരി നാഥനോടുള്ള നിരന്തരസമ്പർക്കത്തിൽ നിന്നും ഉരുത്തിരിഞ്ഞതായിരിക്കണം. അവിരാമമായ ജോലിത്തിരക്കിനിടയിലും നമ്മുടെ ഹൃദയം സക്രാരിനാഥനുമായി സദാ ബന്ധപ്പെട്ടിരിക്കണം. പിതാവുമായി നിരന്തരം ബന്ധപ്പെട്ട് പരിത്രാണകർമ്മം നിർവഹിച്ച മിശിഹാ ആയിരിക്കണംഇക്കാര്യത്തിൽ നമ്മുടെ മാതൃക. എവിടെയും ഏതു സാഹചര്യത്തിലും സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യമാക്കി ദിവ്യകാരുണ്യനാഥനോടുകൂടി സദാസമയവും മുന്നേറുക. ഏതു ജോലിക്കുപോയാലും ആ ജോലിയിൽ പൂർണ്ണമായ അർപ്പണമനോഭാവം ഉൾക്കൊള്ളണം. ഇതാണ് ഒരു ആരാധനസഭാംഗത്തിന്റെ പ്രണിധാനപരമായ ജീവിതം.

നമ്മുടെ ചിന്തമുഴുവനും ദിവ്യകാരുണ്യ ഈശോയെക്കുറിച്ചായിരിക്കണം. നമ്മുടെ വാക്കുകൾ ദൈവത്തിൽ നിന്നും ഊറിവരുന്ന ശക്തികൊണ്ടു നിറഞ്ഞതുമായിരിക്കണം. പ്രണിധാനപരമായ ജീവിതം പുതിയ മനുഷ്യരായി രൂപാന്തരപ്പെടുവാൻ നമ്മെ സഹായിക്കും. ആരാധനയിലൂടെ ആരാധകർക്കു രൂപാന്തരം വരുന്ന അവസ്ഥ! ഇപ്രകാരം രൂപാന്തരീകരണം സംഭവിക്കുമ്പോൾ പെസഹാരഹസ്യം നമ്മിൽ അന്വർത്ഥമാക്കപ്പെടും. അർപ്പിച്ച ബലിക്കനുസൃതമായ ജീവിതമാകും നമ്മൾ നയിക്കുക. പ്രവർത്തനമണ്ഡലങ്ങളിലേക്കു കടക്കുമ്പോൾ ഞാൻ ചെയ്യുന്ന ഈ പ്രവൃത്തി എന്നിൽ വസിക്കുന്ന ദിവ്യകാരുണ്യനാഥന്റെ ചൈതന്യത്തിന് എത്രമാത്രം ചേർന്നതാണെന്ന ജീവിതസ്പർശിയായ ചിന്ത നമ്മെ നയിക്കും. ദിവ്യകാരുണ്യ ആരാധനസഭാംഗങ്ങളായ നാം സംഘാതാത്മകമായി ഏറെറടുത്തിരിക്കുന്ന ഈ

ച്ചമതല—പ്രണിധാനജീവിതം— ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചും കഴിവുകളെ ഏകോപിപ്പിച്ച്, തപസ്സിലൂടെയും പ്രായശ്ചിത്തത്തിലൂടെയും മാനുഷിക ബലഹീനതകളെയും ദൂരീകരിച്ച് സ്നേഹത്തിൽഅധിഷ്ഠിതമായ ആരാധനാപരമായ ജീവിതം നയിച്ചും സ്നേഹത്തിൻെറ പ്രവാചകരായിത്തീരുവാൻ ഈ ജൂബിലി വർഷം നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.


*Best Compliments from*

**CHAKOLAS**

**BROADWAY - M. G. ROAD**

**ERNAKULAM**

പാദരക്ഷകൾ : ബാഗുകൾ : സ്യൂട്ട്കെയ്സുകൾ : കുടകൾ :

**ബെസ്റ്റ്‌വെയർ**

കാഞ്ഞിരപ്പള്ളി

ഫോൺ : 606.



# അനുരഞ്ജനം

**Rev. Fr Thomas Mattapally**

ടോംസ്സിന്നർ എന്ന ഗ്രന്ഥകാരൻ "വിപ്ലവത്തിന്റെ വാക്കുകൾ" (Words of Revolution) എന്ന ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ഉന്നയിക്കുന്ന ഒരു ചോദ്യമുണ്ട്: എന്താണ് ഈ കാലഘട്ടത്തിലെ മാനവരാശിയുടെ ഏററം വലിയ പ്രത്യേകത? ഈ ചോദ്യത്തിനു നൽകപ്പെട്ടേക്കാവുന്ന പല ഉത്തരങ്ങളും ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു:_സ്വാതന്ത്ര്യാഭിനിവേശം, യുക്തിചിന്ത, ശാസ്ത്രീയ പുരോഗതി, വർദ്ധിച്ച സുഖസൗകര്യങ്ങൾ മുതലായവ. പക്ഷേ, ഗ്രന്ഥകാരൻ ഇവയോടെല്ലാം വിയോജിക്കുന്നു. അദ്ദേഹം പറയുന്നു: "ഭിന്നിപ്പുകൾ അതാണിന്നത്തെ മാനവരാശിയുടെ ഏററം വലിയ പ്രത്യേകത." എന്തെന്തു ഭിന്നിപ്പുകൾ!—യജമാനനും ഭൃത്യനും തമ്മിൽ, അടിമയും ഉടമയും തമ്മിൽ, കറുത്തവനും വെളുത്തവനും തമ്മിൽ, ഉള്ളവനും ഇല്ലാത്തവനും തമ്മിൽ......വർത്തമാനപ്പത്രങ്ങൾക്ക് ഭിന്നിപ്പിന്റേയും സംഘർഷങ്ങളുടേയും വാർത്തകളല്ലേ പറയുവാനുള്ളത്?

## മതത്തിന്റെ ദൗത്യം

മതം എന്നതിന് ഇംഗ്ലീഷിൽ 'റിലിജിയൺ' എന്നാണല്ലൊ പറയുക 'റിലിജിയൺ' എന്ന വാക്കിന്റെ അർത്ഥം കൂട്ടിക്കെട്ടുക എന്നാണ്. എല്ലാ മനുഷ്യരേയും സാഹോദര്യത്തിന്റെ പട്ടുനൂലിൽ ബന്ധിച്ചു യോജിപ്പിച്ചു നിറുത്തുകയല്ലെ മതത്തിന്റെ ദൗത്യം? ഒരേ ദൈവത്തിന്റെ പരിപാലനയിലും സ്നേഹത്തിലും കഴിയുന്ന ഒരു കുടുംബമാണ് മാനവരാശി എന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നില്ലേ? രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയ്ക്കു കൊടുക്കുന്ന നിർവ്വചനം "ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലും ഉള്ള ഉററ ഐക്യത്തിന്റെ കൂദാശ" എന്നത്രെ. (1) സഭ എന്ന ദൃശ്യ അടയാളം സൂചിപ്പിക്കുന്ന ഈ ഐക്യം എന്ന യാഥാർത്ഥ്യം ഇന്നെവിടെ?

## ജൂബിലിയും അനുരഞ്ജനവും യഹൂദ ക്രൈസ്തവ ചരിത്രങ്ങളിൽ:–

യഹൂദ ക്രൈസ്തവ ചരിത്രങ്ങളിൽ ജൂബിലിയുടെ അരൂപി അനുരഞ്ജനത്തിന്റേതാണ്.

ദൈവം നൽകിയ അനുഗ്രഹങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ട് ദൈവവുമായി രമ്യപ്പെടാൻ നീക്കിവയ്ക്കപ്പെടുന്ന വർഷം,—തകർന്ന മനുഷ്യബന്ധങ്ങൾ പുനസ്ഥാപിക്കാനുള്ള വർഷം—അതായിരുന്നു യഹൂദ പാരമ്പര്യത്തിൽ ജൂബിലി. വഴക്കുകൾ പറഞ്ഞു തീർക്കുക, കടം ഇളച്ചുകൊടുക്കുക, അന്യായമായി കൈവശമാക്കിയതു തിരിച്ചുകൊടുക്കുക, പാവങ്ങളുമായി സ്വത്തു പങ്കുവച്ചുകൊണ്ട് സാമ്പത്തികാസമത്വങ്ങൾക്കു കുറവു വരുത്തുക—ഇതെല്ലാമാണ് ജൂബിലി വർഷം യഹൂദന്മാർ ചെയ്തിരുന്നത്. (2)

ക്രൈസ്തവ ചരിത്രത്തിലെ ജൂബിലിയും യഹൂദപാരമ്പര്യത്തിൽ ഊന്നി നില്ക്കുന്നു. എന്നാൽ അതിലുപരി, ക്രൈസ്തവജൂബിലി യേശുക്രിസ്തുവിന്റെ പീഢാനുഭവം, മരണം, ഉത്ഥാനം എന്ന സർവ്വപ്രധാന സംഭവങ്ങളുടെ അനുസ്മരണമാണ്. ഈ സംഭവങ്ങളോ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽ ഏററം വലിയ അനുരഞ്ജകസംഭവങ്ങളായിരുന്നു. കുരിശുവഴി യഹൂദരേയും വിജാതിയരേയും "യേശു ഒന്നിപ്പിക്കുകയും" "വേർതിരിക്കുന്ന മതിലുകൾ തകർക്കുകയും ചെയ്തു" (3)

അതുകൊണ്ട്, മതത്തിന്റെ നിർവചനം അന്വർത്ഥമാകണമെങ്കിൽ സഭ തന്റെ ദൗത്യം, നിറവേററണമെങ്കിൽ, കാൽവരിയിലെ അനുരഞ്ജകകർമ്മത്തിന്റെ ജൂബിലി അർത്ഥവത്താകണമെങ്കിൽ, ശിഥിലമായിക്കിടക്കുന്ന മനുഷ്യമഹാകുടുംബത്തിൽ ഐക്യം സ്ഥാപിക്കാൻ സഭ ഇന്ന് എന്തു ത്യാഗത്തിനും തയ്യാറാവണം. ഈ തയ്യാറെടുപ്പിനുള്ള കാഹളമാണ് ജോൺ

പോൾ രണ്ടാമൻ പാപ്പാ പ്രഖ്യാപിച്ചിരിക്കുന്ന ജൂബിലി വർഷമുദ്രാവാക്യം: "അനുതാപവും അനുരഞ്ജനവും സഭാ ദൗത്യത്തിൽ".

സഭയുടെ ചിന്താമേഖലയിലോ പ്രവർത്തനരംഗത്തോ ഒരു പുതിയ കാൽവയ്പല്ല ഇതു്." "അനുരഞ്ജനത്തിന്റെ ശുശ്രൂഷ" (4) യാണു് തനിക്കു് ഏൽപിക്കപ്പെട്ടിരിക്കുന്നതു് എന്നു സഭ എന്നും ബോധവതിയാണു്". ഇതിനുമുമ്പു് ആചരിക്കപ്പെട്ട ഇരുപത്താറു ജൂബിലി വർഷങ്ങളിലും സഭ അനുരഞ്ജനത്തിന്റെ ശംഖനാദം മുഴക്കി. 1975-ലെ ജൂബിലിയുടെ മുദ്രാവാക്യവും അനുരഞ്ജനം തന്നെയായിരുന്നു. ഭിന്നിപ്പുകളെക്കുറിച്ചു് പരിതപിക്കുകയും അതിനു കത്തോലിക്കാ തിരുസഭ ഉത്തരവാദിയായിട്ടുണ്ടെങ്കിൽ അതേപ്രതി പരസ്യമായി മാപ്പു പറയുകയും ചെയ്യാനുള്ള മഹാമനസ്കത കാണിച്ചവരാണു് പാവനചരിതരായ ജോൺ 23-ാമൻ, പോൾ 6-ാമൻ എന്നീ പാപ്പാമാർ.

## അനുരഞ്ജനം എന്നാൽ എന്തു്?

"നീതിപൂർവ്വകമായ ബന്ധങ്ങളുടെ പുനഃസ്ഥാപനമാണു് അനുരഞ്ജനം". (5) വെറും സ്നേഹബന്ധങ്ങൾ അനുരഞ്ജനമാവണമെന്നില്ല. നീതിനിഷേധിക്കാത്ത സ്നേഹബന്ധമാണു് അനുരഞ്ജനം. നീതി എന്നു പറഞ്ഞാൽ ഓരോരുത്തനും അവനവനു് അവകാശപ്പെട്ടതു നല്കുക എന്നാണു്". ഒരുവനു് അവകാശപ്പെട്ടതു നിഷേധിച്ചാലും അയാൾ ആ അവകാശനിഷേധം മഹാമനസ്കതയോടെ ക്ഷമിക്കുന്നതു കൊണ്ടോ അജ്ഞതകാരണം മനസ്സിലാക്കാത്തതു കൊണ്ടോ അയാളുമായി സ്നേഹബന്ധം പാലിക്കാൻ സാധിച്ചേക്കും. എന്നാൽ, അതു് അനുരഞ്ജനമാവില്ല.

## അനുരഞ്ജനത്തിന്റെ നാലു മേഖലകൾ

അനുരഞ്ജനം നാലുമേഖലകളിലത്രെ. ഒന്നു്; **ദൈവവുമായി:** ദൈവഹിതത്തിനു തലകുനിച്ചുകൊണ്ടു് മനുഷ്യൻ ഈ അനുരഞ്ജനം പ്രാപിക്കുന്നു. ദൈവം ഉദാരമായി നല്കുന്ന സ്നേഹം സ്വീകരിക്കുന്നതാണു് ഇതു്. (6) ഇതാണു് മൗലികമായ അനുരഞ്ജനം.

രണ്ടു്; **സഹോദരങ്ങളുമായി:** ഓരോ മനുഷ്യനും ഇതരരിൽ ദൈവമക്കളെ കാണുകയും അവരുടെ നിറമോ, നല്ലോ, ജാതിയോ, മതമോ, വിശ്വാസമോ, അഭിപ്രായമോ ഒന്നും ഗൗനിക്കാതെ അവരെ സ്നേഹിക്കുകയും, വിലമതിക്കുകയും ചെയ്യുമ്പോൾ, അവരുടെ ദുഃഖങ്ങളിൽ പങ്കുചേരാനും സ്വന്തം സുഖങ്ങളിൽ അവരെ പങ്കുചേർക്കാനും തയ്യാറാവുമ്പോൾ ഈ അനുരഞ്ജനം നിലവിൽ വരുന്നു.

മൂന്നു്: **മനുഷ്യനു താഴെയുള്ള പ്രപഞ്ചവുമായി:** മനുഷ്യനു താഴെയുള്ള പ്രപഞ്ചം മുഴുവനും തന്നെ ഇന്നു മനുഷ്യനെതിരെ പ്രകമ്പനം കൊള്ളുകയാണു്. ഇതിനു മനുഷ്യനുത്തരവാദിയാണോ? അല്ലെന്നു പറയാനൊക്കുമെന്നുതോന്നുന്നില്ല. രാജാവു ജയിച്ചാൽ രാജ്യം ജയിച്ചു; രാജാവു തോററാൽ രാജ്യം തോററു. ആരാണു് ഈ പ്രപഞ്ചത്തിന്റെ രാജാവു്? മനുഷ്യൻ. "നീ ഇതിനെ മുഴുവൻ അടക്കി ഭരിക്കുക" എന്നല്ലേ സ്രഷ്ടാവു് അവനോടു കല്പിച്ചതു്? പക്ഷേ രാജാവു് തോററില്ലേ? പക്ഷപാതം കാണിക്കുന്ന രാജാവിന്റെ രാജ്യത്തിൽ പടലപിണക്കം ഉണ്ടാവാതിരിക്കുമോ ? നെറിവുകെട്ട നേതാവു് നയിക്കുന്ന സമൂഹത്തിൽ നേരുണ്ടാവുമോ? അസന്മാർഗ്ഗികളായ മാതാപിതാക്കൾ നിയന്ത്രിക്കുന്ന കുടുംബത്തിൽ സന്മാർഗ്ഗത്തിനെന്തായിരിക്കും സ്ഥാനം? ഉഴപ്പൻ അദ്ധ്യാപകൻ പഠിപ്പിക്കുന്ന ക്ലാസ്സിൽ ഉഴപ്പില്ലാതെ വരുമോ? എങ്കിൽ പക്ഷപാതക്കാരനും നെറിവുകെട്ടവനും അസന്മാർഗ്ഗിയും ഉഴപ്പനും ആയ മനുഷ്യൻ എന്ന രാജാവു തന്നെയാണു് അവന്റെ ഭരണസീമയായ ഈ പ്രപഞ്ചത്തിലെ അസ്വസ്ഥതകൾക്കെല്ലാം ഉത്തരവാദി. മനുഷ്യനിൽ ക്രമക്കേടുണ്ടായാൽ പ്രപഞ്ചം മുഴുവൻ ക്രമക്കേടുണ്ടാവും. ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലും ഉള്ള അനുരഞ്ജനത്തിൽ ഒതുങ്ങുന്നതല്ല വേദപുസ്തകം ചിത്രീകരിക്കുന്ന അനുരഞ്ജനം; അതു പ്രപഞ്ചത്തിന്റെ മുഴുവൻ അനുരഞ്ജനമാണു്." പശുക്കിടാവും സിംഹക്കുട്ടിയും ഒന്നിച്ചു മേയും. ഒരു ശിശു അവയെ നയിക്കും. മുലകുടിക്കുന്ന ശിശു സർപ്പപ്പൊത്തിനു മുകളിൽ കളിക്കും. മുലകുടി മാറിയ കുട്ടി അണലിയുടെ അളയിൽ കയ്യിടും." (7) എന്തൊരനുരഞ്ജനം!

മനുഷ്യന്റെ അനുരഞ്ജനത്തിൽ പ്രപഞ്ചം മുഴുവൻ പങ്കു ചേരുന്നുണ്ടു് എന്നു വി. പൗലോസ്ശ്ലീഹായും പഠിപ്പിക്കുന്നു. (8)

## നാല്; മനസ്സാക്ഷിയുമായുള്ള അനുരഞ്ജനം

അനുരഞ്ജനത്തിന്റെ നാലാമത്തെ മേഖല സ്വന്തം മനസ്സാക്ഷിയോടുള്ള അനുരഞ്ജനമത്രെ. ഈ അനുരഞ്ജനം മററു മൂന്നു മേഖലകളിലുമുള്ള അനുരഞ്ജത്തിന്റെ അടയാളമാണ്. മനസ്സാക്ഷിയുമായി രമ്യതയിൽ കഴിയുന്നവൻ ദൈവവുമായും സഹോദരങ്ങളുമായും രമ്യതയിലായിരിക്കും. (9) എല്ലാ മനുഷ്യരിലും ഈ അനുരഞ്ജനം ഉണ്ടായാൽ പ്രപഞ്ചം മുഴുവനിലും സമാധാനവും ശ്രേയസ്സും വാഴും.

ദൈവഹിതം ധിക്കരിച്ചതോടെ താൻ നഗ്നനാണ് എന്ന ബോധം വന്ന ആദം, തന്നിൽത്തന്നെ ലജ്ജാകരമായി എന്തോ ഉണ്ട് എന്ന ചിന്തിക്കാൻ തുടങ്ങുന്ന ആദം പാപം വഴി തന്നോടുതന്നെ സംഘർഷത്തിൽ കഴിയുന്ന മനുഷ്യന്റെ ചിത്രമാണ്. (10)

## ദൈവരാജ്യം

മേല്പറഞ്ഞ നാലുതരത്തിലുള്ള അനുരഞ്ജനവും തികഞ്ഞ അവസ്ഥയാണു ദൈവരാജ്യം. ഇതാണ് യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ മുഴുവൻ കേന്ദ്രബിന്ദു. (11) ഈ അവസ്ഥ നിലവിൽ വരുത്താനുള്ള യത്നമാണ് "അനുരഞ്ജനത്തിന്റെ ശുശ്രൂഷ". ഈ ശുശ്രൂഷയാണ് സഭയുടേയും ക്രിസ്ത്യാനിയുടേയും മുഖ്യദൗത്യം (12). പ്രാർത്ഥിക്കുമ്പോൾ പ്രധാനമായും ഇതിനുവേണ്ടി പ്രാർത്ഥിക്കുവാനാണ് യേശു പഠിപ്പിച്ചതു് (13) നമ്മുടെ യത്നങ്ങളിൽ ഏററം പ്രധാന ലക്ഷ്യം ഇതായിരിക്കണമെന്നും അവിടുന്ന് ഉദ്ബോധിപ്പിച്ച (14).

## അനുരഞ്ജനത്തിനു വിഘാതം: സ്വാർത്ഥം, പാപം

അനുരഞ്ജനത്തിനു വിഘാതമായി നില്ക്കുന്നതു് സ്വാർത്ഥമാണ്. എന്റെ സ്വന്തം ഹിതത്തിനു ഞാൻ ദൈവഹിതത്തെക്കാൾ സ്ഥാനം നൽകുന്നതുകൊണ്ട് ഞാൻ ദൈവത്തെ ധിക്കരിക്കുന്നു. ഞാൻ എന്റെ ഹിതത്തിനും എന്റെ അയൽക്കാരൻ അയാളുടെ ഹിതത്തിനും പരമോന്നതസ്ഥാനം നൽകുന്നതുകൊണ്ട് ഞങ്ങളുടെ ഭിന്നഹിതങ്ങൾ തമ്മിൽ സംഘർഷമുണ്ടാവുന്നു. ഈ സ്വാർത്ഥം തന്നെയാണു പാപം.

## അനുരഞ്ജനത്തിനുള്ള വ്യവസ്ഥ: അനുതാപം

അനുരഞ്ജനത്തിനുള്ള വിഘാതം സ്വാർത്ഥം (പാപം) ആണെങ്കിൽ അതു നിലവിൽ വരാനുള്ള വ്യവസ്ഥ സ്വാർത്ഥത്തിൽ നിന്ന് (പാപത്തിൽനിന്ന്) ഉള്ള വിമോചനമാണ്. ഈ വിമോചനത്തിനാണ് അനുതാപം എന്നു പറയുക. അനുതാപം, മാനസാന്തരം, പ്രായശ്ചിത്തം – ഇവയെല്ലാം ഒന്നുതന്നെ. ലോകത്തിന്റെ പ്രശ്നങ്ങൾക്കെല്ലാം യേശുവിന്റെ പരിഹാരവും ഇതാണ്. "നിങ്ങൾ പശ്ചാത്തപിക്കുവിൻ"— സമ്പൂർണ്ണാനുരഞ്ജനത്തിന്റെ അവസ്ഥയായ ദൈവരാജ്യം നിലവിൽ വരാൻ അതാണാവശ്യം. അനുതാപം വെറും സങ്കടമല്ല; മനുഷ്യമനസ്സിന്റെ ഗതിയിലും ഭാവത്തിലും വരുന്ന ഒരു മാററമാണതു്. സ്വാർത്ഥകേന്ദ്രീകൃതമായ മനസ്സ് പരകേന്ദ്രീകൃതമാകുന്നതാണ്. സ്വാർത്ഥത്തിന്റെ ഭ്രമണവലയത്തിൽ കിടന്നു കറങ്ങുന്നവരല്ലേ നാമൊക്കെ?" "എന്റെ ജീവിതം, എന്റെ സുരക്ഷിതത്വം, എന്റെ പണം, എന്റെ ജയം,... ഇതല്ലേ നമ്മുടെചിന്താഗതി? ഈസ്വാർത്ഥത്തിൽ നിന്നുള്ള വിമോചനമാണ് മാനസാന്തരം. അങ്ങനെ, ജൂബിലി വർഷത്തിന്റെ മുദ്രാവാക്യമായ അനുതാപം, അനുരഞ്ജനം എന്നതു് യേശുവിന്റെ മുദ്രാവാക്യമായ" പശ്ചാത്താപം, ദൈവരാജ്യം എന്നതിന്റെ ഭാഷാന്തരം മാത്രമത്രെ.

## ക്രിസ്തു: ദൈവരാജ്യത്തിന്റേയും അനുരഞ്ജനത്തിന്റേയും സമ്പൂർണ്ണ സാക്ഷാത്ക്കാരം

അനുരഞ്ജനം പരസ്പരമാണ്. ദൈവ–മനുഷ്യാനുരഞ്ജനത്തിൽ ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള അനുരഞ്ജനം ഏററം ഉദാരമായി അവിടുന്ന് മനുഷ്യന്റെ മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. അതാണ് യേശുക്രിസ്തു. മനുഷ്യൻ ദൈവത്തെ എത്രമാത്രം ധിക്കരിച്ചിട്ടുണ്ടെങ്കിലും അവിടുത്തേയ്ക്ക് മനുഷ്യനെതിരെ ഒന്നുമില്ല; മനുഷ്യനോടു സ്നേഹം മാത്രമേ ഉള്ളു. ആ നിരുപാധിക സ്നേഹത്തിന്റെ മൂർത്തീഭാവമാണ് ക്രിസ്തു.

ക്രിസ്തുവിലൂടെ വെളിപ്പെടുന്ന അനുരഞ്ജനം അതിന്റെ പാരമ്യത്തിൽ അരങ്ങേറുന്ന വേദിയാണു കുരിശ്. അനുരഞ്ജനത്തിന്റെ ഉറവിടം

എന്നു് അതിനെ വിശേഷിപ്പിക്കാം. ദൈവം പാപിയായ മനുഷ്യനോടു് നിരുപാധികം ക്ഷമിച്ചതു് എങ്ങനെയെന്നു കുരിശു പ്രഖ്യാപിക്കുന്നു. കുരിശിലൂടെയുള്ള അനുരഞ്ജനം ദൈവത്തിന്റെ ഭാഗത്തു നിന്നു് സമ്പൂർണ്ണമായും ഒരു ദാനമാണു്; മനുഷ്യനു് എന്തെങ്കിലും അർഹതയുണ്ടായിട്ടല്ല. അങ്ങനെ മനുഷ്യനുമായുള്ള ദൈവത്തിന്റെ അനുരഞ്ജനം നടന്നു കഴിഞ്ഞു. അതു് ഏകപക്ഷീയമാണു്; അതായതു്, മനുഷ്യൻ തന്നോടു് രമ്യപ്പെടണം എന്ന വ്യവസ്ഥയിൽ അധിഷ്ഠിതമല്ല. ഇനി നടക്കേണ്ടതു് മനുഷ്യന്റെ അനുരഞ്ജനമാണു്; മനുഷ്യൻ ദൈവവുമായി രമ്യപ്പെടണം.

അനുരഞ്ജനത്തിന്റെ രണ്ടു മുഖങ്ങളും — ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽ തമ്മിലും — അവയുടെ പൂർണ്ണതയിൽ ഉള്ളതു് യേശുവിലാണു്. പിതാവായ ദൈവത്തിന്റെ ഹിതത്തോടുള്ള പൂർണ്ണവിധേയത്വമാണു് അവിടുന്നു് (15); അതുപോലെതന്നെ, മനുഷ്യനുവേണ്ടി ബലിയർപ്പിക്കപ്പെടുന്ന ദിവ്യകുഞ്ഞാടും ആണു് അവിടുന്നു്. (16) അനുരഞ്ജനത്തിന്റെ ഈ രണ്ടു മുഖങ്ങളും ഏററം മികച്ച രീതിയിൽ പ്രകടമായതു് കുരിശിലാണു്. എന്നു മാത്രമല്ല, ഇവ രണ്ടിന്റേയും ഒരു പ്രതീകവുമാണു് കുരിശു്. അതിന്റെ നെടിയപാളി ദൈവവും മനുഷ്യനും തമ്മിലുള്ള ലംബമാന (Vertical) അനുരഞ്ജനത്തേയും കുറിയപാളി മനുഷ്യർ തമ്മിൽത്തമ്മിലുള്ള തിരശ്ചീനാ (horizontal) നുരഞ്ജനത്തേയും പ്രതിനിധാനം ചെയ്യുന്നു. (17)

## കുർബാന: അനുരഞ്ജനത്തിന്റെ വേദി

അനുരഞ്ജനത്തിന്റെ സ്രോതസ്സായ കാൽവരിയിലെ യാഗത്തിന്റെ പുനരവതരണമാണല്ലോ കുർബാന. ഇതിൽ പങ്കെടുക്കാനുള്ള അനിഷേധ്യ വ്യവസ്ഥയാണു് അനുരഞ്ജനം. (18) പരസ്പരാനുരഞ്ജനത്തിന്റെ പ്രഖ്യാപനമാണു് കുർബാനയിലെ സമാധാനചുംബനം. കുർബാന കൈക്കൊള്ളുമ്പോൾ യേശുക്രിസ്തു എന്ന ഒററപ്പെട്ട വ്യക്തിയെ അല്ല, ശിരസ്സായ ക്രിസ്തുവിനേയും അവിടുത്തെ അവയവങ്ങളായ സഹോദരങ്ങളേയും ആണു് ഞാൻ സ്വീകരിക്കുക. എല്ലാവരേയും ഞാൻ സ്വീകരിക്കുന്നു എന്നും എല്ലാവർക്കും ഞാൻ എന്നെത്തന്നെ നൽകുന്നു എന്നും ഉള്ള പ്രഖ്യാപനമാണു് കുർബാന.

## അനുരഞ്ജനത്തിന്റെ കൂദാശ

നാം എത്ര വലിയ പാപികളാണെങ്കിലും നമ്മുടെ പാപങ്ങൾ വിഗണിച്ചുകൊണ്ടു് (19) നമ്മോടു് അനുരഞ്ജനം പ്രഖ്യാപിച്ചിരിക്കുന്ന ദൈവവുമായി രമ്യപ്പെടാനുള്ള മനുഷ്യന്റെ യത്നമാണു് കുമ്പസാരം. ഇതു വെറും വ്യക്തിഗത ശുദ്ധീകരണത്തിന്റെ കൂദാശ എന്നതിനേക്കാൾ പരസ്പരാനുരഞ്ജനത്തിന്റെ കൂദാശയത്രെ. ഈ കൂദാശയുടെ ശരിയായ ചിത്രം വിശ്വാസികൾക്കു നൽകാനും തെററായ ധാരണകൾ തിരുത്താനും ഈ വർഷം പ്രത്യേകം ശ്രദ്ധിക്കണമെന്നു് സഭ നിർദ്ദേശിച്ചിട്ടുണ്ടു്.

## തിൻമയുമായി അനുരഞ്ജനമില്ല

സത്യത്തിലോ ഉന്നതമായ ആദർശങ്ങളിലോ വിട്ടുവീഴ്ചകൾ വരുത്തിക്കൊണ്ടുള്ള അനുരഞ്ജനം ക്രിസ്തീയമല്ല. എന്നാൽ വ്യക്തികൾ തമ്മിൽ നിലവിലിരിക്കുന്ന അഭിപ്രായവ്യത്യാസങ്ങളോ വിശ്വാസാന്തരങ്ങളോ ഒരിക്കലും അവർ തമ്മിലുള്ള അനുരഞ്ജനത്തിനു് പ്രതിബന്ധമാവേണ്ടതില്ല. മനഃസാക്ഷിയെ ബലികഴിക്കുകയോ കഴിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്തുകൊണ്ടുള്ള അനുരഞ്ജനം ക്രിസ്തീയമല്ല. എല്ലാവരുടേയും അഭിപ്രായങ്ങൾക്കു് ആമേൻ പറയുന്നതല്ല അനുരഞ്ജനം; നമ്മുടേതിൽ നിന്നു് ഭിന്നമായ അഭിപ്രായമുള്ളവരേയും കലവറയില്ലാതെ സ്നേഹിക്കാനും മാനിക്കാനും സാധിക്കുന്നതാണു്.

## അനുരഞ്ജനവും സഭാസമൂഹങ്ങളും

സഭയുടെ ചെറിയ പതിപ്പുകൾ (Micro-ecclesiae) എന്നു വിശേഷിപ്പിക്കപ്പെടുന്ന ഇടവകകൾ, സന്യാസസമൂഹങ്ങൾ മുതലായവ അനുരഞ്ജനത്തിനും ദൈവരാജ്യത്തിനും മികച്ച മാതൃകകളായി വിളങ്ങേണ്ടവയാണു്. ചെറിയ സമൂഹങ്ങളിലെ അനുരഞ്ജനത്തിനു്, നിയമങ്ങളിലും അനുശാസനങ്ങളിലും ഒതുങ്ങാത്ത മനുഷ്യത്വത്തിന്റെ നനവുള്ള വ്യക്തിബന്ധങ്ങൾ എത്ര വലിയ മുതൽക്കൂട്ടെന്നോ? അധികാരത്തിന്റെ ഔദ്യോഗികതയെക്കാൾ അനുരഞ്ജനത്തിന്റെ അനൗപചാരികതയായിരിക്കും ഈ വിധ സമൂഹങ്ങളിൽ പ്രത്യേകിച്ചും ആവശ്യം.

1. ''ജനതകളുടെ പ്രകാശം'' I
2. ലേവ്യർ. 25:8_55
3. എഫേ. 2:14_22
4. II കൊറി. 5:18
5. 1983-ലെ മേദിനം (Justice Day) പ്രമാണിച്ച് C B C I പുറപ്പെടുവിച്ച പ്രമാണരേഖ
6. ഏശ. 1:18
7. ഏശ. 11:6_9; 65: 17_25
8. റോമ. 8:19_23; കൊളോ. 1:19_20
9. I യോഹ. 3:21
10. ഉല്പ. 3:10_12
11. മത്താ. 4:17, 23; മര്ക്കോ. 1:14
12. II കൊറി. 5:18
13. ലൂക്ക. 11: 2_5
14. ലൂക്ക. 12:31
15. വെളി. 3:14
16. യോഹ. 1:29
17. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഫ്രാൻസിസ് അസ്സീസ്സിയുടെ ജന്മശതാബ്ദി പ്രമാണിച്ച് അസ്സീസ്സി സന്ദർശിച്ച പ്പോൾ ചെയ്ത പ്രസംഗത്തിൽ നിന്ന്
18. മത്താ. 5:23_24
19. റോമ. 5:20


## ഇറിഗേഷൻ

എത്ര താഴ്ചയിൽനിന്നും ഏതു് ഉയരത്തിലേയ്ക്കും അകലത്തിലും ശാസ്ത്രീയമായി കുറഞ്ഞ ചിലവിൽ.
ശരിയായ ഉത്തരവാദിത്വത്തോടെ കൃഷി, വീട്ടാവശ്യങ്ങൾ എന്നിവയ്ക്കു് വെള്ളം എത്തിച്ചുകൊടുക്കുന്നു.
കൂടാതെ, മോട്ടോർ. പമ്പ്, പൈപ്പുകൾ. ഫിററിംഗ്സ്, അരവുയന്ത്രം, പെട്ടിത്രാസ്,
വാഷിംഗ് മെഷീൻ മുതലായവയും മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.
വില്പനാനന്തര സേവനം വിശ്വസ്തതയോടെ നിർവഹിച്ചുകൊടുക്കുന്നതാണ്

**BRIGHT INDIA TRADES**
ENGINEERS & DISTRIBUTORS
M. C. ROAD
**ETTUMANOOR 686631**
(Phone : 105, Res : 114)

PHONE: SHOP 233
RES 649

# M / s. Cee Vee Kay & Company

**CHITTATTUKALAM**
CANE GAGGERRY MERCHANTS & COMISSION AGENTS,
**Market, Changanacherry, Kerala**
നല്ല ഇനം ശർക്കര മിതമായ വിലക്ക്
വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന
**ഏകസ്ഥാപനം**

**Prop. VARGHESE KURIAKOSE**
**CHITTATTUKALAM**

# ആത്മാവിൻെറ ആഴങ്ങളിൽ

സി. ആവില S. A. B. S.

പ്രകൃതി ഒരു മനോഹരിയായി അവിടെ നൃത്തം വയ്ക്കുന്നുണ്ടായിരുന്നു. കണ്ണഞ്ചിക്കുന്ന കമനീയത സമ്പന്നവും സമൃദ്ധവുമായ ആ സൗകുമാര്യത്തിലൂറി കൂടുന്ന ഈശ്വര ചൈതന്യം അതിമധുരമാണെന്നു് അവളറിഞ്ഞു. അതവളുടെ ഹൃദയത്തെ തൊട്ടുണർത്തി— ആത്മാവും ശരീരവും ആനന്ദമൂർച്ഛയിലലിയുന്നതു പോലെ. എന്നുമീ രമ്യതയിൽ മുഴകാൻ, ഈ സ്വർഗ്ഗീയാനുഭൂതിയുമായി അഭിരമിക്കാൻ അവളുടെ മനം തുടിച്ചു. ഈശ്വരൻെറ സർഗ്ഗ ചൈതന്യം തുള്ളിത്തുളുമ്പി നിന്ന ഭൂമി ദേവിയുടെ മാറിൽ ഒരോളമായി അവളിളകി.

പെട്ടെന്നാണതു് സംഭവിച്ചതു്. സ്വന്തം കണ്ണുകളെ അവൾക്കു് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. മധുരമായ ഒരാലസ്യത്തിൽ പെട്ടു് പാതിയടഞ്ഞുപോയിരുന്ന കണ്ണുകൾ പാടുപെട്ടു് അവൾ തുറന്നു. അതെ, അവിടെ മൃതിയുടെ സ്മരണകളുണർത്തുന്ന ഒരു പഞ്ജരമുണ്ടായിരുന്നു. ആകാംഷയോടെ അവൾ അടുത്തുചെന്നു. ചത്തു അഴുകുവാൻ തുടങ്ങിയ ഒരു പക്ഷി; ആ ചീഞ്ഞുനാറുന്ന പക്ഷിക്കരികിലായി വററി വരണ്ടൊരു കൊച്ചു ചിരട്ട. ധാന്യമണികളില്ലാത്ത ഒഴിഞ്ഞ ശൂന്യമായ പാത്രം. അവൾ തരിച്ചു നിന്നു. ശരീരം മുഴവനിലും സർവ്വകോശങ്ങളിലും മരവിപ്പനുഭവപ്പെടുന്നതുപോലെ— അവളുടെ ഹൃദയം വാചാലമായി മനസ്സവളോടു് മന്ത്രിച്ചു. ''കഷ്ടം! നിറഞ്ഞൊഴുകുന്ന ഈ നീരരുവിക്കു് സമീപം പാവം പക്ഷി ദാഹിച്ചു പിടഞ്ഞു് മരിച്ചു. വിളഞ്ഞു സമൃദ്ധമായ ഈ വയലിനു് മദ്ധ്യേ പാവം പക്ഷി വിശന്നു പൊരിഞ്ഞു് ചത്തു. എന്താണിവിടെ സംഭവിച്ചതു്?...... ആരാണു നിന്നെ ബന്ധിച്ചതു്?......

അവളുടെ ചിന്തകൾ ചിറകുവിരിച്ചു, യാഥാർത്ഥ്യത്തിൻെറ മേഖലകളിലേക്കു് നിമിഷനേരം കൊണ്ടവൾ പറന്നുയർന്നു. പിന്നെ അവൾ മുമ്പിൽ കണ്ടതു്, പക്ഷിയെയല്ല, പഞ്ജരവുമല്ല. മനുഷ്യൻെറ പേടിപ്പെടുത്തുന്ന അസ്ഥിപഞ്ജരം. ചത്ത പക്ഷിയതാ മനുഷ്യഹൃത്തായി രൂപാന്തരപ്പെടുന്നു. ആ ഹൃദയത്തിൽ ആഴമേറിയ ഒരാഘാതമുണ്ടു്. അവിടെ നിന്നും രക്തം ഇററിററു വീഴുന്നു. ഹൃദയത്തിലേററ മുറിവു്, അതാ, മനുഷ്യൻെറ അധരപുടങ്ങളായി രൂപമെടുക്കുന്നു. രക്തപങ്കിലമായ ആ അധരങ്ങൾ വാചാലമാകുന്നതു്, അഭൂതപൂർവ്വകമായ അത്ഭുതം കലർന്ന ആനന്ദത്തോടെ അവൾ കണ്ടു.

അവൾക്കു് മുമ്പിൽ അനന്ത ചൈതന്യം ജീവശ്രുതിയുണർത്തി, വിനയത്തോടെ, വിധേയത്വത്തോടെ, അവൾ ചെവികൂർപ്പിച്ചുനിന്നു. ''മനുഷ്യൻെറ ദുരാശകൾക്കും വിലക്കുകൾക്കും വിധേയമായ മർദ്ദിത മനുഷ്യഹൃദയമാണു് ഞാൻ. സൃഷ്ടിയുടെ സൗന്ദര്യത്തിൻേറയും സമ്പന്നതയുടേയും മദ്ധ്യത്തിൽ സ്നേഹത്തിൻെറ അത്ഭുതപ്രപഞ്ചത്തിൽ ഞാൻ ഉപേക്ഷിക്കപ്പെട്ടവളും തിരസ്കൃതയുമായി. ഈ ലോകത്തിൻെറ സമ്പന്നതയും സ്നേഹത്തിൻെറ സമൃദ്ധഫലങ്ങളും എനിക്കു നിഷേധിക്കപ്പെട്ടവയായിരുന്നു. ബന്ധിതയായ ഞാൻ വിശന്നു പൊരിഞ്ഞു ദാഹാർത്തയായി പിടഞ്ഞു മരിച്ചു.''

അപരാധബോധത്തിൽ അവളാകെ തളന്നുകുഴഞ്ഞു. സൃഷ്ടിയുടെ മകുടമായ മനുഷ്യൻെറ ബന്ധിതസ്ഥിതി അവൾ വ്യക്തമായി കണ്ടു. സ്വന്തം സുഖവും മുഖവും തേടിയലയുന്ന സ്വാർത്ഥനായ മനുഷ്യൻ, തൻെറ മുമ്പിൽ കാണുന്നവയെല്ലാം തളർത്തുകയും തളക്കുകയും ചെയ്യുന്നു. ഉള്ളിലുറങ്ങിക്കിടന്ന ആന്തരിക മനുഷ്യൻ സടകുടഞ്ഞെഴുന്നേററു.

സ്വാതന്ത്ര്യത്തിൻെറ നിത്യ വിഹായസ്സിലേയ്ക്ക്......





''ഇതാ ഞാൻ ..................

എൻെറ സഹോദരങ്ങളെ സ്വതന്ത്രരാക്കുവാൻ
എനിക്കുവേണ്ടി മാത്രം ഇനി ഞാനൊന്നും
കരുതിവയ്ക്കുകയില്ല.
എന്നെ വളർത്തുവാൻ വേണ്ടിമാത്രം
ഇനി ഞാൻ ശബ്ദിക്കുകയില്ല.
ബന്ധിതൻെറ ബന്ധനം ഞാൻ തകർക്കും
എൻേറയും അന്യൻേയും ആത്മാവിൻെറ
മോചനം—
അതു മാത്രമാണ് ഇനി എൻെറ ലക്ഷ്യം.''

ഇതാ മറെറാരുവൾ! എന്തിനോ എല്ലാവർക്കും വേണ്ടി അലഞ്ഞു തളരുന്ന ജീവിതം. വ്യർത്ഥമായ മോഹങ്ങളും മോഹഭംഗങ്ങളും അവളെ തകർത്തിരിക്കുന്നു. ഇനി സമൃദ്ധിയുടെ ഭൂമി അനുഭവിക്കുവാനുള്ള യോഗം അവളുടേതല്ലെന്നോ?.

എങ്ങോട്ടാണീയാത്ര!............

അതവർളുടേയും ദൃഷ്ടിയിൽ പതിഞ്ഞു. പക്ഷെ അവർക്കും ആദ്യം അതിൻെറ അർത്ഥം പിടികിട്ടിയില്ല. അതുകൊണ്ടുതന്നെ മനസ്സിൽ ചോദ്യവുമുണർന്നു. ''എത്ര വിചിത്രമായ ദുരന്തം... എങ്ങിനെയാണിതു സംഭവിക്കുക. സമ്പന്നതയുടെ നടുവിൽ ഇത്ര ഭയാനകമായ ശൂന്യതയുടെ ദുരന്തമോ''?......

ആ ചോദ്യം, അതവളുടെ ആത്മാവിൻെറ ആഴങ്ങളിലാണ് വേരുകൾ പാകിയതു്.

എന്തോ, എവിടെയൊക്കെയോ തന്നെ നിദ്ദ്രയം കാർന്നു തിന്നുന്ന അനുഭവം! സ്വന്തം ആത്മാവിൽ സ്വയം നിർമ്മിച്ച ബന്ധനത്തിൻെറ ശക്തമായ അഴികഠം അവിടെ അവഠം വ്യക്തമായി കണ്ടു.

''ഈ പക്ഷി എൻെറ പ്രതീകമാണു്!
എൻെറ മാത്രം പ്രതീകമാണു്!!
ദൈവത്തിൻെറ അനവദ്യ സമ്പന്നതയുടെ
നടുവിൽ
ലോക പാശങ്ങളാൽ സ്വയം ബന്ധിതയായ
എൻെറ പ്രതീകമാണിതു്.
കഷ്ടം, നിത്യജീവൻെറ അരുവിയുടെ
അരികിൽ,
വിശപ്പും ദാഹവും കൊണ്ടു മൃതപ്രായയാണു്
ഞാൻ''......

പഞ്ജരത്തിനുള്ളിലെ ചത്തുകിടക്കുന്ന ആ പക്ഷി സ്വന്തം അന്ത്യത്തെക്കുറിച്ചവഠംക്കു് മുന്നറിയിപ്പു നൽകി. അവിടെ അവളൊരു പുതിയ തുടക്കമിട്ടു. അവിടെ അവളൊരു പുതിയ പ്രഭാതം കണ്ടു.

''ഇല്ല, ഇനി ഈ വഴിയെ ഞാനില്ല.
ലോകത്തിൻെറ മോഹങ്ങഠം എന്നെ
തളർത്തിയിരിക്കുന്നു.
* എൻെറ ശിരസ്സിൽ ഇനി എന്നെ ഞാൻ
ചുമക്കുകയില്ല.
എൻെറ പടിവാതില്ക്കൽ
ഇനി ഭിക്ഷക്കാരിയായി നില്ക്കുകയുമില്ല.
ഈ ചുമടു് അങ്ങയുടെ കാല്ക്കൽ വച്ചിട്ടു്,
സ്വച്ഛമായി ഞാൻ പുറത്തേയ്ക്കു പോകും
ദുർമോഹം അതിൻെറ മലിനമായ കൈകഠം
കൊണ്ടു് വാരിക്കൂട്ടുന്നതൊന്നും
ഇനി എനിക്കാവശ്യമില്ല,
ഈശ്വരഹിതം .........
അതുമാത്രമായിരിക്കട്ടെ എൻെറ പാനപാത്രം''!

അതൊരു ദർശനമായിരുന്നു. ആത്മാവിൻെറ കണ്ണുതുറപ്പിക്കലായിരുന്നു. പ്രകൃതിയും താഴ്വരയും, കിളിയും കിളിക്കൂടുമെല്ലാം, മനുഷ്യനു് എന്നെന്നും മഹത്വത്തിലേയ്ക്കുള്ള സാധന പാഠങ്ങഠം!!

---
* ഗീതാഞ്ജലി




# GROWTH OF A MUSTARD SEED

Sr. Alphonsus Maria S. A. B. S.

It is interesting to observe how in the course of history, souls gifted with special charisma emerge at significant moments to face the challenges of the day, and to 'renew everything in Christ'. One such notable figure of the Church in Kerala is Bishop Thomas Kurialacherry of happy memory. His manifold services to the people of God as pastor and prelate were amply rewarded by Providence, and culminated in the founding of a new religious order – the congregation of the Adoration of the Bl. Sacrament. As the congregation celebrates its platinum jubilee this year, it seems opportune to take a retrospective glance over the years passed by, and to raise our hearts in praise and thanksgiving to the Eucharistic Lord.

Fr. Thomas Kurialacherry was fortunate indeed to have his priestly training in Propaganda College, Rome, and to be personally acquainted with Cardinal Sartho, Patriarch of Venice (later Pope Pius X), a known devotee of the Bl. Sacrament. The devotion to Jesus in the Eucharist had always been in him from early childhood, and later bloomed into a constant commitment during his seminary days. The long hours spent before the Bl. Sacrament in adoration were moments of joy and strength for him, of an even closer relationship with Jesus. As he came to know of a Perpetual Adoration Convent near Propaganda College, he became a frequent visitor there, to adore the Lord, burning with a desire to spend himself totally in His service. When he returned to India in Nov. 1899 as a zealous young priest, he had made up his mind to found a congregation of women similar to the ones he had seen in Europe, set apart primarily for the adoration of the Bl. Sacrament.

Despite his firm conviction and decision, furher steps remained a vague and uncertain prospect still. Deeply aware of his limitations and the hardship he would have to face, Fr. Thomas spent the days in prayerful thinking. But with an unshakable trust in the Lord, he marched on ahead, waiting for the moment of the Lord.

God's inscrutable ways revealed themselves before long in a young widow of Champakulam who had made up her mind to live a life of prayer and commitment. On the beautiful Sunday morning of Nov. 19th, 1899, Fr. Thomas gave a sermon in the Church on devotion to the sacred Heart of Jesus, without the faintest idea that here he would meet the soul God had designed to cooperate with him in the founding of a new congregation for Adoration of the Bl. Sacrament. The sermon on the Eucharist was uniquely touching to all, but the humble widow, Philomina Vallayil, felt especially called to a life of dedication to the Bl. Sacrament, and decided to talk to the fervent priest about it.

Fr. Thomas at once realized that the moment he was waiting for, had come. The God who had called Abraham and Moses to lead His people had finally called him too to a radical commitment, amidst extreme uncertainty and an enormous amount of responsibility. Yet the sentiments that swept over him were those of a joyous acceptance of the path shown to him and deep gratitude. Fr. Thomas went on, sustained by nothing but blind faith, in search of the new world that was still 'in the making'. He was well aware of the risks involved in the founding of a new religious order, yet hurled himself totally into the arms of God with an absolute trust

As he wished to build this new edifice on strong foundations, Philomina was tried and trained by him; and even sent back to school to continue her studies in the l std. at the age of 22. He was impressed by her deep piety, humility, spirit of prayer, will power and especially her devotion to the Bl. Sacrament. Inspired by her example, and motivated towards a similar life, a few more girls joined her, and they were all sent for their education and training to the Carmelite Convent school at Mutholy. Later, when Fr. Thomas was appointed Vicar of St. George's Church, Edathva, the girls were brought to Edathva to be under his careful guidance Mr.Thomachan Puthenparambil of happy memory, a close friend of Fr. Thomas and is Popularly known as "Kerala Assisi", offered his own house to accomodate the girls. But Fr. Thomas accepted his cow shed only as the first abode of his daughters so that they may grow in a spirit of poverty and humility right from the very beginning.

Indeed the girls rejoiced in being fortunate enough to have the origins of the congregation of the Bl. Sacrament in surroundings similar to that to Bethlehem. They felt privileged to imitate Jesus–the poor of Yahweh–so closely, and spent their days in study, hard labour and prayer.

On Dec. 8th 1908, the first five members were given the veil and formally accepted into religious life, thus marking the birth of the Congregation. More girls came forward expressing their desire to join. But Bp. Makil, the local ordinary, discouraged Fr. Thomas in his endeavours, suggesting that the girls could join one of the existing congregations. But Fr. Thomas was firm, for he was fully convinced of the unique charism of the new congregation. And providence manifested itself again in the appointment of Fr. Thomas as the new bishop of Changanacherry in 1911.

The Congregation flourished and the members grew in number under the guidance and episcopal patronage of Bp. Thomas. His own deep prayer life served as a source of strength for the young sisters. Thus when Bp. Thomas enriched the congregation with an intense spiritual leadership, Philomina Vallayil (now Sr. Mary Shantal) strived for its external growth too. Being an intelligent and enterprising lady, she opened new houses in remote areas of the diocese. Her services in the field of education were acclaimed by all, and with a rare courage she withstood the many obstacles of the early days. The long hours spent before the Lord made her an apostle of the Bl. Sacrament, and she remained a supreme model of an 'active contemplative' till she was called to His eternal presence on May 25th 1972.

Bp. Thomas, the founder, nurtured his own 'child' with paternal care till his death in Rome on June 2nd 1925. By then, the congregation had 9 branch houses, 73 professed sisters, 61 novices and 35 aspirants. We recall with immense gratitude that after the demise of its founder, the congregation was faithfully guided by Rev. Dr. James Kalacherry, the next bishop of Changanacherry.

Under the patronage of the new prelate, for over two decades, the congregation extended its apostolate to wider fields. Canonical novitiate for its members was started in Thuruthy in 1933, and Mother Philomina was elected the first mother general. Mother Marcelina succeeded her. We bow in gratitude before the valuable services of these noble souls for the spiritual as well as material growth of the congregation.

During this period the congregation spread to other dioceses too, marking a significant stage in its growth. The happy memory, the late Mar Augutine Kandathil archbishop of Ernakulam, wished to open a branch of the congregation in his diocese, and the first house was started in Koratty in 1930. Again with the bifurcation of the Changanacherry diocese into two dioceses in 1952, the congregation too got a new unit in the diocese of Palai. Mother Philomina was elected the new mother general in Changanacherry, and mother Regina in Palai. Mar Sebastian Vayalil, the bishop of Palai encouraged the sisters to open houses in different parts of the diocese. Mother Mary Sienna (Ernakulam 1952–58) Mother Mary Celestine (Palai 55–61), Mother Mary (Changanacherry 58–64) and Mother Euodxia (Palai 61–64) were at the helm of affairs in the congregation in the various dioceses. When the Ernakulam diocese was bifuracted in 1961, the congregation got a new unit in Kothamangalam diocese.

By now the congregation which started as a 'little mustard seed' had spread far and wide, and the Palai Province made a bold response to the call from Malabar. Eventually the congregation itself took up mission centres in the northern regions of the country which resulted in the spreading of the Eucharistic devotion outside Kerala and later even outside India as it had been envisaged by its founder. In his prophetic insight Bp. Thomas knew that the uplift of the people through education was the felt need of the then society. He spread the devotion to the sacred Heart, to Our Lady, taught the people about the sanctity of Christian families, and stressed the need for prohibition. Even in the constitution of the congregation he has exhorted his daughters to consider the teaching of catechism as one of their Prime duties, and to run boarding schools for girls. They were faithfully taken up and carried out by his daughters. It was further in the plan of the founder that his daughters should constantly live the Eucharistic life, and lead others too into this wellspring of life eternal.

The congregation in different dioceses thrived well and made remarkable progress under the respective mothers general. But it had to be unified under one superior general to get its constitution approved. Rev. Fr. Eliseus O.C.D. was appointed as the apostolic delegate for the congregation, and later Rev. Fr. Francis Sales CMI was the Roman delegate to help the congregation in the tedious job of amalgamation. Mother Espirith was elected the first superior general of the whole congregation in 1963. A generalate was the felt need of the moment, the foundation stone of which was laid in Dec. 1964, on the occasion of the Eucharistic congress in Bombay. Cenacle, the Generalate, was blessed on March 18th 1969, by H.E. Cardinal Parecattil, and is righty called the power house of the congregation, the force that binds us all together in love.

The golden jubilee of the congregation was celebrated in 1966, and also the 50th anniversary of the profession of its first members. The highlight of the celebrations was the Eucharistic procession at Perpetual Adoration Chapel, Vazhappally led by 50 priests and participated by numerous sisters and lay people. The congregation was raised to the Pontifical status on Feb. 11, 1968 by H. E. Cardinal Maximilian de Fuerstenburg – thanks to the valuable help of Rev. Fr. Sales C.M.I. On this occasion the revised constitution of the congregation was approved on an experimental basis.

On Dec. 8th, 1973 Mother Alphonsus Maria was elected as the second superior general of the congregation for a period of six years. The new province of Kanjirappally was started during this time. The 50th death anniversary of the founder was celebrated on June 2,1975 and the year was dedicated in a special way to spiritual renewal. The task of guiding the destinies of the congregation is currently taken up by Mother Lambert. Realising fully well that the call of Vat. II to return to the sources holds an ever greater relevance today, the sisters have been recently pursuing a deep study of the charism of the congregation. The Vice-province of Mananthavady was started in 1979, thus making the total number 7.

The congregation today has 2656 members working in India, Kenya, Rome, Germany, Australia etc. in close collaboration with the local bishops and other charitable agencies. The 'House of Prayer' at the Generalate stands out as the sustaining force behind all our activities, and keeps our gaze fixed on the 'Beyond' even while fully alive to the reality of the here and now. Sisters gladly avail themselves of the opportunity to spend a few weeks or months behind the closed doors of its enclosure, to enjoy His Presence and come back spiritually refreshed.

75 years in the history of a congregation is a significant span of time indeed. Here we pause a while to say 'thanks' for all that has been, and to say 'Yes' for all that will be. The Lord in his mercy has been good and kind to us all along, and we raise our hearts in profound gratitude to Him. We hope and pray that the spirit of Jesus in the Eucharist be our strength and comfort as we strive to live the reality of his words, "unless the grain of wheat falls to the ground and dies it remains alone; but if it dies, it bears much fruit". (Jn. 12:24)

# Apostolic Activities



*"Wisdom is radiant and unfading and she is easily discerned by those who love her, and is found by those who seek her"*

Wis. 6:12

Bishop Kurialacherry Memorial College



Nursery—Thathampilly





Match works— Fatimapuram

*With them we commit ourselves so that they may become artisans of their own liberation.*



Radio Assembling—Thodupuzha



Fiber works—Kappad

*Reaching out in love:-the sick,*



Hospital Josgiri

*the lonely*



Orphanage Mananthavady

*and*

*the destitute*



Oldage Home Kadanad



*The Mass media - a powerful instrument to trumpet the good news.*

At work in the Press



Social Centre—Vaikom

# STATISTICAL DATA DECEMBER 1983

| PROVINCES | MEMBERS | | NOVICES | | CANDIDATES | | HOUSES | | SISTERS EXPIRED |
|---|---|---|---|---|---|---|---|---|---|
| | Finally Professed | Temporary Professed | 1st Years | II nd Years | Postulants | Aspirants | Kerala | Outside Kerala | |
| CHANGANACHERRY | 486 | 61 | 22 | 22 | 1 | 30 | 39 | 9 | 101 |
| ERNAKULAM | 523 | 72 | 17 | 13 | — | 31 | 28 | 10 | 12 |
| PALAI | 599 | 44 | 21 | 13 | 3 | 40 | 30 | 12 | 34 |
| KOTHAMANGALAM | 389 | 68 | 25 | 12 | — | 33 | 28 | 8 | 4 |
| TELLICHERRY | 160 | 51 | 15 | 5 | 21 | 14 | 25 | 3 | 5 |
| KANJIRAPPALLY | 150 | 26 | 20 | 16 | — | 17 | 21 | — | 1 |
| MANANTHAVADY | 75 | 17 | 4 | 2 | 7 | 20 | 12 | — | — |
| GENERALATE | | | | | | | 3 | 3 | — |
| TOTAL | 2382 | 339 | 124 | 83 | 32 | 185 | 186 | 45 | 157 |
| GRAND TOTAL | 2721 | | 207 | | 217 | | 231 | | 157 |

# സ്മരണകൾ

കവിത

'സ്വർഗ്ഗത്തിൽ മാലാഖമാരേപ്പോലെപ്പോഴം
കർത്താവാമീശോയെ ആരാധിക്കാൻ—
അർപ്പിച്ച കന്യമാർ വൻഗണമൊന്നെന്റെ
കേരളനാട്ടിലുമുണ്ടാകേണം
കുര്യാളശ്ശേരിയിൽ മാർ തോമ്മാ മെത്രാന്റെ
അകതാരിൽ നിന്നു മുദിച്ചുയർന്ന
അതിധന്യമായൊരീ ആഗ്രഹവല്ലരി
ഫലമിട്ടു പ്പാററിനം ജൂബിലിയായ്.

കാരുണ്യശീലരാം കന്യമാരഞ്ചിനാൽ
കാലിത്തൊഴുത്തിലിടത്തുവായിൽ
ആരംഭംകൊണ്ട സഭയിത്ര നാറംകൊണ്ട്
ആർജ്ജിച്ച നേട്ടങ്ങളെത്രയെന്നോ
ആരാധനസഭക്കാദ്യഭവനവും
ആരാധനസ്ഥായി ഓർശ്ലേം പള്ളീം
ആരാധ്യസ്വന്ത ഭവനത്തിനന്തികെ
ചമ്പക്കുളത്തു പണീച്ച താതൻ.

ഈ ദിവ്യഭക്തിയിലാവേശം കൊള്ളുന്ന
അനവധികന്യമാരവിടെയെത്തി.
അതിധന്യമായൊരു നിയമത്തിൻ സംഹിത
അഭിവന്ദ്യതാതനവർക്കു നൽകി.
ആദ്യത്തെ അംഗങ്ങൾ അകതാരിൽ കത്തിച്ച
അനവദ്യസ്വർഗ്ഗീയ ദീപ്തിപൂരം
കനകക്കതിർവീശി അയലത്തെ ഇടവക---
യ്കതിർ വിട്ടു പലടത്തും ചെന്നുമിന്നി.

കണ്ടത്തിൽ മെത്രാപ്പോലീത്താ മാർ ആഗസ്റ്റിൻ
കണ്ടറിഞ്ഞന്നീ സഭാ മഹത്വം
കുര്യാളശ്ശേരിയോടാലോചിച്ചദ്ദേഹം
ഒരു ശാഖ സ്ഥാപിച്ചു തന്റെ നാട്ടിൽ.
പത്തോളം ഭവനങ്ങൾ ഒത്തങ്ങുയരുമ്പോൾ
മാർ തോമ്മാ നമ്മുടെ സ്നേഹതാതൻ
എത്താത്തോരത്തൽ കടലിലീമക്കളെ
എത്തിച്ചുകൊണ്ടു മരിച്ചു റോമിൽ

ഇടിമിന്നലേററപോൽ ഈ വാർത്തകേട്ടിവർ
ഇടറിത്തളർന്നു തകർന്നു പോയി.
അല്ലല്ല എല്ലാത്തിനെല്ലാമായ് നിന്നവൻ
ഇല്ലാതെ വന്നാൽ ഗതിയെന്തന്യം

സഭയുടെ നിലനില്പിൽ സംശയിച്ചെത്രപേർ
പരിഹാസപൂർവ്വകം നോക്കി നമ്മേ.
എരിതീയിലിങ്ങനെ അമരുന്ന നമ്മാംക്ക്
തണലായിട്ടണയുന്നു ജയിംസു മെത്രാൻ—

സർ സി പി ക്കെതിരായി നിരചേർന്ന ജനതയെ
അതിരററ ശക്ത്യാനയിച്ച ധീരൻ
ഒരു രാജവീരനേപ്പോലെയീ നമ്മേയും
പരിപാലിച്ചെത്ര ഉയർത്തിയെന്നോ!
പിൻഗാമിയായ് വന്ന കാവുകാട്ടദ്ദേഹം
അൻപോടു ചെമ്മേ നയിച്ചു നമ്മേ
വയലിൽ കളപ്പുര, മററു പിതാക്കളും
കരതാരിൽ നമ്മേ എടുത്തുയർത്തി.

ഭവനങ്ങാം വർദ്ധിച്ചു പ്രോവിൻസും പലതായി
സുപ്പീര്യർ ജനറാളും സഭയിലുണ്ടായ്
ഇസ്സിരിത്തമ്മ താൻ ആദ്യത്തെ ജനറാളായ്
ആസ്ഥാനം ആലുവാ ജനറലേററും
കാലിത്തൊഴുത്തിൽ നിന്നങ്ങനെ സെഹിയോനിൽ
കാൽകുത്തി നിൽക്കാൻ കഴിഞ്ഞു ഭാഗ്യം
പൊന്തിഫിക്കൽ സ്ഥാനപദവിയും കൈവന്നു
ചന്തത്തിൽ സഭയുടെ അന്തസ് മിന്നി.

പല പല രൂപതക്കകമേയായ് ചിതറിയ
ഭവനങ്ങളെല്ലാവും കീഴിലാക്കി
നിയമങ്ങളൊക്കെയും ക്രോഡീകരിച്ചവ
പുതുമയിൽ പുളകച്ചാർത്തണിയിച്ചമ്മ
തികവുററ വൈദികർ, കഴിവുററ കന്യമാർ
മിഴിവുററ ശ്രേഷ്ഠകാം, അതിശ്രേഷ്ഠകാം
അണിയായിട്ടൊരുമിച്ചു പണിചെയ്തുസഭയുടെ
വിജയത്തിൻ പുതുനൗക പൂർത്തിയാക്കി.

അല്ലോൻസ് മരിയമ്മ ജനറാളായ്ത്തീരുന്നു
അത്ഭുതം ചേർക്കും മുന്നേററമോടെ.
സഭയെങ്ങും പുതുജീവൻ ചിറപൊട്ടിഒഴുകുന്നു
അകലങ്ങാം പലതും തൻപദമമർന്നു.
ആ കുളിർതെന്നൽ കീഴ്ഭവനങ്ങളമരുമ്പോാം
അണയുന്നു ജനറാളായ് ലാംബ്രട്ടമ്മ.
ഇക്കൊച്ചു കാററൊരു കൊടുങ്കാററായ് മാറുന്നു
ഈ ബുദ്ധിശക്തിക്കമരുമെല്ലാം

ഇരുന്നൂറായ് ഭവനങ്ങാം മൂവായിരമംഗങ്ങാം
മുന്നേററമൊട്ടൊട്ടും കുറവല്ലല്ലോ
എൽപി സ്കൂാം യുപിസ്കൂാം ഹൈസ്കൂാം കോളേജുകാം
ആതുരാനാഥകശാലകളും
മിഷൻ കേന്ദ്രങ്ങളും മുദ്രാലയങ്ങളും
സാമൂഹ്യസേവനരംഗങ്ങളും
ഏവം പലവിധ പ്രേഷിതപാതകാം
പ്രോവിൻസിൽ ഏഴിലും പൂവിരിപ്പൂ

കേരളം പിന്നിട്ടീ ഭാരതമൊട്ടാകെ
സാദരം ശാഖ പടർന്നീടുന്നു.
ആസ്ത്രേലിയാ ജർമ്മിനി റോമാപുരിയിലും
തീർത്ഥല്ലോഭവനമോരോന്നു നമ്മടം
അമേരിക്കാ പോലുമെത്തിപ്പിടിക്കുവാൻ
സമോദയത്നം തുടർന്നുകൊൾവൂ
ആഗോള വ്യാപകമായോരുനീക്കമാ—
ണീ സഭാമക്കൾ തന്നേകലക്ഷ്യം.

നിത്യമാം ജീവൻെറ അപ്പത്തിൻ ഭക്തിയീ—
പാർത്തട്ടിലെങ്ങെങ്ങുമെത്തിച്ചീടാൻ
കത്തുന്ന ചൈതന്യമുൾക്കൊള്ളും ധീരരാ
മക്കളേ നോക്കിച്ചിരിച്ചുകൊണ്ടു്---
സ്വർഗ്ഗത്തിലങ്ങയോടൊന്നിച്ചു വാഴുന്ന
ആത്മീയമക്കളാലാവൃതനായ്

പുഞ്ചിരിപ്പൂവുകൊണ്ടഞ്ചിതചുണ്ടുകൾ
പൂമൊട്ടുപോലെ വിടർത്തിനിന്നു
പ്പാററിനം ജൂബിലി സന്ദേശമോതുന്നു
പാററിക്കൊഴിച്ചോരീവാക്കുകളിൽ
മക്കളേ നിങ്ങൾ പരസ്പരം സ്നേഹിക്കു
തോല്ക്കില്ലാ സ്നേഹമൊരിക്കൽപോലും.

സി. ഫബിയാനോസ്

*With Best Compliments from*

CATHOLIC GOSPEL SOCIETY

Kottukappally Centre

Palai 686 575

A Society dedicated to Evangelism

# വിശുദ്ധ കുർബാന ഒരു കൂട്ടായ്മ



Fr. Abraham Moloparambil
M. C. B. S.

'പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ നീ എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. (യോഹ. 17/21). അന്ത്യഅത്താഴത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തു നടത്തുന്ന പ്രചോദനകരവും, ഹൃദയസ്പർശിയുമായ ഈ പ്രാർത്ഥനയിൽ ക്രൈസ്തവകൂട്ടായ്മയുടെ ആഴവും, പരപ്പും കണ്ടെത്തുവാൻ കഴിയും. വചനവും പ്രവൃത്തിയും സംയോജിപ്പിച്ച ക്രിസ്തു കൂട്ടായ്മയുടെ പ്രതീകവും കൂദാശയുമായിട്ടാണ് വി. കുർബാന വിഭാവനം ചെയ്തത്. കുർബാനയുമായി ബന്ധപ്പെട്ട സ്നേഹത്തിന്റെ പുതിയ പ്രമാണം (യോഹ. 13/34) ഈ യാഥാർത്ഥ്യത്തെയാണ് സൂചിപ്പിക്കുന്നത്. നിത്യമായ ഐക്യം വി. ബലിയിലും ബലിയിലൂടെയും മാത്രമേ സാധിക്കുകയുള്ളു. ഇതു് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിനെന്ന് (ലൂക്ക. 22/19) പറഞ്ഞപ്പോൾ ക്രിസ്തു, സ്വയം ദാനത്തിന്റെ മകുടം ചൂടലും, കൂട്ടായ്മയുടെ അടിസ്ഥാനവും, പ്രഘോഷണവുമായി വി. കുർബാനയെ മാററുകയാണ് ചെയ്തത്.

## വി. കുർബാന ഐക്യത്തിന്റെ കൂദാശ

താനും പിതാവും തമ്മിലുള്ള ഐക്യത്തെ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് രൂപം കൊള്ളേണ്ട ക്രൈസ്തവസമൂഹത്തിന്റെ ശക്തിസ്രോതസ്സായി ക്രിസ്തു നൽകിയതു് വി. ബലിയാണ്. ഒരു ശരീരവും മനസ്സുമായി വ്യാപരിക്കുന്ന ക്രിസ്തു ശിഷ്യന്മാരുടെ സ്നേഹസമർപ്പണത്തിന്റേയും, ഹൃദയഐക്യത്തിന്റേയും പ്രായോഗിക രൂപമാണ് വി. കുർബാന.' അപ്പം ഒന്നേയുള്ളു. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്. (1കൊറി. 10/17) ഈ ആശയം വി. യോഹന്നാനും അവതരിപ്പിക്കുന്നുണ്ട്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിൽ വസിക്കുന്നു. (യോഹ. 6/56). വി. കുർബാനയിൽ വ്യക്തികൾ തമ്മിലും, വ്യക്തികളും ക്രിസ്തുവും തമ്മിലുള്ള ഐക്യമാണ് സാധിക്കുന്നത്. മുന്തിരിച്ചെടിയുടേയും ശാഖയുടേയും ഉപമയിലും ഇതു ദൃശ്യമാണ്.

### കുർബാനസ്ഥാപനത്തോടു ബന്ധപ്പെട്ട ഘടകങ്ങൾ:

ക്രൈസ്തവകൂട്ടായ്മയുടെ അന്തരാർത്ഥം കുർബാനസ്ഥാപനത്തോടു ബന്ധപ്പെട്ട ഘടകങ്ങൾ പരിശോധിച്ചാൽ വ്യക്തമാണ്. അന്ത്യഅത്താഴത്തോടും പെസഹാത്തിരുനാളിനോടും ബന്ധപ്പെടുത്തി ശിഷ്യന്മാരുടെ കാലുകൾ കഴുകി ശുശ്രൂഷക്കു മാതൃക നൽകിക്കൊണ്ടാണ് ക്രിസ്തു വി. കുർബാന സ്ഥാപിച്ചത്. അന്ത്യഅത്താഴം വരുവാനിരിക്കുന്ന വ്യവസ്ഥിതിയുടെ ഹൃദയസ്പർശിയായ പ്രതീകമായും, സ്വർഗ്ഗീയ ഐക്യത്തിൻെറ ഉടമ്പടിയായും നിലകൊള്ളുന്നു. സമാധാനവും അനുരഞ്ജനവും സ്ഥാപിക്കുന്നതിനും, സൗഹൃദത്തിൻെറ ആഴങ്ങൾ സൃഷ്ടിക്കുന്നതിനും അതു് അരക്കിട്ടുറപ്പിക്കുന്നതിനുമുള്ള വേദിയാണ് സംഘാതമായ ഭക്ഷണം. കുടുംബകൂട്ടായ്മ വളർത്തുന്നതിനും, ഹൃദയമാനസിക ഐക്യം സംജാതമാക്കുന്നതിനും, ശ്രേഷ്ഠമായ മാദ്ധ്യമം ഒരേ അപ്പത്തിലുള്ള പങ്കുചേരലാണ് പുതിയ ജനതയുടെ പുറപ്പാടിൽ, വി. കുർബാന നമുക്ക് സ്നേഹവിരുന്നാണ്, കുടുംബഭക്ഷണമാണ്. ഭക്ഷണം പോലെ തന്നെ നമ്മുടെ ജീവൻ നിലനിർത്തുന്നതിനും അതിനെ പരിപോഷിപ്പിക്കുന്നതിനും വി. കുർബാനക്കു കഴിവുണ്ട് (യോഹ. 6/58).

യാഹ്വേയിൽ ഒന്നായ ഇസ്രായേൽക്കാർ പെസഹാ ഭക്ഷണം വഴി ഈ ഐക്യം ആഴപ്പെടുത്തുകയും ദൈവസായൂജ്യം യാഥാർത്ഥ്യവൽക്കരിക്കുകയും ചെയ്തു. പെസഹാത്തിരുന്നാളിൻെറ പശ്ചാത്തലത്തിലാണല്ലോ വി. കുർബ്ബാന സ്ഥാപനത്തെ ചിത്രീകരിച്ചിരിക്കുന്നതു്. ഈ പെസഹാ വിരുന്നിൽവച്ച് പുതിയ പെസഹാ കുഞ്ഞാടായ ക്രിസ്തുവിൻെറ മാംസവും രക്തവും ശിഷ്യന്മാർ സ്വീകരിച്ചു, ഇതുവഴി ,ക്രിസ്തുവും ശിഷ്യരും തമ്മിലുള്ള ഐക്യം ദൃഢതരമായി. ഇതുപോലെ ക്രൈസ്തവർ മാമ്മോദീസായിൽ ആരംഭിച്ച ദൈവ ഐക്യം വി. ബലിയിലൂടെയാണ് അനുദിനം ദൃഢതരമാക്കുന്നതു്.

ക്രൈസ്തവ ദർശനത്തിൽ കൂട്ടായ്മ ഉരുത്തിരിയുന്നതു് ശൂന്യവൽക്കരണത്തിലൂടെ (കെനൊസിസ്) യാണ്. പുതിയ ജീവൻ പ്രാപിക്കുന്നതിനും സൗഹൃദംകൊണ്ടു നിറയുന്നതിനുമാണ് ശൂന്യവത്ക്കരണം. 'ഗോതമ്പുമണി നിലത്തു വീണഴിയുന്നില്ലെങ്കിൽ അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും (യോഹ 12/24). വി. കുർബ്ബാനയിൽ ശൂന്യവത്ക്കരണം ഒരു അന്ത്യമല്ല, മറിച്ച് ഒരു മാദ്ധ്യമമാണ്. സ്നേഹത്താൽ പ്രേരിതമായ ഈ ശൂന്യവത്കരണം ദൈവികമാണ്. അതേ സമയം പരോന്മുഖവുമാണ്.

ജീവിതത്തിലുടനീളം യേശു പ്രകടിപ്പിച്ച ശൂന്യവത്കരണത്തിൻെറ മറെറാരുദാഹരണമാണ് വി. കുർബ്ബാന സ്ഥാപനത്തിനു മുമ്പ് അവിടുന്നു നടത്തിയ കാലുകഴുകൽ ശുശ്രൂഷ. (യോഹ. 13/4-10) ശൂന്യവത്കരണം വഴി തൻെറ വ്യക്തിത്വത്തെ പങ്കുവച്ച യേശുവാണ് ദൈവത്തിൻെറ മനസ്സു കണ്ടെത്തുവാൻ, ആ മനസ്സിനുതന്നെ അടിയറ വയ്ക്കുവാൻ ഗദ്സമേനിയിലേക്കു പുറപ്പെടുന്നതു്. മററുള്ളവർക്കു വേണ്ടി സ്വയം ഇല്ലാതാകുന്നവർക്കേ ദൈവത്തിൻെറ മനസ്സു കണ്ടെത്തുവാൻ സാധിക്കുകയുള്ളു എന്നു് വി. കുർബ്ബാന വ്യക്തമാക്കുന്നു.

### കൂട്ടായ്മയ്ക്കു മാതൃക ആദിമ ക്രൈസ്തവർ:

വി. കുർബ്ബാന സാഹോദര്യ ഐക്യത്തിൻെറ രഹസ്യമാണ്. ക്രൈസ്തവ ജീവിതത്തിൻെറ വിവിധ മണ്ഡലങ്ങളെ ആഴത്തിൽ സ്പർശിക്കുന്ന വി. കുർബ്ബാനയിൽ ആദിമ ക്രൈസ്തവർ സാമൂഹ്യജീവിതം, കൂട്ടായ്മ (കൊയിനോനിയാ) ക്രിസ്തുവിലുള്ള വിശ്വാസം, സമൃദ്ധമായ ജീവൻ ഇവയെല്ലാം ധാരാളമായി അനുഭവിച്ചു അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനു വിശ്വാസികൾ ഒന്നിച്ചുകൂടുമ്പോൾ അവരുടെ ഇടയിലെ സൗഹൃദത്തിൻെറയും, സഹാനുഭൂതിയുടേയും നിദർശനമായി പൊതു ഭക്ഷണം – അഗാപ്പേ – ഉണ്ടായിരുന്നു. വചനബദ്ധമായ ജീവിതമായിരുന്നു അവരുടെ മുഖമുദ്ര. കൂട്ടായ്മയിൽ അപ്പം മുറിച്ചു അവർക്കും വസ്തുവല്ല വ്യക്തിയായിരുന്നു വിലപ്പെട്ടതു്. വചനമായ യേശു വ്യതിരിക്തമായിരുന്നു അവരുടെ ഉള്ളുകളിലേക്കു് തന്നെ മുറിച്ചു വിളമ്പി, പലതായിരുന്ന അവരുടെ ആത്മാവുകളെ തന്നിലും, സമൂഹത്തിൻെറ സ്നേഹത്തിലും ഒന്നിപ്പിച്ചു. ഒരേ അപ്പം ഭക്ഷിക്കുന്ന ത

ങ്ങരം ഒരേ ലക്ഷ്യത്തിനായി നിലകൊള്ളുന്ന വരാണെന്ന ഗാഢമായ ബോധ്യം അവർക്കു അനുഭവപ്പെട്ടു.

അപ്പംമുറിക്കൽ ശുശ്രൂഷ ആദിമക്രൈസ്തവരുടെ ജീവിതത്തെ ക്രിയാത്മകമാക്കുകയും, ഉത്തേജിപ്പിക്കുകയും ചൈതന്യപൂർണ്ണമാക്കുകയും ചെയ്തു. അതു അവർക്കു ഒരു ഭക്തകൃത്യമോ ചടങ്ങോ അല്ലായിരുന്നു. ദിവ്യഭോജനത്തിലൂടെ കൈവരിച്ച ഐക്യം സ്വർഗ്ഗത്തിൽ കൈവരിക്കാനിരിക്കുന്ന ഐക്യത്തിൻെറ മുന്നോടിയായി അവർ ദർശിച്ചു. വിഭജന ശുശ്രൂഷയിൽ പങ്കെടുക്കുന്ന ജനങ്ങരം ഒരു സമൂഹമല്ലെന്നു അവർ മനസിലാക്കി. ഒരുമിച്ചു ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്ന അവർ അനുരഞ്ജനത്തിൻേറയും സമാധാനത്തിൻേറയും ദൂതൻമാരായി മാറുകയാണു ചെയ്യുന്നതു്.

## കൂട്ടായ്മയില്ലാത്ത ബലിയർപ്പണം പൗലോസിൻെറ ദർശനത്തിൽ:

ക്രിസ്തുവിൻെറ ബലിയിലെ സാന്നിദ്ധ്യം വി. പൗലോസിൻെറ ചിന്താധാരയെ കാര്യമായി സ്വാധീനിക്കുന്നുണ്ടു്. കാലം മാറിയപ്പോരം ആദ്യകാലബലി ചൈതന്യം ഇല്ലാതായി. ഉള്ളവർ ഒന്നിച്ചു ഭക്ഷിക്കുകയും, ഇല്ലാത്തവർ നോക്കിനിൽക്കുകയും ചെയ്യുന്ന പ്രവണത കൊറിന്ത്യൻ സഭയിൽ തലപൊക്കിയപ്പോരം അതു കർത്താവിൻെറ ശരീരരക്തങ്ങളെക്കുറിച്ചുള്ള അജ്ഞതയാണു് വെളിപ്പെടുത്തുന്നതെന്നു് വി. പൗലോസ് മനസ്സിലാക്കി. ഈ പ്രവണതയെ ശക്തമായ ഭാഷയിൽ പൗലോസ് അപലപിച്ചു (1. കൊറി. 11/17-12). ബലിയും ജീവിതവും രണ്ടു തട്ടിൽ നിർത്തി. കക്ഷിമത്സരവും സമൂഹജീവിതത്തിനു കോടാലിവയ്ക്കുന്ന ഗ്രൂപ്പിസവും വളർത്തുന്ന മനോഭാവത്തെ മുന്നിൽ കണ്ടുകൊണ്ടാണു് പൗലോസ് കൊറിന്ത്യരെ ശാസിക്കുന്നതു്. വി. കുർബാനയെ ഒരു വസ്തുവായി കാണുന്ന പ്രവണതയെയാണു അദ്ദേഹം വിമർശിക്കുന്നതു്. ബലിയുടെ അന്തരാർത്ഥം ഉരംക്കൊള്ളാത്തവർക്കു ആ സ്നേഹവിരുന്നിൽ പങ്കെടുക്കുവാൻ അവകാശമില്ലത്രെ.

## കൂട്ടായ്മ പുതുജീവിതത്തിന്

ബലിയിലെ കൂട്ടായ്മ പൂർണ്ണതപ്രാപിച്ച ഒന്നല്ല, മറിച്ച് നിരന്തരം വളർന്നുകൊണ്ടിരിക്കുന്നതാണു്. മനുഷ്യൻ പുതിയ വ്യക്തിയായി രൂപാന്തരീകരണം പ്രാപിക്കുന്നതിലാണു് ഈ ഐക്യം അടങ്ങിയിരിക്കുന്നതു്. ബലിയിലെ ഐക്യം മനുഷ്യൻ വിചാരത്തിലും, വാക്കിലും, പ്രവൃത്തിയിലും കൂടി ഇപ്പോരം ഇവിടെ അവതരിപ്പിക്കണം. നിരന്തരമായ മാനസാന്തരത്തിലൂടെ സാധിച്ച പുതുമയാണു്, ഐക്യമാണു് ക്രൈസ്തവആധികാരികതയുടെ അളവുകോൽ. ഐക്യം ഹൃദയത്തിൽ സ്ഥാപിച്ച വ്യക്തിക്കു് ദൈവത്തിനും സഹോദരങ്ങരംക്കും പ്രീതിപ്പെടുത്തു കണ്ടെത്തുന്നതിനും, നന്മയും പക്വതയും പ്രാപിക്കുന്നതിനും കഴിയും (റോമ. 12/1-2). അരൂപിയാൽ നിറയപ്പെട്ട ഇവരാണു് ദൈവത്തെ ആബാ— പിതാവേ— എന്നു വിളിക്കുന്നതിനും, അഗാപ്പേയിൽ പങ്കെടുക്കുന്നതിനും യോഗ്യതയുള്ളവർ. (റോമാ. 8/15, ഗാല. 4/6, റോമ 12/9-10, 13/8-10),

വി. കുർബാന വിഭാവനം ചെയ്യുന്ന ഐക്യം വിശ്വാസത്തിൻെറ ജീവിതം നയിക്കുന്നവർക്കേ സാധ്യമാവുകയുള്ളു. ക്രിസ്ത്യാനി അഭിപ്രായത്തിൻെറ ജീവിതം നയിക്കുവാനുള്ളവനല്ല. അഭിപ്രായത്തിൻെറ തലത്തിൽ ജീവിക്കുന്ന മനുഷ്യൻ കൃത്രിമ ജീവിതം നയിക്കുവാൻ നിർബന്ധിക്കപ്പെടുകയാണു്. ഇവർക്കു തങ്ങളെ അഭിമുഖീകരിക്കുന്നതെല്ലാം പ്രശ്നങ്ങളാണു്. ആരും തങ്ങളുടെ അഭിപ്രായത്തിനു വേണ്ടി ആത്മബലി നടത്താറില്ല. എന്നാൽ വിശ്വാസത്തിൻെറ ജീവിതം നയിക്കുന്ന വ്യക്തികരം, തങ്ങളുടെ വിശ്വാസത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യുവാൻ സന്നദ്ധരാണു്. ആദിമസഭയിലെ രക്തസാക്ഷികരം ഈ ഗണത്തിൽപ്പെടുന്നവരാണു്. ഇവർക്കു തങ്ങളെ അഭിമുഖീകരിച്ചവ പങ്കുവയ്ക്കുവാനുള്ള രഹസ്യങ്ങളായിരുന്നു; പ്രശ്നങ്ങളായിരുന്നില്ല. ഇവിടെ ഞാൻ നിനക്കുവേണ്ടിയും, നമ്മരം മറ്റുള്ളവർക്കുവേണ്ടിയും ജീവിക്കണമെന്നു് വി. കുർബാന ആഹ്വാനം ചെയ്യുന്നു. പക്ഷേ, മനുഷ്യൻ അവനു വേണ്ടിയാണു് ജീവിക്കുവാൻ ബദ്ധപ്പെടുന്നതു്. ഇതാണു സ്വാർത്ഥത, പാപം. ഇതിനുള്ള ഉത്തരമാണു് വി. ബലിയിൽ കർത്താവു നൽകുന്നതു്. ഇതാ, നിങ്ങളുടെ പാപമോചനത്തിനുവേണ്ടി, നിങ്ങരംക്കുവേണ്ടി നുറുക്കപ്പെട്ട എൻെറ ശരീരം; നിങ്ങരം വാങ്ങി ഭക്ഷിക്കുവിൻ. ഇതാണു് കൂട്ടായ്മയുടെ അന്തരാർത്ഥം. ഞാൻ എനിക്കുവേണ്ടിയല്ല, നിങ്ങരം

ക്കവേണ്ടി, നിങ്ങളിലെ ദൈവികതയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജീവിക്കുന്നു.

## ബലിയുടെ സമൂഹം

വി. കുർബ്ബാന പ്രപഞ്ചത്തെ മഹത്വീകരിക്കുന്നു. പ്രപഞ്ചത്തേയും മനുഷ്യകുലത്തേയും യോജിപ്പിക്കുന്നത് വി. കുർബ്ബാനയാണ്. വി. കുർബാന അർപ്പിക്കുന്ന ഓരോ വ്യക്തിയും ഈ പ്രപഞ്ചത്തെ ക്രിസ്തുവിലേക്കു നയിക്കുവാൻ കടപ്പെട്ടവനാണ്. അപ്പോൾ ഇവിടെ അടിസ്ഥാനപരമായ ഐക്യം സംജാതമാകും. കർഷകനും, വ്യവസായിയും, സാങ്കേതിക വിദഗ്ദ്ധരും എല്ലാം ഒരു ചരടിൽ സമ്മേളിക്കും. അനീതിയും കള്ളക്കടത്തും ഇല്ലാതാകും. ആരും ആരെയും ചൂഷണം ചെയ്യുകയില്ല. മറിച്ച് ആദ്ധ്യാത്മികമായും ഭൗതികമായും മനുഷ്യൻ വളരും. ഇതാണ് വി. കുർബാന വിഭാവനം ചെയ്യുന്ന സമൂഹം.

വി. കുർബാനയിൽ പങ്കുകൊള്ളുന്നവർ യേശുവെന്ന മിഷനറിയുടെ മാതൃക അനുകരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ലോകത്തിലേക്കു ഇറങ്ങി ക്രിസ്തുരാജ്യം സ്ഥാപിക്കുന്നതിനും എല്ലാവരേയും ബലിവേദിയിൽ ഒന്നിപ്പിക്കുന്നതിനും ഇവർക്കു കടമയുണ്ട്. എല്ലാവർക്കും സ്വാതന്ത്ര്യം പ്രഖ്യാപിച്ച യേശുവിൻെറ സ്വരം മനുഷ്യമക്കൾക്കു പകർന്നു കൊടുക്കുന്നതിനും അനീതിക്കു എതിരായി ശബ്ദമുയർത്തുന്നതിനും, അതിൻെറ അനന്തര ഫലമെന്നവണ്ണം കുരിശിൽ തറയ്ക്കപ്പെടുന്നതിനുമുള്ള സന്ദേശമാണ് വി. കുർബാന നൽകുന്നത്. ദുഃഖമുള്ളിടത്തു് സന്തോഷം വിതയ്ക്കുവാനും, ശിഥിലീകരണത്തിൻെറ സ്ഥാനത്ത് കൂട്ടായ്മയുടെ മാതൃക നല്കുവാനും, സമാധാനദൂതന്മാരായ ഇവക്ക് കഴിയണം.

യേശുവിൻെറ ഭൂത, ഭാവി, വർത്തമാനകാലങ്ങളെ ബന്ധിപ്പിക്കുന്നതും (1കൊറി.11/26) യുഗാന്ത്യത്തെ ഉന്നം വയ്ക്കുന്നതുമാണ്. മററു വാക്കുകളിൽ പറഞ്ഞാൽ വി. കുർബാന വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയും മാത്രമല്ല പ്രതീക്ഷയുടേയും കൂദാശയാണ്. പ്രവർത്തനമണ്ഡലം വിസ്തൃതമാകുന്നതുകൊണ്ടോ, ജീവിതം ചലനാത്മകമാകുന്നതുകൊണ്ടോ വി. ബലി ക്രൈസ്തവ സൗഹൃദത്തിൻെറ മാററു് വർദ്ധിപ്പിക്കുന്നില്ല. സമൂഹം വലുതാകുമ്പോൾ നമ്മൾ യാന്ത്രികമനുഷ്യരാകുവാൻ സാധ്യതയുണ്ട്. വൈയക്തിക ബന്ധം നഷ്ടപ്പെടുമ്പോൾ ബലിയർപ്പണം ചടങ്ങു മാത്രമാണ്. എവിടെ മാനുഷികഘടകങ്ങളെ അവഗണിച്ചു നിയമത്തിൻെറ കരിങ്കൽ ഭിത്തിക്ക് മുൻതൂക്കം കൊടുക്കുന്നുവോ അവിടെ ക്രൈസ്തവ സൗഹൃദത്തെ അനുഭവിച്ചറിയുവാനുള്ള സ്വാഭാവിക സ്നേഹവും ഐക്യവും വി. കുർബാന വ്യക്തികളിൽ ഉല്പാദിപ്പിക്കുന്ന കാര്യം സംശയമാണ്.

വി. കുർബാനയിലെ കൂട്ടായ്മ വെറും യോജിപ്പോ, ഐക്യമോ അല്ല, മറിച്ച് യേശുവെന്ന വ്യക്തിയിലുള്ള പങ്കുചേരലാണ്. വി. ബലിയിൽ പങ്കെടുക്കുന്നവർ ദൈവത്തെ ഏകപിതാവായി ആരാധിക്കുന്നവരും മനുഷ്യർ എല്ലാം സഹോദരന്മാരും സഹോദരിമാരും എന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കുന്നവരുമായിരിക്കും.



# കത്തോലിക്കാസഭ കെനിയായിൽ

സി· മെററിൽഡാ

ഉഗാണ്ടാ, ററാൻസാനിയാ, കെനിയ എന്നീ മൂന്നു രാജ്യങ്ങരം ചേർന്നതാണല്ലോ ഈസ്റ്റ് ആഫ്രിക്ക എന്ന പേരിൽ അറിയപ്പെടുന്നതു്. ഭാഷ, ആചാരങ്ങരം, ഭൂപ്രകൃതി ഇവയിലെല്ലാം ഈ രാജ്യങ്ങരംക്കു് വളരെ സാമ്യമുണ്ടു്. വടക്കൻ രാജ്യങ്ങളായ എത്യോപ്യാ, ഈജിപ്ററ് തുടങ്ങിയവ ചരിത്രപ്രാധാന്യമുള്ളവയും, പഴയ നിയമഗ്രന്ഥങ്ങളിൽ വളരെയേറെപരാമർശിക്കപ്പെട്ടുന്നവയുമാണല്ലോ. ഈ ഉത്തര ആഫ്രിക്കൻ പ്രദേശങ്ങരം പലതും സഭയുടെ ശക്തികേന്ദ്രങ്ങളും സംസ്കാരത്തിൻെറ കലവറകളുമായിരുന്നു. പണ്ഡിതരും വിഖ്യാതരുമായ സഭാ പിതാക്കന്മാരും വശുദ്ധരും ഈ രാജ്യങ്ങളുടെ സന്തതികളായിരുന്നു. ഒരു കാലത്തു് സമ്പന്നമായിരുന്ന ആഫ്രിക്കൻ സഭകരം എങ്ങനെ കാലക്രമത്തിൽ നിർജ്ജീവമായി എന്നതു് ചിന്തിക്കേണ്ട വസ്തുതയാണു്.

15_ാം നൂററാണ്ടിൽ വാസ്കോഡിഗാമ ഇൻഡ്യയിലേക്കു കടൽമാർഗ്ഗം കണ്ടുപിടിക്കാനുള്ള തൻെറ യത്നത്തിൽ ആഫ്രിക്കയുടെ തെക്കേ അററത്തെത്തിയെന്നും, അവിടെ നിന്നും കിഴക്കേത്തീരം വഴി സഞ്ചരിച്ചപ്പോരം ഇൻഡ്യാക്കാരായ ധാരാളം കച്ചവടക്കാരെ അവിടെ കണ്ടെന്നും അവരിൽ ഒരാളാണു് അദ്ദേഹത്തെ കോഴിക്കോട്ടു് തുറമുഖത്തു് എത്തിച്ചതെന്നും ചരിത്രരേഖകളിൽ കാണുന്നു. ഇതിനും വളരെ ക്കാലം മുൻപുതന്നെ ഇൻഡ്യയും ആഫ്രിക്കൻ രാജ്യങ്ങളുമായി വ്യാപാരബന്ധങ്ങരം നില നിന്നിരുന്നതിൻെറ തെളിവുകളും ചരിത്രത്തിൽ ഉണ്ടു്. 19_ാം നൂററാണ്ടിൻെറ അവസാനഘട്ടത്തിൽ റെയിൽവേ നിർമ്മാണത്തിനായി ധാരാളം സാങ്കേതിക വിദഗ്ദ്ധരേയും ജോലിക്കാരേയും ബ്രിട്ടീഷുകാർ ഇൻഡ്യയിൽനിന്നും ഇവിടേയ്ക്കു കൊണ്ടുവന്നു. അവരിൽ അധികം പേരും പിന്നീടു് ആഫ്രിക്കയിൽ സ്ഥിരതാമസമാക്കുകയുണ്ടായി. ഇവിടുത്തെ ആളുകളുടെ ശാന്തപ്രകൃതിയും ഔദാര്യശീലവും സർവ്വോപരി ഈസ്റ്റ് ആഫ്രിക്കൻ രാജ്യങ്ങളുടെ മനോഹരമായ ഭൂപ്രകൃതിയും നല്ല കാലാവസ്ഥയും ഭാരതീയരെ വളരെയധികം ആകർഷിച്ചു എന്നു വേണം വിചാരിക്കാൻ. അങ്ങനെ പത്തൊൻപതാം നൂററാണ്ടിൻെറ അന്ത്യത്തിലും ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിലുമായി ഇവിടെ കുടിയേറിയ ഇൻഡ്യാക്കാരുടെ സംഖ്യ ഒരു ലക്ഷത്തിലധികമാണു്. ഇന്നു് കെനിയൻ സാമ്പത്തികരംഗത്തെ അവഗണിക്കാനാവാത്ത ഒരു ശക്തിയായി അവർ വളർന്നു കഴിഞ്ഞിരിക്കുന്നു.

15_ാം നൂററാണ്ടിലെ പോർട്ടുഗീസ് ആഗമനത്തിനുശേഷം ഡച്ചുകാർ, ഫ്രാൻസുകാർ, ജർമ്മൻകാർ ഇംഗ്ലീഷുകാർ ഇങ്ങനെ നമ്മുടെ ഭാരതത്തിൽ വന്നതുപോലെ വിദേശീയരുടെ പ്രവാഹം തന്നെ ആഫ്രിക്കൻ രാജ്യങ്ങളിലേക്കുണ്ടായി. ഇവിടെനിന്നും വിലപിടിപ്പുള്ള ലോഹങ്ങളും, അസംസ്കൃത പദാർത്ഥങ്ങളും കൂടാതെ അടിമകളേയും വൻതോതിൽ സ്വന്തം രാജ്യങ്ങളിലേയ്ക്കു് കയററി അയയ്ക്കാൻ വിദേശികരം തമ്മിൽ മത്സരിച്ചു. ക്രൂരമായ അടിമക്കച്ചവടം ഈ നൂററാണ്ടിൻെറ ആരംഭംവരെയും ഇവിടെ നിലനിന്നിരുന്നു. സാധുക്കളായ മനുഷ്യരെ ആഫ്രിക്കയുടെ തീരപ്രദേശങ്ങളിൽനിന്നും ഉരംനാടുകളിൽനിന്നും പിടിച്ചുകെട്ടി മൃഗങ്ങളെപ്പോലെ ചങ്ങലകരംകൊണ്ടു ബന്ധിച്ചും കഴുത്തിൽ മരക്കമ്പുകരംവച്ചു് കൂട്ടികെട്ടിയും കൂട്ടംകൂട്ടമായി കൊണ്ടുപോകുന്ന കാഴ്ച അന്നും ആഫ്രിക്കൻ നാടുകളിൽ സർവ്വസാധാരണമാ

യിരുന്നു. 5 വയസ്സിനുമേലുള്ള കുട്ടികളേയും സ്ത്രീകളേയും ധാരാളമായി കൊണ്ടുപോയിരുന്നു. സ്ത്രീകൾ കൈക്കുഞ്ഞുങ്ങളേയും മറെറാരു ചുമടും ഒരുമിച്ചു വഹിക്കേണ്ടിയിരുന്നതിനാൽ പല പ്പോഴും യാത്രയ്ക്കിടയിൽ കുഞ്ഞുങ്ങളെ ക്രൂരമായി കൊലചെയ്തു് ആ ഭാരം ഒഴിവാക്കിയിരുന്നു. പാവപ്പെട്ട, അജ്ഞരായ ഈ മനുഷ്യരെ അവരുടെ കുടുംബങ്ങളിൽനിന്നും കൃഷിസ്ഥലങ്ങളിൽനിന്നും പിടിച്ചുകൊണ്ടുപോയി വിററിരുന്നതിനാൽ കുടുംബങ്ങൾ അനാഥമായും കൃഷിഭൂമികൾ വനമായും മാറിക്കൊണ്ടിരുന്നു. ധനമോഹികളായ അടിമ വ്യാപാരികളുടെ സുവർണ്ണകാലമായിരുന്നു അതു്. പാശ്ചാത്യരാജ്യങ്ങൾ എല്ലാംതന്നെ ഈ വ്യവസായത്തെ അനുകൂലിക്കുകയും ഇതിൽനിന്നും വലിയ ലാഭമുണ്ടാക്കുകയും ചെയ്തുപോന്നു. കത്തോലിക്കാ രാജ്യങ്ങളായ ഇററലിയും സ്പെയിനും പോലും ഇതിൽ സഹകരിച്ചിരുന്നു. തങ്ങളുടെ രാജ്യത്തു ചെന്നു പററുന്ന അടിമകളെ എല്ലാം മാമ്മോദീസാമുക്കി സ്വർഗ്ഗത്തിലെ പൗരത്വം അവർക്കു നേടിക്കൊടുക്കുന്നതിൽ സ്പെയിൻകാർ വളരെ താല്പര്യം കാണിച്ചു! എന്നാൽ ആ മനുഷ്യജീവികളോടു് അവർ പെരുമാറിയതു് മൃഗതുല്യമാണെന്നതു് ചരിത്ര പഠിതാക്കൾക്കു് ഒരിക്കലും മറക്കാനാവില്ല.

1841-ൽ ഡേവിഡ് ലിവിംഗ്സ്റ്റൺ ദക്ഷിണാഫ്രിക്കയിൽ മിഷനറിയായി വന്നു. അദ്ദേഹം 32 വർഷം ആഫ്രിക്കയിൽ ജീവിച്ചു്, സേവനം നടത്തി. അറിയപ്പെടാതെ കിടന്നിരുന്ന ഇരുൾ നിറഞ്ഞ ആഫ്രിക്കൻ പ്രദേശങ്ങൾ കണ്ടുപിടിക്കുവാനും, സുവിശേഷ ദൗത്യം എല്ലായിടത്തുമെത്തിച്ചു് അജ്ഞതയിൽനിന്നും അടിമത്വത്തിൽനിന്നും ഈ ജനതയ്ക്കു് മോചനം കൊടുക്കുവാനും അദ്ദേഹം ആഗ്രഹിച്ചു. അതിനായി അദ്ദേഹം ഡോക്ടറായും, അദ്ധ്യാപകനായും അന്വേഷകനായും പിതാവായും സ്നേഹിതനായും വിമോചകനായും ഈ ഭൂഖണ്ഡത്തിൽ പ്രവർത്തിച്ചു. ഇവിടുത്തെ ജനങ്ങൾ അദ്ദേഹത്തെ വളരെയേറെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു. 15 വർഷങ്ങൾക്കുശേഷം അദ്ദേഹം ഇംഗ്ലണ്ടിൽ തിരിച്ചെത്തി ഇവിടുത്തെ ജനങ്ങളുടെ ദയനീയാവസ്ഥ ഇംഗ്ലീഷ് ജനതയെ അറിയിച്ചു. അവിടുത്തെ യുവജനങ്ങളിലും മിഷനറിമാരിലും ആവേശം പകരാൻ അദ്ദേഹത്തിന്നു് കഴിഞ്ഞു. തുടർന്നിങ്ങോട്ടു് മിഷനറിമാരുടെയും മനുഷ്യസ്നേഹികളുടെയും പ്രവാഹമായിരുന്നു. ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിലെത്തി ജനസേവനപരമായ വിവിധ പ്രവത്തനങ്ങളിൽ ഏർപ്പെട്ട അവരുടെ ആദ്യ ശ്രമം അടിമവ്യാപാരം നിർത്തലാക്കാനായിരുന്നു. 1873-ൽ ലിവിങ്സ്റ്റന്റെ മരണശേഷം യൂറോപ്പിന്റെ വിവിധഭാഗങ്ങളിൽ നിന്നു് മിഷനറിമാർ കൂട്ടംകൂട്ടമായി വന്നു് ആഫ്രിക്കയിൽ പ്രവർത്തനമാരംഭിച്ചു. അടിമക്കച്ചവടം നിർത്തലാക്കാൻ ശ്രമിച്ചതോടൊപ്പം സുവിശേഷ പ്രചരണത്തിലും മററു വികസന പ്രവർത്തനങ്ങളിലും അവർ ശ്രദ്ധിച്ചു. ആഫ്രിക്കൻ ജനതയെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിച്ചതും തീഷ്ണമതികളായ ഈ മിഷനറിമാരാണു്.

അന്നുമുതൽ ഇന്നുവരെ മിഷനറിമാരെ ആഫ്രിക്കൻ ജനത സ്നേഹത്തോടും ആദരവോടും കൂടി സ്വീകരിക്കയും അവരുടെ പ്രവർത്തനങ്ങളെ മതിപ്പോടും നന്ദിയോടുംകൂടെ അംഗീകരിക്കുകയും ചെയ്തുപോരുന്നു. ആദ്യം വന്ന വൈദികർ അടിമകളെ വിലകൊടുത്തു വാങ്ങി അവരെ മോചിപ്പിച്ചു. അങ്ങനെ വിമോചിതരായ അടിമകളാണു് ആദ്യമായി ജ്ഞാനസ്നാനം സ്വീകരിച്ചവർ. വർഷങ്ങൾക്കുശേഷം ജ്ഞാനസ്നാനം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. അതു് അവരുടെ സമൂഹത്തിൽ കാര്യമായ ചലനമുണ്ടാക്കുകയും ചെയ്തു.

ശരിയായ മിഷൻ പ്രവർത്തനം ഇവിടെ ആരംഭിച്ചിട്ടു് 90 വർഷമേ ആയിട്ടുള്ളുവെങ്കിലും സഭയുടെ ഇവിടുത്തെ വളർച്ച അത്ഭുതാവഹമാണു്. ഈസ്റ്റു് ആഫ്രിക്കയിലെ ജനങ്ങളിൽ 65% ഏതെങ്കിലും ക്രൈസ്തവ വിഭാഗത്തിൽപെട്ടവരാണു്. കത്തോലിക്കർ 25 ശതമാനത്തോളം വരും. കെനിയയിൽ 16 രൂപതകളിലായി ഏതാണ്ടു് 870 വൈദികരും 200 സന്യാസസഹോദരന്മാരും 1800-ൽ പരം കന്യാസ്ത്രീകളും സേവനം നടത്തുന്നു. ധ്യാനപരമായ ജീവിതം കഴിക്കുന്ന സിസ്റ്റേഴ്സും ഈ രാജ്യങ്ങളിൽ ഉണ്ടു്. ഇവിടുത്തെ മെത്രാന്മാരിൽ 12 പേരും (ഒരു കർദ്ദിനാൾ ഉൾപ്പെടെ) വൈദികരിൽ 170 പേരും സഹോദരന്മാരിൽ 84 പേരും കന്യാസ്ത്രീകൾ പകുതിയിലധികവും ആഫ്രിക്കൻസ് തന്നെ. ഇന്നു് 500-ൽ അധി

കംപേരാണ് വൈദികവൃത്തിക്കായി ഇവിട ത്തെ രണ്ടു മേജർ സെമ്മിനാരികളിൽ പഠിക്കു ന്നതു്. ഇവിടത്തെ യുവാക്കളിൽ വദ്ധിച്ചുവ രുന്ന ദൈവവിളികളെ വളർത്തിയെടുക്കാൻ ഇന്നുള്ള രണ്ടു സെമിനാരികഠം അപര്യാപ്തമാക യാൽ 1985-ൽ മറെറാരു സെമിനാരി കൂടെ ആരംഭിക്കുന്നതാണ്.

ആധുനിക മാർപ്പാപ്പാമാർ എല്ലാവരും ആഫ്രിക്കൻ സഭയുടെ വളർച്ചയിൽ അതിയാ യ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ടു്. ആഫ്രി ക്കൻ കന്യാസ്ത്രീകളുടെ പഠനത്തിനും പരിശീല നത്തിനും പല രാജ്യക്കാരും ധാരാളം സൗകര്യ ങ്ങഠം നല്കിവരുന്നു. പ്രത്യേകിച്ചു് റോമിൽ ഇവർക്കായി കൂടുതൽ പഠനസൗകര്യങ്ങഠം മാർ പ്പാപ്പാ തന്നെ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇവി ടത്തെ യുവാക്കളെ മററു രാജ്യങ്ങളിൽ അയച്ചു് സെമിനാരി പഠനം നടത്തുന്നതിനു് വേണ്ട സൗകര്യങ്ങളും സഭാധികാരികഠം നല്കിവരുന്നു. ആറാം പോഠം മാർപ്പാപ്പ 1964-ൽ ഉഗാണ്ട യിൽ നിന്നുള്ള 22 രക്തസാക്ഷികളെ വിശുദ്ധ പദവിയിലേയ്ക്കുയർത്തുകയും 1969-ൽ ഉഗാണ്ട സന്ദർശിക്കുകയും ചെയ്തു. 1980-ൽ ജോൺ പോഠം രണ്ടാമൻ മാർപ്പാപ്പയുടെ കെനിയാ സന്ദർശനം ഇവിടത്തെ കത്തോലിക്കരിലും സഭാധികാരികളിലും ഒരു നവചൈതന്യം തന്നെ സംജാതമാക്കിയിട്ടുണ്ടു്. ഇവിടത്തെ സഭയുടെ വളർച്ചയിലും സഭാംഗങ്ങളുടെ തീ ക്ഷ്ണവും ആത്മാർത്ഥവുമായ സഹകരണത്തി ലും പരി. പിതാവു് അതീവ സന്തുഷ്ടനാണ്. അദ്ദേഹം സന്ദർശിക്കുന്ന രാജ്യങ്ങളിൽ നിന്നെ ല്ലാം മിഷനറിമാരെ ഇങ്ങോട്ടു് അയച്ചുകൊ ണ്ടിരിക്കുന്നു.

ഇവിടത്തെ സഭയുടെ വളർച്ചയ്ക്കു് സഹായ കമായ സുപ്രധാനമായ ഒരു ഘടകം സഭയും രാഷ്ട്രവും തമ്മിലുള്ള സുദൃഢമായ ബന്ധമാണ്. ക്രിസ്തുമതപഠനം ക്രിസ്ത്യൻസ്കൂളുകളിലും സക്കാർ സ്കൂളുകളിലും നിർബന്ധമാണ്. ആഴ്ചയിൽ 3 പീരിയഡു് എന്ന കണക്കിനു് മറേറതു വിഷ യവുംപോലെ പ്രൈമറി ക്ലാസ്സു മുതൽ ഹയർ സെക്കൻഡറി വരെ 13 വർഷം ഈ വിഷയം പഠിക്കേണ്ടിയിരിക്കുന്നു. മുസ്ലീം ഭൂരിപക്ഷമുള്ള ചുരുക്കം ചില സ്കൂളുകളിൽ മുസ്ലീം മതതത്വ ങ്ങളും പഠിപ്പിക്കുന്നുണ്ടു്. വിദ്യാഭ്യാസ പ്രവ ത്തകരും സഭാപണ്ഡിതരും മനശാസ്ത്ര, ദൈവ ശാസ്ത്ര പണ്ഡിതന്മാരും അടങ്ങുന്ന ഒരു വിദഗ്ദ്ധ കമ്മററിയാണ് പാഠ്യപദ്ധതിക്കു് രൂപം നൽകു ന്നതു്. ജനസംഖ്യയുടെ 60% വരുന്ന കുട്ടികഠം താല്പര്യത്തോടെ ഈ വിഷയം പഠിക്കാൻ ശ്രമിക്കുന്നുണ്ടു്. അനുഭവത്തിൻെറ വെളിച്ച ത്തിൽ പറഞ്ഞാൽ ഇവിടെ അദ്ധ്യാപകരും കുട്ടികളും ഈ വിഷയം കാര്യമായി കരുതുകയും അതു് ജീവിതത്തിൽ പകർത്താൻ ശ്രമിക്കയും ചെയ്യുന്നുണ്ടു്. നമ്മുടെ നാട്ടിലേതുപോലെ ആക്കും വേണ്ടാത്ത ഒരു വിഷയമായി ഇവിടെ ആരും ഇതു് കൈകാര്യം ചെയ്യുന്നില്ല.

വിദ്യാഭ്യാസരംഗത്തു് എന്നതുപോലെ എ ല്ലാ വികസനപ്രവത്തനങ്ങളിലും സഭയും രാഷ്ട്ര വും ഒന്നുചേർന്നു് പ്രവർത്തിക്കുന്നു. തന്മൂലം കൃഷി, ആരോഗ്യം, പരിശീലനരംഗങ്ങഠം ഇവ യിലെല്ലാം വളരെയേറെ സൗകര്യവും കാര്യ ക്ഷമതയും കാണാനുണ്ടു്. മിഷനറിമാരുടെ പ്ര വർത്തനങ്ങളിൽ നൂറു ശതമാനവും വിശ്വാസ മുള്ള ഇവിടത്തെ ഗവണ്മെൻറ് അവക്കു് എല്ലാ വിധ പ്രോത്സാഹനവും നൽകിവരുന്നു.

സഭയുടെ ഇവിടത്തെ പ്രവർത്തനങ്ങളിൽ ഒരു നല്ല പങ്കു വഹിക്കുന്നതു് ക്രൈസ്തവരായ അൽമായരാണ്. ഇടവകസമൂഹത്തിൻെറ നാ നാപ്രകാരത്തിലുള്ള പുരോഗതിയിൽ മതബോ ധകരും നേതാക്കന്മാരുമായ അത്മായർ വഹി ക്കുന്ന പങ്കു് വളരെ സ്തുത്യർഹമാണ്. കെനി യയിൽ ഇവരുടെ സംഖ്യ 2400-ൽ അധിക മുണ്ടു്. നമ്മുടെ കേരളത്തിൽ തീരെ ഇല്ലാതെ പോയ സഭയുടെ ഈ വിഭാഗം ആഫ്രിക്കൻ സഭയ്ക്കു് ഒരു മുതൽക്കൂട്ടാണ്. കേരളസഭയിൽ വൈദികരുടെയും കന്യാസ്ത്രീകളുടെയും സംഖ്യാ ബാഹുല്യമാണ് അൽമായരായ ഇമ്മാതിരി സഭാപ്രവത്തകരെ സഭയ്ക്കു നഷ്ടപ്പെടാൻ കാര ണം. ഏതു രംഗത്തും വൈദികരുടെയും കന്യാ സ്ത്രീകളുടെയും "അതിപ്രസരം" സഭയിൽ അ ത്മായർ രണ്ടാംതരക്കാരായി പിൻതള്ളപ്പെടു വാൻ ഒരു കാരണമായി — പ്രത്യേകിച്ചും കേര ളത്തിൽ. ഇവിടത്തെ ഈ അത്മായനേതാക്ക ളുടെ പ്രവത്തനങ്ങഠം കേരളത്തിലെ സന്യസ്ത രുടെ സേവനത്തേക്കാഠം മെച്ചമാണ്. ഇവ രിൽ വേതനം സ്വീകരിക്കുന്നവരും സ്വീകരി ക്കാത്തവരുമുണ്ടു്. സ്വീകരിക്കാത്തവരാണ് അധികവും. അവർ സമൂഹത്തിൽ മാന്യമായ സ്ഥാനമുള്ളവരും പ്രായത്തിലും പാരമ്പര്യ

ത്തിലും മികച്ചവരും സേവനതല്പരരും ആണ്. സന്മാതൃകയും സദുപദേശങ്ങളും വഴി സഭാംഗങ്ങൾക്ക് പ്രചോദനമരുളുന്ന ഇവർ വൈദികരോടൊപ്പം, ചിലപ്പോൾ അതിൽ കൂടുതൽ, സ്വാധീനം ഇടവകജനങ്ങളിൽ ഉള്ളവരാണ്. ഇടവകയിലെ പാരിഷ് കൗൺസിലുകൾ വളരെ സജീവമാണ്. പലവിധ സംഘടനകളും ഇടവയിൽ പ്രവർത്തിക്കുന്നു. സാധാരണയായി ക്രൈസ്തവരായ മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് മതബോധനം നൽകുന്നു. കുടുംബപ്രാർത്ഥനയും ബൈബിൾ വായനയും കൃത്യമായി എല്ലാ ക്രിസ്തീയ ഭവനങ്ങളിലുമുണ്ട്.

ആദിമ സഭയെ അനുസ്മരിപ്പിക്കുന്ന രീതിയിൽ ഇവർ ജ്ഞാനസ്നാനാർത്ഥികളെ ഒരുക്കുന്ന കാഴ്ച ഏററം ഹൃദ്യമാണ്. മൂന്നുമാസം കൂടുമ്പോൾ ഇവിടെ സ്കൂളുകൾക്ക് ഒരു മാസം അവധിയാണ്. അവധിക്കാലത്ത് ജ്ഞാനസ്നാനാർത്ഥികളെ എല്ലാം സ്കൂളുകളിലോ ബോർഡിംഗിലോ ഒരുമിച്ചുകൂട്ടി അവരെ ക്രിസ്തീയ തത്വങ്ങളും ബൈബിളും എല്ലാം പഠിപ്പിക്കുന്നു. കൂടാതെ ആദിമ ക്രൈസ്തവരെപ്പോലെ സമാധാനമായും സന്തോഷമായും ഒരുമിച്ച് ജീവിക്കാനും ജോലിചെയ്യാനും വിനോദിക്കാനും ഉള്ള അവസരങ്ങളും പരിശീലനവും നൽകുന്നു. അവരുടെ ചെലവുകൾ വഹിക്കുന്നതു് ഇടവകയും സന്മനസ്സുള്ള ക്രിസ്ത്യാനികളും കൂടെയാണ്. സ്കൂൾ അവധിക്കാലത്ത് കെനിയയിൽ എവിടെച്ചെന്നാലും ഇത്തരം പരിശീലന ക്യാമ്പുകൾ കാണാം. ഇടവകയിലെ വൈദികനും, കന്യാസ്ത്രീകൾ ഉണ്ടെങ്കിൽ അവരും, അത്മായ നേതാക്കളും ചേർന്നാണ് അവരെ പഠിപ്പിക്കുന്നതു്. മുഖ്യമായും ഇതു് അത്മായരുടെ ചുമതലയായി കരുതി വളരെ ഉത്തരവാദിത്വത്തോടെ അവർ അതു് നടത്തി വരുന്നു. ഗ്രാമപ്രദേശങ്ങളിൽ 30- 40 പേരും, പട്ടണങ്ങളിൽ 100-150 പേരും ശരാശരി ഒരു ഗ്രൂപ്പിൽ കാണും. ഞായറാഴ്ച, വി. കർബ്ബാനയുടെ സമയത്തു് ഇവരെ ആഘോഷമായി സ്നാനപ്പെടുത്തി സഭയിലേയ്ക്കു സ്വീകരിക്കുന്ന കാഴ്ച ഏതൊരു ക്രൈസ്തവനും ആനന്ദദായകമാണ്.

സ്ത്രീകളുടെ പല സംഘടനകളും ഇടവകകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജ്ഞാനസ്നാനാർത്ഥികളെ പഠിപ്പിക്കുകയും ഒരുക്കുകയും ചെയ്യുന്ന കാര്യത്തിൽ സ്ത്രീകൾ കാണിക്കുന്ന ശുഷ്കാന്തിയും ഔദാര്യവും പ്രശംസനീയമാണ്. സ്ത്രീകളുടെ വിദ്യാഭ്യാസ കാര്യത്തിലും അവരെ നല്ല കുടുംബിനികളും അമ്മമാരും ആക്കുന്നതിലും ഇവിടെ സഭ കാണിക്കുന്ന ശ്രദ്ധയും സ്തുത്യർഹമാണ്. സാധാരണയായി ഒരു കുടുംബത്തിന്റെ സർവ്വ ചുമതലയും സ്ത്രീയ്ക്കാണ്. തുല്യപങ്കാളി എന്ന നിലയിൽ ചുമതലാബോധത്തോടെ കുടുംബകാര്യങ്ങളിൽ ശ്രദ്ധിക്കുന്ന പുരുഷന്മാരുണ്ട്. ആഫ്രിക്കൻ സ്ത്രീകൾ നല്ല കഴിവുള്ളവരും വിശാലഹൃദയരും ത്യാഗബുദ്ധികളും ധൈര്യശാലികളുമാണ്. വേണ്ടത്ര കരുണയും ക്ഷമയും ഏതു പ്രതിബന്ധങ്ങളേയും നേരിടാനുള്ള മനക്കരുത്തും അവക്കുണ്ട്. സഭാംഗങ്ങളായ സ്ത്രീകൾ ഔദാര്യ മനസ്സോടെ ക്രിസ്തീയ സഹോദരങ്ങളെ സഹായിക്കുകയും, സഭാ കാര്യങ്ങൾക്കായി സംഭാവന നൽകുകയും തിരുക്കർമ്മങ്ങളിൽ സജീവമായി ഭാഗഭാഗിത്വം വഹിക്കുകയും ചെയ്യുന്നു. ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾ വളരെ സജീവവും ആകർഷകവുമാണ്; വായനകളും സംഗീതവുമെല്ലാം അത്മായരുടെ നേതൃത്വത്തിൽ ഭംഗിയായി നടക്കുന്നു. സ്ത്രീധന സമ്പ്രദായം ഇവിടെയില്ല. പകരം സ്ത്രീയുടെ പിതാവിന് പുരുഷൻ ഒരു പ്രതിഫലം കൊടുക്കുന്നു. പശുക്കളും പണവുമാണ് സാധാരണ കൊടുക്കുക. തന്മൂലം പെൺമക്കൾ കൂടുതലുള്ളതു്. പിതാക്കന്മാർക്ക് വളരെ സന്തോഷമാണ്.

ആഫ്രിക്കൻ കുടുംബങ്ങൾ സുദൃഢമായ കൂട്ടുകുടുംബങ്ങളാണ്. പ്രായം ചെന്നവരെ ഇവർ വീട്ടിലും പൊതുസ്ഥലങ്ങളിലും വളരെ ബഹുമാനിക്കുന്നു. കുട്ടികളുടെ എണ്ണം താരതമ്യേന കൂടുതലാകയാൽ മൂത്തകുട്ടികൾ ഇളയ കുട്ടികളുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുന്നു. വളരെയേറെ പരിഗണനയും നിസ്വാർത്ഥതയും വിട്ടുവീഴ്ചാ മനസ്ഥിതിയും ഈ കുട്ടികൾ വീട്ടിൽനിന്നു തന്നെ പഠിക്കുന്നു. കേരളത്തിലെ കുട്ടികളെപ്പോലെ എപ്പോഴും കലഹിക്കയും വഴക്കടിക്കയും ചെയ്യുന്ന ശീലം ഇവരിൽ ഒട്ടും തന്നെ കാണാനില്ല. അതുപോലെ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ വളരെ ആരോഗ്യകരമായ സ്നേഹബന്ധവും പരസ്പരബഹുമാനവും ഇവിടെ കാണാം.

കുടുംബസമൂഹങ്ങൾ ഇന്ന് ഓരോ ഇടവകയിലും രൂപം കൊണ്ടിട്ടുണ്ട്. പതിനഞ്ചോ

ഇരുപതോ കുടുംബങ്ങൾ ഒന്നുചേർന്നോ അഥവാ ഒരു ചെറിയ ഗ്രാമക്കാർ ഒന്നുചേർന്നോ ആഴ്ചയിൽ ഒരിക്കൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുക, തിരുലിഖിതങ്ങൾ പഠിക്കുക, അവരുടേതായ പ്രശ്നങ്ങളോ മററ് കാലിക പ്രശ്നങ്ങളോ ചർച്ച ചെയ്യുക, അവരിൽ തന്നെ അവശരും ആവശ്യക്കാരും ഉണ്ടെങ്കിൽ അവരെ സഹായിക്കുന്നതിനു് മാർഗ്ഗങ്ങൾ കണ്ടു പിടിക്കുക, സർവ്വോപരി ക്രിസ്തീയ കൂട്ടായ്മയിൽ വളരുക എന്നിവയാണു് ഈ കൊച്ചുസമൂഹംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇത്തരം കൊച്ചുസമൂഹങ്ങൾ ആഫ്രിക്കൻ സഭയുടെ ശക്തി കേന്ദ്രങ്ങളായി വളരുന്നുണ്ടു്.

ഇവിടെ സഭയുടെ വളർച്ചയ്ക്കു് തടസ്സമായി നില്ക്കുന്ന ഒന്നുരണ്ടു കാര്യങ്ങൾ കൂടെ സൂചിപ്പിച്ചുകൊണ്ടു് ഈ ലേഖനം ഉപസംഹരിക്കയാണു്. പ്രധാനമായും സൂചിപ്പിക്കാനുള്ളതു് ആഫ്രിക്കൻ സ്വതന്ത്രസഭകളാണു്. വിദേശാധിപത്യത്തോടുള്ള വെറുപ്പും, ആഫ്രിക്കൻ ദേശീയതയോടുള്ള അമിതമായ മമതയും മൂലം അനേകം സ്വതന്ത്രസഭകൾ ഇവിടെ രൂപം കൊണ്ടു. ഇന്നു് ഇവയുടെ എണ്ണം 150-ൽ അധികമാണു്. കൂണുപോലെ മുളച്ചു പെരുകി വരുന്ന ഈ സ്വതന്ത്രസഭകൾ ഇവിടത്തെ കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കു് ഒരു ഭീഷണിയാണു്. അതുപോലെ കുടുംബജീവിതത്തിലെ പാളിച്ചകൾ, വിവാഹബന്ധത്തിലെ പോരായ്മകൾ എല്ലാം മെച്ചപ്പെട്ട ഒരു തലമുറയ്ക്കു് രൂപം കൊടുക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ടു്. സഭയുടെ വിവാഹ നിയമങ്ങൾ ആഫ്രിക്കൻ ജനത അത്ര കാര്യമാക്കുന്നില്ല. രണ്ടോ മൂന്നോ വിവാഹം കഴിക്കുന്ന പുരുഷന്മാർ വിരളമല്ല. അതുപോലെ നാലഞ്ചു കുട്ടികൾക്കു ജന്മം നൽകിയശേഷം ക്രൈസ്തവ നിയമപ്രകാരം വിവാഹം നടത്തുന്ന സ്ത്രീപുരുഷന്മാരും അത്ര കുറവല്ല. വിവാഹത്തിൻെറ കാര്യത്തിൽ ഇന്നും അവർ ആഫ്രിക്കൻ പാരമ്പര്യങ്ങളും പാശ്ചാത്യ രീതികളുമൊക്കെയാണു് പുലർത്തുന്നതു്. ഈവക കാര്യങ്ങളിൽ കുറേയൊക്കെ മാററം വന്നുകൊണ്ടിരിക്കുന്നു. ആഫ്രിക്കൻ സഭയ്ക്കു് ഇനിയും നൂറു വയസ്സ് തികഞ്ഞിട്ടില്ലല്ലോ. അതുകൊണ്ടു് ഈ ന്യൂനതകൾ കാലക്രമേണ പരിഹരിക്കപ്പെടുമെന്നു് നമുക്കു് പ്രത്യാശിക്കാം.

ആഫ്രിക്കൻ സഭയുടെ വളർച്ചയ്ക്കു് നാം എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ? പ്രത്യേകിച്ച് ഭാരതത്തിലെ വെറും രണ്ടു ശതമാനക്കാരായ കത്തോലിക്കർ? ഇൻഡ്യയിലെ നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയോ അവഗണിക്കുകയോ ചെയ്തിട്ടു് ആഫ്രിക്കൻ രാജ്യങ്ങളിൽ നാം മിഷൻ പ്രവർത്തനം നടത്തേണ്ടതില്ല. എന്നാൽ കേരളസഭ അതിൻെറ പ്രവർത്തനപരിധി കുറേക്കൂടെ വിപുലമാക്കിയാലും ഭാരത മിഷനു് എന്തെങ്കിലും ദോഷം വരുമെന്നു കരുതാനില്ല, ആഫ്രിക്കൻ രാജ്യങ്ങളിൽ സഭയുടെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കേണ്ട ഒരു നല്ല അവസരമാണിതു്. ഇന്നു് ഇവിടത്തെ സ്കൂളുകളിലുള്ള എട്ടൊൻപതുലക്ഷം കുട്ടികൾക്കു് ശരിയായ വിദ്യാഭ്യാസം നല്കിയാൽ അതു് സഭയ്ക്കു ചെയ്യുന്ന വലിയ സേവനമായിരിക്കും.

ഇവർക്കു് ശരിയായ ജീവിതസാക്ഷ്യവും, പരിശീലനവും നല്കിയാൽ അതു് ഭാവി മിഷനറിമാർക്കു് കൊടുക്കുന്ന പരിശീലനമാകാം. മതപഠനത്തിനു് ഒരു നല്ല പാഠ്യപദ്ധതി ഇവിടെ ഉണ്ടു്. ആരാധനാസ്വാതന്ത്ര്യവും, മതസ്വാതന്ത്ര്യവും ഇവിടെ ഉണ്ടു്. മിഷനറിമാരെ മാനിക്കുന്ന, അവരെ സ്വാഗതം ചെയ്യുന്ന, അവരുടെ പ്രവർത്തനങ്ങളെ മതിക്കുന്ന, അവരുടെ സേവനത്തെ കൊതിക്കുന്ന ജനങ്ങളും ഗവണ്മെൻറുമാണിവിടെയുള്ളതു്. നാളെ ഉണ്ടാകുമോ എന്നറിയില്ല. നമ്മുടെ നന്മനസ്സും സേവനവുമേ വേണ്ടു ഇവിടെ. ഭാരതത്തിൽ നമുക്കു ലഭിക്കുന്നതു് എന്താണെന്നു് അറിയാമല്ലൊ. ഭാരതത്തിൻെറ പലേ ഭാഗങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്ന മിഷനറി പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ എന്താണെന്നു് നാം അനുഭവിച്ചറിയുന്നുണ്ടല്ലോ. ഭാരതത്തിൽ ക്രിസ്ത്യൻ മിഷനറിമാരോടുള്ള മനോഭാവം എന്തെന്നും, അവരുടെ പ്രവർത്തനങ്ങളെ എത്രമാത്രം സംശയദൃഷ്ടിയോടെയാണു് വീക്ഷിക്കുന്നതെന്നും നാം മനസ്സിലാക്കുന്നുണ്ടല്ലോ. ഒന്നു തീർച്ചയാണു് ഈ നൂററാണ്ടു് അവസാനിക്കുന്നതിനുമുമ്പ് ഈസ്റ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും മിഷനറിമാർ ലോകത്തിൻെറ വിവിധ ഭാഗങ്ങളിലേക്കു് പുറപ്പെടും. ഇവിടെ വർദ്ധിച്ചുവരുന്ന ദൈവവിളികൾ അതു് സൂചിപ്പിക്കുന്നുണ്ടു്. ദൈവത്തോടും മതത്തോടുമുള്ള ഇവിടത്തെ ഇളംതലമുറയുടെ മനോഭാവ കേരളസഭാ സന്താനങ്ങളുടേതിനേക്കാൾ വളരെ മെച്ചമാണു്. മതകാര്യങ്ങളിൽ, ബൈബിൾ പഠനത്തിൽ ഒക്കെ

ഇവിടത്തെ വിദ്യാർത്ഥികൾ കാണിക്കുന്ന ശ്രദ്ധയും താല്പര്യവും ശുഭോദർക്കമാണ്.

ആരാധനസഭ അതിന്റെ പ്ലാററിനം ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ സഭയുടെ പ്രവർത്തനങ്ങൾ ആഫ്രിക്കൻ രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചതിൽ നമുക്ക് അഭിമാനിക്കാം. നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സർവ്വപ്രധാനമായതു് അദ്ധ്യാപനമാണല്ലോ. ദിവ്യകാരുണ്യ ആരാധനപോലെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് അദ്ധ്യാപനം. യേശു 'ഗുരു' എന്ന് വിളിക്കപ്പെട്ടിരുന്നു. ഗുരുവായി പരസ്യജീവിതകാലം കഴിച്ചു. അദ്ധ്യാപകരായി സേവനം ചെയ്യുന്നതിൽ നമുക്ക് അഭിമാനിക്കാം. ഈസ്റ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽ പ്രത്യേകിച്ച് കെനിയയിൽ അത്യാവശ്യമായിരിക്കുന്നതു് നല്ല അദ്ധ്യാപകരുടെ സേവനമാണ്. ഇവിടെ സെമിനാരികളിൽ, സന്യാസപരിശീലന കേന്ദ്രങ്ങളിൽ, കോളേജുകളിൽ, സ്കൂളുകളിൽ എല്ലാം പഠിപ്പിക്കാൻ വേണ്ടത്ര പരിശീലനവും, പക്വതയും, യോഗ്യതയുമുള്ള നല്ല ക്രൈസ്തവ അദ്ധ്യാപകരില്ല. നൈജീരിയ പോലുള്ള സ്ഥലങ്ങളിൽ വിദേശിയരായ അദ്ധ്യാപകരെ കിട്ടുക പ്രയാസമുള്ള കാര്യമല്ല. ഇവിടത്തെ അദ്ധ്യാപകർക്കു ലഭിക്കുന്ന തുച്ഛമായ ശമ്പളം അധികമാരേയും ഇങ്ങോട്ട് ആകർഷിക്കയില്ല. അതിനാൽ നന്മനസ്സുള്ള വൈദികരും കന്യാസ്ത്രീകളും മാത്രമേ വിദേശങ്ങളിൽനിന്നും ഈ രാജ്യത്തേക്ക് കടന്നുവരികയുള്ളു. ഈ അവസരം ഫലിപ്പിച്ച് ഇന്ന് നാം ഈ വിദ്യാർത്ഥികളുടെ ഇടയിൽ സേവനം ചെയ്താൽ അതായിരിക്കും ആഫ്രിക്കൻ സഭയ്ക്കുവേണ്ടി നമുക്ക് ചെയ്യാവുന്ന ഏററം വലിയ സേവനം — ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ പത്തുപതിനഞ്ചു വർഷങ്ങൾക്കുശേഷം നമ്മുടെ സേവനം ഇവിടെ വേണ്ടിവരില്ല. ഇന്നത്തേതുപോലെ ഒരു നല്ല അവസരം അന്ന് ലഭിച്ചെന്നും വരില്ല. ഇവിടത്തെ നല്ല ആളുകളും, അവരുടെ സഹകരണങ്ങളും, മെച്ചപ്പെട്ട കാലാവസ്ഥയും, മനോഹരമായ ഭൂപ്രകൃതിയും. ശാന്തമായ അന്തരീക്ഷവും സർവ്വോപരി ദൈവകൃപയും നമുക്ക് സഹായകമായിരിക്കും. നമ്മുടെ പ്രവർത്തനങ്ങളുടെ സദ്ഫലങ്ങൾ ഇഹത്തിൽ വച്ചുതന്നെ കണ്ടു സന്തോഷിക്കാൻ നമുക്ക് സാധിക്കും. നമ്മുടെ സഭയുടെ ശാഖകൾ സ്ഥാപിച്ചോ, അംഗങ്ങളെ ചേർത്തോ നമുക്ക് ഇവിടെ ഭാവിപ്രവർത്തനങ്ങൾ തുടരാം. അങ്ങനെ കിഴക്കുനിന്നും പടിഞ്ഞാറോട്ടും പടിഞ്ഞാറുനിന്നും കിഴക്കോട്ടും മിഷനറിമാർ മാറി മാറി പൊയ്ക്കൊണ്ടിരിക്കും. സഭയുടെ ഈ പ്രവർത്തനങ്ങൾ എക്കാലവും തുടർന്നുകൊണ്ടേയിരിക്കും. ഒരുകാലത്ത് ഒരു രാജ്യത്തു ശക്തിപ്പെടുന്ന സഭ, പിന്നീട് ദുർബലമാകുന്നു. പിന്നൊരു കാലത്ത് വീണ്ടും ശക്തിപ്പെടുന്നു. അങ്ങനെ നാഥന്റെ രണ്ടാമത്തെ ആഗമനംവരെ മിഷനറി പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കും. അന്ന് നാം ഉറങ്ങുന്നവരായി കാണപ്പെടാതിരിക്കാൻ വിളക്കുകൾ തെളിച്ച് നമുക്ക് ഉണർന്നിരിക്കാം.

*Greetings from*

**A. K. P. METALS & ALLOYS**

**IRINJALAKUDA & ERNAKULAM**

*Greetings from*

**KOLATTUKUDY JEWELLERY**

MANJAPRA

ANKAMALY

# TODAY'S ADORATION CONGREGATION TOMORROW'S PASCHAL COMMUNITY



**Rt.Rev.Dr. Sebastian Mankuzhikary**
(Auxiliary Bishop of Ernakulam)

The Adoration Congregation is completing 75 years since it began its pilgrimage. Even then it is not yet time to forget the sources; nor for the goals to fade out.

The exhortation Council fathers gave at the Vat II is unambiguous: Return to the Sources. The Word Incarnate is to be discovered in the Scriptures and the authentic life style of the Christian Community particularly of the early centuries. This is the vision behind the call to go back to the sources. That must also be the main thrust and goal in being Pontifical. It is in this background that any founder of a religious community is to be seen, his spirit and purpose to be understood. The specific charism of a religious community is the nectar collected by the founder through contemplation and interior silence from Christ, the honeycomb. He is channelizing Christ's life, love and truth to a community. The aspirations of the community and the needs of the times give incividuality and uniqueness to this venture. While Basil and Benedict discovered Jesus of Nazareth, Assisi encountered mainly Jesus of Bethlehem. Even so, Loyola, Dominic, Ligouri and the like saw Jesus from other angles and under different circumstances and bore witness to him in contemporary society.

The Saintly Bishop Kurialacherry was naturally struck by the Jesus at the Last Supper. He imbibed the paschal spirit and made an endowment of it to the christian community of Kerala through the Adoration Congregation. Jesus of the Last Supper is Jesus of the Passover. It was on Jesus of the Passover that his eyes were glued to.

Bishop Kurialacherry, who was fortunate to have his priestly training at the Propaganda College, must have seen the life style of Eucharistic communities in Rome itself. The characteristic feature of the early Christian Communities was the common ideal based on the Eucharistic Sacrifice, viz. "Love for Love and Sacrifice for Sacrifice". After getting together to break the bread, when they dispersed to toil, the ideal they shared led them to Christian brotherhood, service, witness and even to martyrdom. In the west, the Bishop had met and got acquainted with

those who imbibed this tradition and dedicated their lives for the glory of God and the welfare of the people.

There are religious communities, that find fulfilment in adoring the holy Eucharist all the 24 hours. The Bishop did not cut out and bring a branch of this flowery bush along. Instead, he did treasure its fragrance in his heart. Thus, in divine providence, he became the founder of the Adoration Congregation in Kerala.

It was the merging point of two centuries-19th and 20th. If we take into consideration the divine providence that guides the destiny of history, we can even call it a Triveni of the waterflow of ages. These have certainly influenced Fr. Kurialacherry. The first world war had sent shivers all round the world. Great Sacrifices were made by the people of India for freedom. These unravelled the darkness caused by the absence of fellow-feeling, concern and unity based on truth. The history of the Kerala church was not different either. It was the time when Syro-Malabar Christians had secured Bishops of their own Rite and were moving forward to ecclesial independence. Kurialacherry himself was one of the first rays of that new era's dawn. The Kerala Catholic Community was passing through a Passover experience in matters of Liturgy and administration. The passover that had its beginnings in Bishops Levinje and Medlikot reached its culmination in Pazheparambil, Menachery, Makkil, Kurialacherry and the like. God chose Kurialacherry who strove in the midst of this community, to forget the past and leap forward, in order to be the instrument in founding a paschal community in Kerala. The community of aspirants that he formed when a priest, has matured into today's Adoration Congregation of Pontifical Status. As a Bishop he filled the community with good seeds and made it grow into a cannonically recognised one.

The Adoration Congregation is a Paschal Congregation, living the experience of the Paschal Mystery. What does it mean to be a Passover Community steeped in the Paschal mystery? What is the Passover experience?

Answer is to be sought in the Bible itself. Passover which means passing over signified Israel's liberation, pilgrimage and entry into the Promised Land. Liberation from Egypt's domination, meant freedom from slavery. Israel was the community of the Promise. Hence of pilgrimage too moving forward to the Land of Promise. But, it became a community of captivity in the course of time. It began its pilgrimage to Palestine, the Promised Land, under the leadership of Moses and Aaron. This pilgrimage lasted for forty years. It ended in a victorious entry – a home coming.

This passing-over in jewish history emerged into another higher and more sublime Passover with Christ – the Passover of the New Testament – it was the total liberation of mankind from the domination of evil, a pilgrimage to heaven, the land of the Promise, the final goal and fulfilment. The liberation was obtained not by sacrificing the first-borns, but through the self-giving of Christ, God's first-born. If the blood Israelites sprinkled on the lintel and doorsteps was of lambs, the blood that is being sprinkled on the forheads of those who are called into the new covenant is of the 'Lamb of God who takes away the sins of the world'. Jesus perfected the old covenant while celebrating the Passover of the Jews: He took bread in his hands and said: This is my body which is offered for you. In the same way also the cup, saying: This is my blood which is poured out for you for the forgiveness of sins – the blood of the new and eternal covenant. He commanded this Passover to be celebrated till His Second coming.

It was mainly this breaking of the bread that kept the first Christians united. This was known as Agape or the banquet of love. The first Christian community was certainly a paschal community. There are two references to this in the Acts of the Apostles:– 'And they devoted themselves to the apostle's teaching and fellowship, to the breaking of bread and the prayers" (Acts. 2: 42). "Now the company of those who belived were of one heart and one soul, and no one said that any of the things which he possessed was his-own, but they had everything in common. And with great power the apostles gave their

estimony to the resurrection of the Lord Jesus, and great grace was upon them all. There was not a needy person among them, for as many as were possessors of lands or houses sold them, and brought the proceeds of what was sold and laid it at the apostle's feet; and distribution was made to each as any had need" (Acts. 4: 32-35).

We get the salient features of the paschal community from this narrative. Breaking of bread was the source of charity and unity; in other words-Eucharist, Holy Mass. The first Christians who were united with Christ through the celebration of the Eucharist led a passover life liberated from themselves and from everything else. They became the models of Christian unity-Koinonia. No community can exist as a community without ridding itself of selfishness.

Bishop Kurialacherry desired to see a model community that has interiorized the selflessness exemplified by Chirst the Lord in the Eucharist and the unity that emerges from it, established in Kerala. That was the need of the hour as well. The Adoration Congregation that celebrates its Platinum Jubilee, has to return to this original spirit. This is the basic feature seen in the sources-both in the Scripture and the founder's vision.

A religious community is never an end in itself. It is the sign and the way at one and the same time. It will be a contradiction to say that a sign-post is the way. But, it is true in the case of religious life. It is a sign-post that heralds, "The spirit of Christ, the experience of the Christ-event is here". That experience will always be liberating. It will be dynamic, not static. It also includes the pilgrim nature which is the second basic feature of the passover. This new creation that has shed the old selfish nature, marches forward freely. with glitter in the eyes and smile on the lips There is an air of lightness, a tranquillity of the heart that the world can not give. The three vows-obedience, poverty and celibacy-make man fully free; they make him a liberated individual of the paschal community; enables him to march forward bearing the banner of pilgrimage. Those who consider vows cumbersome are not yet real members of the passover community.

The Eucharist (Agape) was the basis of unity for the first Christian Community; it was the source of fellowship (Koinonia), the clarion call of service (diakonia). That is why they moved into common ownership and need-based distribution. Naturally, their contemporaries were astonished. The greatest evangelisation (Kerygma) is the life of service that is saturated with love. But, they did not rest content with it. Holding fast to the teaching of the apostles, they bore forceful witness to Christ's resurrection through word and deed. All the first Christians were 'martyrs' - witnesses in the etymological sense of the term, whether they died shedding blood or not. Thus, the paschal community is almost a foretaste and a premordial form of the heavenly life that is to blaze up at the end of time.

1. Jn: 1:33; ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ കണ്ടപ്പോരം സ്നാപകൻ സ്നാനത്തെക്കുറിച്ചു നൽകുന്ന സാക്ഷ്യത്തിലും.
2. Jn: 2. കാനായിലെ സംഭവത്തിലും.
3. Jn: 3. യേശുവും നിക്കാദേമോസുമായുള്ള സംഭാഷണത്തിലും.
4. Jn: 4. യേശുവും സമറിയാക്കാരിയുമായുള്ള കൂടിക്കാഴ്ചയിലും.
5. Jn: 5. യേശു തളർവാതരോഗിയെ സുഖപ്പെടുത്തിയതിലും
6. Jn: 7: 37_39. ജീവജലത്തെക്കുറിച്ചുള്ള പരാമർശത്തിലും
7. Jn: 9 ശീലോഹാക്കുളക്കരയിൽ അന്ധനു കഴ്ച നല്ലിയ സംഭവത്തിലും.
8. Jn: 13 കാലുകഴകൽശുശ്രൂഷയിലും.
9. Jn: 19: 34 പിളർക്കപ്പെടുന്ന ക്രിസ്തുഹൃദയത്തെക്കുറിച്ചുള്ള സാക്ഷ്യം നൽകലിലും ഈ കൂദാശയുടെ വിശദീകരണങ്ങരം നൽകുന്നതായി കാണാം.

## പുതിയ നിയമത്തിലെ പുനർജനനത്തിന്റെ കൂദാശ

ഉത്ഭവപാപത്തിൽ നിന്നുള്ള മോചനം മാത്രമല്ല മാനവരാശി നൂററാണ്ടുകളിലൂടെ ചെയ്തുകൂട്ടിയ പാപഭാരം ഈ പ്രപഞ്ചഗർഭത്തിലുണ്ടു്. അതിന്റെ ഫലം പ്രപഞ്ചത്തിന്റെ മടിയിൽ പിറന്നുവീഴുന്ന ഓരോ വ്യക്തിയിലും ഉണ്ടു്. അതിനെ സഭാമാതാവു് തന്റെ മാറോടണച്ചുമ്മവയ്ക്കുമ്പോരം— മാമ്മോദീസായിലൂടെ സഭയുടെ മടിയിൽ ചേർക്കപ്പെടുമ്പോരം_സകല കളങ്കിതാവസ്ഥയിലുംനിന്നു് ഉയിർത്തെഴുന്നേററു് പ്രസാദവരവസ്ത്രം കൊണ്ടു് അലംകൃതമാവുന്നു. അങ്ങനെ മനുഷ്യനു ദൈവം നൽകുന്ന കരാവലംബമാണു് വരപ്രസാദം. ഇതിലൂടെ ദൈവികജീവനിൽ പങ്കുപററുകയും ദൈവത്തിന്റെ സ്നേഹവാഴ്ചയ്ക്കു് മനുഷ്യനെ സജ്ജമാക്കുകയും ചെയ്യുന്ന കൂദാശയത്രെ മാമോദീസ. മാമോദീസാവഴി ക്രിസ്തു നമ്മെ സഭയാ

കുന്ന ആയുധപ്പുരയുടെ പടിവാതില്കൽ കയററി നിർത്തിയിരിക്കുകയാണ്. എഫേ: 6:10- 13 ''നിങ്ങളെല്ലാവരും കർത്താവിലും അവൻെറ ശക്തിയുടെ പ്രാഭവത്തിലും കരുത്തുള്ളവരാകുവിൻ. സാത്താൻെറ കുടില തന്ത്രങ്ങളെ എതിർത്തു നിൽക്കുവാൻ നിങ്ങൾ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല പ്രഭുത്വങ്ങൾക്കും, ആധിപത്യങ്ങൾക്കും, ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും ഉന്നതങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ് പടവെട്ടുന്നതു്. അതിനാൽ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ''. ആയുധമെടുത്തു യുദ്ധം ചെയ്യാനാവശ്യപ്പെടുന്നു. എന്നാൽ വിശ്വാസത്തിൻെറ പരിചയെടുക്കാനും, രക്ഷയുടെ പടത്തൊപ്പി ധരിക്കാനും, ദൈവവചനമെന്ന പടവാളേന്താനും, സത്യം കൊണ്ടരമുറുക്കാനും, നീതിയെന്ന കവചം ധരിക്കാനും നാം വിസമ്മതിച്ചു നിൽക്കുന്നു. ആയുധപ്പുരയുടെ ഉള്ളിൽക്കയറാതെ പകച്ചു നിന്നതുകൊണ്ടു പ്രയോജനമെന്തു്? ഒരു പുനർജനനത്തിനു നാം തയ്യാറായെ തീരൂ.

## ഇവിടെയൊരു മാനസാന്തരം

മാനസാന്തരപ്പെടുക, പുതുജീവൻ നേടുക, ശിശുവിനെപ്പോലെ ആയിത്തീരുക, ഇവ പലതരത്തിലുള്ള പ്രയോഗവിശേഷങ്ങളാണെങ്കിലും അർത്ഥതലത്തിൽ ഒരു സമന്വയം കാണാം. ദൈവരാജ്യ പ്രവേശനത്തിനുള്ള വ്യവസ്ഥ മാനസാന്തരവും പുതുജനനവുമത്രെ. ദൈവപുത്രനായ യേശുക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം നിങ്ങൾക്ക് അവൻെറ നാമത്തിൽ ജീവനുണ്ടാകണം. തൊണ്ണൂററിയൊൻപതു് ആടുകളെ വിട്ടു് നഷ്ടപ്പെട്ട ഒന്നിനെത്തേടി, അതിനെ തൻെറ കരവലയത്തിൽ ഉറപ്പിച്ചേക്കാൻ ആഗ്രഹിച്ചു വരുന്ന ദൈവത്തിനു് തന്നെത്തന്നെ വിട്ടുകൊടുക്കുമ്പോഴാണ് മാനസാന്തരം സാദ്ധ്യമാകുന്നതു്.

യഹൂദമതത്തിൻെറ ആചാരവിധികളിലും മാനസാന്തരത്തെപ്പററിയുള്ള കാഴ്ചപ്പാടുകൾ ഉണ്ടു്. വിജാതീയൻ യഹൂദനാകുന്നതോടെ പൂർവ്വബന്ധങ്ങളിൽനിന്നു പിന്മാറി വീണ്ടും ജനിക്കുകയാണ് എന്ന ആശയത്തിനു് അവർ പ്രാധാന്യം കൊടുത്തിരുന്നു. എന്നിട്ടും യഹൂദപണ്ഡിതനായ നിക്കാദേവമി ഈ പ്രശ്നം സുവിശേഷകൻ അവതരിപ്പിക്കുന്നു. ക്രിസ്തു ഒരു പുതുജനനത്തിനായി അദ്ദേഹത്തെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ആധുനിക നിക്കാദേമോസ്മാരോടും ക്രിസ്തുവിനു പറയാനുള്ളതിതത്രെ. കേവലം പാണ്ഡിത്യംകൊണ്ടു സിദ്ധിക്കുന്നതല്ല ഇതിൻെറ ഉത്തരം. ദൈവികജീവനിലൂടെ പുത്രത്വം സ്വീകരിക്കുക. ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുക. ഇതിനു് ജീവിതമാകുന്ന പ്രവാഹത്തെ ഒന്നു ഗതി മാററിവിട്ടാലെ സാധിക്കൂ. ഒരു മനം മാററം—മാനസാന്തരം—ആവശ്യമത്രെ. ''വൃക്ഷത്തിൻെറ ചുവടിനു കോടാലിവയ്ക്കപ്പെട്ടു കഴിഞ്ഞു. നല്ല ഫലം നൽകാത്ത വൃക്ഷങ്ങളെല്ലാം എരിതീയിൽ എറിയപ്പെടും'' (LK. 3:9). മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കാനുള്ള യോഹന്നാൻ സ്നാപകൻെറ വിപ്ലവകാഹളം കേട്ടപ്പോൾ അന്നത്തെ ജനതതി ''ഞങ്ങളെന്താണു ചെയ്യേണ്ടതു്'' എന്നു ചോദിച്ചുവന്നു. സ്വാർത്ഥതയിൽ നിന്നകന്നു് മാനസാന്തരത്തിലൂടെ ഒരു പുതിയ യുഗത്തിനു് രൂപം കൊടുക്കുവാൻ സ്നാപകൻ അവരെ ആഹ്വാനംചെയ്തു. അതുപോലെ ഈ ജൂബിലിയും നമ്മെ സംബന്ധിച്ചു് ഒരു പുതുയുഗപ്പിറവിക്കുള്ള ആഹ്വാനമത്രെ. അതുകൊണ്ടു് ''ഞങ്ങളെന്താണു ചെയ്യേണ്ടതു്'' എന്നു് ദിവ്യകാരുണ്യസന്നിധിയിൽ നമുക്കും ഒത്തൊരുമിച്ചു ചോദിക്കാം. അപ്പോൾ കേൾക്കാം 'സ്വാർത്ഥതയിൽനിന്നു പുറത്തിറങ്ങി മററുള്ളവർക്കായി വ്യയം ചെയ്യുന്ന, വിഭജിച്ചു കൊടുക്കുന്ന, വിശാലതയുടെ ചക്രവാളത്തിൽ ഉദിച്ചുയരാൻ സാധിക്കുമ്പോൾ മാത്രമേ മാനസാന്തരം വന്നു എന്നു പറയാൻ പററൂ' എന്നു്. നമ്മുടെ ഹൃദയക്ഷേത്രക്കടവിൽ നാം സൂക്ഷിച്ചു വച്ചിരിക്കുന്ന സ്വാർത്ഥതാല്പര്യങ്ങളാകുന്ന കണ്ണുനീർച്ചാലുകളും പൊള്ള വിഗ്രഹങ്ങളും ഉപേക്ഷിച്ചു്, അനുരഞ്ജനനിർഝരിയിലൂടെ, ദൈവമെന്ന യഥാർത്ഥ ഉറവയിലേയ്ക്കു് നമുക്കും ഒഴുകി ലയിക്കാൻ സാധിക്കൂ. മാമോദീസാ സ്വീകരണത്തിലൂടെ ദൈവം ഒരുവനെ ഈ നിത്യനിർഝരിയിലേയ്ക്കു് അടുപ്പിക്കുകയത്രെ ചെയ്യുന്നതു്. അവിടെനിന്നു് വിശ്വാസത്തിൻെറ വെളിച്ചവും ആത്മാവിൽ പുതുജീവനും പ്രാപിച്ചു് പുറത്തുവരുന്നു. ആത്മാവിനാൽ നിറഞ്ഞവൻ തന്നിലുള്ള അരൂപിയെ മററുള്ളവർക്കു നൽകാൻ വെമ്പൽകൊള്ളും. ഇങ്ങനെ പ്രേഷിതപ്രവർ

ത്തനത്തിൻെറ 'കാനാ' അവൻെറ മുമ്പിൽ പ്രവർത്തനക്ഷമമാകും.

## ജോർദ്ദാൻ തടത്തിലൊരു മാമോദീസ

ക്രിസ്തുവിൻെറ പരസ്യജീവിതത്തിനു തുടക്കം കുറിക്കുന്നതു് ജോർദ്ദാൻ തടത്തിൽ വച്ചത്രെ. പാപമില്ലാത്തവൻ പാപിയുടെ നിരയിലേയ്ക്കു് സ്വയം താഴ്ത്തിയപ്പോഴും, ജോർദ്ദാൻെറ അലകളിൽ ക്രിസ്തു സ്വയം മറച്ചു് സ്നാപകനിൽ നിന്നു് സ്നാനം സ്വീകരിച്ചപ്പോഴും, സ്വർഗ്ഗത്തിൻെറ പരമകവാടം തുറന്നു വരുന്നു. മന്ദ്രമധുരമായ സ്വരം! (ലൂക്കാ.3:22) "നീ എൻെറ പ്രിയപുത്രനാകുന്നു നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഈ സാക്ഷ്യം ലഭിച്ച ക്രിസ്തുവിൻെറ ജീവിതം ഒരു മാമ്മോദീസായിൽ ആരംഭിച്ചു് മറെറാരു മാമ്മോദീസായിൽ ചെന്നെത്തുന്നു. ആത്മാവിൽ പരിപൂരിതനായ ക്രിസ്തു തൻെറ ദൗത്യനിർവഹണത്തിനായി തയ്യാറെടുക്കുന്നു. ഇങ്ങനെയാണു് പ്രേഷിതപ്രവർത്തനത്തിൻെറ ചൈതന്യധാര പ്രവഹിക്കുന്നതും പ്രവഹിക്കേണ്ടതും. ബഥ്സൈദയിലെ തളർച്ചയിൽ കുളിർമ്മയും, സിലോഹായിലെ അന്ധകാരത്തിൽ വെളിച്ചവും കാനായിലെ മൗനവേദനയിൽ മാധുര്യവും പകർന്നു് ക്രിസ്തു മനുഷ്യനെ ദൈവമെന്ന നിത്യനിർഝരിയിലേയ്ക്കുടുപ്പിക്കുന്നു.

38 വർഷം തളർവാതരോഗത്താൽ തളന്ന ഒരു മനുഷ്യൻ ബഥ്സൈദാ കുളക്കരയിലുണ്ടായിരുന്നു. വെള്ളം ഇളകിക്കഴിയുമ്പോഴും ഈ തളർന്നവനെ താങ്ങുവാൻ ആരും തയ്യാറായില്ല. യേശു അവനു് തളർച്ച നീക്കി ഉയർച്ച നൽകി. ക്രിസ്തു പറഞ്ഞതനുസരിച്ചു് കിടക്കച്ചുമടുമെടുത്തു് നിരത്തിലൂടെ ആ മനുഷ്യൻ നീങ്ങുമ്പോഴും നിയമത്തിൻെറ ചങ്ങലക്കിലുക്കം വഴിയരികിൽ കേൾക്കാം. "ഇന്നു സാബത്താകയാൽ കിടക്ക ചുമക്കാൻ പാടില്ല." തന്നെ സുഖപ്പെടുത്തിയവൻെറ ശക്തിവിശേഷം പറഞ്ഞു് ആ മനുഷ്യൻ രക്ഷപ്പെടുന്നു. രോഗം കൊണ്ടു തളർന്ന ഇസ്രായേൽ ജനതയെ രക്ഷിക്കുവാൻ പഞ്ചഗ്രന്ഥിയാകുന്ന അഞ്ചു മുഖമണ്ഡപങ്ങളിൽ വിഹരിച്ചിരുന്ന നിയമാരാധകർക്കു കഴിഞ്ഞില്ല. ക്രിസ്തുവാകുന്ന ജീവിക്കുന്ന നീരുറവയ്ക്കു മാത്രമെ ഇസ്രായേലിനെ രക്ഷിക്കുവാൻ സാധിച്ചുള്ളു. 38 വർഷം കുളക്കരയിൽ കിടന്നിട്ടും ആ മനുഷ്യനെ ഒന്നു സഹായിക്കാൻ ആരുമുണ്ടായില്ല. അയാൾ അവിടെ കിടന്നു് ജീർണ്ണിച്ചുപോയാലും ആർക്കും പരാതി ഉണ്ടാകുമായിരുന്നില്ല. ചുമടെടുത്തു എന്ന സാബത്തു ലംഘനത്തിൽ അവർ ശകാരവർഷം ചൊരിയുന്നു. നിയമത്തിൻെറ മറയിൽ സ്നേഹിക്കാൻ മറന്നുപോകുന്ന ചിത്രമല്ലെ ഇവിടെ കാണുന്നതു്. ആ നിരാലംബനായ രോഗിയെ ക്രിസ്തുവാകുന്ന നീരുറവ കഴുകി, സുഖമാക്കി ശക്തിപ്പെടുത്തി.

## സിലോഹായുടെ സീമയിലും

ജന്മനാ അന്ധനായവനെ തൻെറ കരസ്പർശംകൊണ്ടു സുഖമാക്കുന്ന ക്രിസ്തുവിനെ നമുക്കു കാണാം. "അന്ധനായി പിറന്നവൻെറ കണ്ണു് ആരും തുറന്നതായി ലോകം ഉണ്ടായിട്ടു് ഇതുവരേയും കേട്ടിട്ടില്ല." വിശ്വാസത്തിൻെറ കാഴ്ച നൽകുന്ന കൂദാശയാണു് മാമോദീസ എന്നു കാണിക്കുന്നതിനു് വി. ശ്ലീഹാ ഈ അടയാളം വിശദീകരിക്കുന്നു. Jn: 9:15 "അവൻ എൻെറ കണ്ണിൽ ചെളിപുരട്ടി, ഞാൻ കഴുകി കാണുകയും ചെയ്യുന്നു. നിയമത്തിനും നിയമപണ്ഡിതന്മാർക്കും കാണാൻ സാധിക്കാത്ത സത്യങ്ങളാണു് അന്ധൻ കണ്ടതു്, യഥാർത്ഥ വെളിച്ചമായി യേശുവിലൂടെ മാത്രമെ ദൈവികവെളിച്ചം നമുക്കു സിദ്ധിക്കൂ. മാമ്മോദീസായെ "The Sacrament of illumination" എന്നു പറയുന്നതും ഇതുകൊണ്ടത്രെ.

## സെഹിയോനിൽനിന്നു കാൽവരിയിലേക്കു

ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവസാനം വരെ സ്നേഹിച്ച ഈശോ എളിമയുടെ ഏററം വലിയ പ്രവൃത്തി ചെയ്തുകൊണ്ടു്— ശിഷ്യന്മാരുടെ പാദം കഴുകി ചുംബിച്ചുകൊണ്ടു് — തന്നോടുകൂടി അവരെ അത്താഴവിരുന്നിലേയ്ക്കു ക്ഷണിക്കുന്ന രംഗത്തും വി. ശ്ലീഹാ മാമ്മോദീസായിലേയ്ക്കു് വിരൽ ചൂണ്ടുന്നുണ്ടു്. കാലുകഴുകൽ ശുശ്രൂഷയ്ക്കുശേഷമാണു് വി. കുർബാന സ്ഥാപനവും സ്വീകരണവും നടന്നതു്. മാമ്മോദീസാ സ്വീകരണം വി. കുർബാനയ്ക്കുള്ള ഒരുക്കമത്രെ. സെഹിയോനിൽ നിന്നു് കർത്താവിൻെറ ബലിപ്രയാണം ആരംഭിക്കുന്നു. സെഹിയോനിൽ നിന്നു് നേരെ

കാൽവരി നട കയറിയില്ലായിരുന്നുവെങ്കിൽ സെഹിയോനിലെ വിരുന്നു് വഞ്ചനയാകുമായിരുന്നു. കാൽവരിയിലെ അർപ്പണത്തിൻെറ തിരശ്ശീല വീഴുന്നതു് ക്രിസ്തുവിൻെറ ഹൃദയം കുന്തത്താൽ പിളർക്കപ്പെട്ടപ്പോഴാണു്. അതായതു് തൻെറ പരസ്യജീവിതത്തിൻെറ അവസാനം കാൽവരി ശൃംഗത്തിലെ രക്തത്താലുള്ള മാമ്മോദീസായിൽ അത്രെ.

ഒരു ക്രിസ്ത്യാനിക്കു് മാനസാന്തരത്തിനുള്ള വിളി മാമ്മോദീസായിലൂടെ ലഭ്യമാകുന്നു. ഈ ദിവ്യാഹ്വാനം കാൽവരിയിലേയ്ക്കു് നമ്മേയും നയിക്കുന്നു. എപ്പോൾ? സ്വയം വിഭജിക്കപ്പെടാനും ഇല്ലതാകാനും മനസ്സായി കുരിശിൻെറ പാതയിലൂടെ ഗാഗുൽത്തായിലേയ്ക്കു നീങ്ങുമ്പോൾ! അതിനു നാം തയ്യാറാകുമ്പോൾ മാത്രമേ മാനസാന്തരത്തിനുള്ള വിളി നമ്മിൽ അന്വർത്ഥമാകുന്നുള്ളു. അപ്പോൾ നാമും, ഗോതമ്പുമണി പുതുസൃഷ്ടിക്കുവേണ്ടി അഴിഞ്ഞലിയുന്നപോലെ, ഇല്ലായ്മയുടെ പടവുകളിറങ്ങും. പുതുസൃഷ്ടിയായി രൂപഭേദം വരും; നല്ല ഫലം പുറപ്പെടുവിക്കയും ചെയ്യും.

## ജോർദ്ദാനിൽനിന്നു് സെഹിയോൻ വഴി കാൽവരിയിലേക്കു്

ജോർദ്ദാനും, സെഹിയോനും, കാനായും കാൽവരിയും ക്രിസ്തുസംഭവത്തിൻെറ നാലു പ്രധാന നാഴികക്കല്ലുകളത്രെ കാനായിൽ വെള്ളത്തെ വീഞ്ഞാക്കിയെങ്കിൽ സെഹിയോനിൽ വീഞ്ഞിനെ രക്തമാക്കി. സെഹിയോനിലെ സംഭവം സാദൃശ്യത്തിൻ കീഴുള്ളതായിരുന്നു. അപ്പത്തിൻെറ വിഭജനത്തിലും–വീഞ്ഞിനെ രക്തമാക്കിപ്പകർത്തിയതിലും –ശരീരത്തിൻെറ വിഭജനവും, രക്തത്തിൻെറ ചിന്തലും.

അതുകൊണ്ടു്:—

സെഹിയോൻ— വീഞ്ഞു്— രക്തം

കാനാ— വെള്ളം— വീഞ്ഞു്.

തൻെറ പരസ്യജീവിതത്തിൻെറ ആരംഭം— ജോർദ്ദാനിൽ—

ജോർദ്ദാൻ— വെള്ളം— മാമോദീസ—

ക്രിസ്തുവിൻെറ പരസ്യജീവിതത്തിൻെറ അവസാനം കാൽവരിയിൽ.

കാൽവരി— രക്തം— മാമോദീസ—

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലും ഈ നാലുതലങ്ങൾ അവതരിപ്പിക്കപ്പെടണം. എങ്കിലെ അവൻെറ ക്രിസ്തീയജീവിതം അർത്ഥപൂർണ്ണമാകൂ. ജോർദ്ദാൻ മുതൽ കാൽവരി വരെ നടന്നു നീങ്ങണം. ജോർദ്ദാൻ തടത്തിൽനിന്നു് ക്രിസ്തു തൻെറ പ്രവർത്തനവീഥിയാകുന്ന കാനായിലൂടെ കാൽവരിയിലേയ്ക്കു് നീങ്ങി. കാനായിൽ പ്രകൃതി സമ്പത്തായ വെള്ളം മനുഷ്യാദ്ധ്വാനസമ്പത്തായ വീഞ്ഞായി പകരപ്പെടുന്നു. പ്രപഞ്ചസമ്പത്തു് അദ്ധ്വാനമാകുന്ന അത്ഭുതത്തിലൂടെ മനുഷ്യനു അനുഭവയോഗ്യമാക്കിത്തീർക്കുന്നു. ദൈവം ഭൂമിയിൽ നിറച്ചുവച്ചിരിക്കുന്ന നിക്ഷേപങ്ങൾ മനുഷ്യനു സൗജന്യദാനമായി നൽകിയ കഴിവുകളിലൂടെ രൂപാന്തരീകരിക്കപ്പെടണം. ഇവിടെ തൊഴിലാളിയും, ശാസ്ത്രജ്ഞനും, ഭിഷഗ്വരനും, അദ്ധ്യാപകനും എന്നുവേണ്ട ഏതു പ്രേഷിതപ്രവർത്തകനും വെള്ളത്തെ വീഞ്ഞാക്കുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവരത്രെ. തൻെറ കഴിവും, സമയവും ആരോഗ്യവും അപരൻെറ നന്മയ്ക്കു പകരിക്കുമ്പോൾ ഒരർത്ഥത്തിൽ വീഞ്ഞാക്കൽ അത്ഭുതം ആവർത്തിക്കപ്പെടുകയാണു്. നമ്മുടെ പ്രേഷിതരംഗങ്ങളാകുന്ന' കാനായിൽനിന്നു് അദ്ധ്വാനത്തിൻെറ മുന്തിരിച്ചക്ഷകവുമായി നാം സെഹിയോനിലേയ്ക്കു്— അൾത്താരയിലേയ്ക്കു് കടന്നു വരണം. അങ്ങിനെ നാം 'സെനക്കിളിൽ' പ്രവേശിക്കുമ്പോൾ നമ്മുടെ അദ്ധ്വാനഫലത്തേയും നമ്മെയും അവിടുന്നു് സന്തോഷത്തോടെ സ്വീകരിക്കുന്നു. ആ ബലിപീഠത്തിൽ വച്ചു് അതിനെ തൻെറ വ്യക്തിത്വത്തിൻെറ ഭാഗമാക്കിപ്പകർത്തി തിരികെത്തരുന്നു.

അൾത്താരയിലർപ്പിച്ച ഈ വീഞ്ഞു് മററുള്ളവരുമായി പങ്കുവയ്ക്കപ്പെടാനുള്ളതത്രെ. അതു് ത്യാഗത്തിൻേറയും ശൂന്യമാക്കലിൻേറയും വഴിയിലൂടേ സാധിക്കൂ. ഇവിടെ വരുമ്പോൾ നാം ജീവിതയാഥാർത്ഥ്യങ്ങളെ ഭയത്തോടെ വീക്ഷിക്കുന്നു. ക്രിസ്തുവിൻെറ യാത്ര സെഹിയോനിൽനിന്നു് കാൽവരിയിലേയ്ക്കായിരുന്നു. സെഹിയോനിലെ വിരുന്നിൻെറ വിഭവങ്ങളുമായി കാൽവരി കയറാൻ നാം വിമുഖത കാണിക്കുന്നതുകൊണ്ടാണു്

ഇവിടൊരു മാനസാന്തരം
ഒരു നവീകരണം
ഒരനുരഞ്ജനം സാധിക്കാത്തതു്.

ഇതത്രെ നമ്മുടെ ജീവിതത്തിൻെറ തെററായ താളം. പെസഹാരഹസ്യത്തിൽ പങ്കുകൊണ്ട് സഭയാകുന്ന ആയുധപ്പുരയുടെ പടിക്കൽ കാത്തു നില്ക്കുന്നവരാകാതെ, ആയുധപ്പുരയുടെ അകത്തു കയറി ഓരോ ആയുധമെടുത്ത് നല്ല പോരാളിയാകുക. വിജയ കിരീടം അണിയുക.

ആരാധന സഭാംബികയും തൻെറ രൂപ്പാററിനം ജൂബിലിയാഘോഷവേളയിൽ സഭാസന്താനങ്ങൾക്ക് നൽകുന്ന സന്ദേശം മറെറാന്നല്ല. ജോർദ്ദാനിൽ നിന്ന് — സെഹിയോൻ വഴി— കാൽവരിയിലേയ്ക്ക് വിശ്വസ്തതാപൂർവ്വം നടന്നടുക്കാൻ തയ്യാറാവുക. "നാം അവനോടുകൂടി മരിച്ചിട്ടുണ്ടെങ്കിൽ അവനോടുകൂടി ജീവിക്കും; നാം സ്ഥിരതയോടുകൂടി ഉറച്ചു നില്ക്കുമെങ്കിൽ അവനോടുകൂടി ഭരിക്കും" (2 തിമോ: 2/11).

അപ്പോൾ നാം ഒരു പുതിയ ജന്മത്തിലൂടെ പുതുസൃഷ്ടിയായിത്തീരും.




*Greetings*

**BHARATH BAKERY**

**Koothattukulam**

*Greetings*

**FEDERAL BANK**

**Koothattukulam**

C S T No. J 110
G S T No. J 255/71
K F D L No. 40 74
K S D L No. 75/12

Gram: LUCKY
Phone { Office 5, Res 46 }

**JACOB THOMAS KALLUKALAM**

Dealer: Ration Wholesale, Freesale
Sugar & Wheat Products

**Market, Changanacherry, 686 001**
Kerala

**തറയിൽ ഫോട്ടോസ്,**

**കോടിക്കുളം**

ഫ്ളാഷ് ഫോട്ടോകൾ, കളർ ഫോട്ടോകൾ, എൻലാർജ്ജ്മെൻറ് കോപ്പികൾ, ഗ്രൂപ്പ് ഫോട്ടോകൾ എന്നിവക്ക് മികച്ചസ്ഥാപനം.

**Prop:- T. K. VARGHESE THARAYIL**

ഗദ്യകവിത

# ജന്മസാഫല്യം

Sr. Clare Kuttikkottayil

പ്രഭാതത്തിൽ പള്ളിമണിയുടെ
തുകിലുണർത്തൽ കണ്ണുപുടങ്ങളിൽ
വന്നടിച്ചപ്പോൾ ആശിച്ചുപോയി–
–ഞാൻ–
ആ നാദമായ് അന്തരീക്ഷത്തിൽ
മാറ്റൊലിക്കൊണ്ടിരുന്നെങ്കിൽ!
ദൈവാരാധനയ്ക്കായ് ഭക്തരെയുണർത്തും
പള്ളിമണികളെ നിങ്ങളുടെ ജന്മം
എത്രയോ ധന്യം!!
വരുവിൻ, ആരാധിപ്പിൻ എന്ന
ആ മനോജ്ഞമണിസ്വരം
കേട്ടുണർന്ന മനുഷ്യർ നടകൊള്ളുന്നു
ദേവാലയത്തിലേയ്ക്ക്
ദൈവം വസിക്കുന്ന ആ പാവന മന്ദിരം
കണ്ടപ്പോൾ ആശിച്ചുപോയ് ഞാൻ
ദേവനഭയമരുളുന്ന പാപ്പിടമായ്
ധരയിലുയർന്നു നിൽക്കുവാൻ!!
സ്രഷ്ടാവു പള്ളികൊള്ളുന്ന
ദേവാലയ മണിമന്ദിരങ്ങളെ
നിങ്ങൾ എത്രയോ ധന്യർ!!
ആ മോഹനമണിമന്ദിരത്തിന്റെ ഹൃദയഭാഗത്തതാ
കമനീയമായൊരു സക്രാരി!
ദേവനു വിശ്രമിക്കുവാൻ മണിമഞ്ചലൊരുക്കും
സക്രാരി കണ്ടപ്പോൾ ആശിച്ചുപോയ്
ഞാൻ
നാഥനു വിശ്രാന്തിയരുളുമൊരു സക്രാരിയായ്
ജന്മമെടുത്തിരുന്നെങ്കിൽ!
രാജാധിരാജനായ ദൈവത്തിനു പള്ളിയുറങ്ങുവാൻ
തല്പമൊരുക്കും ലോഹപേടകമേ
നീ എത്രയോ ഭാഗ്യവതി!!
ഈശന്റെ മെയ്യോടുരുമ്മി ഉയരത്തിൽ
ഉയർന്നു നിൽക്കുന്നൊരു മരക്കുരിശതാ
ദേവനാൽ ആലിംഗനബദ്ധമായ് നിൽക്കുമാ
മരക്കുരിശു കണ്ടപ്പോൾ ആശിച്ചു ഞാൻ
നാഥന്റെ ദേഹസ്പർശനമേൽക്കുമൊരു
മരക്കുരിശായ് ജന്മം കൊണ്ടിരുന്നെങ്കിൽ!

മനുഷ്യപുത്രനു തലചായ്ക്കാനിടമില്ലെന്നോതിയ നാഥനു്
തലചായ്ക്കാനിടം നൽകിയ മരക്കുരിശേ
നിന്റെ ജീവിതം എത്രയോ ധന്യം!!
പൂജ്യനാം ദേവന്റെ ദിവ്യസാന്നിധ്യം
വിളിച്ചറിയിച്ചുകൊണ്ടു മിന്നിപ്രകാശിക്കും
കെടാവിളക്കുകളേ!

രാജാധിരാജന്റെ പാർശ്വങ്ങളിൽ
കാവൽക്കാരെന്നപോൽ ജാഗരൂകരായ് നിൽക്കും
നിങ്ങളെ കാണുമ്പോളോർക്കും
ഒരു ചെറുവിളക്കായ്
ഞാനും ജനിച്ചിരുന്നെങ്കിൽ!!
രാജസന്നിധിയിൽ അംഗരക്ഷകരെപ്പോലെ
നിലകൊള്ളും കെടാവിളക്കുകളെ,
നിങ്ങൾ ഭാഗ്യവതികൾ!!

നിത്യവും ബലിപീഠത്തിൽ കത്തിയെരിയും
മെഴുകുതിരികളും തിരുമുമ്പിലുയരും
ധൂപച്ചുരുളുകളും കാണുമ്പോൾ
മററുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന
മെഴുകുതിരിയായ്
ദേവനുൾപ്രിയമേകുമൊരു ധൂപച്ചുരുളായ്
എൻ ജീവിതവും ധന്യമായെങ്കിൽ
എന്നാശിക്കും ഞാൻ!

രാജാധിരാജനു് ആഘോഷമായി എഴുന്നള്ളിയിരുന്നു്
തൻ പ്രജകളെ കാണുവാൻ
സിംഹാസനമൊരുക്കും അരുളിക്കകളെ,
തങ്കക്കതിരുകൾ വീശി ഉദയസൂര്യനെപ്പോലെ
ശോഭിക്കും നിങ്ങളെ കാണുമ്പോൾ
ഓർക്കും ഞാൻ,

ദേവനെ വഹിച്ചുകൊണ്ടുയർന്നു നില്ലുമൊരു
അരുളിക്കയായ് ഞാൻ ജനിച്ചിരുന്നെങ്കിൽ!
നാഥനു സിംഹാസനാരൂഢനാകുവാൻ ജന്മമെടുത്ത
നിങ്ങളുടെ ജീവിതം എത്രയോ ധന്യം!!

ദേവന്റെ തിരുമേനിയും തിരുനിണവും സംവഹിക്കും
തിരുപ്പാത്രങ്ങളെ,
അവിടുത്തെ തിരുസ്പർശനത്താൽ പവിത്രമാക്കപ്പെട്ട
നിങ്ങളുടെ ജീവിതം എത്രയോ ധന്യം
നിത്യവും ബലിവേദിയിൽ
ദേവന്റെ മാംസരക്തങ്ങളായി മാറുവാൻ
ഭാഗ്യം ലഭിച്ച ഗോതമ്പപ്പവും മുന്തിരിച്ചാറും
കാണുമ്പോൾ കൊതിക്കുമെൻ മനം
നാഥന്റെ ദേഹമായ്ത്തീരുവാനുള്ളൊരു
ഓസ്തിയും വീഞ്ഞുമായ് മാറിയെങ്കിൽ!!

അനശ്വരദേവന്റെ തിരുസാന്നിധ്യത്താൽ
പാവനമാക്കപ്പെട്ട ആ നശ്വരവസ്തുക്കൾ
മൂകമായ് എന്നോടു മന്ത്രിക്കുന്നു
ആ മണിനാദം, ആ മണിമന്ദിരം
ആ സക്രാരി, ആ തിരുപ്പാത്രങ്ങൾ
ആ ബലിവസ്തുക്കൾ എല്ലാമെല്ലാം
മറെറാരു ക്രിസ്തുവായ് രൂപംകൊള്ളുണ്ടു
ഈ ഞാൻ
ധന്യരിൽ ധന്യ!!

# ★ ആരാധനസഭ പ്രേഷിതവയലുകളിൽ ★

സി. ജനവീവ് S. A. B. S.

ലോകാവസാനത്തോളം മനുഷ്യമക്കളോടൊത്തു വസിക്കുവാനുള്ള ആഗ്രഹത്താൽ വിശുദ്ധ സക്രാരിയിൽ നിഗൂഢവാസം ചെയ്യുന്ന ദിവ്യകാരുണ്യനാഥനെ ആരാധിക്കുവാൻ സ്വർഗ്ഗത്തിലെ മാലാഖമാരെപ്പോലെ ഭൂമിയിൽ ഒരു ഗണം രൂപപ്പെടണം എന്ന അഭിലാഷമാണ് ആരാധനസഭയ്ക്കു ജന്മം കൊടുക്കുവാൻ കര്യാളശ്ശേരിൽ ബ. തോമ്മാച്ചനെ പ്രേരിപ്പിച്ചതു്. 1908_ൽ ചമ്പക്കുളത്തു് ഒരു കാലിത്തൊഴുത്തിൽ മുളയെടുത്ത ആ കടുകുമണി വളർന്നു വലുതായി താരും തളിരുമേന്തി ആയിരങ്ങൾക്ക് ഇന്നു് തണലേകുന്നു. അതിൻെറ ശാഖോപശാഖകൾ ഹിമാലയസാനുക്കളിലും പാശ്ചാത്യരാജ്യങ്ങളിലും എത്തി നിന്നു് സൗരഭ്യം പരത്തുകയാണ്.

ആധുനിക ലോകത്തിൻെറ ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരണമായി സന്യാസികളുടെ ജീവിതക്രമവും കർമ്മപരിപാടികളും കാലോചിതമായി നവീകരിക്കപ്പെടണമെന്ന കൗൺസിൽ പിതാക്കന്മാരുടെ നിർദ്ദേശമാണ് പ്രേഷിത വയലുകളിലേക്കിറങ്ങുവാൻ ആരാധനസഭയെ പ്രേരിപ്പിച്ചതു്. 'ദിവ്യകാരുണ്യ ഭക്തി നിങ്ങളിലും മററുള്ളവരിലും വളർന്നു വരുവാൻ പരിശ്രമിക്കണമെന്നുള്ള സ്ഥാപകനിർദ്ദേശം അവർ പ്രാവർത്തികമാക്കുകയാണ്. ഭാരതത്തിൻെറ വിവിധകോണുകളിൽ — അല്ല അലയാഴിക്കപ്പുറവും. ത്യാഗസന്നദ്ധതയോടും സേവനതല്പരതയോടും കൂടി അഹോരാത്രം പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതയാവുകയാണ്.

"നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തി, പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. കാലത്തിൻെറ അവസാനംവരെ എന്നുമെന്നും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും (Mt. 28:19_20). ക്രിസ്തുവിൻെറ ഈ ആഹ്വാനം കാതുകളിൽ അലയടിക്കുമ്പോൾ കാലാവസ്ഥയുടെ പ്രാതികൂല്യങ്ങളോ, ഭാഷയുടെ വൈവിധ്യങ്ങളോ, ജീവിതരീതികളുടെ വൈപരീത്യമോ ഒന്നും യഥാർത്ഥ പ്രേഷിതരെ ഭഗ്നാശരാക്കുകയില്ല. അക്ഷരജ്ഞാനമില്ലാതെ, അപരിഷ്കൃതരായി, മൃഗപ്രായരായി കഴിയുന്ന ആയിരങ്ങളുടെ ജീവിതത്തിലേയ്ക്കു് ക്രിസ്തുവിൻെറ പ്രകാശവുമായി കടന്നു ചെന്നു് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ അവർക്കു കഴിയും. പ്രകൃതിശക്തികളെ ഈശ്വരനായിക്കണ്ടു് ആരാധിക്കുന്ന അജ്ഞരായ ആ ജനസഞ്ചയത്തിനു് സത്യദൈവത്തെ കാണിച്ചുകൊടുക്കുകയെന്നതു് ദൈവാനുരൂപിയുടെ പ്രവർത്തനത്താലാണ്; മനുഷ്യശക്തിയാലല്ല സാധിക്കുന്നതു്.

ശൈശവ വിവാഹവും ബഹുഭാര്യാത്വവും നിലനില്ക്കുന്ന അവിടങ്ങളിലെ ഗ്രാമീണജനങ്ങൾക്ക് അവിവാഹിതരായി ജീവിക്കുന്ന സന്യാസികൾ അത്ഭുതജീവികളാണ്. അവരുടെ വേഷവും പ്രാർത്ഥനകളും നിസ്വാർത്ഥസേവനവുമെല്ലാം വിസ്മയമാർന്ന കണ്ണുകളോടെയാണ് തദ്ദേശീയർ വീക്ഷിക്കുക. പ്രേഷിതരുടെ നിസ്വാർത്ഥസ്നേഹം, ദൈവോന്മുഖരായി വളരാൻ അവരെ സഹായിക്കുന്നു. ആ പ്രദേശങ്ങളിൽ നമ്മുടെ സേവനം അർഹിക്കുന്ന വേദികൾ പലതാണ്. അക്ഷരജ്ഞാനം സിദ്ധിച്ചിട്ടില്ലാത്ത വൃദ്ധരും യുവാക്കളും, ശിശുക്കളും അത്യാവശ്യമായ വൈദ്യസഹായം പോലും ലഭിക്കാതെ പകർച്ചവ്യാധികൾക്കും തീരാവ്യാധികൾക്കും ഇരയായി പരിക്ഷീണിതരായി കഴി

യുന്ന രോഗികൾ, സമൂഹം വലിച്ചെറിഞ്ഞ് നിരാശയുടെ നീർക്കുഴിയിൽ കിടന്ന് വീർപ്പു മുട്ടുന്ന നിരാലംബർ, സത്യദൈവത്തെ അറിയാതെ കഴിയുന്ന ഹതഭാഗ്യർ ഇവർക്കെല്ലാം പ്രത്യാശയോടെ കൈനീട്ടാൻ കഴിയുന്ന അഭയകേന്ദ്രം മിഷനറിമാർ മാത്രം.

മിഷൻ കേന്ദ്രങ്ങളുടെയെല്ലാം അവസ്ഥ ഇതു തന്നെ. വിദ്യാലയങ്ങൾ, ആതുരാലയങ്ങൾ, ആരാധനാകേന്ദ്രങ്ങൾ, തൊഴിൽ പരിശീലന ക്യാമ്പുകൾ, സഞ്ചരിക്കുന്ന ക്ലിനിക്കുകൾ, സെമിനാറുകൾ, മതപഠനക്ലാസ്സുകൾ ഇങ്ങനെ വിവിധ മാധ്യമങ്ങളിലൂടെ പ്രേഷിത വയലുകളിൽ പണിയെടുക്കുകയാണ് അർപ്പിതർ. ക്രൈസ്തവചൈതന്യം പകർന്നുകൊടുത്ത് അവരെ ക്രിസ്തുവിനായി നേടുവാൻ ഓരോരുത്തരും അത്യധ്വാനം ചെയ്യുന്നു.

**മിഷൻകേന്ദ്രങ്ങൾ**

സുപ്പീരിയർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ മൈസൂറിൽ ലളിത വിഹാർ എന്ന പേരിൽ ഒരു ഭവനമുണ്ട്. ഇതൊരു Formation house കൂടിയാണ് വിവിധ പ്രോവിൻസുകളിൽ നിന്ന് 10 പേർ ഇവിടെ നോവിഷ്യേറ്റ് കഴിക്കുന്നു. പ്രേഷിതചൈതന്യമുള്ള ദിവ്യകാരുണ്യാരാധകരെ വാർത്തെടുക്കുകയാണ് ലക്ഷ്യം.

റോമിൽ Sangiovani Villa, Carla Villa, Bianca എന്നിങ്ങനെ മൂന്നു ഭവനങ്ങൾകൂടി ജനറലേററിന്റെ വകയായിട്ടുണ്ട്. കൂടാതെ വിവിധ പ്രോവിൻസുകളിൽ നിന്നുള്ള സഹോദരിമാർ ജർമ്മനിയിൽ മൂന്നു ഭവനങ്ങളിലായി താമസിച്ച് ആതുരസേവനം, പഠനം എന്നിവയിലൂടെ ദിവ്യകാരുണ്യനാഥനു സാക്ഷ്യം വഹിച്ചുവരുന്നു.

ഭാരതത്തിന്റെ വിവിധഭാഗങ്ങളിലെ അഭിവന്ദ്യ പിതാക്കന്മാരുടെ ആഹ്വാനവും ജനതകളുടെ ആവശ്യവുമനുസരിച്ച് ഓരോ പ്രോവിൻസും പ്രത്യേകം മിഷൻ കേന്ദ്രങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്.

St. Thomas' Province Changanacherry

ഗ്വാളിയർ, കെയ്ഞ്ചർ, ബാലേശ്വരം, ജഗദൽപൂർ, പൊട്ടനാർ, മൈൽപുരി തുടങ്ങിയവയാണ് വടക്കെ ഇൻഡ്യയിലെ മിഷൻ കേന്ദ്രങ്ങൾ. കൂടാതെ ആസ്ത്രേലിയായിൽ ബാരലൻ ഇടവകയിലും സഹോദരികൾ സേവനമനുഷ്ഠിക്കുന്നുണ്ട്. 'Praying Sisters' എന്നാണ് അവിടത്തെ ദിനപ്പത്രം ഈ സഹോദരിമാരെ ചിത്രീകരിക്കുന്നത്. ദിവ്യകാരുണ്യാരാധനയുടെ മാഹാത്മ്യം ആ ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുവാൻ ഇവരുടെ സാന്നിദ്ധ്യം സഹായിക്കുന്നുണ്ട്.

ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട തെക്കൻ മിഷനിൽ സൂസൈപുരത്ത് ചെറുമലർ ആരാധനമഠം കിള്ളിയൂർ ജയമാതാ കോൺവെൻറ് എന്നിവയും നമ്മുടെ പ്രേഷിതരംഗങ്ങളാണ്.

S. H. Province Eranakulam.

ബംഗാളിൽ മന്ത്രവാദികളായ ആദിവാസികളുടെ അധിവാസകേന്ദ്രമായ ഡെംഡിമ, മദ്ധ്യപ്രദേശിലെ വ്യവസായമേഖലകൾ ഉൾക്കൊള്ളുന്ന റായ്പൂർ, സാറന്ഗാ രൂപതകളിലായി നന്ദിനി, വൈശാലി, റിസ്ഡാ, പന്ന, ഗിജ്വാർ എന്നിവയും, ഉത്തരപ്രദേശിൽ ജോഷിമത്ത് (ബിജ്നോർ) ഗാസിയാബാദ് (മീററ്റ്) എന്നിവയുമാണ് പ്രധാന മിഷൻ കേന്ദ്രങ്ങൾ.

Christ Raj Province palai

മദ്ധ്യപ്രദേശ്, നാഗലാൻഡ്, മണിപ്പൂർ സംസ്ഥാനങ്ങളിലായി നാഗ്ദാ, നവോദ, സാരംഗപ്പൂർ, Chandessery, Tuensang, kiphrie Tobu, Diampur, Hundung, Ukhrul, Imphal എന്നീ മിഷൻ കേന്ദ്രങ്ങളിൽ ക്രിസ്തുവിനെ പകർന്നുകൊടുക്കുകയാണ് സഹോദരിമാർ. കൂടാതെ ആഫ്രിക്കയിൽ കെനിയായിൽ ഒരു ഭവനവും ആരംഭിച്ചിട്ടുണ്ട്.

St. Mary's Province Kothamangalam

പഞ്ചാബ്, ഒറീസാ എന്നീ സംസ്ഥാനങ്ങളിലാണ് മിഷൻ കേന്ദ്രങ്ങൾ. പഞ്ചാബിൽ തരൻതാരൻ, ദെസൂയ, ബിക്കിവിൻഡ്, പെഗ്വാഡാ, എന്നിവയും ഒറീസായിൽ റായ്ഗാഡ, ഗോവിന്ദപ്പിള്ളി, കൊമ്മിലപ്പേട്ട എന്നിവയുമാണു പ്രേഷിതമണ്ഡലങ്ങൾ. യുദ്ധഭീതിയിൽ കഴിയുന്ന പഞ്ചാബിലെ സാധാ

# OUR MISSION CENTRES INDIA & ABROAD



# Missions—Preach, teach, heal...set my people free



*Dispelling the darkness of ignorance and imparting the light of knowledge.*

Tirunelly—Adivassi colony



Nagaland



Joshimatt



*"He is there where the tiller is tilling the hard ground and where the path maker is breaking stones"*

Tagore

Potanar

*He who has a bountiful eye will be blessed for he shares his bread with the poor.*

Prov. 22.9



Bengal



Orissa

'Eye-clinic —Orissa





*"And now the Lord has sent me to heal thee"*

Tobias· 12.14

Regardless of race or belief



Give respect and take respect



Potanar
Patients brought in Bullocart

Our Sisters in



Australia.



Germany.



Rome.

Though made known to friends whom I knew not.



"Thou has brought the distant near and made a brother of the stranger." (Tagore.)

Keniya.

# പ്ളാററിനം ജൂബിലി ആഘോഷങ്ങൾ

## ഒരവലോകനം

"അങ്ങു നല്കിയ അനുഗ്രഹങ്ങളെ പ്രതി ഞാൻ എന്നേയ്ക്കും അവിടുത്തോടു നന്ദിപറയും." അങ്ങയുടെ ഭക്തരുടെ മുമ്പിൽ ഞാൻ അങ്ങയുടെ നാമം പ്രകീർത്തിക്കും. എന്തെന്നാൽ അതു ശ്രേഷ്ഠമാണ്." എന്നു് സങ്കീർത്തകനോടൊപ്പം പാടിക്കൊണ്ടു് ആരാധനാസഭാംഗങ്ങൾ കാരുണ്യവാനായ ദൈവത്തെ പ്രകീർത്തിക്കുന്ന ശുഭദിനങ്ങളിലൂടെ കടന്നുപോവുകയാണ്. ദിവ്യകാരുണ്യ ഭക്തനായ അഭിവന്ദ്യ കുര്യാളശ്ശേരി മാർ തോമ്മാ മെത്രാൻ ചമ്പക്കുളത്തു നട്ടുവളർത്തിയ ആരാധനസഭ ഇന്നു് അതിന്റെ പ്ലാററിനം ജൂബിലി ആഘോഷിക്കുകയാണ്.

സഭയുടെ സ്ഥാപനത്തിലും വളർച്ചയിലും ഇത:പര്യന്തമുള്ള പ്രവർത്തനങ്ങളിലും ദൃശ്യമാകുന്ന വിസ്മയാവഹമായ ദൈവപരിപാലനയുടെ മുന്നിൽ ഞങ്ങൾ നമോവാകം അർപ്പിക്കുന്നു. ആരാധനസഭ സ്ഥാപിതമായിട്ടു് വളരെ ചുരുങ്ങിയ കാലഘട്ടമേ ആയിട്ടുള്ളുവെങ്കിലും പിന്നിട്ട 75 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി ക്രിയാത്മകമായ ഭാവിപരിപാടികൾക്കു രൂപം കൊടുക്കുവാൻ ജൂബിലി വർഷത്തിൽ സഭ ശ്രമം നടത്തിയിട്ടുണ്ടു്. ഉറവിടങ്ങളിലേയ്ക്കു് ഇറങ്ങിച്ചെന്നുകൊണ്ടു് അഭിവന്ദ്യ കുര്യാളശ്ശേരിപിതാവിന്റെ കാലടികളെ പിന്തുടർന്നു്, അവിടത്തെ ആശയാഭിലാഷങ്ങൾ അന്വർത്ഥമാക്കുന്നതിനു് ആവശ്യമായ നവ്യശക്തി സമാർജ്ജിക്കുവാൻ ഈ പരിശ്രമങ്ങൾ ഒട്ടേറെ ഉപകരിച്ചിട്ടുണ്ടു്.

ജൂബിലിവർഷത്തിൽ സഭയുടെ ചൈതന്യമായ ദിവ്യകാരുണ്യ ജീവിതത്തെ സമ്പന്നമാക്കുവാൻ കൈക്കൊണ്ട കർമ്മപരിപാടിയാണു് വ്യക്തിതലത്തിലും സമൂഹതലത്തിലും നടത്തിയ 75 മണിക്കൂർ ആരാധന. ഓരോ പ്രോവിൻസിലും വൈവിധ്യമേറിയ പരിപാടികളോടെ ആസൂത്രണം ചെയ്ത വി. കുർബ്ബാനയുടെ ഈ 75 മണിക്കൂർ പരസ്യാരാധനയ്ക്കു അല്മായ സഹോദരങ്ങളുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ പ്രത്യുത്തരമുണ്ടായി. ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ചെലവഴിക്കുവാൻ ലഭിച്ച മണിക്കൂറുകളെ അമൂല്യനിമിഷങ്ങളായി കണ്ടു് അവ ഒട്ടും നഷ്ടപ്പെടുത്താതിരിക്കാനുള്ള അവരുടെ ആത്മാർത്ഥമായ പരിശ്രമവും വ്യഗ്രതയും ഓരോ സഭാംഗത്തെയും കോരിത്തരിപ്പിച്ചു. ദിവ്യകാരുണ്യ ഈശോയോടുള്ള ഭക്തി നിങ്ങളിലും അന്യന്മാരിലും വർദ്ധിച്ചുവരണമെന്നുള്ള തന്റെ അഭിലാഷം പൂർത്തീകരിക്കപ്പെടുന്നതുകണ്ടു് സഭാസ്ഥാപകനായ അഭിവന്ദ്യകുര്യാളശ്ശേരിപിതാവു് ചാരിതാർത്ഥ്യമടയുന്നുണ്ടാവണം.

ജൂബിലിവർഷത്തിൽ ഓരോ സഭാംഗവും മൂന്നുദിവസത്തെ തുടർച്ചയായ പ്രാർത്ഥനായജ്ഞത്തിലൂടെ തങ്ങളുടെ ദിവ്യകാരുണ്യജീവിതം ആഴപ്പെടുത്തുവാൻ ശ്രമിക്കുയുണ്ടായി. സഭയിലെ എല്ലാ സിസ്റേറഴ്സും സംബന്ധിക്കത്തക്കവിധം സംഘടിപ്പിക്കപ്പെട്ട കാരിസം ക്ലാസ്സുകളും ധ്യാനങ്ങളും സഭയിലെമ്പാടും നവീ

കരണത്തിൻെറ ശംഖൊലി മുഴക്കി. ഹൃദയപരിവർത്തനത്തിനു ആവശ്യമായ ആദ്ധ്യാത്മികവരങ്ങൾ പ്രാപിക്കുവാൻ വേണ്ടി ജൂബിലി വർഷത്തിൽ എല്ലാദിവസവും എല്ലാഭവനങ്ങളിലും ഒരേസമയത്തു പ്രത്യേക പ്രാർത്ഥനകൾ ചൊല്ലുകയും നവീകരണഗാനം ആലപിക്കുകയും ചെയ്തുവന്നു. തത്സമയം ഓരോരുത്തരിലും ഉളവാകേണ്ട നവീകരണത്തിൻെറ പ്രതീകമായി ജൂബിലി ഉൽഘാടനാവസരത്തിൽ ചമ്പക്കുളത്തു ആശീർവ്വദിച്ച നൽകപ്പെട്ട മെഴുകുതിരികൾ അൾത്താരയിൽ പൊൻപ്രഭ ചൊരിഞ്ഞു.

## പ്ളാററിനം ജൂബിലി ഉൽഘാടനം ചങ്ങനാശ്ശേരി പ്രോവിൻസിൽ

ആരാധനസഭയുടെ ആരാധനാലയങ്ങൾ സ്വർഗ്ഗത്തിൻെറ പ്രതിരൂപങ്ങൾ ആയിരിക്കണമെന്നും, അവരുടെ ആരാധന സ്വർഗ്ഗീയ ആരാധന തന്നെ ആയിരിക്കണമെന്നും ഉദ്ദേശിച്ച് അഭിവന്ദ്യ കുര്യാളശ്ശേരിപിതാവു തന്നെ രൂപകല്പന ചെയ്തതായിരുന്നു ഓർശ്ലേം ദേവാലയത്തിലെ ചിത്രീകരണങ്ങൾ. ഇവയിൽ കാലമേൽപിച്ച മങ്ങലുകൾ മായിച്ചുകളഞ്ഞു് ജൂബിലി വർഷത്തിൽ പുനരുദ്ധരിക്കപ്പെട്ടു.

1982 ഡിസംബർ 11-ാം തീയതി 8.30 നു് ബ. ജനറാളമ്മയുടെ അദ്ധ്യക്ഷതയിൽ ചമ്പക്കുളത്തു ചേർന്ന സമ്മേളനം, പിറേറദിവസം സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബ. വല്യമ്മമാർക്കു ഹൃദ്യമായ രീതിയിൽ മംഗളങ്ങൾ ആശംസിച്ചു. തദവസരത്തിൽ ദിവ്യകാരുണ്യ ആരാധനസഭയുടെ ആദ്യകാലചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ടു് ചങ്ങനാശ്ശേരി സെൻറ് തോമസ്സ് പ്രോവിൻസിലെ നോവിസസ് അവതരിപ്പിച്ച മനോഹരമായ ബാലേ സ്ഥാപകൻെറ ഹൃദയത്തുടിപ്പുകളെ ഇളം തലമുറസ്സ് വെളിവാക്കിക്കൊടുക്കുവാൻ പോരുന്നതായിരുന്നു.

ഡിസംബർ 12-ാം തീയതി രാവിലെ 7 മണിക്കു് ബ. സുപ്പീരിയർ ജനറൽ ജൂബിലിയേറിയൻസിനു കത്തിച്ച തിരി നൽകി, ചമ്പക്കുളം മഠത്തിൽ നിന്നു് ഓർശ്ലേം ദേവാലയത്തിലേയ്ക്കു് പ്രദക്ഷിണമായി ആനയിച്ചു. തുടർന്നു് ചമ്പക്കുളം കൊച്ചുപള്ളിക്കടവിൽ സ്പെഷൽ ബോട്ടിൽ വന്നിറങ്ങിയ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ആൻറണി പടിയറസ്സ് സ്നേഹനിർഭരമായ വരവേല്പു നൽകി. തൻെറ മുൻഗാമിയാൽ സമാരംഭിക്കപ്പെട്ട ദിവ്യകാരുണ്യ ആരാധനസഭയുടെ പ്ലാററിനം ജൂബിലി ഉദ്ഘാടനം ചെയ്യുവാൻ സാധിച്ചതു്, ജീവിതത്തിലെ ഏററവും വലിയഭാഗ്യമായി താൻ കരുതുന്നു എന്നു് തദവസരത്തിൽ അഭിവന്ദ്യപിതാവു് പറയുകയുണ്ടായി. സുദീർഘമായ സന്ന്യാസജീവിതത്തിൽ തങ്ങൾക്കനുഭവപ്പെട്ട ക്ലേശങ്ങളെ സുധീരം നേരിട്ട് ദൈവവിളിയിൽ വിശ്വസ്തരായി സഭയ്ക്കും സമുദായത്തിനും സേവനമനുഷ്ഠിച്ച ജൂബിലേറിയൻസിനെ പ്രത്യേകമായി പിതാവു് അഭിനന്ദിച്ചു. യേശുവിനെപ്രതി വീടിനെയും നാടിനെയും ഉപേക്ഷിക്കുന്നവർക്കു് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സ്വർഗ്ഗീയസമ്മാനത്തെ അനുസ്മരിപ്പിച്ചുകൊണ്ടു് അഭിവന്ദ്യപിതാവു് അവരുടെ ശിരസ്സിൽ സുവർണ്ണകിരീടം (മുടി) ധരിപ്പിച്ചു.

ആഘോഷമായ ദിവ്യബലിക്കുശേഷം ജനറലേററിനും പ്രോവിൻസുകൾക്കുമുള്ള തിരികൾ വെഞ്ചരിച്ചു. ജൂബിലി വർഷത്തിൽ ഓരോ സഭാംഗവും സ്വന്തമാക്കേണ്ട ത്യാഗസുരഭിലമായ ജീവിതത്തെ സൂചിപ്പിക്കുന്ന അർത്ഥഗർഭങ്ങളായ ചിത്രങ്ങളും വാക്കുകളും ഈ തിരികളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നു. അഭിവന്ദ്യപിതാവു് കത്തിച്ച തിരി ബ. ജനറാളമ്മയ്ക്കു നൽകി. ജനറാളമ്മ ആ തിരിയിൽ നിന്നും കത്തിച്ച തിരികൾ ഏഴു പ്രോവിൻഷ്യാളമ്മമാർക്കും നൽകി. പിതാവുതന്നെ ചൊല്ലിക്കൊടുത്ത നവീകരണപ്രാർത്ഥന ഏററുചൊല്ലിക്കൊണ്ടു് സഭയിലെമ്പാടും നവീകരണവർഷത്തിനു തുടക്കം കുറിച്ചു. തുടർന്നു് എല്ലാവരും പ്രദക്ഷിണമായി മഠംവക ചെറിയ ചാപ്പലിലേയ്ക്കു നീങ്ങി. അവിടെയുള്ള അമലോത്ഭവ മാതാവിൻെറ തിരുസ്വരൂപത്തിൻ മുമ്പിൽ പ്രാർത്ഥനാനിർലീനരായി നിലകൊണ്ട ആരാധനസഭാമക്കളെ അഭിവന്ദ്യപിതാവു് പരി. ജനനിക്കു സമർപ്പിച്ചു. വർഷങ്ങൾക്കുമുമ്പു്, കൃത്യമായി പറഞ്ഞാൽ 1911 ഡിസംബർ 15-ാംനു തങ്ങളുടെ വത്സലതാതൻ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻ, രൂപതാഭരണത്തിനായി ചങ്ങനാശ്ശേരിക്കു പുറപ്പെട്ടപ്പോൾ തങ്ങളെ ദിവ്യജനനിയുടെ സംരക്ഷണത്തിനു ഭരമേല്പിച്ച സ്വർഗ്ഗീയരംഗത്തിനു സാക്ഷ്യം വഹിച്ച ഏ

താനും വല്യമ്മമാർ ഇവിടെയും സന്നിഹിതരായിരുന്നു ! പുത്തൻ ചൈതന്യവും നവ്യമായ ശക്തിവിശേഷവും തങ്ങളിൽ എന്നും തളിരിട്ടു നില്ക്കണമേ എന്ന പ്രാർത്ഥന ഈ ദിവ്യാനുഭൂതിയുടെ നിമിഷങ്ങളിൽ സഭാംഗങ്ങളുടെ അധരങ്ങളിൽ തളിരിട്ടു നിന്നിരുന്നു.

ജൂബിലിവർഷാരംഭ പരിപാടികളെ മകുടം അണിയിക്കുന്ന മറെറാരു മഹത്കർമ്മത്തിനും അന്നത്തെ പ്രഭാതം സാക്ഷ്യമരുളി. ബ. ഷന്താളമ്മയുടെ ജീവചരിത്രഗ്രന്ഥമായ 'ധീരവനിത'യുടെ പ്രകാശനമായിരുന്നു അത്. അന്ന് വി. ഷന്താളിന്റെ തിരുനാൾ ദിനവുമായിരുന്നു. ഓർശ്ലേം ദേവാലയത്തോടു ചേർത്ത് പുതിയതായി പണികഴിപ്പിച്ച പന്തലിലെ നിറഞ്ഞ സദസ്സിൽ വച്ച് അഭിവന്ദ്യപിതാവ്, കുര്യാളശ്ശേരി കുടുംബത്തിലെ ഇപ്പോഴത്തെ കാരണവരായ ചാക്കോച്ചന് പുസ്തകത്തിന്റെ ഒരു കോപ്പി നൽകിക്കൊണ്ട് പ്രകാശനകർമ്മം നിർവ്വഹിച്ചു. ആരാധനസഭയുടെ സ്ഥാപനത്തിലും വളർച്ചയിലും അഭിവന്ദ്യ കുര്യാളശ്ശേരിപിതാവിനോടൊപ്പം പണിയെടുത്ത കർമ്മധീരയായ മദർ ഷന്താളിന്റെ ത്യാഗോജ്ജ്വല ജീവിതത്തിലേയ്ക്കു വെളിച്ചം വീശുന്ന ധീരവനിത സഭാംഗങ്ങളുടെ ചിരകാല സ്വപ്നമായിരുന്നു. ബാഹ്യ പ്രവർത്തനങ്ങളിലും കുടുംബബന്ധങ്ങളിലും കുടുങ്ങിക്കിടക്കാതെ തങ്ങളെത്തന്നെ ദിവ്യകാരുണ്യനാഥനു സമ്പൂർണ്ണ സമർപ്പണം ചെയ്തു പ്രാർത്ഥനയിലും പരിത്യാഗത്തിലും അധിഷ്ഠിതമായ ദിവ്യകാരുണ്യജീവിതം നയിക്കുവാൻ എല്ലാവരെയും ഉത്ബോധിപ്പിച്ചുകൊണ്ട് ബ. ജനറാളമ്മ ജൂബിലി സന്ദേശം നൽകി.

ജൂബിലി വർഷത്തിൽ ചങ്ങനാശ്ശേരി സെൻറ് തോമസ് പ്രോവിൻസിലെ 12 നൊവിസസിനു സഭാ സ്ഥാപക പിതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ നിമജ്ജനം ചെയ്യപ്പെട്ടിരിക്കുന്ന ചങ്ങനാശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽവച്ച് സഭാവസ്ത്രം സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ചു.

1983 ഒക്ടോബർ 14-ാം തീയതി മുതൽ വാഴപ്പള്ളി നിത്യാരാധനക്കപ്പേളയിൽ മൂന്നു ദിവസം രാപകലെന്യേ ഭക്തിനിർഭരമായി നടത്തപ്പെട്ട ദിവ്യകാരുണ്യ ആരാധനയുടെ അമൂല്യനിമിഷങ്ങളിൽ അനേകർ നിത്യജീവന്റെ ഉറവയിൽ നിന്നും പാനം ചെയ്ത് യേശുവിന്റെ സൗഖ്യദായകമായ ശാന്തിയും സന്തോഷവും സ്വീകരിച്ചു. വിശുദ്ധവത്സരത്തിലെ അനുരഞ്ജന നവീകരണ പ്രവർത്തനങ്ങൾക്കു ചൈതന്യം പകർന്ന ആരാധനാമണിക്കൂറുകളിലെ പ്രാർത്ഥനകൾക്ക് വന്ദ്യരായ വൈദികർ നേതൃത്വം നല്കിയിരുന്നു. ഒക്. 18-നു വി. കുർബ്ബാനയുടെ പ്രദക്ഷിണത്തോടുകൂടി ആരാധന സമാപിച്ചു.

ജൂബിലി സ്മാരകമായി 100 സാധു യുവതികൾക്ക് വിവാഹത്തിനുള്ള ധനസഹായ പദ്ധതിക്കും തെക്കൻ മിഷനിൽ ഒരു തൊഴിൽ പരിശീലന കേന്ദ്രത്തിനും രൂപം കൊടുക്കുവാനുള്ള ഉദ്യമത്തോടുകൂടി ചങ്ങനാശ്ശേരി പ്രോവിൻസിലെ പ്ലാററിനം ജൂബിലി ആഘോഷ പരിപാടികൾക്കു തിരശ്ശീല വീണു. അപ്പോൾ ഇതര പ്രോവിൻസുകളിലെ ആഘോഷങ്ങളുടെ കേളികൊട്ടുകൾ അകലെ കേൾക്കായി.

## സെൻറ് ജോൺസ് കാഞ്ഞിരപ്പള്ളി

1983 ഫെബ്രുവരി 10-ാം തിയതി റവ. ഡോക്ടർ ആൻറണി നിരപ്പേലിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ കാഞ്ഞിരപ്പള്ളി പ്രോവിൻസിലെ ആഘോഷ പരിപാടികൾക്കു തുടക്കം കുറിച്ചു. ആശയാദർശങ്ങളിലും തന്മൂലം ജീവിതത്തിലും തികഞ്ഞ ആദ്ധ്യാത്മികതയും ദിവ്യകാരുണ്യചൈതന്യവും നിലനിർത്താൻ പോന്ന പരിപാടികളാണ് ഇവിടെ ആദ്യന്തം സംഘടിപ്പിച്ചത്. ചുററുപാടുമുള്ള നീറുന്ന ജീവിതപ്രശ്നങ്ങളിൽ നിന്നും വിട്ടുമാറി നില്ക്കാതെ ആധുനിക യുഗത്തിൽ ഓരോ വ്യക്തിയും യേശുവിൽ വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഓരോരുത്തരേയും ബോധവതികളാക്കുക എന്ന ലക്ഷ്യത്തോടുകൂടി സിസ്റ്റേഴ്സിനായി ഫെബ്രുവരി 11-നു പ്രത്യേക സെമിനാർ നടത്തി.

കാഞ്ഞിരപ്പള്ളി രൂപതയുടെ വിവിധ ഭാഗങ്ങളിൽ ആരാധനസഭാംഗങ്ങൾ നടത്തുന്ന പ്രേഷിതപ്രവർത്തനങ്ങളോട് അല്മായർക്കുള്ള സന്തോഷകരമായ പ്രതികരണം പ്രസ്പഷ്ടമാക്കുന്ന ഒന്നായിരുന്നു ഫെബ്രുവരി 10-ാം തീയതി പൊൻകുന്നത്തുവച്ചു നടത്തപ്പെട്ട പൊതുസമ്മേളനം. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 400-ൽപരം ആളുകൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചു. സാധുജനങ്ങൾ,

ഇടവകപ്രതിനിധികൾ, ഇതര വിശിഷ്ടാതിഥികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ സ്നേഹവിരുന്ന് സഭാംഗങ്ങൾ പുലർത്തുന്ന സ്നേഹത്തിൻെറയും ഐക്യത്തിൻെറയും പ്രതീകമായിരുന്നു.

ഇടവക ജനങ്ങളുടെ സജീവമായ ഭാഗഭാഗിത്വത്തോടെ ഫെബ്രുവരി 12-ാം തിയതി പൊൻകുന്നം തിരുക്കുടുംബദേവാലയത്തിൽ വച്ച് 13 മണി ആരാധനയും നടത്തപ്പെട്ടു. ആരാധനയുടെ സമാപനത്തിൽ കമനീയമായി അലങ്കരിച്ച ഇടവകപ്പള്ളിയിലൂടെ രൂപതാ വികാരി ജനറൽ ഫാ. ജോസഫ് തൈപ്പറമ്പിൽ ദിവ്യകാരുണ്യനാഥനെ സംവഹിച്ച് പ്രദക്ഷിണമായി നീങ്ങിയപ്പോൾ പ്രോവിൻസിലെ 75 നവകന്യകകളും 100-ൽ പരം നിത്യവ്രതസ്ഥരും പൂത്താലങ്ങൾ പിടിച്ച് എതിരേററു. ജൂബിലിയാഘോഷങ്ങളുടെ സമാപന ദിനമായ ഫെബ്രു. 11-ന് ഞായറാഴ്ച അല്മായജനങ്ങൾക്കായി വിശുദ്ധ കുർബ്ബാനയെ കേന്ദ്രീകരിച്ചു നടത്തപ്പെട്ട സെമിനാറോടുകൂടി കാഞ്ഞിരപ്പള്ളി പ്രോവിൻസിൻെറ തനതായ ആഘോഷങ്ങൾ സമാപിച്ചു.

## സെൻറ്മേരീസ് പ്രോവിൻസ് കോതമംഗലം

1982 ഡിസം. 18-ന് തൊടുപുഴ പ്രോവിൻഷ്യൽ ഹൗസിൽ വച്ച് ജൂബിലി ആഘോഷങ്ങൾ സമാരംഭിച്ചു. രൂപതാ വികാരിജനറാൾ, ചെറിയാൻ വേരനാനി ദിവ്യബലിയർപ്പിച്ച്, ചമ്പക്കുളത്തു നിന്നും ഏററുവാങ്ങിയ തിരിനാളത്തിൽ നിന്നും കൊളുത്തിയ തിരികൾ ഓരോ ഭവനത്തിൻേറയും സുപ്പീരിയറിനു നൽകി. അങ്ങനെ ക്രിസ്തുവിൻെറ പ്രകാശം ലോകമെങ്ങും പകരുവാനുള്ള ആഹ്വാനം ഒരിക്കൽകൂടി എല്ലാവരും ഏററുവാങ്ങി. ഓരോ സിസ്റ്ററും തനതായ പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനുമായി പത്തുദിവസങ്ങൾ ചെലവഴിച്ച് ആദ്ധ്യാത്മിക ജീവിതത്തിനാവശ്യമായ കരുത്താർജ്ജിച്ചു. ഇടവകകൾതോറും നടത്തപ്പെട്ട 13 മണി ആരാധനയിലൂടെ ദിവ്യകാരുണ്യചൈതന്യം പ്രോജ്വലമാക്കുവാൻ നടത്തിയ ശ്രമങ്ങളും എടുത്തു പറയേണ്ടതാണ്.

സെപ്. 19, 20, 21 തീയതികളിൽ തൊടുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തിയ 75 മണിക്കൂർ ആരാധനയുടെ ഓരോ മണിക്കൂറും പ്രത്യേകനിയോഗങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ടിരുന്നു. ഓരോ ദിവസത്തെയും പൊതുവാരാധനാ മണിക്കൂറുകൾക്ക് വന്ദ്യരായ വൈദികർ നേതൃത്വം നൽകിയിരുന്നു. സമാപനദിനം അഭിവന്ദ്യ കോതമംഗലം മെത്രാൻ മാർ ജോർജ് പുന്നക്കോട്ടിലിൻെറ പ്രധാന കാർമ്മികത്വത്തിൽ നടന്ന ഭക്തിനിർഭരമായ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ആയിരങ്ങൾ പങ്കെടുത്ത് ആരാധനാസന്യാസികളോടൊത്ത് സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചു. രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 75 ബാലികാബാലന്മാർ അന്ന് ദിവ്യകാരുണ്യ ഈശോയെ തങ്ങളുടെ ഹൃദയങ്ങളിൽ ഉൾക്കൊണ്ട് ആനന്ദ നിർവൃതിയടഞ്ഞു. ഈ സാധു കുട്ടികളുടെ വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള ചെലവു വഹിച്ചതും പ്രോവിൻസിൽ നിന്നായിരുന്നു. തുടർന്ന് അഭിവന്ദ്യ പുന്നക്കോട്ടിൽ പിതാവിൻെറ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ നിരവധി പ്രശസ്ത വ്യക്തികൾ ആരാധന സഭയ്ക്ക് ആശംസകൾ നേർന്നു. അന്നു വൈകിട്ടു നടന്ന കുടുംബ സമ്മേളനം, മിശിഹാചരിത്ര ഫിലിം പ്രദർശനം എന്നിവയോടെ കോതമംഗലം പ്രോവിൻസിൻെറ ആഘോഷ പരിപാടികൾക്ക് യവനിക വീണു.

## ക്രിസ്തുരാജ പ്രോവിൻസ് പാലാ

1983 ഒക്. 7-ാം തീയതി അഭിവന്ദ്യ കോതമംഗലം ബിഷപ്പ് ഡോ. ജോർജ്ജ് പുന്നക്കോട്ടിൽ നെല്ലിയാനി നിത്യാരാധനക്കപ്പേളയിൽ ദിവ്യബലിയർപ്പിച്ച് വി. കുർബ്ബാന പരസ്യമായി എഴുന്നെള്ളിച്ചു വച്ചുകൊണ്ട് പാലാ പ്രോവിൻസിലെ ആഘോഷങ്ങൾ ഉൽഘാടനം ചെയ്തു. ഇടവക ജനങ്ങൾക്ക് സജീവഭാഗഭാഗിത്വം ലഭിക്കാനുള്ള സൗകര്യം മുൻനിറുത്തി ഒക്. 9-ാം തീയതിയിലെ ആരാധന പാലാ കത്തീഡ്രൽ ദേവാലയത്തിൽ വച്ചാണ് നടത്തപ്പെട്ടത്. പാലാ രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ആയിരങ്ങൾ ദിവ്യകാരുണ്യ ഈശോയുടെ സന്നിധിയിൽ അണഞ്ഞ് മണിക്കൂറുകൾതന്നെ ആ ജീവസരിത്തിൽ നിന്ന് സന്തോഷസമേതം പാനം ചെയ്തു. ആശ്വാസ നിശ്വാസനങ്ങൾ ഉതിർത്തു കൊണ്ടുപോകുന്ന കാഴ്ച ഹൃദയഹാരി

യായിരുന്നു. ഇടവകയിലെ 75 പിഞ്ചുകുഞ്ഞുങ്ങൾക്ക് തങ്ങളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം അവിസ്മരണീയമായ ഒരനുഭവമാക്കിത്തീർക്കുവാനും ഈ ആഘോഷദിവസങ്ങളിൽ കഴിഞ്ഞു.

ഒക്. 8-ാം തീയതി വൈകുന്നേരം നടത്തപ്പെട്ട ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവും അനേകം വൈദികരും വിവിധ സന്യാസ സഭാംഗങ്ങളും അല്മായരും പങ്കെടുത്ത് അനുഗ്രഹങ്ങൾ നേടി. അന്നു വൈകുന്നേരം അഭിവന്ദ്യപിതാവ് ഉൽഘാടനം ചെയ്ത സമ്മേളനം ആരാധനസഭ തിരുസ്സഭയ്ക്കും സമുദായത്തിനും നൽകുന്ന സേവനങ്ങളെ വിലയിരുത്തുവാനുള്ള ഒരു വേദിയായിരുന്നു. 9-ാം തീയതി നടത്തപ്പെട്ട ദിവ്യകാരുണ്യ സെമിനാറിൽ പങ്കെടുത്തുകൊണ്ട് സഭാംഗങ്ങൾ പ്ലാററിനം ജൂബിലിവർഷത്തോടനുബന്ധിച്ച് തങ്ങളിൽ ഉണ്ടാകേണ്ട നവീകരണത്തിനാവശ്യമായ നവ്യമായ ശക്തിയാർജ്ജിച്ചു. ആരാധന സഭയുടെ സ്ഥാപനവും വളർച്ചയും ആദ്യകാല ചൈതന്യവും പ്രസ്പഷ്ടമാക്കുന്ന മനോഹരമായ ബാലേ വൈകുന്നേരം നടത്തപ്പെട്ട കുടുംബമേളയെ ഹൃദയഹാരിയാക്കിയതോടൊപ്പം സ്ഥാപക ചൈതന്യത്തിലേയ്ക്ക് ആഴമായി ഇറങ്ങിച്ചെല്ലുവാൻ സഭാംഗങ്ങൾക്ക് പ്രേരണയും ഉത്തേജനവും നൽകി.

## സെൻറ് ജോസഫ്സ് പ്രോവിൻസ്, തലശ്ശേരി

''ഇതു കർത്താവു നൽകിയ ദിവസമാണല്ലോ. നമുക്കിന്നു സന്തോഷിച്ചാനന്ദിക്കാം'' എന്ന് സങ്കീർത്തകനോടൊപ്പം പാടിക്കൊണ്ട് മലബാറിലെ ആരാധനസഭാംഗങ്ങൾ രക്ഷയുടേയും ശക്തിയുടേയും അനർഘനിക്ഷേപമായ വി. കുർബ്ബാനയിൽനിന്നും ചൈതന്യം ഉൾക്കൊള്ളുവാൻ തങ്ങളുടെ സഹോദരങ്ങളെ ആഹ്വാനം ചെയ്തു. ആരാധനാസഭാംഗങ്ങളുടെ ആരാധനാനുഭവത്തിൽ പങ്കെടുക്കുവാനുള്ള സ്നേഹനിർഭരമായ ഈ ആഹ്വാനം ശ്രവിച്ച മലനാടിൻെറ മക്കൾ സന്തോഷപൂർവ്വം ഈ ക്ഷണത്തിനു പ്രത്യുത്തരം നൽകി. ജൂബിലിയോടനുബന്ധിച്ച് ഇടവകകൾ തോറും നടത്തിയ 13 മണി ആരാധനയിൽ അനേകർ പങ്കെടുത്തു. അഭിവന്ദ്യ വള്ളോപ്പള്ളി പിതാവിൻെറ പ്രധാന കാർമ്മികത്വത്തിൽ ഒക്. 12-ാം തീയതി നടത്തപ്പെട്ട സമൂഹബലിയും ദിവ്യകാരുണ്യ പ്രദക്ഷിണവും ആഘോഷങ്ങളെ കൂടുതൽ ചൈതന്യവത്താക്കി. സഭാസ്ഥാപകനായ കുര്യാളശ്ശേരിപ്പിതാവിൻെറ പൂർണ്ണകായ ചിത്രം പ്രൊവിൻഷ്യൽ ഹൗസിൽ അനാച്ഛാദനം ചെയ്യപ്പെട്ടു. ബ. ജനറാളമ്മയുടെ അദ്ധ്യക്ഷതയിൽ നടന്ന കുടുംബ സമ്മേളനത്തിൽ കുര്യാളശ്ശേരിപ്പിതാവിൻെറയും ആദ്യമാതാക്കളുടേയും ചൈതന്യം വ്യക്തമാക്കുന്ന ജീവിത സംഭവങ്ങളിലേയ്ക്ക് വെളിച്ചം വീശുന്ന സ്ലൈഡ്സും പ്രദർശിപ്പിക്കപ്പെട്ടു. ജീവൻെറ അപ്പത്തിൻെറ വ്യക്തവും ശക്തവുമായ ഇതിഹാസം രചിച്ച സ്നേഹത്തിൻെറ ശിഷ്യനായ വി. യോഹന്നാൻെറ സുവിശേഷം പ്രത്യേക പഠനവിഷയമാക്കിക്കൊണ്ട് സിസ്റ്റേഴ്സ് തങ്ങളിൽ നവീകരണത്തിൻെറ പശ്ചാത്തലമൊരുക്കി.

## മേരി മാതാ വെസ് പ്രോവിൻസ് മാനന്തവാടി

''ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴൊക്കെയും എനിക്കു തന്നെയാണ് നിങ്ങൾ ചെയ്തതു''. (മത്താ 25/40) എന്ന ഈശോയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് തങ്ങളുടെ ഭൗതിക സമ്പത്തുകളെ ചുററുപാടുമുള്ള സാധുക്കൾക്ക് പങ്കുവയ്ക്കാനുള്ള ശ്രമത്തോടെയാണ് ആരാധന സഭയുടെ കനിഷ്ഠ സന്താനമായ മാനന്തവാടി പ്രോവിൻസ് ജൂബിലിയാഘോഷങ്ങൾക്ക് ആരംഭം കുറിച്ചതു്. എല്ലാ ഭവനങ്ങളും തങ്ങളുടെ ചുററുപാടുമുള്ള സാധുക്കൾക്ക് ഭക്ഷണം, വസ്ത്രം മുതലായവ വളരെ ഉദാരമായി സംഭാവന ചെയ്തു. അഭിവന്ദ്യ കുര്യാളശ്ശേരിപ്പിതാവിനെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവു നൽകുന്നതോടൊപ്പം പിതാവിൻെറ അനുഗ്രഹപ്രാപ്തിക്കായി മാദ്ധ്യസ്ഥം അപേക്ഷിക്കാനും ജൂബിലി വഷത്തിൽ മലനാടിൻെറ മക്കൾ ശ്രമം നടത്തുകയുണ്ടായി. 1983 ഒക്. 29-ാം തിയതി മാനന്തവാടി പ്രോവിൻഷ്യൽ ഹൗസിൽ ആരംഭിച്ച് ബത്തേരി, പയ്യംപള്ളി, പഴൂർ, മുള്ളംകൊല്ലി എന്നീ മഠങ്ങളിൽ തുടർന്ന 75 മണിക്കൂർ ആരാധന, നവ 4-ാം തിയതി മാനന്തവാടി ബിഷപ്പ് റൈററ് റവ. ഡോക്ടർ ജേക്കബ് തൂങ്കുഴിയുടെ പ്രധാന കാർമ്മികത്വത്തിൽ കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന സമൂഹബലിയോടുകൂടി സമാപിച്ചു.

ആരാധന സഭാസ്ഥാപനത്തിന് ഭദ്രദീപം കൊളുത്തിയ അഭിവന്ദ്യ കര്യാളശ്ശേരിപ്പിതാവിന്റെയും അതിനു സഹകാരിയായി വർത്തിച്ച ഷന്താളമ്മയുടേയും നിറമാർന്ന വ്യക്തിത്വത്തിന്റെ ആന്തരമിഴിവുകൾ വർണ്ണപ്പൊലിമയോടെ പകരുവാൻ സമാപനവേളയിൽ അവതരിക്കപ്പെട്ട കലാപരിപാടികൾക്കു കഴിഞ്ഞു.

## സേക്രട്ട്ഹാർട്ട് പ്രൊവിൻസ് എറണാകുളം

ജൂബിലി വർഷത്തിൽ ഈ പ്രൊവിൻസിലെ എല്ലാ അംഗങ്ങളും ഒരാഴ്ചമുതൽ നാലാഴ്ച വരെ നീണ്ടുനില്ക്കുന്ന പ്രാർത്ഥനാ പരിപാടികൾക്ക് സ്വയം വിധേയരായിക്കൊണ്ട് ദിവ്യകാരുണ്യ ചൈതന്യം സ്വായത്തമാക്കുവാൻ ശ്രമിച്ചു. കൂടെക്കൂടെ ഉപവാസമനുഷ്ഠിച്ച് അതിൽ നിന്നും ലഭിച്ച പണം 75സാധുകുടുംബത്തിന്റെ സംരക്ഷണത്തിനായി വിനിയോഗിക്കുവാനും സിസ്റ്റേഴ്സ് തയ്യാറായി. സുവിശേഷ പഠനത്തിലൂടെ ഈശോയെ അടുത്തനുകരിക്കാൻ ശ്രമിച്ചതോടൊപ്പം സഭയുടേയും സഭാസ്ഥാപകന്റേയും ചൈതന്യം സ്വാംശീകരിക്കുവാനുള്ള ശ്രമങ്ങളും ഇക്കാലയളവിൽ പ്രൊവിൻസിലെങ്ങും ദൃശ്യമായിരുന്നു. സഭാഭവനങ്ങൾ സ്ഥിതിചെയ്യുന്ന ഇടവകക്കുവേണ്ടിജനങ്ങളെക്കൂടിപങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ പൂർണ്ണദിന ആരാധനകളിൽ പങ്കുപററുവാൻ ആയിരക്കണക്കിനാളുകൾ ഉത്സാഹഭരിതരായി വന്നണഞ്ഞത് തികച്ചും സന്തോഷകരമായ അനുഭവമായിരുന്നു.

ജൂബിലിയുടെ സമാപന പരിപാടികൾ എറണാകുളം പ്രൊവിൻസിന്റെ മൂന്നു മേഖലകളിലായി സംഘടിപ്പിച്ചതിനാൽ എല്ലാ സിസ്റ്റേഴ്സിനും അതിരൂപതയിലെ അല്മായ സഹോദരങ്ങൾക്കും അവയിൽ സംബന്ധിക്കുവാൻ സാധിച്ചു. 1983- ഡിസം. 4-ാം തീയതി വൈകുന്നേരം കൊരട്ടിമഠം കപ്പേളയിൽ ആരംഭിച്ച ദിവ്യകാരുണ്യ ആരാധന, വൈക്കം, എറണാകുളം എന്നീ സ്ഥലങ്ങളിലെ മഠങ്ങളിൽ തുടർന്നു് മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിലിന്റെ പ്രത്യേക പ്രാർത്ഥനാ പരിപാടികളോടെ എറണാകുളത്ത് അവസാനിച്ചു. ജൂബിലിസമാപനവാരത്തിൽ എറണാകുളം നിത്യാരാധനക്കപ്പേളയിൽ വച്ചു നടത്തിയ ദിവ്യകാരുണ്യ നവനാളിലും ദിവ്യബലിയിലും കേരളത്തിലെ വിവിധരൂപതകളിലെ അഭിവന്ദ്യരായ പിതാക്കന്മാർ പങ്കെടുത്ത് ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള തങ്ങളുടെ പ്രഭാഷണങ്ങളിലൂടെ ജനങ്ങളെ പ്രബുദ്ധരാക്കുവാനും ശ്രമിക്കയുണ്ടായി. എറണാകുളം മഠത്തോടനുബന്ധിച്ച് പണുത പുതിയ ബ്ലോക്കിന്റെ ആശീർവ്വാദവും റ്റ്പാററിനം ജൂബിലി സ്മാരകശിലയുടെ അനാച്ഛാദനവും അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ നിർവ്വഹിച്ചു. ഡിസം. 8-ാം തിയതി 16 കന്യകകളുടെ സഭാവസ്ത്രസ്വീകരണമെന്ന മഹത്കർമ്മത്തിന് കളമശ്ശേരി 'പ്രൊവിൻഷ്യൽ ഹൗസ്' സാക്ഷ്യം വഹിച്ചു. സുദീർഘമായ സന്യാസജീവിത പരിശീലനത്തിനുശേഷം "ദിവ്യകാരുണ്യ ഈശോയോടുള്ള സ്നേഹം നിങ്ങളിലും അന്യന്മാരിലും വർദ്ധിച്ചുവരുവാൻ നിങ്ങൾ തല്പരരായിരിക്കണം" എന്ന കര്യാളശ്ശേരിപ്പിതാവിന്റെ ആഗ്രഹസഫലീകരണത്തിനായി വ്രതത്രയത്താൽ ബദ്ധരാകുവാൻ തയ്യാറായ ഈ കൊച്ചുകന്യകകൾ സഭക്കുള്ള ജൂബിലി സമ്മാനമത്രെ. അങ്ങനെ 1908 ഡിസംബർ 8-ന് ആരാധനാസഭ സ്ഥാപനമെന്ന ലക്ഷ്യം മുൻപിൽ കണ്ടുകൊണ്ട് ശിരോവസ്ത്രം സ്വീകരിച്ച ആറുകന്യകകളുടെ ചെറുകുടുംബം 2700 അംഗങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത്കുടുംബമായി മാറി

## പശ്ചിമ ജർമ്മനിയിൽ

ജർമ്മനിയുടെ വിവിധഭാഗങ്ങളിൽ ദിവ്യകാരുണ്യനാഥന് സാക്ഷ്യം വഹിക്കുന്ന ആരാധനസഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ ജൂബിലിയാഘോഷം തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ച് സാഹോദര്യാനുഭവത്തിലേക്കു കടന്നുവരുവാൻ കൈവന്ന അസുലഭാവസരമായിരുന്നു. സഭാസ്ഥാപകന്റെ ചരമദിനവും സഭയുടെ ഏററവും പ്രാധാന്യമുള്ള ദിവ്യകാരുണ്യത്തിരുനാൾ ദിവസവുമായ ജൂൺ രണ്ടിനാണ് ജർമ്മനിയിൽ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. അഞ്ചു പ്രൊവിൻസുകളിൽ നിന്നുള്ള 32 സിസ്റ്റേഴ്സ് Waldreitbach എന്ന സ്ഥലത്തുള്ള ഫ്രാൻസിസ്കൻ സിസ്റ്റേഴ്സിന്റെ മാതൃഭവനത്തിൽ സമ്മേളിച്ചു. അനുഗ്രഹത്തിന്റെഉറവിടവും പൊലിയാത്ത സ്നേഹത്തിന്റെ പ്രതീകവുമായ ദിവ്യബലിയെ കേന്ദ്രീകരിച്ച് നടത്തപ്പെട്ട ആഘോഷപരിപാടികൾ തങ്ങളുടെ ആരാധനാജീവിതവും പ്രേഷിതപ്രവർത്ത

നവും എപ്രകാരം യോജിച്ച പോകാമെന്നുള്ള അവബോധം സിസ്റ്റേഴ്സിനു നൽകി. വി. കുർബ്ബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചു നടത്തിയ രാത്രി ആരാധനയിൽ എല്ലാവരും പങ്കെടുത്തു, വൈകിട്ടു നടന്ന കുടുംബസമ്മേളനത്തിൽ ആരാധനാസഭയുടെ പ്രേഷിതാത്മകവും ആരാധനാപരവുമായ പ്രത്യേകതകളെ വ്യക്തമാക്കുന്ന കലാപരിപാടികളും നടത്തപ്പെട്ടു. ഇടവകപ്പള്ളിയിൽ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ പങ്കെടുത്ത ആരാധനാസഭയിൽപ്പെട്ട ശുഭ്രാവസ്ത്രധാരികളായ 32 സിസ്റ്റേഴ്സിനെ ജനങ്ങൾ അത്ഭുതാദരങ്ങളോടെ ഉററുനോക്കി. നവമായ അനുഭൂതി വിശേഷങ്ങളെ മനസ്സിൽ ഉണർത്തിക്കൊണ്ടു് 3-ാം തിയതി ദിവ്യബലിക്കു ശേഷം ഓരോരുത്തരും താന്താങ്ങളുടെ പ്രവർത്തനരംഗത്തേയ്ക്കു പിൻവാങ്ങി.

## ജൂബിലി ആഘോഷങ്ങൾ പഞ്ചാബിൽ

പുതിയതായി പണിതീർത്ത തരൻതാരൻ ഭവനത്തിന്റെ ആശീർവാദകർമ്മത്തോടനുബന്ധിച്ചു് പഞ്ചാബിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സും ജൂബിലി ആഘോഷിച്ചു് തങ്ങളുടെ ജന്മനാട്ടിലെ ആഘോഷങ്ങൾക്കു കൊഴുപ്പുകൂട്ടി. ആഗസ്റ്റ് 13–15 തിയതികളിൽ Bickwind, Dasuya, Phagwask എന്നീ ഭവനങ്ങളിലെ അംഗങ്ങൾ തരൻതാരനിൽ സമ്മേളിച്ചു. ഓഗസ്റ്റ് 13-നു് ദിവ്യകാരുണ്യ ആരാധനയും സിംപോസിയവും നടത്തപ്പെട്ടു. ആഗസ്റ്റ് 15-നു് അഭിവന്ദ്യപിതാവു് റൈററ്. റവ. ഡോ. സിംഫോറിയൻ കീപ്പുറത്തിന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ട വി. കുർബ്ബാനയുടെ പ്രദക്ഷിണത്തിൽ പഞ്ചാബിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ധാരാളം പേർ സംബന്ധിക്കുകയുണ്ടായി. അന്നു് അഭിവന്ദ്യപിതാവിന്റെ തന്നെ അദ്ധ്യക്ഷതയിൽ നടന്ന കുടുംബസമ്മേളനം, സ്നേഹവിരുന്നു് ഇവയോടുകൂടി പഞ്ചാബിലെ ആഘോഷപരിപാടികൾ സമാപിച്ചു.

## ഉജ്ജയിനിലും ആഘോഷങ്ങൾ

അടിയുറച്ച ഹൈന്ദവസംസ്കാരവും പാരമ്പര്യങ്ങളും കൊടികുത്തി വാഴുന്ന ഉജ്ജയിനിൽ ഹൈന്ദവസഹോദരങ്ങൾക്കു ക്രൈസ്തവാരാധനയുടെ അന്ത:സത്ത പകർന്നുകൊടുക്കുവാൻ ഉജ്ജയിനിലെ ആഘോഷപരിപാടികൾക്കു കഴിഞ്ഞു. നഗ്ദാ, ചന്ദേശ്വരി, നവോദാ, സാരാംഗപ്പൂർ എന്നീ ഭവനങ്ങളിലുള്ളവർ ഒന്നുചേർന്നു് നാഗ്ദയിൽ വച്ചാണു് ജൂബിലി പരിപാടികൾ നടത്തിയതു്. നവംബർ 27-നു് നടത്തിയ പൊതുസമ്മേളനത്തിൽ 2000-ൽപരം ഹൈന്ദവസഹോദരങ്ങൾ സംബന്ധിച്ചു. വൈവിധ്യമേറിയ പ്രേഷിതരംഗങ്ങളിൽ ആരാധന സഭാംഗങ്ങൾ പുലർത്തുന്ന ത്യാഗചൈതന്യവും സേവനമനോഭാവവും ആശംസാ പ്രസംഗകർ വിലയിരുത്തിയപ്പോൾ തങ്ങളുടെ ത്യാഗജീവിതത്തിന്റെ മാററുകൂട്ടി കൂടുതൽ ഉന്മേഷത്തോടെ മുന്നോട്ടുപോകുവാൻ സിസ്റ്റേഴ്സിനു ഉൾപ്രേരണയായി. ക്രിസ്തീയമായ വീക്ഷണവും ആരാധനയുടെ അന്ത:സത്തയും അവർക്കു മനസ്സിലാക്കിക്കൊടുക്കുവാൻ അഭിവന്ദ്യ ~~ജാൻസ്~~ ബിഷപ്പു് മോൺ. ജോൺ പെരുമററത്തിന്റെ സുദീർഘമായ പ്രഭാഷണത്തിനു കഴിഞ്ഞു. നാഗ്ദായിലെ സ്കൂൾ കുട്ടികൾ മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചു. 28–ാം തിയതി അഭിവന്ദ്യ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിലുള്ള സമൂഹബലി, 13 മണി ആരാധന എന്നിവയോടുകൂടി ഉജ്ജയിനിലെ ആഘോഷങ്ങൾ സമാപിച്ചു.

## ഭാരതത്തിലെ ഇതര മിഷൻ കേന്ദ്രങ്ങളിൽ

റായ്പൂർ, സത്നാ മിഷനുകൾ ഒന്നിച്ചു് നന്ദിനിയിൽ വച്ചു് ഒക്ടോബർ 15–ാംതീയതി ജൂബിലി ആഘോഷിച്ചു. അതോടനുബന്ധിച്ചു് നടത്തിയ 13 മണിക്കൂർ ആരാധന, സെമിനാർ, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നീ പരിപാടികളിൽ ഇടവകജനങ്ങളും മററു സന്യാസസഭകളിലെ സിസ്റ്റേഴ്സും പങ്കെടുത്തു. ജൂബിലി സമാപനത്തോടനുബന്ധിച്ചു് എല്ലാ മിഷൻ ഭവനങ്ങളിലും 13 മണി ആരാധന നടത്തി.

1983 ഒക്ടോബർ 20നു് ഒറീസായിലെ വിവിധ മിഷൻ സ്റ്റേഷനുകളിൽ സേവനമനുഷ്ഠിക്കുന്ന ആരാധന സഭക്കാർ റെയ്ഗഡയിൽ പ്പാററിനം ജൂബിലി ആഘോഷത്തിന്റെ ഒരു സമ്മോഹനദൃശ്യം കാഴ്ചവച്ചു. ബാർബിൽ, ജഗദൽപ്പൂർ, കെവുഞ്ചർ, ഗോവിന്ദപ്പിള്ളി തുടങ്ങിയ സ്ഥലങ്ങളിലെ സിസ്റ്റേഴ്സും ആഘോഷങ്ങളിൽ പങ്കെടുത്തു. റെയ്ഗഡയിലുള്ള സേക്രട്ട് ഹാർട്ട് സ്കൂൾ പരിസരവും അജപാലനകേന്ദ്രഭവനവും കമനീയമായി അലങ്ക

രിച്ച് ഉത്സവമരായ കൈവരുത്തി. വിശാഖപട്ടണം, ജഗദൽപൂർ, എള്ളൂർ എന്നീ രൂപതകളിലെ അഭിവന്ദ്യപിതാക്കന്മാരും വൈദികരും വിവിധ സന്യാസസഭാംഗങ്ങളും സിസ്റ്റേഴ്സിൻെറ സന്തോഷത്തിൽ ഭാഗഭാക്കുകളായി. ഭാരതീയ ശൈലിയിൽ ഭക്തി സംവർദ്ധകമായി നടത്തപ്പെട്ട ആഘോഷമായ ദിവ്യബലിയും കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണവും, വി. കുർബാനയുടെ പ്രദക്ഷിണം, പൊതുസമ്മേളനം, സിനിമാപ്രദർശനം ഇവയും ആഘോഷങ്ങളെ കൂടുതൽ ജീവസ്സുററതാക്കി.

പശ്ചിമബംഗാളിലും ഉത്തരപ്രദേശിലു ഗ്വാളിയാറിലും ഉള്ള നമ്മുടെ ഭവനങ്ങളിലെ സിസ്റ്റേഴ്സ് വിവിധ സ്ഥലങ്ങളിൽ ഒന്നിച്ചുചേർന്ന് ദിവ്യകാരുണ്യ ആരാധനയും വി. കുർബാനയുടെ പ്രദക്ഷിണവും നടത്തി നാട്ടിലെ ആഘോഷങ്ങളോട് ഒന്നുചേർന്നു.

## റോമിലും ആസ്ത്രേലിയായിലും ആഘോഷങ്ങൾ

ചങ്ങനാശേരി മെത്രാപ്പോലീത്താ അഭിവന്ദ്യ പടിയറ പിതാവിൻെറ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലി, 13 മണി ആരാധന, കുടുംബസമ്മേളനം എന്നിവയിൽ സന്തോഷപൂർവ്വം പങ്കെടുത്ത് ജന്മനാട്ടിലെ ആഘോഷങ്ങളെ അനുസ്മരിക്കുവാൻ റോമിലും ആസ്ത്രേലിയായിലുമുള്ള ആരാധനസഭാംഗങ്ങൾക്ക് അവസരം ലഭിച്ചതും തികച്ചും സന്തോഷകരമായിരുന്നത്രേ.

ചുരുക്കത്തിൽ വിവിധ ജനവിഭാഗങ്ങളുടെ മദ്ധ്യത്തിൽ വിവിധ പ്രേഷിതപ്രവർത്തനത്തിൽ വ്യാപൃതരായിരിക്കുന്ന ആരാധനസഭാസന്താനങ്ങളുടെ ഏകതാനതയും കൂട്ടായ്മയും പ്രസ്പഷ്ടമാക്കുന്നതായിരുന്നു പ്രോവിൻസ് തലത്തിലും തുടർന്ന് സഭാതലത്തിലും നടത്തപ്പെട്ട ആഘോഷപരിപാടികൾ.

## ആഘോഷ സമാപനം സെഹിയോനിൽ

ആദ്ധ്യാത്മിക നവോത്ഥാനം ലക്ഷ്യംവച്ചുകൊണ്ട് വിവിധ പ്രോവിൻസുകളിൽ നടത്തിയ ആഘോഷങ്ങളെ ഒന്നുകൂടി ജീവിതസ്പർശിയാക്കി ഈ ജീവിതത്തിൻെറ എല്ലാ രംഗങ്ങളേയും ശോഭായമാനമാക്കുവാൻ പോരുന്ന പപരിപാടികളാണ് സമാപനവേളയിൽ നടത്തപ്പെട്ടത്. അനുരഞ്ജനവും അനുതാപവും വഴി ഹൃദയങ്ങളെ വിശുദ്ധീകരിച്ച് ദിവ്യകാരുണ്യചൈതന്യത്തിൽ വളരുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാവസരം ബ. സുപ്പീരിയർ ജനറൽ സിസ്റ്റേഴ്സിനു നൽകുകയുണ്ടായി. ആഴ്ചതോറും ഉപവാസവും പ്രത്യേക തിരുമണിക്കൂറുകളും ധ്യാനവും നടത്തി ജൂബിലി ആഘോഷങ്ങൾ ഭക്തിനിർഭരവും ചൈതന്യസമ്പുഷ്ടവും ആക്കിത്തീർക്കുവാൻ ഓരോരുത്തരും ആത്മാർത്ഥമായി പരിശ്രമിച്ചു. കൃതജ്ഞതയുടേയും ഒരുമയുടേയും ചൈതന്യത്തിൽ ഭാരതമൊട്ടുക്കുള്ള ആരാധന സഭാഭവനങ്ങളിൽ നിന്നും നൂറു കണക്കിനു സിസ്റ്റേഴ്സ് സെനക്കിളിൽ ഒത്തുകൂടിയപ്പോൾ നൂററാണ്ടുകൾക്കുമുൻപ് സെഹിയോൻ മാളികയിൽ ദിവ്യ ഈശോയുടെ സാന്നിദ്ധ്യത്തിൽ ഉൾച്ചേർന്ന ദിവ്യകാരുണ്യ സമൂഹത്തെ അനുസ്മരിച്ചുപോയി.

ആരാധനസഭാ ശ്ശതാബ്ദിക്കും ജൂബിലി സമാപന മഹോത്സവത്തിനും വിശുദ്ധവത്സരാഘോഷത്തിനും നാന്ദിയായി 1983 ഡിസംബർ 4-ാം തീയതി പൊൻപുലരി പൊട്ടിവിടർന്നപ്പോൾ സുപ്പീരിയർ ജനറൽ മദർ ലാംബർട്ട് പതാക ഉയർത്തി. 7 മണിക്ക് എറണാകുളം സഹായമെത്രാൻ മാർ. സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ പ്രധാന കാർമ്മികത്വത്തിൽ മഠം കപ്പേളയിൽ സമൂഹബലിയർപ്പിച്ചു. തദവസരത്തിൽ 29 ബാലികാബാലന്മാർ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചു. രാവിലെ മുതൽ സിസ്റ്റേഴ്സിനായി പ്രത്യേക സെമിനാർ നടത്തപ്പെട്ടു. ദിവ്യകാരുണ്യ മിഷനറി സഭാ സുപ്പീരിയർ ജനറൽ വെ റവ. ഫാ. എബ്രാഹം മോളോപറമ്പിൽ ഉത്ഘാടനം ചെയ്ത പ്രസ്തുത സെമിനാറിൽ 'വിശുദ്ധവത്സരവും അനുരഞ്ജനവും' എന്ന വിഷയത്തെ പുരസ്കരിച്ച് റവ. ഡോ. നോർബർട്ട് C. M. I. യും 'ദിവ്യകാരുണ്യവും അനുരഞ്ജനവും' എന്നതിനേക്കുറിച്ച് വടവാതൂർ ഓറിയൻറൽ ഇൻസ്റ്റിററ്യൂട്ട് പ്രസിഡൻറ് ഓറിയൻറൽ കോൺഗ്രിഗേഷൻ കൺസൽട്ടറുമായ ഡോ. മാത്യു വെള്ളാനിക്കലും സിസ്റ്റേഴ്സിനു ക്ലാസ്സുകൾ നൽകി. തദനന്തരം നടത്തപ്പെട്ട തിരുമണിക്കൂറോടുകൂടി അന്നത്തെ പരിപാടികൾ സമാപിച്ചു.

കേരളസഭയ്ക്കും രാഷ്ട്രത്തിനും പ്രത്യേകമായി നിയോഗിക്കപ്പെട്ടിരുന്ന ഡിസംബർ

5-ാം തീയതി തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ മാർ. ജോസഫ് കുണ്ടുകുളം ദിവ്യബലിയർപ്പിച്ച് മനോഹരമായി അലങ്കരിക്കപ്പെട്ട പീഠത്തിൽ വി. കുർബാന എഴുന്നെള്ളിച്ചു വച്ചു. രാവിലെ 8. 30നു് ആരംഭിച്ച ആരാധന റവ. ഡോ. ജോർജ്ജ് കിഴക്കേമുറി (M. C. B. S) യുടെ നേതൃത്വത്തിൽ നടത്തിയ തിരുമണിക്കൂറോടു കൂടി അവസാനിക്കുകയുണ്ടായി.

ആരാധനസഭയുടെ ഭാഗധേയത്തിനായി തങ്ങളുടെ ജീവിതത്തെ അർപ്പണം ചെയ്തു് അവിരാമം അദ്ധ്വാനിച്ച് നിത്യവിശ്രമത്തിനായി വിളിക്കപ്പെട്ടിരിക്കുന്ന വന്ദ്യരായ ആരാധനസഭാംഗങ്ങളേയും സിസ്റ്റേഴ്സിന്റെ മരിച്ചുപോയ മാതാപിതാക്കളേയും ആരാധന സഭയ്ക്കു എന്നും താങ്ങും തണലുമായിരുന്ന മൺമറഞ്ഞ രക്ഷാധികാരികൾ, ഉപകാരികൾ എന്നിവരെയും ഡിസം 6-ാം തിയതി നടത്തിയ ആരാധന ക്രമത്തിൽ വിശേഷവിധിയായി അനുസ്മരിച്ചു. മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് തൂങ്കുഴി അന്നു ദിവ്യബലിയർപ്പിച്ചു. തുടർന്നു് ആരാധന ആരംഭിച്ചു. വൈകുന്നേരത്തേ തിരുമണിക്കൂറിനു റവ. ഡോ. സിറിയക്ക് കണിച്ചായ് C. M. I. നേതൃത്വം നല്കി.

ഡിസംബർ 7 നു് ആരാധന സഭാസ്ഥാപകനായ അഭിവന്ദ്യ കുര്യാളശ്ശേരിപ്പിതാവിനെ പ്രത്യേകമായി അനുസ്മരിക്കുവാനും അദ്ദേഹത്തിന്റെ പ്രേഷിത ചൈതന്യവും ആരാധനാ ജീവിതവും സ്വാംശീകരിക്കുവാനുമായി സഭാംഗങ്ങൾ വിനിയോഗിച്ചു. പിതാവിന്റെ കാരിസം ഈ ദിവസത്തിൽ വ്യക്തിപരമായ പ്രാർത്ഥനകൾക്കും ധ്യാനത്തിനും പരിചിന്തനത്തിനും വിഷയമാക്കി. രാവിലെ 7 മണിക്കു് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പൗവ്വത്തിൽ ദിവ്യബലിയർപ്പിച്ചു. 8.30നു് ആരംഭിച്ച വി. കുർബ്ബാനയുടെ ആരാധന റവ. ഫാ. ജോർജ്ജ് പൂതക്കുഴി C. S. T. യുടെ നേതൃത്വത്തിൽ നടത്തിയ സമൂഹാരാധനയോടെ സമാപിച്ചു.

